# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കായംകുളം മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025




# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## ജില്ലാ ഓഡിറ്റ് കാര്യാലയം

## ആലപ്പുഴ-688001

ഇ-മെയിൽ:  ddhglfalpy@gmail.com

ഫോൺ :  0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി/ജിഎ 8-137/26

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 28/03/2026
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
കായംകുളം മുനിസിപ്പാലിറ്റി

സർ,

**വിഷയം : കായംകുളം മുൻസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കായംകുളം മുൻസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(എയിംസ് മുഖേന)
2.ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയം ഭരണ വകുപ്പ്, ആലപ്പുഴ ജില്ല
3.കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ-എ.എൽ.പി/ജിഎ 8-137/26 തീയ്യതി: 28/03/2026

**<u>ആലപ്പുഴ ജില്ലയിലെ കായംകുളം മുൻസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>**

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കായംകുളം മുൻസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 74 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 11-02-2026 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും

നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാജീവ്.ആർ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 21-01-2026 | 11-02-2026 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-01-2026 | 11-02-2026 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

മിനി പി.രാധാകൃഷ്ണൻ, ഓഡിറ്റ് ഓഫിസർ (ഹ.ഗ്രേ)

ഫമിൻ. എസ്.എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫിസർ

ജോസഫ് ജോർജ്ജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫിസർ

സുനിൽ കെ.ബി., സീനിയർ ഗ്രേഡ് ഓഡിറ്റർ

ലേഖ പി.കെ., സ്നിയർ ഗ്രേഡ് ഓഡിറ്റർ
ലക്ഷ്മികാന്ത് പി., സീനിയർഗ്രേഡ് ഓഡിറ്റർ (27/01/2026 മുതൽ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.പി.ശശികല | ചെയർപേഴ്സൺ | 01-04-2024 | 31-03-2025 |
| ശ്രീ.സനിൽ.എസ്സ് | സെക്രട്ടറി | 01-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.സൂരജ്.എസ് | സീനിയർ വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ഡോ.ഷാജി എസ്. | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01-04-2024 | 31-03-2025 |
| ശ്രീ.സുനിൽ ചന്ദ്രൻ.എസ് | പ്രിൻസിപ്പാൾ | 01-04-2024 | 31-03-2025 |
| | | | |

| | | | |
|---|---|---|---|
| ശ്രീമതി.സിനി.പി | അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ | 01-04-2024 | 31-03-2025 |
| ശ്രീമതി സെമീന ആർ. | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി.രജനി ആർ | പ്രോജക്ട് ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ.അജിത.ഐ റ്റി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2024 | 31-07-2024 |
| ഡോ.സ്വപ്ന.സി. | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-08-2024 | 31-03-2025 |
| ശ്രീമതി.മോനി ഫിലിപ്പ് | ശിശു വികസന പദ്ധതി ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ.ഷാജി.എസ്സ് | മെഡിക്കൽ ഓഫിസർ (അലോപ്പതി) | 01-04-2024 | 31-03-2025 |
| ശ്രീമതി.ജെ.ഉഷ | അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീ.ജയകുമാർ റ്റി എസ്. | അസി.എഞ്ചിനിയർ(ഇൻ ചാർജ്ജ്) | 01-04-2024 | 31-10-2024 |
| ശ്രീമതി.ആശാ രാജ് | അസി.എഞ്ചിനിയർ | 01-11-2024 | 31-03-2025 |

| | | | |
|---|---|---|---|
| ഡോ.സ്നേഹ പി.എസ്. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2024 | 31-03-2025 |

**ഉള്ളടക്കം**


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രികയിലെ പ്രാരംഭ കണക്കുകളിൽ അപാകങ്ങൾ | 1-1-1 |
| 3 | നീക്കിയിരിപ്പില്ലാത്ത ബാങ്ക് അക്കൌണ്ടിൽ വലിയ തുക നീക്കിയിരുപ്പ് രേഖപ്പെടുത്തിയിരിക്കുന്നു. | 1-1-2 |
| 4 | ഒരേ ബാങ്ക് അക്കൌണ്ട് രണ്ട് പ്രാവശ്യം ഉൾപ്പെടുത്തിയതുമൂലം ആസ്തി കണക്കിൽ ഇരട്ടിപ്പ്. | 1-1-3 |
| 5 | ലൈബ്രറി സെസ് ബാധ്യത കണക്കുകളിൽ ₹47,58,288 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. | 1-1-4 |
| 6 | വിവിധ ക്ഷേമപെൻഷനുകളുടെ ചെലവ് 20.03 കോടി രൂപ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-5 |
| 7 | വെള്ളക്കരം കുടിശ്ശിക വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-6 |
| 8 | എല്ലാ ബാങ്ക് അക്കൌണ്ടുകളുടേയും റിക്കൺസിലിയേഷൻ നടത്തിയിട്ടില്ല | 1-1-7 |
| 9 | വായ്പാബാധ്യത രേഖപ്പെടുത്തിയതിൽ കൃത്യതയില്ല. | 1-1-8 |
| 10 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി- ഭരണചെലവിനായി മുൻകൂറായി നൽകുന്ന തുകകൾ, തൊഴിലുറപ്പ് പദ്ധതി ചെലവുകൾ എന്നിവ | 1-1-9 |

| | | |
|---|---|---|
| | വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നില്ല. | |
| 11 | ധനകാര്യകമ്മീഷൻ ഗ്രാന്റ് മുന്നിരിപ്പ് തുകകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | പ്രോജക്ടുകളിലെ ഡെപ്പോസിറ്റുകൾ - ചെലവായി വാർഷികകണക്കിൽ ഉൾപ്പെടുത്തുന്നു. | 1-1-11 |
| 13 | സെക്യൂരിറ്റി ഡെപ്പോസിറ്റ്, ഇ.എം.ഡി തുടങ്ങിയ തിരികെ നൽകേണ്ട ഡെപ്പോസിറ്റുകളുടെ കൃത്യത ഉറപ്പിക്കാനാവശ്യമായ രേഖകളില്ല | 1-1-12 |
| 14 | വാർഷികകണക്ക്,സുലേഖ ചെലവ് പത്രിക എന്നിവയിലെ കണക്കുകൾ പൊരുത്തപ്പെടുന്നില്ല. | 1-1-13 |
| 15 | ബജറ്റ് | 1-2 |
| 16 | സാമ്പത്തിക വിശകലനം | 1-3 |
| 17 | ഗ്രാന്റ് വിനിയോഗം | 1-4 |
| 18 | പദ്ധതി അവലോകനം | 1-5 |
| 19 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | 1-6 |
| 20 | ക്ഷേമ പദ്ധതികൾ | 1-7 |
| 21 | ക്യാഷ് ബാലൻസ് പരിശോധന സാക്ഷ്യപത്രം | 1-8 |
| 22 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-9 |
| 23 | അനധികൃത ടർഫുകൾക്ക് യു.എ നമ്പർ നൽകി വസ്തുനികുതി ഈടാക്കുന്നില്ല, വരുമാന നഷ്ടം | 1-10 |

| | | |
|---|---|---|
| 24 | അനധികൃതമായി പ്രവർത്തിക്കുന്ന മൊബൈൽ ടവറുകൾക്ക് വസ്തുനികുതി ഈടാക്കിയില്ല-വരുമാന നഷ്ടം | 1-11 |
| 25 | സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തുനികുതി ഈടാക്കിയില്ല | 1-12 |
| 26 | തൊഴിൽ നികുതി ഈടാക്കിയില്ല | 1-13 |
| 27 | അനധികൃത നിർമ്മാണം യഥാസമയം കണ്ടെത്തി നടപടി സ്വീകരിച്ചില്ല - പെർമിറ്റ് ഫീസിനത്തിൽ വരുമാന നഷ്ടം | 1-14 |
| 28 | അനധികൃതനിർമ്മാണങ്ങളിൽ തുടർ നടപടികളില്ല | 1-15 |
| 29 | ലൈസൻസ് ഫീസ് കുറഞ്ഞനിരക്കിൽ ഈടാക്കുന്നു | 1-16 |
| 30 | ലേലം/വാടക കുടിശിക ക്രമാതീതമായി വർദ്ധിക്കുന്നു. | 1-17 |
| 31 | ബാങ്ക് അക്കൗണ്ടുകളിൽ നിന്നും ഉയർന്ന പലിശ ലഭിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കപ്പെടുന്നില്ല | 1-18 |
| 32 | സ്കൂളുകളിൽ സി.സി.റ്റി.വി സ്ഥാപിക്കൽ- അനാവശ്യവും സപ്ലൈ ചെയ്യാത്തതുമായ സാധനങ്ങൾക്ക് പണം നൽകി ,വാങ്ങൽ നടപടികളിലും അപാകം - നഗരസഭക്ക് നഷ്ടം ലക്ഷങ്ങൾ | 1-19 |
| 33 | ശൌചാലയ മാലിന്യ സംസ്കരണ യൂണിറ്റ് - ക്ലീനിംഗ് ആരംഭിക്കാനായില്ല, പ്രവർത്തന ചെലവ് ലക്ഷങ്ങൾ | 1-20 |
| 34 | എസ്.പി.സി കൾക്ക് ബാന്റ് സെറ്റ് - ഇൻവോയിസിൽ രേഖപ്പെടുത്തിയ സാധനങ്ങൾ സ്റ്റോക്കിലില്ല.അഭ്യസിപ്പിക്കാനാളില്ലാതെ ഉപകരണങ്ങൾ നശിക്കുന്നു | 1-21 |

| | | |
|---|---|---|
| 35 | ഹോമിയോ ആശുപത്രി ഗ്രില്ലിംഗ് & പെയിന്റിംഗ് - ഉപേക്ഷിച്ച കെട്ടിടത്തിൽ പുതിയ നിർമ്മാണം നടത്തിയതുമൂലം പാഴ്ചെലവ്. | 1-22 |
| 36 | 360 ഡിഗ്രി എൻ.സി.ഡി. കെയർ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങൽ - പ്രോജക്ട് തുക ചെലവഴിക്കാതെ എച്ച്.എം.സി ഫണ്ടിൽ സൂക്ഷിക്കുന്നു | 1-23 |
| 37 | ഗവ ആയുർവേദ ആശുപത്രിയുടെ സ്ട്രക്ച്ചറൽ സ്റ്റെബിലിറ്റി ഇല്ലാത്ത കെട്ടിടത്തിൽ തുടർനിർമ്മാണങ്ങൾ | 1-24 |
| 38 | സ്കൂൾ ലാബിലേക്ക് എ.സി വാങ്ങൽ - നടപടികളിലും ഇൻസ്റ്റലേഷനിലും അപാകം. | 1-25 |
| 39 | 360 ഡിഗ്രി എൻ.സി.ഡി കെയർസെന്ററിന് ഫർണ്ണീച്ചർ വാങ്ങൽ- സാധനങ്ങൾ സ്റ്റോക്കിലെടുത്ത് എച്ച്.എം.സിക്ക് കൈമാറിയിട്ടില്ല, ഫർണീച്ചറിനുള്ള പ്രോജക്ട് ഉപയോഗിച്ച് ലാപ്ടോപ്പ് വാങ്ങി | 1-26 |
| 40 | സ്കൂളുകൾക്ക് കമ്പ്യൂട്ടർ വാങ്ങൽ - പ്രൊക്യുയർമെന്റ് മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല , ജി.എസ്.റ്റി കുറവ് ചെയ്തില്ല | 1-27 |
| 41 | താലൂക്ക് ആശുപത്രി ഓപ്പറേഷൻ തിയേറ്ററിലേക്ക് സി.ആം ഉപകരണം വാങ്ങൽ - പ്രോജക്ട് പ്രകാരമല്ലാത്തയിനം ഉപകരണങ്ങൾ വാങ്ങാൻ തുക ചെലവഴിച്ചു. | 1-28 |
| 42 | ബയോകംപോസ്റ്റ് ബിൻ -ഗുണഭോക്തൃ വിഹിതം ശേഖരിച്ചില്ല | 1-29 |
| 43 | ഖരമാലിന്യ സംസ്ക്കരണ പ്ലാന്റ്- പ്രവർത്തനക്ഷമമാക്കി പൊതുജനങ്ങൾക്ക് ഉപകാരപ്രദമാക്കിയില്ല | 1-30 |

| | | |
|---|---|---|
| 44 | പോളി ക്ലിനിക്ക് നിർമ്മാണം-78,90,250/-രൂപ എച്ച്.എം.സി അക്കൗണ്ടിൽ -നിക്ഷേപമായി തുടരുന്നു | 1-31 |
| 45 | സർക്കാർ മാർഗ്ഗരേഖ പ്രകാരമല്ലാത്ത ആനുകൂല്യവിതരണത്തിന് മുൻകൂർ അനുമതി തേടിയില്ല. | 1-32 |
| 46 | അംഗൻവാടികൾക്ക് ഗ്യാസ് സ്റ്റൌ വാങ്ങൽ അപാകതകൾ. | 1-33 |
| 47 | താലൂക്ക് ആശുപത്രിയിലെ നിലവിലെ സോളാർ പാനൽ അറ്റകുറ്റപ്പണി-പ്രോജക്ട് നടപ്പാക്കിയതിലെ അപാകങ്ങൾ | 1-34 |
| 48 | താലൂക്ക് ആശുപത്രി ആവർത്തനചെലവുകൾ- വൈദ്യുതി ചാർജ്ജ് കുടിശ്ശിക പിഴസഹിതം ഒടുക്കി | 1-35 |
| 49 | താലൂക്ക് ആശുപത്രിയിലേക്ക് കംപ്യൂട്ടർ ,ഫോട്ടോസ്റ്റാറ്റ്, പ്രിന്റർ വാങ്ങൽ - ബില്ലിൽ വന്ന പിഴവ് മൂലം വിതരണസ്ഥാപനത്തിന് നൽകേണ്ട തുക ലാപ്സായി. | 1-36 |
| 50 | ജലദൌർലഭ്യമുള്ള വാർഡുകളിൽ കുഴൽക്കിണറുകൾ സ്ഥാപിച്ച് ജലവിതരണം-ഗുണഭോക്താക്കൾക്ക് കുടിവെള്ള കണക്ഷൻ നൽകാനായിട്ടില്ല | 1-37 |
| 51 | ദേശീയപാത വികസനത്തിനായി സ്ഥലമെടുപ്പ്-നഗരസഭയ്ക്ക് നഷ്ടപരിഹാരം ലഭിച്ചില്ല | 1-38 |
| 52 | മുൻഗണനാക്രമവും, ആവശ്യകതയും നിശ്ചയിക്കാതെ വാങ്ങലുകൾ നടത്തി. | 1-39 |
| 53 | ലൈബ്രറി സ്ഥാപിക്കുന്നതിന് മുൻപ് തന്നെ തുക ചെലവഴിച്ചു. | 1-40 |

| | | |
|---|---|---|
| 54 | താലൂക്ക് ആശുപത്രിക്ക് കംപ്യൂട്ടർ, ഫോട്ടോസ്റ്റാറ്റ്, പ്രിന്റർ വാങ്ങൽ-പ്രോജക്ട് രേഖകൾ പൂർണമായി ലഭ്യമാക്കിയിട്ടില്ല. | 1-41 |
| 55 | ഹെൽത്ത് & വെൽനസ്സ് സെന്ററുകളിലേക്ക് ഹെൽത്ത് ഗ്രാന്റ് വിനിയോഗം- പൂർണ്ണമായും ഫലപ്രദമായില്ല | 1-42 |
| 56 | പ്രോജക്ട് ഫയലുകളും ചെലവുരേഖകളും പരിശോധനക്ക് ഹാജരാക്കിയില്ല- ചെലവുതുക തടസ്സപ്പെടുത്തുന്നു. | 1-43 |
| 57 | ലൈബ്രറി സെസ് കുടിശ്ശിക നിവാരണം- കാര്യക്ഷമമല്ല | 1-44 |
| 58 | നഗരസഭ സ്റ്റേഡിയം , ഐ.ടി.ഐ കെട്ടിട നിർമ്മാണം സ്ഥലമെടുപ്പ് -തുടർനടപടികൾ വൈകുന്നു | 1-45 |
| 59 | വികസന ഫണ്ടിൽ നിന്നും അധികം തുക ചെലവഴിച്ചു | 1-46 |
| 60 | ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് നടപടിക്രമങ്ങൾ പാലിയ്ക്കാതെ അധികം തുക ചെലവഴിച്ചു. | 1-47 |
| 61 | ഹരിത കർമ്മസേനയ്ക്കാവശ്യമായ സാധനങ്ങൾ/ ഉപകരണങ്ങൾ വാങ്ങൽ-സ്റ്റോക്ക് വിതരണ രേഖകൾ ലഭ്യമല്ല. | 1-48 |
| 62 | ഔദ്യോഗിക ആവശ്യങ്ങൾക്ക് നൽകുന്ന മുൻകൂർ സമയബന്ധിതമായി ക്രമീകരിക്കപ്പെടുകയോ വൈകുന്നവയിൽ നിയമാനുസൃത പിഴ ഈടാക്കുകയോ ചെയ്യുന്നില്ല. | 1-49 |
| 63 | എസ്സ് സി വനിതകൾക്ക് തൊഴിൽ പരിശീലനം-തുടർ നടപടികളുടെ അഭാവം | 1-50 |

| | | |
|---|---|---|
| 64 | ജീവനക്കാർക്ക് ഫെസ്റ്റിവൽ അഡ്വാൻസ് നൽകിയ തുക പൂർണ്ണമായും തിരികെ ഈടാക്കിയിട്ടില്ല. | 1-51 |
| 65 | ഹെമറ്റോളജി അനലൈസർ വാങ്ങൽ -അപാകങ്ങൾ | 1-52 |
| 66 | താലൂക്ക് ആശുപത്രിയിലേക്കുളള വാങ്ങലുകളിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല. | 1-53 |
| 67 | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ -കെ.എസ്.ഇ.ബിയുമായി കരാർ ചമച്ചിട്ടില്ല. | 1-54 |
| 68 | വാട്ടർ ചാർജ്ജ് കുടിശ്ശിക ഒടുക്കാതെ മിച്ചമുള്ള പദ്ധതിധനം ലാപ്സാക്കുന്നു | 1-55 |
| 69 | യൂണിറ്റ് കോസ്റ്റിലും അധികമായി വാങ്ങൽ നടത്തി | 1-56 |
| 70 | വിവിധ വാർഡുകളിൽ മിനി എം.സി.എഫ് നിർമ്മാണം -പ്രോജക്ട് പൂർത്തീകരിച്ചിട്ടില്ല | 1-57 |
| 71 | പിഎംഎവൈ-വീടുകളുടെ പണി കാലാവധി കഴിഞ്ഞിട്ടും പൂർത്തിയാക്കിയില്ല. | 1-58 |
| 72 | ചട്ടിയിൽ പച്ചക്കറി കൃഷി - കുറഞ്ഞ നിരക്കിലെ ടെന്റർ പരിഗണിച്ചില്ല | 1-59 |
| 73 | എയറോബിക് കംപോസ്റ്റ് & എം.സി.എഫ്. നിർമ്മാണം-അപാകതകൾ | 1-60 |
| 74 | പൊതുശൗചാലയ നിർമ്മാണം- അനുയോജ്യമായ സ്ഥലനിർണ്ണയം നടത്താതെ പദ്ധതികൾ നടപ്പാക്കുന്നു | 1-61 |
| 75 | നഗരസഭയുടെ വായ്പാ ബാധ്യത കണക്കാക്കിയതിന് വ്യക്തതയില്ല | 1-62 |

| | | |
|---|---|---|
| 76 | എസ്.സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് – സ്ഥാപനത്തിന്റെ അംഗീകാരം സംബന്ധിച്ച് വ്യക്തമായ രേഖകൾ ഹാജരാക്കിയിട്ടില്ല | 1-63 |
| 77 | വാർഡ് സാനിറ്റേഷന് തനത് ഫണ്ടിൽ നിന്നും അനുവദിച്ച ശുചിത്വ മിഷൻ ഫണ്ട് റീ കൂപ്പ് ചെയ്തില്ല | 1-64 |
| 78 | നഗരസഭയിൽ ദുരിതാശ്വാസ നിധിയുടെ പ്രവർത്തനങ്ങൾ നടക്കുന്നില്ല | 1-65 |
| 79 | താലൂക്ക് ആശുപത്രിക്ക് മരുന്നുവാങ്ങൽ- മരുന്നുകൾ പൂർണമായി ലഭിച്ചില്ല | 1-66 |
| 80 | ഭവനം അറ്റകുറ്റപ്പണി (ജനറൽ)- തുക അനുവദിച്ചതിൽ വിവേചനം | 1-67 |
| 81 | അമൃത് 2.0 പദ്ധതി -അവലോകനം | 1-68 |
| 82 | അങ്കണവാടി നവീകരണം-അപാകതകൾ | 1-69 |
| 83 | പി എം എ വൈ തുക - നിർദ്ദിഷ്ട അക്കൌണ്ടിലേക്ക് അടവാക്കിയില്ല | 1-70 |
| 84 | ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും | 1-71 |
| 85 | പെൻഷൻ ഫണ്ട് അവലോകനം | 1-72 |
| **ഭാഗം 2** | | |
| 1 | അനധികൃതമായി പ്രവർത്തിക്കുന്ന മൊബൈൽ ടവറുകൾക്ക് വസ്തുനികുതി ഈടാക്കിയില്ല-വരുമാന നഷ്ടം | 2-1 |
| 2 | അനധികൃത ടർഫുകൾക്ക് യു.എ നമ്പർ നൽകി വസ്തുനികുതി ഈടാക്കുന്നില്ല, വരുമാന നഷ്ടം | 2-2 |
| 3 | അനധികൃത നിർമ്മാണം യഥാസമയം കണ്ടെത്തി നടപടി സ്വീകരിച്ചില്ല - പെർമിറ്റ് ഫീസിനത്തിൽ വരുമാന നഷ്ടം | 2-3 |

| | | |
|---|---|---|
| **ഭാഗം 3** | | |
| 1 | സ്കൂളുകളിൽ സി.സി.റ്റി.വി സ്ഥാപിക്കൽ- അനാവശ്യവും സപ്ലൈ ചെയ്യാത്തതുമായ സാധനങ്ങൾക്ക് പണം നൽകി , വാങ്ങൽ നടപടികളിലും അപാകം - നഗരസഭക്ക് നഷ്ടം ലക്ഷങ്ങൾ | 3-1 |
| 2 | എസ്.പി.സി കൾക്ക് ബാന്റ് സെറ്റ് - ഇൻവോയിസിൽ രേഖപ്പെടുത്തിയ സാധനങ്ങൾ സ്റ്റോക്കിലില്ല. അഭ്യസിപ്പിക്കാനാളില്ലാതെ ഉപകരണങ്ങൾ നശിക്കുന്നു | 3-2 |
| 3 | യൂണിറ്റ് കോസ്റ്റിലും അധികമായി വാങ്ങൽ നടത്തി | 3-3 |
| 4 | ഹെൽത്ത് & വെൽനസ്സ് സെന്ററുകളിലേക്ക് ഹെൽത്ത് ഗ്രാന്റ് വിനിയോഗം പൂർണ്ണമായും ഫലപ്രദമായില്ല | 3-4 |
| 5 | അങ്കണവാടി നവീകരണം- അപാകതകൾ | 3-5 |
| **ഭാഗം 4** | | |
| 1 | മെഡിസെപ്പ് പ്രീമിയം ഒടുക്ക് | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |

| | | |
|---|---|---|
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കായംകുളം നഗരസഭയുടെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ അക്കൗണ്ട് എന്നിവയും 31.03.2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 29.11.2025 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച് 01.12.2025-ൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007-ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാനുവൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭ സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷികധനകാര്യ പത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ്

ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലികാ സ്ഥാപനം പാലിച്ചിട്ടുള്ള അക്കൌണ്ടിംഗ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടേയും, സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

## വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കായംകുളം നഗരസഭയുടെ 2024-25 വർഷത്തേക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2025-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025-ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

## 1-1-1 വാർഷിക ധനകാര്യപത്രികയിലെ പ്രാരംഭ കണക്കുകളിൽ അപാകങ്ങൾ

2024-25 വർഷത്തെ വാർഷിക ധനകാര്യപത്രികയിലെ ഓപ്പണിംഗ് ബാലൻസ് ഷീറ്റ്, റസീപ്റ്റ് & പേയ്മെന്റ് അക്കൌണ്ട്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയിൽ വർഷാരംഭ കണക്കുകളായി രേഖപ്പെടുത്തിയിരിക്കുന്ന തുകകൾ ലഭ്യമാക്കിയ രേഖകളിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. ലഭ്യമാക്കിയ ബാങ്ക് പാസ്ബുക്കുകൾ, ലോൺ സ്റ്റേറ്റ്മെന്റ്, റിക്കൺസിലേഷൻ പത്രികകൾ, ഗ്രാന്റുകളുടെ വിവരങ്ങൾ എന്നിവയിലെ കണക്കുകളുമായി ഈ വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല. രേഖപ്പെടുത്തിയിട്ടുള്ള മുന്നിരിപ്പ് കണക്കുകളുടെ ആധികാരികത ഉറപ്പുവരുത്തുന്ന രേഖകളൊന്നും ഹാജരാക്കിയിട്ടില്ല.

## 1-1-2 നീക്കിയിരിപ്പില്ലാത്ത ബാങ്ക് അക്കൌണ്ടിൽ വലിയ തുക നീക്കിയിരുപ്പ് രേഖപ്പെടുത്തിയിരിക്കുന്നു.

കായംകുളം സബ് ട്രഷറിയിലെ 703707030200000169 PFA നമ്പർ ട്രഷറി അക്കൌണ്ടിൽ 26,46,816 രൂപ നീക്കിയിരുപ്പുള്ളതായി വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ അക്കൌണ്ടിന്റെ പാസ് ബുക്ക് പ്രകാരം ട്രഷറി അക്കൌണ്ടിൽ നീക്കിയിരിപ്പില്ല.

## 1-1-3 ഒരേ ബാങ്ക് അക്കൌണ്ട് രണ്ട് പ്രാവശ്യം ഉൾപ്പെടുത്തിയതുമൂലം ആസ്തി കണക്കിൽ ഇരട്ടിപ്പ്.

ബാലൻസ് ഷീറ്റ് ബി-17 ഷെഡ്യൂൾ, റസീപ്റ്റ് & പേയ്മെന്റ് അക്കൌണ്ട് പ്രകാരമുള്ള നീക്കിയിരുപ്പ് എന്നിവയിൽ കാത്തലിക് സിറിയൻ ബാങ്ക് അക്കൌണ്ടിലെ (A/C No-0034014752451 & 0340402398619000‌1) നീക്കിയിരുപ്പായി 2,64,47,296 രൂപ വീതം രേഖപ്പെടുത്തിയിട്ടുണ്ട്. യഥാർത്ഥത്തിൽ ഇത് ഒരേ ബാങ്ക്അക്കൌണ്ട് തന്നെയാണ്. ഇത് മൂലം മേൽ ഷെഡ്യൂളുകളിലെ നീക്കിയിരുപ്പിൽ ഇരട്ടിപ്പ് വന്നിട്ടുണ്ട്.

**<u>1-1-4 ലൈബ്രറി സെസ് ബാധ്യത കണക്കുകളിൽ ₹47,58,288 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.</u>**

നഗരസഭയുടെ ലൈബ്രറിസെസ് കുടിശ്ശിക സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ 2012-13 വർഷം മുതലുള്ള കുടിശ്ശിക ഉൾപ്പെടെ ഈ ഇനത്തിൽ നഗരസഭക്ക് നിലവിൽ 90,11,849/- രൂപയുടെ ബാധ്യതയാണുള്ളത്. എന്നാൽ ബാലൻസ് ഷീറ്റ് ബി-8 ഷെഡ്യൂൾ പ്രകാരം ബാധ്യത ₹1,37,70,137 യാണ്. വാർഷിക കണക്ക്, ഫയൽ എന്നിവയിലെ കണക്കുകളിൽ ₹47,58,288 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. കൂടാതെ B4 പട്ടികയിൽ വർഷങ്ങളായി നിലനിർത്തിയിട്ടുള്ള 3202002, 3202006 എന്നീ ഹെഡുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള വികസനഫണ്ട് (SCP), വികസനഫണ്ട് (സ്പെഷ്യൽ ഗ്രാന്റ്) എന്നിവയും 3201056, 3201050, 3201023, 3208099 എന്നീ ഹെഡുകളിൽ ബാദ്ധ്യതയായി ഉൾപ്പെട്ട തുകകളുടെ കൃത്യതയും ഉറപ്പുവരുത്തുന്നതിനുള്ള രേഖകൾ ലഭ്യമായിട്ടില്ല. പ്രസ്തുത ഷെഡ്യൂളിൽ ബാദ്ധ്യതയായി നിൽക്കുന്ന എല്ലാ ഗ്രാന്റുകളുടേയും കൃത്യത നിരീക്ഷിക്കുന്നതിനാവശ്യമായ എ.സി.ആർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. കൂടാതെ സർക്കാരിലേക്ക്, അല്ലെങ്കിൽ മറ്റ് ഏജൻസികൾക്ക് നൽകുവാനുള്ളത് എന്ന നിലയിൽ B-8 പത്രികയിലുൾപ്പെടുന്ന തുകകളുടെ കൃത്യത വ്യക്തമാക്കുന്ന രജിസ്റ്ററുകൾ സ്ഥാപനം സൂക്ഷിച്ചിട്ടില്ല. ലെഡ്ജർ ബുക്കുകളിലെ വിവരങ്ങൾ അപൂർണ്ണമായതിനാൽ ഇവ യഥാർത്ഥത്തിൽ ഒടുക്കുവാനുള്ള തുകയാണോയെന്ന് പരിശോധിച്ച് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

**<u>1-1-5 വിവിധ ക്ഷേമപെൻഷനുകളുടെ ചെലവ് 20.03 കോടി രൂപ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല</u>**

വിവിധ ക്ഷേമ പെൻഷനുകൾ നൽകുന്നതിനായി 20.03 കോടി രൂപ സാമ്പത്തിക വർഷം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈ കണക്കുകൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-1-6 വെള്ളക്കരം കുടിശ്ശിക വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.**

കേരള വാട്ടർ അതോറിറ്റിയുടെ 2025 മാർച്ച് മാസത്തെ ഡിമാന്റ് നോട്ടീസ് പ്രകാരം നഗരസഭക്ക് ആകെ 17,48,61,880/-രൂപ വെള്ളക്കരം കുടിശ്ശികയുണ്ട്. എന്നാൽ ഈ ബാധ്യത നഗരസഭയുടെ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-1-7 എല്ലാ ബാങ്ക് അക്കൌണ്ടുകളുടേയും റിക്കൺസിലിയേഷൻ നടത്തിയിട്ടില്ല**

2007-ലെ കേരള മുനിസിപ്പാലിറ്റി അക്കൌണ്ട്സ് ചട്ടങ്ങളിലെ ചട്ടം 53 പ്രകാരം നഗരസഭയുടെ വിവിധ അക്കൌണ്ടുകളുടെ ബാങ്ക് ബുക്ക് പാസ് ബുക്കുമായി വർഷാന്ത്യം പൊരുത്തപ്പെടുത്തേണ്ടതുണ്ട്. എന്നാൽ യൂണിയൻ ബാങ്ക് -തനത് ഫണ്ട് അക്കൌണ്ട്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ- ഇ പേയ്മെന്റ് ടാക്സ് അക്കൌണ്ട് എന്നിവയുടെ റിക്കൺസിലിയേഷൻ കൃത്യമല്ല. ഈ ബാങ്ക് അക്കൗണ്ടുകളുടെ പാസ് ബുക്ക്/സ്റ്റേറ്റ്മെന്റ് വിവരങ്ങൾ റീകൺസിലേഷൻ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

**1-1-8 വായ്പാബാധ്യത രേഖപ്പെടുത്തിയതിൽ കൃത്യതയില്ല.**

നഗരസഭക്ക് ഹഡ്കോ ,കെ.യു.ആർ.ഡി.എഫ്.സി എന്നീ സ്ഥാപനങ്ങളിലാണ് വായ്പകൾ നിലനിൽക്കുന്നത്. ഇതിൽ ഹഡ്കോ വായ്പയുടെ മുന്നിരിപ്പ്, നീക്കിയിരുപ്പ് എന്നിവ കണക്കാക്കിയതിൽ പിശകുണ്ട്.2023-24 സാമ്പത്തിക വർഷം സ്രോതസ്സിൽ കുറവ് ചെയ്ത 38,66,666 രൂപ കുറവ് ചെയ്യാതെയാണ് വായ്പതുക കണക്കാക്കിയിരിക്കുന്നത്.ഇതുമൂലം യഥാർത്ഥ വായ്പയിലും അധികമാണ് ബാധ്യത കണക്കാക്കിയിട്ടുള്ളത്.

**1-1-9 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി- ഭരണചെലവിനായി മുൻകൂറായി നൽകുന്ന തുകകൾ, തൊഴിലുറപ്പ് പദ്ധതി ചെലവുകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നില്ല.**

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ ഭരണചെലവിനായി മുൻസിപ്പൽ ഫണ്ടിൽ നിന്നാണ് തുക ചെലവഴിക്കുന്നത്. സാധാരണ പേയ്മെന്റായാണ് തുക ചെലവഴിക്കപ്പെടുന്നത്. എന്നാൽ ഇപ്രകാരം ചെലവഴിക്കപ്പെടുന്ന തുകയുടെ കണക്കോ റീക്കൂപ്പ് ചെയ്യേണ്ട തുകയുടെ കണക്കോ ലഭ്യമല്ല. മുൻകൂറായി നൽകിയ തുകകൾ വാർഷിക കണക്ക് ബി-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി ചെലവുകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

**1-1-10 ധനകാര്യകമ്മീഷൻ ഗ്രാന്റ് മുന്നിരിപ്പ് തുകകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല**

വാർഷിക ധനകാര്യപത്രികയിൽ ധനകാര്യകമ്മീഷൻ ഗ്രാന്റ് മുന്നിരിപ്പായി ചേർത്തിരിക്കുന്ന തുകയുടെ ആധികാരികത ഉറപ്പാക്കാനാവശ്യമായ രേഖകളൊന്നും ഹാജരാക്കിയിട്ടില്ല.

**1-1-11 പ്രോജക്ടുകളിലെ ഡെപ്പോസിറ്റുകൾ - ചെലവായി വാർഷികകണക്കിൽ ഉൾപ്പെടുത്തുന്നു.**

വിവിധ നിർവ്വഹണ ഏജൻസികൾക്ക് നിക്ഷേപപ്രവൃത്തികൾക്കായി മുൻകൂറുകൾ/ഡെപ്പോസിറ്റുകൾ നൽകുന്നുണ്ട്. എന്നാൽ ഈ തുകകൾ പേയ്മെന്റ് എന്ന നിലക്കാണ് വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നത്. ആകയാൽ നിക്ഷേപ പ്രവൃത്തികളുടെ പുരോഗതി നിരീക്ഷിക്കാനാകാത്ത സാഹചര്യമുണ്ട്. തൻവർഷം വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്ത ഈ തുകകൾ വാർഷിക കണക്കുകളിലെ B-18 (Loans Advances & Deposits) പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല. മറ്റ് നിർവ്വഹണ ഏജൻസികളുടേയും നിർവഹണ ഉദ്യോഗസ്ഥരുടേയും പക്കൽ നിക്ഷേപ പ്രവൃത്തികൾക്കായി മുൻകൂർ നൽകിയതും നാളിതുവരെ വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്തതും ക്രമീകരിക്കാത്തതുമായ മുഴുവൻ തുകകളും ഉൾപ്പെടുത്തി വാർഷിക കണക്ക് കൃത്യമാക്കിയിട്ടില്ല.

**1-1-12 സെക്യൂരിറ്റി ഡെപ്പോസിറ്റ്, ഇ.എം.ഡി തുടങ്ങിയ തിരികെ നൽകേണ്ട ഡെപ്പോസിറ്റുകളുടെ കൃത്യത ഉറപ്പിക്കാനാവശ്യമായ രേഖകളില്ല**

നഗരസഭ വിവിധ ലേലം, വാടക, ഇലക്ഷൻ ഡെപ്പോസിറ്റ് മുതലായ ഇനങ്ങളിലും പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ ഭാഗമായും സ്വീകരിക്കുന്ന സെക്യൂരിറ്റി ഡെപ്പോസിറ്റ്, ഇ.എം.ഡി, റിട്ടെൻഷൻ തുടങ്ങിയ തിരികെ നൽകേണ്ട ഡെപ്പോസിറ്റുകളുടെ ഇനം തിരിച്ചും വർഷം തിരിച്ചുമുള്ള കണക്ക് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ വാർഷിക ധനകാര്യപത്രികയിൽ ചേർത്തിട്ടുള്ള തുകകളുടെ ആധികാരികത ഉറപ്പാക്കാൻകാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ മുതൽ കൂട്ടാനായിട്ടില്ല.

വാർഷിക കണക്കുകളിലെ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-62/11-02-2026) നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല.

നഗരസഭയുടെ 2024-25 വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ പ്രധാനപ്പെട്ട ഏതാനും അപാകതകൾ മാത്രമാണ് ഓഡിറ്റ് പരാമർശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രയർ പിരീയഡ് വരവ് ചെലവുകൾ, നികുതി- നികുതിയേതര ഇനങ്ങളുടെ ഡിമാന്റ്,കുടിശ്ശിക, കൊടുത്തുതീർക്കാനുള്ള ബാധ്യതകളുടെ വിവരങ്ങൾ എന്നിവയിലുൾപ്പടെ മറ്റ് ഇനങ്ങളിലും അപാകങ്ങളുണ്ട്. ഇവ ധനകാര്യപത്രികയുടെ പരിശോധനാസമയത്ത് ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷത്തെ കണക്കുകൾ തയ്യാറാക്കുന്നതിന് മുമ്പായി മേൽഅപാകങ്ങൾ പരിഹരിക്കാനാവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

**<u>1-1-13 വാർഷികകണക്ക്,സുലേഖ ചെലവ് പത്രിക എന്നിവയിലെ കണക്കുകൾ പൊരുത്തപ്പെടുന്നില്ല.</u>**

വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള നഗരസഭയുടെ വിവിധ ഫണ്ടിനങ്ങളുടെ ചെലവുകണക്കുകളും വാർഷിക പദ്ധതികളുടെ ആസൂത്രണം, രൂപീകരണം, അംഗീകാരം, മോണിറ്ററിംഗ്, ചെലവ് ട്രാക്കിംഗ് എന്നിവയ്ക്കായുള്ള വെബ്അധിഷ്ഠിത സോഫ്റ്റ്‌വെയറായ സുലേഖയിലെ പ്രോജക്ട് ചെലവ് കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.2024-25 ൽ ചെലവു നടന്നിട്ടുള്ള പല പ്രോജക്ടുകളും Approved Status ലേക്ക് മാറ്റിയിട്ടില്ലാത്തതിനാൽ സുലേഖ സോഫ്റ്റ്‌വെയറിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവുകളായി ഉൾപ്പെടുത്തിയിട്ടില്ല. തനത് ഫണ്ട്, ധനകാര്യകമ്മീഷൻ ഗ്രാന്റ്, കേന്ദ്രാവിഷ്കൃത ഫണ്ട് എന്നീങ്ങനെ ബാങ്ക്

അക്കൗണ്ടുകൾ വഴി ചെലവുകൾ നടത്തുന്ന ഫണ്ടുകളിൽ നിന്നുള്ള പ്രോജക്ട് ചെലവുകളും യഥാസമയം അക്കൗണ്ട് ചെയ്യപ്പെടുന്നില്ല

**1-2 ബജറ്റ്**

2024-25 വർഷത്തെ ബജറ്റ് 27.03.2025 ലെ I(1)- ാം നമ്പർ തീരുമാന പ്രകാരം പുതുക്കി അംഗീകരിച്ചു. പുതുക്കിയ ബജറ്റിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| പുതുക്കിയ ബജറ്റ് പ്രകാരം 2024-25 | 60,98,02,767 | 62,29,80,651 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം&എക്സ്പെന്റീച്ചർ) | 32,05,21,830 | 31,97,01,762 |

**1-3 സാമ്പത്തിക വിശകലനം**

| | |
|---|---|
| മുന്നിരിപ്പ് | ₹11,83,86,560 |
| വരവ് | ₹42,40,81,803 |
| ആകെ | ₹54,24,68,363 |
| ചെലവ് | ₹38,35,13,028 |
| നീക്കിയിരിപ്പ് | ₹15,89,55,335 |

**1-4 ഗ്രാന്റ് വിനിയോഗം**

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (സ്രോതസ്സിൽ കുറവ് ചെയ്തത് ഉൾപ്പെടെ) | ആകെ | ചെലവ് (സ്രോതസ്സിൽ കുറവ് ചെയ്തത് ഉൾപ്പെടെ) | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 4,73,32,084 | 4,73,32,084 | 3,65,29,996 | 1,08,02,088 (ലാപ്സായി) |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 1,92,63,366 | 1,92,63,366 | 1,91,70,085 | 93,281 (ലാപ്സായി) |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 3,34,66,000 | 3,34,66,000 | 2,92,14,005 | 42,51,995 (ലാപ്സായി) |
| മെയിന്റനൻസ്ഗ്രാന്റ് (നോൺ റോഡ്) | 0 | 5,45,04,000 | 5,45,04,000 | 4,12,55,996 | 1,32,48,004 (ലാപ്സായി) |
| പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 31,27,230 | 4,23,04,870 | 4,54,32,100 | 3,49,55,418 | 1,04,76,682 (ലാപ്സായി) |
| പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് -അൺടൈഡ് | 2,10,000 | 2,23,25,378 | 2,25,35,378 | 1,59,40,714 | 40,97,197 (നീക്കിയിരിപ്പ്) 24,97,467 (ലാപ്സായി) |

| | | | | | |
|---|---|---|---|---|---|
| ഹെൽത്ത് ഗ്രാന്റ് | 0 | 66,19,328 | 66,19,328 | 0 | 66,19,328 (നീക്കിയിരിപ്പ്) |

ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുകകളുടെ വാർഷിക കണക്കിലെ മുന്നിരിപ്പ് കൃത്യമല്ല.മുന്നിരിപ്പിന്റെ ആധികാരികത പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമായിട്ടില്ല. ഹെൽത്ത് ഗ്രാന്റ് ലഭിക്കുന്ന തുക പിൻവലിച്ച് വിവിധ അക്കൌണ്ടുകളിലേക്ക് മാറ്റിയിട്ടുണ്ട്. ഇതിന്റെ രേഖകൾ ലഭ്യമാക്കുകയോ ചെലവ് ആയി വാർഷിക കണക്കിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

## 1-5 പദ്ധതി അവലോകനം

.ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കി യത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|
| 448 | 330469017 | 293 | 161020717 | 155 | 65.40% |

നഗരസഭയിൽ 448 പദ്ധതികൾ (സുലേഖ ചെലവ് പത്രിക പ്രകാരം) ആവിഷ്കരിച്ചുവെങ്കിലും 293 പദ്ധതികൾ മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്. നിർവ്വഹണ ഉദ്യോഗസ്ഥരിൽ മെഡിക്കൽ ഓഫീസർ (ആയുർവേദം),മെഡിക്കൽ ഓഫീസർ (ഹോമിയോ) എന്നിവർ മാത്രമാണ് അംഗീകാരം ലഭിച്ച പ്രോജക്ടുകൾ പൂർണ്ണമായും നടപ്പാക്കിയിട്ടുള്ളത്. ഭൂരിഭാഗം നിർവ്വഹണ ഉദ്യോഗസ്ഥരും ഏറ്റെടുത്ത പ്രൊജക്ടുകൾ പൂർണ്ണമായും നടപ്പാക്കിയതായി കാണുന്നില്ല. നിർവ്വഹണഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | നടപ്പാക്കാത്തവ |
|---|---|---|---|

| | | | |
|---|---|---|---|
| സെക്രട്ടറി | 96 | 65 | 31 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 5 | 1 | 4 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 231 | 123 | 108 |
| ഇൻഡസ്ട്രീസ് എക്സ്റ്റെൻഷൻ ഓഫിസർ | 3 | 3 | 0 |
| സീനിയർ വെറ്ററിനറി സർജൻ | 10 | 8 | 2 |
| ശിശു വികസന പദ്ധതി ഓഫീസർ | 17 | 12 | 5 |
| അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ | 7 | 4 | 3 |
| പ്രിൻസിപ്പാൾ | 15 | 15 | 0 |
| പ്രോജക്ട് ഓഫീസർ | 29 | 28 | 1 |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | 18 | 17 | 1 |

| | | | |
|---|---|---|---|
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 8 | 8 | 0 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 9 | 9 | 0 |
| ആകെ | 448 | 293 | 155 |

നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിൽ പ്രത്യക്ഷമായ കുറവ് തൻവർഷം വന്നിട്ടുണ്ട്. 65.40% പ്രോജക്ടുകളാണ് നടപ്പാക്കിയത് (ഭാഗീകമായി നടപ്പാക്കിയത് ഉൾപ്പെടെ).പദ്ധതി ചെലവാകട്ടെ അടങ്കലായി ആകെ വകയിരുത്തിയ 33,04,69,017/-രൂപയുടെ 48.72% മാത്രമാണ് (16,10,20,717രൂപ) വിനിയോഗിക്കാനായത്.

<u>ഫണ്ടുകളുടെ വിനിയോഗം</u>

വികസന ഫണ്ട്/മെയിന്റനൻസ്,പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിനങ്ങളിൽ ആകെ 4,13,69,517/-രൂപ തൻവർഷം ലാപ്സായിട്ടുണ്ട്. കൂടാതെ ധനകാര്യ കമ്മീഷൻ ടൈഡ്/അൺടൈഡ്, ഹെൽത്ത് ഗ്രാന്റിനത്തിൽ 1,07,16,525/-രൂപയോളം ബാങ്കിൽ ചെലവഴിക്കാതെ അവശേഷിക്കുന്നു. സംരക്ഷണ ഗ്രാന്റിനത്തിൽ തൻവർഷം നഗരസഭയ്ക്ക് ലഭ്യമായ 8,79,70,000 /-രൂപയിൽ 7,04,70,001/-രൂപ ( ലഭിച്ച തുകയുടെ 80% ) തൻവർഷം വിനിയോഗിക്കപ്പെട്ടു.

നഗരസഭയിലെ ജനങ്ങളുടെ ക്ഷേമ പ്രവൃത്തികൾ ലക്ഷ്യമിട്ട് രൂപീകരിക്കുന്ന പ്രോജക്ടുകൾക്കായി വകയിരുത്തുന്ന തുകയിൽ ചെലവ് ശതമാനത്തിൽ വന്നിട്ടുള്ള കുറവ് നിർവഹണ ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.നഗരസഭയുടെ വികസന പ്രവർത്തനങ്ങൾക്കായി സർക്കാർ ലഭ്യമാക്കുന്ന വിവിധ ഫണ്ടുകളുടെ പരിപൂർണ്ണമായ വിനിയോഗം ഉറപ്പാക്കി പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ വിധത്തിൽ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## <u>1-6 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി</u>

.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | *4,900 | 38,00,132 | 38,05,032 | 37,99,319 | *5,713 |

*അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി വരവ് ചെലവുകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. മുന്നിരിപ്പ് നീക്കിയിരിപ്പ് തുകകൾ, അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി ബാങ്ക് അക്കൗണ്ട് പ്രകാരമുള്ളവയാണ് .ക്യാഷ് ബുക്കും കൃത്യമായ രേഖപ്പെടുത്തലുകളോട് കൂടി തയ്യാറാക്കി സൂക്ഷിച്ചിരുന്നില്ല.റീക്കുപ്പ് ചെയ്യേണ്ടുന്ന തുകകളെ സംബന്ധിച്ച കണക്കും നഗരസഭയിൽ ലഭ്യമല്ല. .വാർഷികകണക്ക് അപാകത 1-1-9 കാണുക.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 3582600 | 154 |
| വിധവാ പെൻഷൻ | 53789200 | 2933 |
| വാർദ്ധക്യകാല പെൻഷൻ | 124613000 | 7187 |
| വികലാംഗ പെൻഷൻ | 17462400 | 781 |
| അവിവാഹിത പെൻഷൻ | 852400 | 37 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന സാക്ഷ്യപത്രം

നഗരസഭയുടെ 2024-25 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.01.2026-ൽ 02.45 പി.എം.ന് ഉത്തരവാദിയായ

ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 1,07,074/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

നഗരസഭയുടെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പ്രകടമായ പോരായ്മകൾ ചുവടെ ചേർക്കുന്നു.

1. തനതുവരുമാനം ആർജ്ജിക്കുന്നതിൽ നഗരസഭ ശ്രദ്ധിക്കുന്നില്ല

നികുതി/നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനും, വരവ് തുകകൾ കൃത്യമായി പിരിച്ചെടുക്കുന്ന കാര്യത്തിലും നഗരസഭ ശ്രദ്ധിക്കുന്നില്ല. അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കാത്തത് മൂലം ലക്ഷകണക്കിന് രൂപയുടെ നഷ്ടമാണ് നഗരസഭയ്ക്ക് ഉണ്ടാകുന്നത്. പൊതു ജനങ്ങളിൽ നിന്നും പരാതി ലഭിക്കുന്ന അനധികൃത നിർമ്മാണങ്ങളിൽ മാത്രമായി നഗരസഭാ നടപടികൾ ചുരുങ്ങുന്നു. മാത്രമല്ല സ്റ്റോപ്പ് മെമ്മോ നൽകിയ മിക്ക അനധികൃത നിർമ്മാണങ്ങളും ഇന്ററിം സ്റ്റേ ഓർഡറുകളുടെ അടിസ്ഥാനത്തിൽ നിയമ പരിരക്ഷ ലഭിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും നിയമപരമായി സ്റ്റേ വെക്കേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല.

കൂടാതെ ഹയർ സെക്കണ്ടറി തലം വരെയുള്ള അൺ എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടെയുള്ള സർക്കാർ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അനുവദിച്ചുവന്നിരുന്ന വസ്തുനികുതിയിളവ് ഒഴിവാക്കിയ സാഹചര്യത്തിൽ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ എല്ലാ കെട്ടിടങ്ങളുടെയും വസ്തുനികുതി അസ്സസ്സ് ചെയ്ത് ഈടാക്കുന്നില്ല. ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിലും നഗരസഭ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല. കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്നും 6 കോടി 40 ലക്ഷം രൂപ വായ്പയെടുത്ത് നിർമ്മിച്ച സസ്യമാർക്കറ്റ് കെട്ടിടത്തിലെ 32 മുറികളോളം വാടകയ്ക്ക് നൽകിയിട്ടില്ല. വായ്പ തുകയ്ക്ക് പലിശ അടക്കാൻ പോലുമുള്ള വരുമാനം ഈ നിർമ്മിതിയിൽ നിന്നും നഗരസഭയ്ക്ക് ലഭിക്കുന്നില്ല.

2. വികസന പ്രവർത്തനങ്ങൾക്കായി ലഭിച്ച 4,13,69,517/- രൂപ ചെലവഴിക്കാതെ ലാപ്സായി

നഗരസഭയുടെ വികസന പ്രവർത്തനങ്ങൾക്കായി വിവിധ ഫണ്ടുകളിൽ നിന്നും ലഭിച്ച 4,13,69,517/-രൂപ ചെലവഴിക്കാതെ ലാപ്സായതായി കാണുന്നു. വർഷാവസാനം ലാപ്സാകുന്ന പദ്ധതി ധനത്തിൽ ബാക്കി നിൽക്കുന്ന തുക വെള്ളക്കരം കുടിശ്ശിക നിവാരണത്തിന്(1,11,10,181/- രൂപ) വിനിയോഗിക്കാമായിരുന്നെങ്കിലും തുക വിനിയോഗിക്കാതെ ലാപ്സായി.

3. <u>വാർഷിക കണക്കുകളുമായി ബന്ധപ്പെട്ട് നിരീക്ഷിക്കപ്പെട്ട നിരവധി ന്യൂനതകൾ</u>

സ്ഥാപനത്തിന്റെ വാർഷിക ധനകാര്യപത്രികയിലെ ഓപ്പണിംഗ് ബാലൻസ് ഷീറ്റ്, റസീപ്റ്റ് & പേയ്മെന്റ് അക്കൌണ്ട്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയില വർഷാരംഭ കണക്കുകൾ ,ബാങ്ക് പാസ്ബുക്കുകൾ, ലോൺ സ്റ്റേറ്റ്മെന്റ്, റിക്കൺസിലേഷൻ പത്രികകൾ, ഗ്രാന്റുകളുടെ വിവരങ്ങൾ എന്നിവയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. മാത്രമല്ല സ്ഥാപനത്തിന്റെ വാർഷിക കണക്ക് പ്രകാരമുള്ള ആസ്തി-ബാധ്യതകൾ യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. കൂടാതെ നഗരസഭ വിവിധ ലേലം, വാടക, ഇലക്ഷൻ ഡെപ്പോസിറ്റ് മുതലായ ഇനങ്ങളിലും പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ ഭാഗമായും സ്വീകരിക്കുന്ന സെക്യൂരിറ്റി ഡെപ്പോസിറ്റ്, ഇ.എം.ഡി, റിട്ടെൻഷൻ തുടങ്ങിയ തിരികെ നൽകേണ്ട ഡെപ്പോസിറ്റുകളുടെ ഇനം തിരിച്ചും വർഷം തിരിച്ചുമുള്ള കണക്ക് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

4. <u>നഗരസഭയിലെ വിവിധ പർച്ചേസുകൾ</u>

പർച്ചേസുകൾ ജെം വഴിയാണ് നടത്തുന്നതെങ്കിലും ആയതിന്റെ സുതാര്യത പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ (സ്പെസിഫിക്കേഷൻ, താരതമ്യ പത്രിക, സ്റ്റോക്ക് എൻട്രി വിവരങ്ങൾ, ജെം പോർട്ടലിൽ പരസ്യപ്പെടുത്തുന്ന ഐറ്റം സ്പെസിഫിക്കേഷൻ, സെലക്ഷന് ഉപയോഗിച്ച ഫിൽട്ടറുകൾ എന്നിവയെല്ലാം) ഫയലിൽ ഉൾപ്പെടുത്തി ലഭ്യമാക്കുന്നില്ല.

5. <u>മുടങ്ങി കിടക്കുന്ന നിരവധി മാലിന്യ പദ്ധതികൾ</u>

വലിയ തോതിൽ മുതൽ മുടക്കി ആരംഭിച്ച ഗാർഹിക വാണിജ്യ വ്യവസായ സ്ഥാപനങ്ങളിലെ ശൌചാലയ മാലിന്യ സംസ്കരണാർത്ഥമുള്ള സഞ്ചരിക്കുന്ന ശൌചാലയ മാലിന്യ സംസ്കരണ യൂണിറ്റ് (എം.എഫ്.എസ്.റ്റി.പി), ഖരമാലിന്യ പ്ളാന്റ് എന്നിവ നഗരസഭയ്ക്ക് യാതൊരു വരുമാനവും ലഭിക്കാതെയും പൊതുജനങ്ങൾക്ക്

ഉപകാരപ്രദമാകാതെയും കാണുന്നു. പ്രയോഗികതകൂടി കണക്കിലെടുത്ത് പദ്ധതികൾ നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

6. ഓഡിറ്റ് റിപ്പോർട്ടുകൾ നഗരസഭയിൽ ചർച്ച ചെയ്യുന്നില്ല

സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2019-20 മുതൽ 2023-24 വരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ നഗരസഭയിൽ ലഭിച്ചെങ്കിലും ഇതേ വരെയും കൗൺസിലിൽ ചർച്ചയ്ക്ക് വെച്ച് പരിഹാര നടപടികൾ സ്വീകരിച്ചിട്ടില്ല.1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 14 പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് രണ്ട് മാസത്തിനുള്ളിൽ ഓഡിറ്റ് റിപ്പോർട്ട് കൗൺസിലിൽ വെച്ച് ചർച്ച ചെയ്ത് റെക്ടിഫിക്കേഷൻ റിപ്പോർട്ട് തയ്യാറാക്കി നൽകേണ്ടതാണ്. എന്നാൽ ഓഡിറ്റ് റിപ്പോർട്ടുകൾ നഗരസഭയിൽ കൗൺസിലിൽ ചർച്ചയ്ക്ക് വെച്ച് പരിഹാര നടപടികൾ സ്വീകരിക്കുന്നില്ല.

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിക്കേണ്ടതാണ്.

**1-10 അനധികൃത ടർഹുകൾക്ക് യു.എ നമ്പർ നൽകി വസ്തുനികുതി ഈടാക്കുന്നില്ല, വരുമാന നഷ്ടം**

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 242 പ്രകാരം നമ്പർ നൽകാൻ കഴിയാത്ത അനധികൃത നിർമ്മിതിൾക്ക് 2010 ലെ കേരളാ മുൻസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20(2) പ്രകാരം യു.എ നമ്പർ നൽകി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 242(1) പ്രകാരം ഏതെങ്കിലും നിർമ്മിതി/കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ,പുനർനിർമ്മിക്കുകയോ, ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ചുമാറ്റുന്ന തീയതി വരെയോ നിയമാനുസൃതമായി കെട്ടിടനികുതി അസസ്സ് ചെയ്യുന്ന തീയതി വരെയോ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നതെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തു നികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക, അപ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തു നികുതിയായി ഈടാക്കി യു.എ. നമ്പർ അനുവദിക്കേണ്ടതാണ്.

നഗരസഭയുടെ 41, 29 വാർഡുകളിൽ കെട്ടിട നിർമ്മാണ അനുമതിയില്ലാതെ നിർമ്മാണം നടത്തി പ്രവർത്തിക്കുന്ന "KICK OFF", "GALACTICO SPORTS HUB" എന്നീ സ്പോർട്ട്സ് ടർഫുകളിൽ നിന്നും വസ്തുനികുതി ഈടാക്കാത്തത് മൂലം ഓഡിറ്റ് വിഭാഗം 03.02.2026 ൽ നഗരസഭയിലെ എഞ്ചിനിയറിംഗ് വിഭാഗം ജിവനക്കാരുടെ സാന്നിദ്ധ്യത്തിൽ സ്ഥല പരിശോധന നടത്തി പ്രസ്തുത ടർഫുകളുടെ തറവിസ്തീർണം അളന്ന് തിട്ടപ്പെടുത്തുകയുണ്ടായി. 29-ാം വാർഡിൽ പ്രഥമ മേഖലയിൽ 5 മീറ്ററിൽ താഴെ 1.5 മീറ്ററിൽ കൂടുതൽ വഴി സൌകര്യമുള്ള "GALACTICO SPORTS HUB" എന്ന സ്ഥാപനത്തിൽ 1645 ച.മി, 264 ച.മി വിസ്തീർണ്ണങ്ങളുള്ള 2 ടർഫുകളും, 41-ാം വാർഡിൽ പ്രഥമ മേഖലയിൽ 5 മീറ്ററിലധികം വഴി സൌകര്യത്തോടുകൂടി പ്രവർത്തിക്കുന്ന "KICK OFF" എന്ന ടർഫും (660 ച.മീ. തറവിസ്തീർണം ഉള്ളതായി 05.02.26 ന എഞ്ചിനിയറിംഗ് വിഭാഗം റിപ്പോർട്ട് ചെയ്തിട്ടുണ്ട്) പ്രവർത്തിച്ച് വരുന്നു. പ്രസ്തുത ടർഫുകളുടെ വസ്തുനികുതി നിർണ്ണയിക്കാതിരുന്നതിന്റെ കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷത്തിന് (38/05.02.2026) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല.

2023-24 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക നം: 1-24 ൽ ഇത് സംബന്ധിച്ച് പരാമർശിക്കപ്പെട്ടിരുന്നെങ്കിലും നാളിതുവരെ ഈ ടർഫുകളുടെ വസ്തുനികുതി അസസ്സ് ചെയ്യാത്തത് സെക്രട്ടറിയുടെ ഭാഗത്ത് നിന്നുള്ള അനാസ്ഥയും കൃത്യവിലോപവും ആണ് സൂചിപ്പിക്കുന്നത്. നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന മേൽ സൂചിപ്പിച്ച സ്പോർട്ട്സ് ടർഫുകൾക്ക് വസ്തു നികുതി കണക്കാക്കി ഈടാക്കാത്തത് നഗരസഭയ്ക്ക് വരുമാന നഷ്ടമുണ്ടാക്കിയതായി ഓഡിറ്റ് കണക്കാക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നഗരസഭ കൌൺസിലിന്റെ 20/09/2023 തീയതിയിലെ R1-8866/23-ാം നമ്പർ അന്തിമ വിജ്ഞാപന പ്രകാരം നിയമാനുസൃതമായി നിർമ്മിച്ച ടർഫുകൾക്ക് ബാധകമായ വസ്തുനികുതി നിരക്ക് - 45 രൂപ/ച.മി, 2024 ൽ അഞ്ച് ശതമാനം വർദ്ധനവ് ഉൾപ്പെടുത്തിയ നിരക്ക്- ₹ 47.25/ച.മി

| | നികുതി നിർണയിക്കേണ്ടത് | | |
|---|---|---|---|
| ടർഫിന്റെ പേര് | Galactico Sports Turf | | Kick Off Sports Turf |
| | Turf-1 | Turf-2 | |

| | | | |
|---|---|---|---|
| തറ വിസ്തീർണം /ച.മീറ്ററിൽ | 1645 $M^2$ | 264 $M^2$ | 660 $M^2$ |
| അടിസ്ഥാന വസ്തുനികുതി | 1645@47.25 = 77726.25 | 264@47.25 = 12474 | 660@47.25 = 31185 |
| മേഖല | പ്രഥമം (വർദ്ധനവ്/ ഇളവ് ഇല്ല) | പ്രഥമം (വർദ്ധനവ്/ ഇളവ് ഇല്ല) | പ്രഥമം (വർദ്ധനവ്/ ഇളവ് ഇല്ല) |
| വഴി സൌകര്യം – | വർദ്ധനവ്/ ഇളവ് ഇല്ല | വർദ്ധനവ്/ ഇളവ് ഇല്ല | വർദ്ധനവ് 20% – (+ 6237) |
| നികുതി | 77726.25 | 12474 | 31185+ 6237= 37422 |
| ലൈബ്രറി സെസ് 5% | 3886.31 | 623.7 | 1871.1 |
| **സർവീസ് ചാർജ്ജ് (10%)** | 7772.6 | 1247.4 | 3742.2 |
| ആകെ | 89385 | 14345 | 43035 |

മേൽ പട്ടിക പ്രകാരം നിയമാനുസൃത നിർമ്മിതിയ്ക്ക് ബാധകമായ വസ്തുനികുതി –

89385+14345+43035= 1,46,765/-

അനധികൃതമായി നിർമ്മിച്ച ടർഫുകൾക്ക് 2024-25 വർഷം ബാധകമായ വസ്തുനികുതി= 1,46,765×3= 4,40,295/-രൂപ

മേൽ സൂചിപ്പിച്ച ടർഫുകളിൽ നിന്നും 2024-25 വർഷം വസ്തുനികുതി ഇനത്തിൽ ഉണ്ടായ നഷ്ടം - 4,40,295/-രൂപ

22.03.23 ലെ സ.ഉ(കൈ) നം: 7/2023/തസ്വഭവ ഉത്തരവ് പ്രകാരം തുടർന്നുള്ള ഓരോ വർഷങ്ങളിലും വസ്തുനികുതി നിരക്കിൽ 5% വർദ്ധനവ് എന്ന സർക്കാർ നിർദ്ദേശം ഉള്ളതിനാൽ തുടർന്നുള്ള ഓരോ വർഷങ്ങളിലും അധിക നഷ്ടം ഉണ്ടാകുന്നതാണ്. ഇത്തരത്തിൽ മുനിസിപ്പൽ പരിധിക്കുള്ളിൽ മേൽ പരാമർശിക്കപ്പെട്ടവയിൽ കൂടുതലായി എണ്ണം ടർഫുകൾ അനധികൃതമായി പ്രവർത്തിക്കുന്നുണ്ടോ എന്നും അന്വേഷിക്കേണ്ടതാണ്. മേൽ പരാമർശ വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11 അനധികൃതമായി പ്രവർത്തിക്കുന്ന മൊബൈൽ ടവറുകൾക്ക് വസ്തുനികുതി ഈടാക്കിയില്ല-വരുമാന നഷ്ടം

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 242 പ്രകാരം നമ്പർ നൽകാൻ കഴിയാത്ത അനധികൃത നിർമ്മിതികൾക്ക് 2010 ലെ കേരളാ മുൻസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20(2) പ്രകാരം യു.എ നമ്പർ നൽകി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 242(1) പ്രകാരം ഏതെങ്കിലും നിർമ്മിതി /കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ,പുനർനിർമ്മിക്കുകയോ,ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ചുമാറ്റുന്ന തീയതി വരെയോ നിയമാനുസൃതമായി കെട്ടിടനികുതി അസസ്സ് ചെയ്യുന്ന തീയതി വരെയോ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നതെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തു നികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി

വരുന്ന തുകയും ചേർന്നുള്ള തുക, അപ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തു നികുതിയായി ഈടാക്കി യു.എ നമ്പർ അനുവദിക്കേണ്ടതാണ്.

മൊബൈൽ ടവറുകൾ സ്ഥാപിക്കുന്നതിനായി ചുവടെ ചേർക്കുന്ന ടവർ നിർമ്മാതാക്കൾ നഗരസഭയിൽ ഇന്റിമേഷൻ നൽകി ₹10,000/- വീതം അപേക്ഷാ ഫീസ് ഒടുക്കി ടവർ നിർമ്മാണത്തിന് അനുമതി നേടിയിട്ടുണ്ട്. ഇന്റിമേഷനുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം: | ഫയൽ നം | വാർഡ് നം | ടവർ നിർമ്മാതാകൾ |
|---|---|---|---|
| 1 | TP1-13708-2023 | 27 | Indus Tower |
| 2 | TP1-14309-2023 | 41 | Indus Tower |
| 3 | TP1-16102-2022 | 14 | Indus Tower |
| 4 | TP1-23629-2023 | 20 | Summit Digital |

ഫയൽ പരിശോധിച്ചതിൽ, മേൽ പട്ടികയിൽ സൂചിപ്പിച്ച മൊബൈൽ ടവർ നിർമ്മാതാക്കൾ നിർമ്മാണത്തിന്റെ പൂർത്തീകരണ അറിയിപ്പ് നഗരസഭയിൽ സമർപ്പിച്ച് ഒക്യുപൻസി ലഭ്യമാക്കി നികുതി അസസ്സ് ചെയ്യപ്പെട്ടതിന്റെ വിവരം ലഭ്യമല്ല. തുടർന്ന് ഓഡിറ്റ് ടീം ആവശ്യപ്പെട്ടതനുസരിച്ച് നഗരസഭാ എഞ്ചിനീയറിംഗ് വിഭാഗവും റവന്യൂ വിഭാഗവും സംയുക്തമായി ഫീൽഡ് തല പരിശോധന നടത്തി 31.01.2026 ന ലഭ്യമാക്കിയ റിപ്പോർട്ടിൽ ടവറുകളുടെയും അവയുടെ ജനറേറ്റർ റൂമുകളുടെയും തറവിസ്തീർണ്ണത്തിനോടൊപ്പം 2024-25 ആദ്യ അർദ്ധവർഷം

മുതൽ ടി ടവറുകൾ പ്രവർത്തിച്ച വരുന്നതായി അന്വേഷണത്തിൽ അറിയാൻ സാധിച്ചതായും അറിയിച്ചിട്ടുണ്ട്. ഓഡിറ്റ് വിഭാഗം ചൂണ്ടി കാണിക്കുമ്പോൾ മാത്രമാണ് നഗരസഭ വിവരങ്ങൾ അന്വേഷിക്കുന്നതും ഓഡിറ്റിന് റിപ്പോർട്ട് ചെയ്യുന്നതും. ടി മൊബൈൽ ടവറുകളുടെ വസ്തുനികുതി നഗരസഭ നിർണ്ണയിച്ചീടാക്കിയിരുന്നില്ല. ഫീൽഡ് തല പരിശോധനാ റിപ്പോർട്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ടവർ നിർമ്മാതാക്കളുടെ പേര് | തറ വിസ്തീർണ്ണം (ജനറേറ്റർ റൂം ഉൾപ്പടെ) | വാർഡ് നം / മേഖല / വഴി സൌകര്യം |
|---|---|---|---|
| 1 | Indus Tower Limited | $17.95m^2$ | വാർഡ്-27 / പ്രഥമം / 5മീറ്ററിൽ താഴെ |
| 2 | Indus Tower Limited | $14.48m^2$ | വാർഡ്-41/ പ്രഥമം / 5മീറ്ററിൽ താഴെ |
| 3 | Indus Tower | $17.4m^2$ | വാർഡ്-14/ പ്രഥമം / 5മീറ്ററിൽ താഴെ |
| 4 | Summit Digital | $100\ M^2$ | വാർഡ്-20/ പ്രഥമം / 5മീറ്ററിൽ താഴെ |

മേൽ പട്ടികയിലെ ടവറുകളുടെ വസ്തുനികുതി യഥാസമയം ഫീൽഡ് പരിശോധന നടത്തുന്നതിന് നഗരസഭ നടപടി സ്വീകരിക്കാഞ്ഞത് മൂലം 2024-25വർഷം, മൊബൈൽ ടവറുകൾക്ക് ബാധകമായ ₹682.5/$M^2$ (2024-25 ൽ അഞ്ച് ശതമാനം വർദ്ധനവ് ഉൾപ്പെടുത്തിയ നിരക്ക്) എന്ന നിരക്കിൽ വസ്തുനികുതി ഈടാക്കിയില്ല. 2010 ലെ കേരളാ മുൻസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20(2) അനുസരിച്ച്

മേൽസൂചിപ്പിച്ച പ്രകാരം നികുതി ഈടാക്കാത്തതിനാൽ നഗരസഭയ്ക്ക് ₹3,52,794/-യുടെ വരുമാന നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.1 ,മൊബൈൽ ടവറിന്റെ തറവിസ്തീർണ്ണം - 17.95 ച.മീറ്റർ

ക്രമ നം.2,മൊബൈൽ ടവറിന്റെ തറവിസ്തീർണ്ണം - 14.48 ച.മീറ്റർ

ക്രമ നം.3,മൊബൈൽ ടവറിന്റെ തറവിസ്തീർണ്ണം - 17.4 ച.മീറ്റർ

ക്രമ നം.4,മൊബൈൽ ടവറിന്റെ തറവിസ്തീർണ്ണം - 100 ച.മീറ്റർ

(നഗരസഭ കൌൺസിലിന്റെ 21/08/2023 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം മൊബൈൽ ടവറുകൾക്ക് ബാധകമായ വസ്തുനികുതി നിരക്ക് - 650 രൂപ / ച.മി, 2024 ൽ അഞ്ച് ശതമാനം വർദ്ധനവ് ഉൾപ്പെടുത്തിയ നിരക്ക്- ₹682.5/ച.മി)

നിയമാനുസൃത അസസ്സ്മെന്റിന് ബാധകമായ വസ്തുനികുതിയുടെ വിവരം

| | നികുതി നിർണയിക്കേണ്ടത് | | | |
|---|---|---|---|---|
| | ക്രമ നം.1 Indus Tower | ക്രമ നം.2 Indus Tower | ക്രമ നം.3 Indus Tower | ക്രമ നം.4 Summit Digital |
| അടിസ്ഥാന വസ്തുനികുതി | $17.95m^2$ @682.5 = 12,250.9 | $14.48m^2$ @682.5 = 9882.6 | $17.4m^2$ @682.5 = 11,875.5 | 100 $M^2$ @682.5 = 68,250 |
| മേഖല – പ്രഥമം – വർദ്ധനവ്/ഇളവ് ഇല്ല | – | – | – | – |
| | | | | |

| | | | | |
|---|---|---|---|---|
| വഴി സൌകര്യം - വർദ്ധനവ്/ഇളവ് ഇല്ല | – | – | – | – |
| അടിസ്ഥാന നികുതി | 12,250.9 | 9882.6 | 11875.5 | 68250 |
| ലൈബ്രറി സെസ് 5% | (+)612.5 | (+)494.13 | (+) 593.8 | (+) 3412.5 |
| സർവീസ് ചാർജ്ജ് (10%) | (+) 1225 | (+) 988.2 | (+) 1187.5 | (+) 6825 |
| നിയമാനുസൃത അസസ്സ്മെന്റിന് ബാധകമായ വസ്തുനികുതി | ₹14,088/- | ₹11,365/- | ₹13,657/- | ₹78487.5/- |

ടവറുകൾ പൂർത്തീകരണ അറിയിപ്പ് നൽകാതെ അനധികൃതമായി പ്രവർത്തനം തുടങ്ങിയതിനാൽ ബാധകമായ വസ്തുനികുതി (കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 242(1) ) =

ക്രമ നം.1, ഇൻഡസ് ടവർ - 14,088 ×3= 42,264/- രൂപ

ക്രമ നം.2, ഇൻഡസ് ടവർ - 11,365 ×3= 34,095/- രൂപ

ക്രമ നം.3 ഇൻഡസ് ടവർ- 13,657 ×3= 40,971/- രൂപ

ക്രമ നം.4 സമ്മിറ്റ് ഡിജിറ്റൽ 78,488 ×3= 2,35,464/- രൂപ

നഗരസഭയ്ക്ക് ഉണ്ടായ ആകെ നഷ്ടം = 42,264 + 34,095 + 40,971 + 2,35,464 = 3,52,794/-

ടവറുകളുടെ നിർമ്മാണത്തിന് ഇന്റിമേഷൻ നൽകിയതിന് ശേഷം,യഥാസമയം ഫീൽഡ് പരിശോധന നടത്തി ടവറുകളുടെ നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിൽ, നഗരസഭയ്ക്ക് വീഴ്ച്ച സംഭവിച്ചു. ഇത് മൂലം 2024-25വർഷം നഗരസഭയ്ക്ക് ₹3,52,794/-യുടെ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. ടവർ നിർമ്മാതാക്കളിൽ നിന്നും കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 242(1) പ്രകാരം ടവറുകളുടെ വസ്തുനികുതി ഈടാക്കാത്തതിൽ വിശദീകരണം ആരാഞ്ഞു നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:30/02-02-26) മറുപടി ലഭ്യമാക്കിയിട്ടില്ല. പൂർത്തീകരണ അറിയിപ്പ് നഗരസഭയിൽ ഹാജരാക്കാതെ പ്രവർത്തനം തുടങ്ങിയ ടവർ നിർമ്മാതാക്കളിൽ നിന്നും സെക്ഷൻ

242(1) പ്രകാരം വസ്തുനികുതി ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. നഗരസഭയിൽ ഫീൽഡ് പരിശോധന ഊർജ്ജിതമാക്കി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നിയമാനുസൃതമായ നടപടി സ്വീകരിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-12 സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തുനികുതി ഈടാക്കിയില്ല

കേരള മുനിസിപ്പാലിറ്റി ആക്ട് 207 ബി എ വകുപ്പ് പ്രകാരം ഹയർ സെക്കണ്ടറി തലം വരെയുള്ള അൺ എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടെയുള്ള സർക്കാർ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അനുവദിച്ചുവന്നിരുന്ന വസ്ഌനികുതിയിളവ് 01.04.2023 പ്രാബല്യത്തിൽ ഒഴിവാക്കിയിരുന്നു. സർക്കാരിന്റെ 28.03.2023 തീയതിയിലെ നമ്പർ 15 (2) ലെഗ്.എ2/2023/ നിയമം ഉത്തരവ് (2023 ലെ 18-ാം ആക്ട്) 2023 ലെ കേരള ധനകാര്യ (2-ാം നമ്പർ ആക്ട്) എന്നിവ പ്രകാരം പ്രസ്തുത സ്ഥാപനങ്ങളുടെ വസ്തു നികുതി ഈടാക്കേണ്ടതുണ്ട്. കായംകുളം മുനിസിപ്പാലിറ്റി പരിധിയിൽ സ്ഥിതി ചെയ്യുന്ന അൺ എയ്ഡഡ്/ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

1) ശ്രീ നാരായണ സെൻട്രൽ സ്കൂൾ
2)എൻ.എസ്.എസ്.സെൻട്രൽ സ്കൂൾ
3)കരുണ വിദ്യാക്ഷേത്ര ,കല്ലുമൂട്
4) ബിഷപ്പ് മൂർ വിദ്യാപീഠം
5)ഏഞ്ചൽസ് ആർക് ഇംഗ്ലീഷ് മീഡിയം സ്കൂൾ
6) എസ്.എൻ വിദ്യാപീഠം ഇംഗ്ലീഷ് മീഡിയം സ്കൂൾ
7) സെന്റ് മേരീസ് ബഥനി പബ്ലിക് സ്കൂൾ
8) ഹോളി ട്രിനിറ്റി സ്കൂൾ
9) ജമീല ബീവി മെമ്മോറിയൽ സെന്റർ ഫോർ ടീച്ചർ എഡ്യൂക്കഷൻ
10) നളന്ദ കോളേജ് ഓഫ് എൻജിനീയറിംഗ് &എ.ടി.സി,കൃഷ്ണപുരം

പ്രസ്തുത സ്ഥാപനങ്ങളുടെ കോംമ്പൌണ്ടിലുള്ള എല്ലാ കെട്ടിടങ്ങളുടെയും കെട്ടിടനമ്പർ/തറവിസ്തൃതി/ ഉപയോഗക്രമം എന്നിവ മരാമത്ത് വിഭാഗം മുഖേന അളന്ന് തിട്ടപ്പെടുത്തുകയും , കൂടാതെ കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല, കെട്ടിടത്തിന്റെ കാലപ്പഴക്കം, കടന്നുപോകുന്ന റോഡിന്റെ പേര്, വഴി വിസ്തീർണ്ണം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ തയ്യാറാക്കി റിപ്പോർട്ട് ലഭ്യമാക്കുവാനുമാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(8/27.01.2026) നല്കിയെങ്കിലും ഡാറ്റാബെയ്സിലുള്ള പ്രസ്തുതകെട്ടിടങ്ങളുടെ വിവരങ്ങളാണ് നല്കിയത്. ഈ കെട്ടിടനമ്പരുകൾ പ്രകാരമുള്ള നികുതി നിർണ്ണയം പരിശോധിച്ചതിൽ നികുതിയിളവ് നൽകിയിട്ടുള്ളവയും വലിയരീതിയിൽ നികുതികുടിശ്ശികയുള്ളവയും ഉൾപ്പെടുന്നു. സ.ഉ.(കൈ)നം.77/2023/LSGD തീയതി 22.03.2023 പ്രകാരം മുനിസിപ്പാലിറ്റികളിൽ 01.04.2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രകാരം മേൽസൂചിപ്പിച്ച കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തുകയും ഡേറ്റാബെയ്സിലുള്ള വിവരങ്ങളുമായി ഒത്തുനോക്കി സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് നല്കിയിരുന്ന നികുതി ഇളവുകൾ പ്രയോജനപ്പെടുത്തുന്ന മറ്റ് സ്ഥാപനങ്ങൾ ഉണ്ടെങ്കിൽ അവയെ കണ്ടെത്തി നികുതി പരിധിയിൽ കൊണ്ടുവരേണ്ടതും നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## <u>1-13 തൊഴിൽ നികുതി ഈടാക്കിയില്ല</u>

2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3(2) പ്രകാരം ഒരു അർദ്ധവർഷത്തിൽ 60 ദിവസത്തിൽ കുറയാതെ ജോലി / തൊഴിൽ ചെയ്യുന്ന വ്യക്തികൾ, സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന പ്രൊഫഷണലുകൾ എന്നിവരിൽ നിന്നും ഒരു അർദ്ധവർഷം 1,250/- രൂപ നിരക്കിൽ തൊഴിൽ നികുതി / പ്രിസംറ്റീവ് ടാക്സ് ഡിമാൻഡ് ചെയ്ത് ഈടാക്കേണ്ടതുണ്ട്. തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകൾ ലഭ്യമല്ല.

| സ്ഥാപനം | അർദ്ധവർഷം |
|---|---|

| | |
|---|---|
| 1) കായംകുളം നഗരസഭ ഹെൽത്ത് & വെൽനെസ് സെന്ററിലെ ചുവടെ ചേർത്തിട്ടുള്ള കരാർ ജീവനക്കാരുടെ രണ്ട് അർദ്ധ വർഷങ്ങളിലെയും<br>1.അഖില സക്കീർ, സ്റ്റാഫ് നഴ്സസ്<br>2.ജസീറ. ജെ, ജെ.എച്ച്.<br>3.ഷീജ. എസ്, ക്ലീനിംഗ് സ്റ്റാഫ്<br>4.ജസ്ന എം, മെഡിക്കൽ ഓഫീസർ<br>5.സജന കെ. എസ്, സ്റ്റാഫ് നഴ്സ്<br>6.അക്മൽ ഹസ്സൻ, ജെ.പി.എച്ച്.എൻ<br>7.അമ്പിളി രാജീവ്, ക്ലീനിംഗ് സ്റ്റാഫ് | I & II |
| 8.ത്രിവേണി സൂപ്പർമാർക്കറ്റ് ജീവനക്കാർ | I & II |
| 9.ഔവർ ഡയഗ്നോസ്റ്റിക് സെന്റർ,കെ.പി.റോഡ് കായംകുളം | I |
| 10.ധാത്രി ലൈഫ് സയൻസ് പ്രൈവറ്റ് ലിമിറ്റഡ്,കായംകുളം | Ist |
| 11.ഹിന്ദുസ്ഥാൻ പെട്രോളിയം ,കെ.കെ മുഹമ്മദ് | IInd |
| 12.ജെ.ജെ ഹോസ്പിറ്റൽ,കൃഷ്ണപുരം | I & II |
| 13.ശക്തി ഫ്യൂവൽസ് കായംകുളം | Ist&IInd |
| | |

| | |
|---|---|
| 14..ഹിബ ഫ്യൂവൽസ് | Ist&IInd |
| 15.സബ്റെക്കോർഡ് ഓഫീസ് RMSTV Division | Ist |
| 16.പത്തിയൂർ ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് 1282 | IInd |
| 17.സെൻട്രൽ ബസാർ ഇൻഡ്യ ലിമിറ്റഡ് | IInd |
| 18.സിറ്റി ഹോസ്പിറ്റൽ ഡോക്ടേഴ്സ് | Ist&IInd |
| 19. നജാത്ത് ഹോസ്പിറ്റൽ ഡോക്ടേഴ്സ് | Ist&IInd |
| 20.ചെമ്മണ്ണൂർ ക്രെഡിറ്റ് ആന്റ് ഇൻവെസ്റ്റ്മെന്റ് | IInd |
| 21.സുന്ദരം ഹോം ഫിനാൻസ് | IInd |
| 22.നന്ദിലത്ത് ജി മാർട്ട് ഹോംഅപ്ലയൻസ് | IInd |
| 23.ഇനാമൽ മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ ക്ലീനിക്, പുള്ളിക്കണക്ക് | Ist&IInd |
| 24.ധന്വന്തരി ആയുർവേദിക് ക്ലിനിക് | IInd |
| 25.വന്ദനം ഗ്യാസ് ഏജൻസി ,പുതിയിടം ജീവനക്കാർ | Ist&IInd |
| 26.ഗ്ലോബൽ ഓഷ്യൻ ഡ്രില്ലിംങ് പ്രൈ. ലിമിറ്റഡ് | Ist&IInd |

2.മുനിസിപ്പാലിറ്റിയുടെ വിവിധ മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ

| ക്രമ നം. | കരാറുകാരുടെ പേര് / മേൽവിലാസം |
|---|---|
| 1 | അബ്ദുൾ ലത്തീഫ്, |

| | |
|---|---|
| | SSK മൻസിൽ, ചേരാവള്ളി |
| 2 | ഹുസൈസൻ അഹമ്മദ്,<br>വെളിയിൽ വീട് |
| 3 | ഷഹിൻഷാ,എസ്.എസ്.മൻസിൽ,<br>ചേരാവള്ളി |
| 4 | E.M.അഷറഫ്,<br>കൊല്ലംപറമ്പിൽ, |
| 5 | മുഹമ്മദ് താഹ<br>പതിയാരത്ത് വടക്ക് |
| 6 | മോഹനൻ നായർ, പൂവടിതറയിൽ |
| 7 | അനിമോൻ H.,<br>തുണ്ടയത്ത്, ചേരാവള്ളി |
| 8 | സുന്ദരേശൻ,<br>പ്രിയാ ഭവനം, ചേരാവള്ളി |
| 9 | ശശിധരൻ പിള്ള,<br>അംബാലയം, പത്തിയൂർ |

3.മുനിസിപ്പാലിറ്റിയിലെ ദിവസവേതന ജീവനക്കാരായ ഇലക്ട്രീഷ്യൻ, പിഎ റ്റു ചെയർപേഴ്സൺ, ഡ്രൈവർ എന്നിവരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ലഡ്ജർ പരിശോധിച്ചതിൽ ബാങ്കിലേക്ക് നേരിട്ട് വന്ന തുകയ്ക്ക് സെക്രട്ടറിയുടെ പേരിലാണ് രസീത് ജനറേറ്റ് ചെയ്തത്. ഇതുമൂലം ഈ തുകകൾ ആര് അടച്ചിട്ടുള്ളതാണെന്ന്

അറിയാൻ കഴിയുന്നില്ല. രജിസ്റ്ററിൽ ആകെ കളക്ഷൻ തുക എഴുതിയിട്ടില്ലാത്തതിനാൽ ബാങ്കിലേക്ക് നേരിട്ട് വന്ന തുകകളുടെ കൃത്യത പരിശോധിക്കുന്നതിനുള്ള റിട്ടേണുകൾ സമർപ്പിച്ചിട്ടുണ്ടോ എന്നതും വ്യക്തമല്ല .ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി(51/7.2.2026) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. തൊഴിൽ നികുതി ഒടുക്കാത്തവരിൽ നിന്നും നികുതി ഈടാക്കി അറിയിക്കേണ്ടതും മറ്റുമാർഗ്ഗങ്ങളിലൂടെ തൊഴിൽ നികുതി ഇനത്തിൽ നേരിട്ട് മുനിസിപ്പാലിറ്റിയിൽ വരുന്ന തുകകൾക്ക് സ്ഥാപനമേധാവിയുടെ റിട്ടേണുകൾകൂടി മുനിസിപ്പാലിറ്റിയിൽ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## <u>1-14 അനധികൃത നിർമ്മാണം യഥാസമയം കണ്ടെത്തി നടപടി സ്വീകരിച്ചില്ല - പെർമിറ്റ് ഫീസിനത്തിൽ വരുമാന നഷ്ടം</u>

2019 ലെ കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം കെട്ടിട നിർമ്മാണ അനുമതി ലഭ്യമാക്കാതെ ഏതൊരു വ്യക്തിയും കെട്ടിടം നിർമ്മിക്കുകയോ പുനർ നിർമ്മിക്കുകയോ വിപുലീകരിക്കുകയോ മാറ്റം വരുത്തുകയോ ചെയ്യാൻ പാടില്ലാത്തതാണ്. നഗരസഭയുടെ അറിവോടുകൂടിയല്ലാത്ത കെട്ടിടങ്ങളുടെ നിർമ്മാണം യഥാസമയം കണ്ടെത്തി നടപടിയെടുക്കുകയെന്നത് നഗരസഭയുടെ ചുമതലയാണ്. സെക്രട്ടറിയുടെ അംഗീകാരം ഇല്ലാതെയോ അംഗീകാരമുള്ള പ്ലാനിൽ നിന്നും വ്യതിചലിച്ചോ കെട്ടിടം നിർമ്മിക്കുകയോ പുനനിർമ്മിക്കുകയോ മാറ്റം വരുത്തുകയോ ചെയ്തിട്ടുണ്ടെങ്കിൽ, അങ്ങനെയുള്ള നിർമ്മാണമോ പുനർ നിർമ്മാണമോ കേരള മുനിസിപ്പാലിറ്റി നിയമത്തിലോ നിയമത്തിന് കീഴിലുള്ള ചട്ടങ്ങളിലോ പറഞ്ഞിട്ടുള്ള മാനദണ്ഡങ്ങളോ നിർദ്ദേശങ്ങളോ ലംഘിക്കുന്നതല്ലെങ്കിൽ, സെക്രട്ടറിക്ക് സർക്കാർ നിർദ്ദേശിക്കുന്ന പ്രകാരമുള്ള അപേക്ഷാ ഫീസും രാജിയാക്കൽ ഫീസും ഈടാക്കിക്കൊണ്ട് ക്രമവൽക്കരിക്കാവുന്നതാണ്. ടർഫുകളുടെ നിർമ്മാണത്തിനും ഈ ചട്ടങ്ങൾ ബാധകമാണ്. 2019 ലെ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ സംശയ നിവാരണത്തിനായി നഗരഗ്രാമാസൂത്രണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ പുറത്തിറക്കിയ കൈപുസ്തകത്തിലും (ഖണ്ഡിക 1.37) ടർഫുകളുടെ നിർമ്മാണത്തിന് നഗരസഭയുടെ നിർമ്മാണാനുമതി/പെർമിറ്റ് ബാധകമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

നഗരസഭയുടെ 41,29 വാർഡുകളിൽ വാർഡുകളിൽ 2023-24 മുതൽ കെട്ടിട നിർമ്മാണ അനുമതിയില്ലാതെ നിർമ്മാണം നടത്തി പ്രവർത്തിക്കുന്ന 3 സ്പോർട്ട്സ് ടർഫുകൾ ഓഡിറ്റ് ടീം 03.02.2026 ൽ നടത്തിയ സ്ഥല പരിശോധനയിൽ കണ്ടെത്തുകയും നഗരസഭയിലെ എഞ്ചിനിയറിംഗ് വിഭാഗം പ്രസ്തുത ടർഫുകളുടെ തറവിസ്തീർണം അളന്ന് അളന്ന് തിട്ടപ്പെടുത്തുകയുമുണ്ടായി. 29-ാം വാർഡിൽ "GALACTICO SPORTS HUB" എന്ന സ്ഥാപനത്തിൽ 1645 ച.മി, 264 ച.മി വിസ്തീർണ്ണമുള്ള 2 ടർഫുകളും, 41-ാം വാർഡിൽ "KICK OFF" എന്ന ടർഫും (660 ച.മീ തറവിസ്തീർണം ഉള്ളതായി എഞ്ചിനിയറിംഗ് വിഭാഗം 05.02.26 ന റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്) പ്രവർത്തിക്കുന്നുണ്ട്.

2023-24 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക നം: 1-24 ൽ ഇത് സംബന്ധിച്ച് പരാമർശിക്കപ്പെട്ടിരുന്നെങ്കിലും നാളിതുവരെ ഈ അനധികൃത നിർമ്മാണങ്ങൾക്ക് എതിരെ നടപടി എടുക്കാത്തത് സെക്രട്ടറിയുടെ ഭാഗത്ത് നിന്നുള്ള അനാസ്ഥയും കൃത്യവിലോപവും ആണ് സൂചിപ്പിക്കുന്നത്, ഇത് മൂലം നഗരസഭയ്ക്ക് പെർമിറ്റ് ഫീസിനത്തിലും അപേക്ഷാ ഫീസിനത്തിലും കൂടി 5,04,460/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. അനുമതിയില്ലാതെ നിർമ്മിച്ചിട്ടുള്ള ടർഫുകൾ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമായി ക്രമവൽക്കരിക്കാൻ കഴിയുമോ എന്ന് പരിശോധിക്കുന്നതിലും,അല്ലാത്തപക്ഷം നിയമം അനുശാസിക്കുന്ന തുടർ നടപടികൾ കൈക്കൊള്ളുന്നതിലും നഗരസഭയുടെ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ചു. നിർമ്മാണ അനുമതിയില്ലാതെ യഥേഷ്ടം നിർമ്മാണം നടത്തി കെട്ടിടനികുതി നിശ്ചയിക്കാതെ/കെട്ടിട നമ്പർ കൂടാതെ വർഷങ്ങളായി ഒന്നിലധികം ടർഫുകൾ പരസ്യമായി പ്രവർത്തിച്ചുവരുന്നു എന്നത് ഇത് സംബന്ധമായ മുനിസിപ്പൽ സംവിധാനങ്ങൾ എത്രമാത്രം കുത്തഴിഞ്ഞ അവസ്ഥയിലാണ് പ്രവർത്തിക്കുന്നത് എന്നത് വ്യക്തമാക്കുന്നു.

കേരള മുനിസിപ്പാലിറ്റി നിയമത്തിനോ നിയമത്തിന് കീഴിലുള്ള ചട്ടങ്ങളിലോ പറഞ്ഞിട്ടുള്ള മാനദണ്ഡങ്ങളോ നിർദ്ദേശങ്ങളോ ലംഘിക്കുന്നതല്ലെങ്കിൽ നഗരസഭയുടെ അനുമതി ഇല്ലാതെ നിർമ്മാണം നടത്തിയ ടി ടർഫുകൾക്ക് നോട്ടീസ് നൽകി 30.07.2024 ലെ സ.ഉ(കൈ) നം.97/2024/ത.സ്വ.ഭ.വ ഉത്തരവിലെ നിരക്കിന് അനുസൃതമായി 2019 ലെ കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 94 പ്രകാരം അപേക്ഷാ

ഫീസും, ചട്ടം 95(4) പ്രകാരം, പെർമിറ്റ് ഫീസും, പെർമിറ്റ് ഫീസിന് ഇരട്ടിയുള്ള തുക കോമ്പൌണ്ടിംഗ് ഫീസും ഈടാക്കി കെട്ടിടം ക്രമവൽക്കരിക്കാമായിരുന്നു. സമയബന്ധിതമായി നിയമാനുസൃത നടപടികൾ സ്വീകരിക്കാത്തത് മൂലം കെട്ടിട നിർമ്മാണ പെർമിറ്റ് കൂടാതെ നിർമ്മാണം നടത്തി പ്രവർത്തിക്കുന്ന താഴെ സൂചിപ്പിക്കുന്ന 3 ടർഫുകളിൽ നിന്നും ക്രമ പ്രകാരം അപേക്ഷാ ഫീസും കോമ്പൌണ്ടിംഗ് ഫീസും ഇനത്തിൽ ആകെ 5,04,460/ രൂപയുടെ വരുമാന നഷ്ടം മുനിസിപ്പാലിറ്റി എഞ്ചിനിയറിംഗ് വിഭാഗം ടർഫുകളുടെ തറവിസ്തീർണം അളന്ന് റിപ്പോർട്ട് ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് കണക്കാക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഈടാക്കേണ്ട അപേക്ഷ ഫീസും കോമ്പൌണ്ടിംഗ് ഫീസും | | | |
|---|---|---|---|
| ടർഫിന്റെ പേര് | Galactico Sports Turf | | Kick Off Sports Turf |
| | Turf-1 | Turf-2 | |
| ടർഫുകളുടെ തറ വിസ്തീർണ്ണം | 1645 $M^2$ | 264 $M^2$ | 660 $M^2$ |
| അപേക്ഷാ ഫീസ് | 3000 | 500 | 3000 |
| പെർമിറ്റ് ഫീസ് | 1645x100 = 1,64,500/- | 264x70= 18,480/- | 660x100= 66,000/- |
| കോമ്പൌണ്ടിംഗ് ഫീസ് (പെർമിറ്റ് ഫീസ് X 2) | 3,29,000/- | 36,960/- | 1,32,000/- |

ആകെ അപേക്ഷ ഫീസ് = 6,500/-

ആകെ കോമ്പൌണ്ടിംഗ് ഫീസ് =

329000+36,960+1,32,000 = 4,97,960 /-

ആകെ ഈടാക്കേണ്ട ഫീസ് = 4,97,960 + 6,500 = 5,04,460/-

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (39/04.02.26) മറുപടി ലഭ്യമാക്കിയിട്ടില്ല.

നഗരസഭ കെട്ടിട നിർമ്മാണ പെർമിറ്റ് ഇല്ലാതെ നിർമ്മിച്ച ടർഫുകളുടെ ഉടമസ്ഥർക്ക് നോട്ടീസ് നൽകി ക്രമവൽകരണത്തിനുള്ള സാധ്യത പരിശോധിക്കേണ്ടതും, സാധ്യമാകുന്ന പക്ഷം നിയമാനുസൃത അപേക്ഷ ഫീസും പെർമിറ്റ് കോമ്പൌണ്ടിംഗ് ഫീസും ഈടാക്കി ക്രമവത്കരണം നടത്തിയും, അല്ലാത്ത പക്ഷം നിയമപ്രകാരമുള്ള തുടർ നടപടി സ്വീകരിച്ചും വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. മുനിസിപ്പൽ അതിർത്തിക്കുള്ളിൽ മേൽ പരാമർശിക്കപ്പെട്ടവ പോലെയുള്ള നിർമ്മിതികൾ അനധികൃതമായി പ്രവർത്തിക്കുന്നുണ്ടോ എന്നും അന്വേഷിക്കേണ്ടതാണ്. പരാമർശ വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-15 അനധികൃതനിർമ്മാണങ്ങളിൽ തുടർ നടപടികളില്ല

നഗരസഭയിലെ അനധികൃത നിർമ്മാണങ്ങളുടെ വിവരവും സ്യൂട്ട് രജിസ്റ്ററും പരിശോധിച്ചതിൽ നഗരസഭയിൽ അനവധി അനധികൃത നിർമ്മാണങ്ങൾ ഉണ്ട്. നഗരസഭയുടെ ഭാഗത്തുനിന്നും അനധികൃതനിർമ്മാണങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുമ്പോൾ കെട്ടിട നിർമ്മാതാക്കൾ ഇതിനെതിരെ സ്റ്റേ വാങ്ങിക്കുന്നു. കോടതിയിൽനിന്നും ഇടക്കാല സ്റ്റേ എന്ന രീതിയിലാണ് ലഭിക്കുന്നത്. ആയതിനാൽ തന്നെ ഇത് കുറച്ച് കാലത്തേക്ക് മാത്രമുള്ളതാണെങ്കിലും ഇതിന്മേൽ പിന്നീട് തുടർനടപടികളൊന്നും നഗരസഭ സ്വീകരിക്കാത്തതിനാൽ പ്രസ്തുത കെട്ടിടങ്ങൾ നിലനിൽക്കുന്നു എന്നുമാത്രമല്ല ഇതിൽ നിന്നും നികുതിയിനത്തിൽ നഗരസഭയ്ക്ക് വരുമാനവും ലഭിക്കുന്നില്ല. ഇടക്കാല സ്റ്റേ വാങ്ങിയിട്ടുള്ള ഏതാനും അനധികൃത നിർമ്മാണങ്ങളുടെ വിവരം താഴെകൊടുക്കുന്നു.

| പേര് | അപ്പീൽ നം/ ട്രൈബ്യൂണൽ വിധി |
|---|---|
| ഫൈസൽ | APL-No-273/23 |

| | |
|---|---|
| | IA-No-740/23<br>BA-TP1-8646/19 |
| ഷാജി ഡാനിയൽ | APL-No-273/23<br>TP1/8637/23 |
| ഡോ.ജ്യോഷാ മാർ .ഇഗ്നേഷ്യസ് അമലഗിരി കാത്തലിക് ബിഷപ്പ് ഹൌസ് | APL-No-588/24<br>IA-No-01/2024dt 27.11.24 |
| അനിക കൺസ്ട്രക്ഷൻ | APL-No-587/24<br>IA-No-01/2024dt 27.11.24 |

പൊതു ജനങ്ങളിൽ നിന്നും പരാതി ലഭിക്കുന്ന അനധികൃത നിർമ്മാണങ്ങളിൽ മാത്രമായി നഗരസഭാ നടപടികൾ ചുരുങ്ങുന്നു. മാത്രമല്ല സ്റ്റോപ്പ് മെമ്മോ നൽകിയ മിക്ക അനധികൃത നിർമ്മാണങ്ങളും ഇന്ററിം സ്റ്റേ ഓർഡറുകളുടെ അടിസ്ഥാനത്തിൽ നിയമ പരിരക്ഷ ലഭിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും നിയമപരമായി സ്റ്റേ വെക്കേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല. അനധികൃതനിർമ്മാണങ്ങൾക്ക് ലഭിച്ചിരിക്കുന്ന ഇടക്കാല സ്റ്റേ സംബന്ധമായ നിയമവശങ്ങൾ പരിശോധിച്ച് സാധിക്കുന്ന കേസുകളിലെല്ലാം സ്റ്റേ ഒഴിവാക്കുന്നതിനും ശേഷം ഉചിതമായ തുടർനടപടികൾ സ്വീകരിക്കുന്നതിനും വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

**1-16 ലൈസൻസ് ഫീസ് കുറഞ്ഞനിരക്കിൽ ഈടാക്കുന്നു**

കെ-സ്മാർട്ടിൽ ലഭ്യമായ രേഖകൾ പ്രകാരം നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും വളരെ കുറഞ്ഞ നിരക്കിൽ ലൈസൻസ് ഫീ ഈടാക്കുന്നതായി കാണുന്നു. സേവനമേഖലയിൽ 10 ലക്ഷം മുതൽ

25 ലക്ഷം വരെ മൂലധനനിക്ഷേപമുള്ള സ്ഥാപനങ്ങളിൽ നിന്നും പരമാവധി 1000/- രൂപയും , 25 ലക്ഷം മുതൽ 2 കോടി വരെ മൂലധനനിക്ഷേപമുള്ള സ്ഥാപനങ്ങളിൽ നിന്നും പരമാവധി 5000/രൂപയും 2കോടി മുതൽ 5 കോടിവരെയുള്ളവയ്ക്ക് 10000/-രൂപയും പരമാവധി ഈടാക്കാവുന്നതാണ്. മൂലധനനിക്ഷേപം സംബന്ധിച്ച ഓരോ സ്ലാബിന്റെയും പരിധി കഴിഞ്ഞാൽ ഇരട്ടി തുക ലൈസൻസ് ഫീസായി ഒടുക്കേണ്ടി വരുമെന്നതിനാൽ സ്ലാബിന്റെ പരമാവധി തുക മൂലധനനിക്ഷേപമായി കാണിച്ച് സ്ഥാപനഉടമകൾ സത്യവാങ്മൂലം നൽകുന്നതിനാൽ അതനുസരിച്ചുള്ള ലൈസൻസ് ഫീ ഈടാക്കുന്ന രീതിയാണ് നഗരസഭയിൽ കാണുന്നത്. അപേക്ഷയിൽ ശരിയായ മൂലധനനിക്ഷേപം രേഖപ്പെടുത്താത്തതുമൂലം വൻ തുക ലൈസൻസ് ഫീയിനത്തിൽ നഷ്ടമാകുന്നു. പ്രമുഖ ജ്വല്ലറികൾ ഉൾപ്പെടെ ഭൂരിഭാഗം ജ്വവലറികളിൽ നിന്നും വളരെക്കുറഞ്ഞ നിരക്കിലാണ് ലൈസൻസ് ഫീ ഈടാക്കിവരുന്നത്. കായംകുളം നഗര ഹൃദയത്തിലുള്ള ഭൂമിവില, കെട്ടിടത്തിന്റെ വില/പ്രതിവർഷവാടക എന്നിവയൊന്നും പരിഗണിക്കാതെതന്നെ ജ്വവലറിപോലെയുള്ള സ്ഥാപനങ്ങൾക്ക് കോടികളുടെ മൂലധന നിക്ഷേപമാണ് വേണ്ടതെന്നിരിക്കെ മിക്ക സ്ഥാപനങ്ങളും ഇവയൊന്നും പരിഗണിക്കാതെയുള്ള മൂലധനനിക്ഷേപമാണ് കാണിച്ചിട്ടുള്ളത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | സ്ഥാപനം | മൂലധന നിക്ഷേപം | ഈടാക്കിയ വാർഷിക ലൈസൻസ് ഫീ |
|---|---|---|---|---|
| 1 | 36/1700,1701,1702 | ഭീമ ഗോൾഡ് &ഡയമണ്ട് സ് | 4,10,00,000 | 10,000/- |
| 2 | 36/597 | സ്വപ്ന ജ്വല്ലറി | 25,00,000 | 1,000/- |
| 3 | 9/508 | AHM ജ്വല്ലറി | 15,00,000 | 1,000/- |

| | | | | |
|---|---|---|---|---|
| 4 | 9/869,885,886 | ഫ്രണ്ട്സ് ഗോൾഡ് വർക്ക് | 25,00,000 | 1,000/- |
| 5 | 36/334 | മംഗല്യ ജ്വല്ലേഴ്സ് | 25,00,000 | 1,000/- |
| 6 | 36/701 | നൂറാട്ട് ജ്വല്ലേഴ്സ് | 11,00,000 | 1,000/- |
| 7 | 37/431 | ഹാൻസ് ഫർണ്ണിച്ചർ | 25,00,000 | 1,000/- |
| 8 | 36/683 | വന്ദനം ഗ്യാസ് ഏജൻസി | 11,00,000 | 1,000/- |
| 9 | 35/638 | ജെ.കെ.സർവ്വീസ് ഹബ്,കംപ്യൂട്ടർ വിൽപന | 25,00,000 | 1,000/- |

മൂലധനനിക്ഷേപം സംബന്ധിച്ച സത്യ പ്രസ്താവനകളിൽ മേൽ പരിശോധന നടത്തിയാണോ ലൈസൻസ് ഫീസീടാക്കുന്നത് എന്നതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി( 71/13.02.2025) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മൂലധന നിക്ഷേപം സംബന്ധിച്ച് സ്ഥാപനങ്ങൾ നൽകുന്ന സത്യപ്രസ്താവന മാത്രം കണക്കിലെടുത്ത് ലൈസൻസ് ഫീസീടാക്കുന്നതിനാൽ നാമമാത്രവരുമാനമുള്ളവരും കോടികളുടെ വരുമാനമുള്ളവരും ഒരേ തുക ലൈസൻസ് ഫീസിനത്തിൽ ഒടുക്കുന്ന സാഹചര്യമാണുള്ളത്. മൂലധന നിക്ഷേപം സംബന്ധിച്ച് സ്ഥാപനങ്ങളിൽ നിന്നുള്ള വിശദമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസാടാക്കുന്നത് നഗരസഭയ്ക്ക് വരുമാനവർദ്ധനവിന് സഹായകരമാകുന്നതാണ്.

**1-17 ലേലം/വാടക കുടിശിക ക്രമാതീതമായി വർദ്ധിക്കുന്നു.**

നഗരസഭയുടെ ലേല/വാടക രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്നവരിൽ നിന്നും ലേല/വാടക കുടിശിക ഈടാക്കാനുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപന ഉടമയുടെ പേര് | 2024-25 വർഷം നിശ്ചയിച്ച പ്രതിമാസ വാടക | 2024-25 ലെ വാടക കുടിശിക |
|---|---|---|---|
| | ബങ്കുകൾ | | |
| 1. | ബി. ശങ്കരക്കുറുപ്പ്, ചേരാവള്ളി | 855/- +18%GST | 855x12= 10260/- +18%GST |
| 2. | ഓ. അസീസ്, ചാലിൽ | 1245/- +18%GST | 1245 X 12= 14940/- +18%GST |
| | തറ വാടക | | |
| 1. | രഘുനാഥൻ, ഓടയ്ക്കൽ | 3290/- +18%GST | 3290x12= 39480/-+18%GST |
| | കല്ലുംമൂട് മാർക്കറ്റ് | | |
| 2. | സുരേഷ്, ചേരാവള്ളി | 2645/- +18%GST | 2645x 11 = 29095/-+18%GST |
| 3. | കെ. ജി. വിശ്വനാഥൻ കോട്ടേത്തറയിൽ | 2135/- +18%GST | 2135x 12= 25620/- +18%GST |
| 4. | നിധിമോൾ. ചേരാവള്ളി, | 672/- +18%GST | 672x 12=8064/- +18%GST |

| | | | |
|---|---|---|---|
| 5. | സുരേഷ്, വിരശ്ശേരിത്തറയിൽ | 895/-<br>+18%GST | 895x 11= 9845/-<br>+18%GST |
| | പൌണ്ട് കോമ്പൌണ്ടിലെ കടമുറികൾ | | |
| 1. | ബിജു, ഐശ്വര്യ | 1632/-<br>+18%GST | 1632x08 =13056/-<br>+18%GST |
| | കശാപ്പ് ശാലാ സ്റ്റാൾ | | |
| 1. | കുഞ്ഞുമോൾ, കൊച്ചുകൈതോലിൽ | 4270/-<br>+18%GST | 4270x 12=51240/-<br>+18%GST |
| 2. | കൊച്ചുമോൻ.ജെ.പുത്തൻകണ്ടത്തിൽ | 2890/-<br>+18%GST | 2890x 5=14450/-<br>+18%GST |
| 3. | അഷറഫ്, കൈതോലിൽ | 2550/-<br>+18%GST | 2550x 12=30600/-<br>+18%GST |
| 4. | ഇബ്രാഹിം കുട്ടി, കോട്ടേപ്പറമ്പിൽ | 2550/-<br>+18%GST | 2550x 12=30600/-<br>+18%GST |
| 5. | ആരിഫ, മണ്ണാശ്ശേരിൽ | 3005/-<br>+18%GST | 3005x 3=9015/-<br>+18%GST |
| | മത്സ്യ മാർക്കറ്റ് | | |
| 1. | ബഷീർകുട്ടി, കൊച്ചുകൈതോലിൽ | 1690/-<br>+18%GST | 1690x 9=15210/-<br>+18%GST |

| | | | |
|---|---|---|---|
| 2. | റെജിമോൾ, മലമ്മേൽ ഭാഗം. | 2625/-<br>+18%GST | 2625x 12=30500/-<br>+18%GST |
| | പുതിയ സസ്യമാർക്കറ്റ് | | |
| 1. | അബ്ദുൾ ലത്തീഫ് സുലൈമാൻ കുഞ്ഞ് (9/778) | 6140/-<br>+18%GST | 6140x 12=73680/-<br>+18%GST |
| 2. | ആദിൽഷാ (9/781) | 5095-<br>+18%GST | 5095x 12= 61140/-<br>+18%GST |
| 3. | അബ്ദുൽ അസീസ്<br>തങ്ങൾ പറമ്പിൽ (9/795) | 5095/-<br>+18%GST | 5095x 12=61140/-<br>+18%GST |
| 4. | സഫിയത്ത് ഷംസുദ്ദീൻ (9/791) | 5095/-<br>+18%GST | 5095x 6=<br>30570/- +18%GST |
| 5. | റഹ്മത്ത് കുറവൻ പറമ്പിൽ (9/794) | 5095/-<br>+18%GST | 5095x 12=61140/-<br>+18%GST |
| 6. | മുഹമ്മദ് സാലി (9/796) | 5095/-<br>+18%GST | 5095x9 =<br>45855/-+18%GST |
| 7. | ബഷീർ, തയ്യിൽ പുത്തൻ വീട്(9/798) | 5095/-<br>+18%GST | 5095x 12=61140/-<br>+18%GST |
| 8. | മുജീബ് റഹ്മാൻ (9/799) | 5095/-<br>+18%GST | 5095x 12=61140/-<br>+18%GST |
| | പുതിയ സസ്യമാർക്കറ്റ് ഒന്നാം നില | | |

| | | | |
|---|---|---|---|
| 1 | സൈനബാ കുഞ്ഞ് | 5095/- +18%GST | 5095x 8 = 40760/- +18%GST |

0

പുതിയ സസ്യമാർക്കറ്റിലെ 9/772,9/793,9/790, 9/797, 9/801, 9/802, 9/803, 9/804, 805, 806, 807, 809, 810, 811, 812, 813,814, 815, 816, 817, 818, 819, 820, 821, 822, 823, 824, 825, 826, 827, 828, 829, 830 എന്നീ കടമുറികൾ വാടകയ്ക്ക് നൽകിയില്ല.

വാടക കുടിശിക തന്നെ മേൽസൂചിപ്പിച്ച പ്രകാരം 8,28,540/-രൂപ (ജി.എസ്.ടി ഒഴികെ ) ഈടാക്കുവാനുണ്ട്. കൂടാതെയാണ് സസ്യമാർക്കറ്റിലെ 33-ഓളം കടമുറികൾ ലേലം നടക്കാതെ തൻവർഷം ഒഴിഞ്ഞുകിടന്നതും. കെ.യു.ആർ.ഡി.എഫ്.സിയിൽ നിന്നും 6 കോടി 40 ലക്ഷം രൂപയോളം കടമെടുത്ത് നഗരസഭ നിർമ്മിച്ച സസ്യമാർക്കറ്റ് കെട്ടിടത്തിലെ കടമുറികൾ തുടക്കത്തിൽ വാടകകരാറുകാരുമായുള്ള കോടതി വ്യവഹാരത്തെ തുടർന്ന് 4 വർഷത്തോളം വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞു കിടന്നതും നഗരസഭയ്ക്ക് നഷ്ടമുണ്ടാക്കിയിട്ടുണ്ട് . വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 22/29-01-26 ന് താഴെ ചേർക്കും പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കുടിശിക ഉള്ളവരിൽ നിന്നും വാടക കുടിശിക ഈടാക്കുന്നതാണെന്നും, കുടിശിക അടയ്ക്കാത്തവരുടെ മുറി ഒഴിപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ പുതിയ സസ്യമാർക്കറ്റ് ഒന്നാം നിലയിലെ കടമുറികൾ ലേലത്തിൽ ആരും തന്നെ പങ്കെടുക്കാത്തതിനാൽ ഓഫർ വെച്ചിട്ടും തീരെ കുറഞ്ഞ തുക ക്വാട്ട് ചെയ്തതിനാൽ വാടകയ്ക്ക് നൽകുവാൻ കഴിഞ്ഞില്ലെന്നും അറിയിച്ചിട്ടുണ്ട്. ഭീമമായ തുക ചെലവഴിച്ച് നിർമ്മിച്ച സസ്യമാർക്കറ്റ് കെട്ടിടത്തിലെ കടമുറികൾ ഒഴിഞ്ഞു കിടക്കുന്നതിനാൽ വരുമാനം ലഭിക്കാതെ ലോൺതുകയ്ക്ക് പലിശ അടക്കേണ്ട സാഹചര്യം ഉണ്ടാകുന്നുണ്ട്. ഇത് ഒഴിവാക്കുന്നതിനായി വാടക കുടിശ്ശിക പിരിച്ചെടുക്കുവാനും, ഒഴിഞ്ഞ് കിടക്കുന്ന കടമുറികൾ വാടകയ്ക്ക് നൽകുവാനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.





**1-18 ബാങ്ക് അക്കൗണ്ടുകളിൽ നിന്നും ഉയർന്ന പലിശ ലഭിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കപ്പെടുന്നില്ല**

കായംകുളം നഗരസഭയുടെ വാർഷിക കണക്കുകൾ പ്രകാരം ഇടപാടുകൾ നടത്തിവരുന്ന മുപ്പതിലധികം ബാങ്ക് അക്കൌണ്ടുകളും മൂന്ന് ട്രഷറി അക്കൌണ്ടുകളുമാണുള്ളത്. ഇതിൽ ഏതാനും ബാങ്ക് അക്കൌണ്ടുകൾ കറന്റ് അക്കൌണ്ടുകളും ബാക്കിയുള്ളവ സേവിംഗ്സ് ബാങ്ക് അക്കൌണ്ടുകളുമാണ്. ബാങ്ക് അക്കൌണ്ട് വിവരങ്ങൾ പരിശോധിച്ചതിൽ ഇതിൽത്തന്നെ 6 ബാങ്ക് അക്കൌണ്ടുകളിൽ ഒരു കോടി രൂപക്ക് മുകളിൽ വർഷാന്ത്യ നീക്കിയിരുപ്പുണ്ട്. മറ്റ് 10 ബാങ്ക് അക്കൌണ്ടുകളിൽ 10 ലക്ഷത്തിനും ഒരു കോടിക്കും ഇടയിൽ നീക്കിയിരുപ്പുണ്ട്. ഇവ സേവിംഗ്സ് ബാങ്ക് അക്കൌണ്ടുകളുമാണ്. ഈ തുകയ്ക്ക് നിലവിൽ പരമാവധി 2.50 % നിരക്കിലുള്ള സേവിംഗ്സ് അക്കൗണ്ട് പലിശ മാത്രമാണ് ലഭിക്കുന്നത്. ആധുനിക ബാങ്കിംഗ് സംവിധാനങ്ങൾ നൽകുന്ന സൌകര്യങ്ങൾ വേണ്ടവിധം പ്രയോജനപ്പെടുത്തിയാൽ നിലവിലെ നിക്ഷേപങ്ങളിൽ നിന്നും ലഭിക്കുന്ന പലിശവരുമാനം പലമടങ്ങ് വർദ്ധിപ്പിക്കാൻ സാധിക്കും .

**മൾട്ടി ഓപ്ഷൻ ഡെപ്പോസിറ്റ് /ഓട്ടോ സ്വീപ്പ് സംവിധാനം**

നിലവിൽ ബാങ്ക് അക്കൌണ്ടുകളിൽ മൾട്ടി ഓപ്ഷൻ ഡെപ്പോസിറ്റ് /ഓട്ടോ സ്വീപ്പ് സൌകര്യങ്ങൾ നിലവിലുണ്ട്. ഇത് പ്രകാരം സേവിംഗ്സ് ബാങ്ക് അക്കൌണ്ടിൽ നിലനിൽക്കുന്ന ഒരു നിശ്ചിത ബാലൻസിന് മുകളിലുള്ള തുക ഉയർന്ന പലിശയുള്ള വിഭാഗത്തിലേക്ക് ഓട്ടോമാറ്റിക്കായി മാറ്റുന്നതരം ഫ്ലെക്സിഇനം(ഓട്ടോസ്വീപ് ) അക്കൗണ്ടാക്കി മാറ്റുന്നത് പരിഗണിക്കാവുന്നതാണ്. ഇവക്ക് സ്ഥിരനിക്ഷേപങ്ങൾക്ക് സമാനമായ നിരക്കിൽ പലിശ ലഭിക്കുന്നതാണ്. സ്ഥിരനിക്ഷേപങ്ങളിൽ നിന്നും വ്യത്യസ്തമായി നിശ്ചിത കാലാവധിയില്ലാത്തതിനാൽ ആവശ്യമുള്ള പക്ഷം തുക പൂർണ്ണമായി പിൻവലിക്കാനും സാധിക്കുന്നതാണ്. നഗരസഭയുടെ ഭൂരിഭാഗം അക്കൌണ്ടുകളും നിലവിലെ തുക പിൻവലിക്കാതെ തന്നെ ഈ സംവിധാനം വഴി ഉയർന്നപലിശവരുമാനം ലഭിക്കുന്നവിധം ആക്കാവുന്നതാണ്. വൻതുകകൾ നീക്കിയിരുപ്പും കുറഞ്ഞ ഇടപാടുകളുമുള്ള ബാങ്ക് അക്കൌണ്ടുകളിൽ ഇവ അനുയോജ്യമാണ്.

**High Yield സേവിംഗ്സ് ബാങ്ക് അക്കൌണ്ടുകൾ**

നിലവിലുള്ള ബാങ്ക് സേവിംഗ്സുകൾക്കും പല ബാങ്കുകളും High Yield സേവിംഗ്സ് അക്കൌണ്ടുകൾ ഓഫർ ചെയ്യുന്നുണ്ട്. നിലവിലെ നിക്ഷേപ തുകയെ പല ടയറുകളായി ( Tier) തിരിച്ച് ഓരോ പരിധിക്കും മുകളിൽ ഉയർന്ന നിരക്കിൽ പലിശ വാഗ്ദാനം ചെയ്യുന്നവയാണ് ഇത്തരം അക്കൌണ്ടുകൾ. ഇത്തരം അക്കൌണ്ടുകളിൽ നീക്കിയിരുപ്പ് തുക കൂടുന്നതനുസരിച്ച് പലിശ നിരക്കും ഉയരുന്ന സാഹചര്യമുണ്ട്.

**സേവിംഗ്സ് ബാങ്ക് അക്കൌണ്ടുകളായി മാറ്റൽ**

നഗരസഭയിൽ കറൻറ് അക്കൌണ്ടായി പ്രവർത്തിച്ചുവരുന്ന ബാങ്ക് അക്കൌണ്ടുകളെ സേവിംഗ്സ് ബാങ്ക് അക്കൌണ്ടുകളായി മാറ്റാനുള്ള സാധ്യതകൾ പരിഗണിക്കാവുന്നതാണ്. ഇതുവഴി പലിശ ഇനത്തിൽ കൂടുതൽ വരുമാനം ലഭിക്കുന്നതിനുള്ള സാധ്യതയുണ്ട്.

**സ്ഥിരനിക്ഷേപങ്ങൾ**

നഗരസഭക്ക് നിലവിൽ സ്ഥിരനിക്ഷേപങ്ങളില്ല. തനത് വരുമാനത്തിന്റെ ഒരു ഭാഗം അല്ലെങ്കിൽ വർഷങ്ങളായി ഉയർന്ന ശരാശരി ബാലൻസ് നിലനിൽക്കുന്ന ബാങ്ക് അക്കൌണ്ടുകളിലെ തുകകൾ സ്ഥിരനിക്ഷേപങ്ങളായി മാറ്റുന്നത് വഴി നിലവിലുള്ള വരുമാനം പലമടങ്ങായി വർദ്ധിപ്പിക്കാവുന്നതാണ്.

ഈ സാധ്യതകൾ പരിഗണിക്കുന്നത് വഴി ഈ അക്കൗണ്ടിൽ നിന്നും പലിശ ഇനത്തിൽ നിലവിൽ ലഭിക്കുന്ന വരവ് പലമടങ്ങ് വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യമാണുള്ളത്. നഗരസഭയുടെ നികുതിയേതര വരുമാനം ഗണ്യമായി വർദ്ധിപ്പിക്കുന്നതിനുള്ള ഈ സാധ്യതകൾ പരിശോധിക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.61/10.02.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. നഗരസഭയുടെ നികുതിയേതര വരുമാനസ്രോതസ്സുകൾ പരമാവധി പ്രയോജനപ്പെടുത്തുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

**<u>1-19 സ്കൂളുകളിൽ സി.സി.റ്റി.വി സ്ഥാപിക്കൽ- അനാവശ്യവും സപ്ലൈ ചെയ്യാത്തതുമായ സാധനങ്ങൾക്ക് പണം നൽകി ,വാങ്ങൽ നടപടികളിലും അപാകം - നഗരസഭക്ക് നഷ്ടം ലക്ഷങ്ങൾ</u>**

പ്രോജക്ടിന്റെ പേര് – ഗവ.സ്കൂളുകളിൽ സി.സി.റ്റി.വി സ്ഥാപിക്കൽ (S0164/25)

അടങ്കൽ തുക – 498470/- (റോഡിതര സംരക്ഷണ ഗ്രാന്റ്)

ചെലവ് തുക – 498470/-

<u>ചെലവ് വിവരം</u>

വൌച്ചർ നം – 1315313/12.2.25 – 76500/- രൂപ

വൌച്ചർ നം – 1315323/12.2.25 – 117530/- രൂപ

വൌച്ചർ നം – 1315318/ 12.02.25 – 23100/- രൂപ

വൌച്ചർ നം – 1315320/ 12.2.25 – 281340/- രൂപ

കായംകുളം ബോയ്സ് എച്ച്.എസ്.എസ് പ്രിൻസിപ്പൽ നിർവ്വഹണം നടത്തിയ 'S0164/25' - ഗവ.സ്കൂളുകളിൽ സി.സി.റ്റി.വി സ്ഥാപിക്കൽ എന്ന പ്രോജക്ടിൽ മേൽപ്പറഞ്ഞ പ്രകാരം തുക ചെലവഴിച്ച് വിവിധ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട് . വാങ്ങിയ ഉപകരണങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ ബിൽ നം/തീയതി | വാങ്ങിയ ഉപകരണങ്ങൾ |
|---|---|
| ACS/12761/23-24;30.01.25 | CP +24 Port Managed POE + Layer 2 Access Switch (5 എണ്ണം) |
| ACS/12765/23-24; 30.01.25 | (UTP Cable 4600 M) |
| ACS/12758/23-24; 30.01.25 | Rack Network 4U (6എണ്ണം) |
| ACS/12760/23-24; 30.01.25 | CP Plus 12 Channel NVR/DVR With Camara Kit (6 എണ്ണം) (22 ക്യാമറകൾ, മൂന്ന് DVR എന്നിവയുടെ നമ്പർ |

| | |
|---|---|
| | ചേർത്തിട്ടുണ്ട്. |

ഗവ.വി.എച്ച്.എസ്.എസ് കൃഷ്ണപുരം, ഗവ. യു.പി.എസ് കൃഷ്ണപുരം, ഗവ. യു.പി.എസ് കായംകുളം, ഗവ. ബോയ്സ് എച്ച്.എസ്.എസ് കായംകുളം എന്നിവിടങ്ങളിൽ യഥാക്രമം 7,6,6,3 എണ്ണം വീതം ആകെ 22 എണ്ണം ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. ജെം (GeM) പോർട്ടൽ വഴിയാണ് സാധനങ്ങൾ വാങ്ങിയത്. ജെം വഴി തെരഞ്ഞെടുത്തതും പർച്ചേസ് ഓർഡർ നൽകിയതും ജി.എസ്.റ്റി ഇൻവോയ്സിൽ രേഖപ്പെടുത്തിയതുമായ സാധനങ്ങളല്ല വിതരണം ചെയ്തതും ഘടിപ്പിച്ചതും. സ്ഥാപനത്തിന്റെ ഇൻവോയിസ് സ്വീകരിച്ച് നിർവ്വഹണോദ്യോഗസ്ഥൻ തുക നൽകിയ സാധനങ്ങളിൽ പകുതിയിലധികവും വിതരണം ചെയ്തില്ല. ഇവയിൽ മിക്കവയും അനാവശ്യമായി പർച്ചേയ്സ് ഓർഡർ നൽകപ്പെട്ടവയും നിലവിൽ സ്ഥാപിച്ച സംവിധാനത്തിൽ ഉപയോഗിക്കാനാവാത്തവയുമാണ്. നിർവ്വഹണോദ്യോഗസ്ഥനായ പ്രിൻസിപ്പാളിന്റെ സ്കൂളിലും സ്ഥാപിച്ച ക്യാമറ സംവിധാനത്തിൽ ഇൻവോയിസിൽ രേഖപ്പെടുത്തിയ സാധനങ്ങളിൽ ഭൂരിഭാഗവും സ്ഥാപിക്കാതിരുന്നിട്ടും യാതൊരുനടപടിയും നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വീകരിച്ചിട്ടില്ല. പ്രോജക്ടിന്റെ നടത്തിപ്പ്, പർച്ചേസ് നടപടികൾ, സാധനങ്ങളുടെ വിതരണം , സി.സി.റ്റി.വിയുടെ സ്ഥാപിക്കൽ എന്നിവയിലെല്ലാം ബഹുമുഖമായ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**<u>ഇൻവോയ്സിലെ സാധനങ്ങൾ പകുതിയും വിതരണം ചെയ്തില്ല, വിതരണം ചെയ്തവയുടെ നിർമ്മാതാക്കളിലും സ്പെസിഫിക്കേഷനിലും ക്വാളിറ്റിയിലും വ്യതിയാനം നഷ്ടം– 2.96ലക്ഷം</u>**

പ്രസ്തുത പ്രോജക്ടിൽ എല്ലാ സാധനങ്ങളും ആൻട്രികോം സിസ്റ്റംസ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്ന് ജെം പോർട്ടൽ വഴി വാങ്ങിയവയാണ്. ഇവയുടെ ഇൻസ്റ്റലേഷനും ഇതേ സ്ഥാപനം തന്നെ നടത്തിയതായാണ് നിർവ്വഹണോദ്യോഗസ്ഥനിൽ നിന്ന് അറിയാൻ കഴിഞ്ഞത് .ഇൻസ്റ്റലേഷൻ സംബന്ധിച്ച

പ്രത്യേക കരാറുകൾ ഒന്നും തന്നെയില്ല. ജെം പോർട്ടൽ വഴി തെരഞ്ഞെടുത്തതും കരാർ വെച്ച് സപ്ലൈ ഓർഡർ നൽകിയതും വിതരണക്കാരുടെ ജി.എസ്.റ്റി ഇൻവോയ്സിൽ രേഖപ്പെടുത്തിയതുമായ സാധനങ്ങളല്ല യഥാർത്ഥത്തിൽ വിതരണം ചെയ്യപ്പെട്ടത്. CP Plus എന്ന നിർമ്മാതാക്കളുടെ 5 MB കപ്പാസിറ്റിയുള്ള ഇന്റർനെറ്റ് പ്രോട്ടോക്കോൾ ക്യാമറ (IP Camera), നെറ്റ്‌വർക്ക് വീഡിയോ റെക്കോർഡർ (NVR), മോണിറ്റർ എന്നിവയടങ്ങുന്ന 6 കിറ്റ്; 4600 മീറ്റർ ഇന്റർനെറ്റ് കേബിൾ (CAT 6); 24-പോർട്ട് പി.ഒ.ഇ അക്സസ് സ്വിച്ച് 5 എണ്ണം; നെറ്റ്‌വർക്ക് റാക്ക് 6 എണ്ണം എന്നിവയാണ് ജെം പോർട്ടൽ വഴി തെരഞ്ഞെടുത്ത് കരാർ വച്ച് സപ്ളെ ഓഡർ നൽകിയത്. ഇതേ സാധനങ്ങൾ തന്നെയാണ് ( N.V.R എന്നതിന് പകരം NVR/DVR എന്ന് മാറ്റിയതൊഴിച്ചാൽ) ജി.എസ്.റ്റി ഇൻവോയ്സിലും രേഖപ്പെടുത്തിയിട്ടുള്ളത്. പ്രോജക്ടിൽ 25 ക്യാമറകൾ സ്ഥാപിക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിരുന്നതെങ്കിലും സ്ഥാപനവുമായുള്ള കരാറിൽ 12 ചാനൽ കിറ്റ് എന്ന് രേഖപ്പെടുത്തിയതല്ലാതെ ക്യാമറകളുടെ കൃത്യമായ എണ്ണം രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ ഇൻവോയ്സിൽ 22 ക്യാമറകൾ, 3 ഡി.വി.ആർ എന്നിവ സപ്ലൈ ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ജെം പോർട്ടലിൽ ലഭ്യമല്ലാത്ത HIKVISION എന്ന നിർമ്മാതാക്കളുടെ 3 ഡിജിറ്റൽ വീഡിയോ റെക്കോർഡർ-8 പോർട്ട്സ് (DVR), HIKVISION ന്റെ 22 അനലോഗ് ക്യാമറകൾ - 2MB, മൂന്ന് ACER 19.5 ഇഞ്ച് മോണിറ്ററുകൾ എന്നിവ ഉൾക്കൊള്ളുന്ന മൂന്ന് കിറ്റുകൾ; പരമാവധി 1800 മീ. Coaxial കേബിൾ; 3 ഇന്റർനെറ്റ് റാക്കുകൾ എന്നിവ മാത്രമാണ് നിലവിൽ സ്ഥാപനങ്ങളിൽ ഉള്ളത്. ഇതിൽ കായംകുളം ടൌൺ യു.പി.സ്കൂളിലെ മോണിറ്റർ ഒഴികെയുള്ളവ ഘടിപ്പിച്ചിട്ടുണ്ട്. നിർവ്വഹണോദ്യോഗസ്ഥൻ തന്നെ പ്രിൻസിപ്പലായ കായംകുളം ഗവ.എച്ച്.എസ്.എസിൽ മൂന്ന് ക്യാമറകൾ മാത്രമാണ് നിലവിലെ പ്രോജക്ടിൽ ഘടിപ്പിച്ചത്. ഇവ മുൻപ് തന്നെ സ്കൂളിലുണ്ടായിരുന്ന രണ്ട് സി.സി.റ്റിവി സിസ്റ്റങ്ങളിൽ ഒന്നിന്റെ (HIKVISION ന്റെ) 16–പോർട്ട് DVR, മോണിറ്റർ എന്നിവയുമായി ഘടിപ്പിച്ച് നിലവിലുണ്ടായിരുന്ന ഇന്റർനെറ്റ് റാക്കിൽ സൂക്ഷിക്കുകയാണ് ഉണ്ടായത്. ഇവിടെ D.V.R അടങ്ങുന്ന കിറ്റ്, റാക്ക് എന്നിവ പുതിയതായി സ്ഥാപിച്ചിട്ടില്ല. ഇതൊഴികെ മറ്റ് മൂന്ന് സ്കൂളുകളിൽ DVR അടങ്ങുന്ന കിറ്റ്, റാക്ക് എന്നിവ വിതരണം ചെയ്തിട്ടുണ്ട്. സ്ഥാപിക്കപ്പെട്ട ക്യാമറകളുടെ എണ്ണം മുൻപ് തന്നെ ചേർത്തിട്ടുണ്ട്. NVR, ഇന്റർനെറ്റ്കേബിൾ എന്നിവ ഉപയോഗിച്ചിട്ടില്ലാത്തതിനാൽ POE അക്സസ് സ്വിച്ച് ആവശ്യമില്ലാത്തതും ആകയാൽ തന്നെ ഇൻവോയ്സിൽ

രേഖപ്പെടുത്തിയ അഞ്ച് 24 പോർട്ട് പി.ഒ.ഇ അക്സസ് സ്വിച്ചുകളിൽ ഒന്നുപോലും ഘടിപ്പിച്ചിട്ടില്ലാത്തതുമാണ്. ഇക്കാര്യങ്ങൾ പ്രസ്തുത സ്കൂളുകളിലെ പ്രധാനാദ്ധ്യാപകർ, സാങ്കേതിക വിദഗ്ധനെന്ന നിലയിൽ കായംകുളം ഗവ. പോളിടെക്നിക്കിലെ ഇലക്ട്രോണിക്സ് വിഭാഗം ലക്ചറർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നേരിട്ട് പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്.

പ്രസ്തുത പ്രോജക്ടിൽ ജെം വഴി ഓർഡർ നൽകിയതും (കരാറിലേർപ്പെട്ടത്) ഇൻവോയ്സിൽ രേഖപ്പെടുത്തിയതും നിലവിൽ സ്കൂളുകളിൽ സ്ഥാപിക്കപ്പെട്ടതുമായ സാധന സാമിഗ്രികളുടെ വിവരം ചുവടെ ചേർക്കുന്നു. ഇൻവോയിസ് പ്രകാരമുള്ള മുഴുവൻ തുകയും നിർവ്വഹണോദ്യോഗസ്ഥൻ വിതരണക്കാർക്ക് നൽകിയിട്ടുണ്ട്.

<u>പട്ടിക 1</u>

| ഉപകരണം | ജെം-ൽ പർച്ചേസ് ഓർഡർ നൽകിയ ഇനം, എണ്ണം | ജി.എസ്.ടി ഇൻവോയ്സിൽ രേഖപ്പെടുത്തിയ ഇനം, എണ്ണം | ഘടിപ്പിച്ചിരിക്കുന്ന സാധനങ്ങൾ |
|---|---|---|---|
| POE അക്സസ് സ്വിച്ച് | CP +24 Port Managed POE + Layer 2 Access Switch (5 എണ്ണം) | CP +24 Port Managed POE + Layer 2 Access Switch (5 എണ്ണം) | ഒന്ന് പോലും ഘടിപ്പിച്ചിട്ടില്ല . സപ്ലൈ ചെയ്യപ്പെട്ടതായി രേഖയില്ല (NVR, ഇന്റർനെറ്റ് കേബിൾ ഉപയോഗിച്ചിട്ടില്ലാത്തതിനാൽ അനാവശ്യം) |
| കേബിൾ | CP Pluss CAT 6 U/UTP Cable 4600 മീറ്റർ | CP Pluss CAT 6 U/UTP Cable 4600 മീറ്റർ | പരമാവധി 1800 മീറ്റർ Coaxial Cable |

| | | | |
|---|---|---|---|
| ഇന്റർനെറ്റ് റാക്ക് | CU Plus 4 U Rack – 6 എണ്ണം | CU Plus 4 U Rack – 6 എണ്ണം | HIKVISION റാക്ക് 3 എണ്ണം |
| ക്യാമറ, സ്റ്റോറേജ് ഡിവൈസ്, സ്ക്രീൻ എന്നിവയടങ്ങിയ കിറ്റ് | CP Plus 12 Channel NVR With Camara Kit (3840x2160) 6 എണ്ണം | CP Plus 12 Channel NVR/DVR With Camara Kit, 4K (3840x2160) 6 എണ്ണം, ക്യാമറ 24 എണ്ണം, മോണിറ്റർ ഇനം വ്യക്തമാക്കിയിട്ടില്ല. പകരം 32 ക്യാമറകൾ വരെ കാണാൻ കഴിയുന്നത് എന്ന് മാത്രം രേഖപ്പെടുത്തൽ | HIKVISION(IDS- 7208HUHI-M1) DVR – 3 എണ്ണം<br>HIKVISION(DS- 2CE10DF0T. PFS , 3.6 Mm, 2mb) ബുള്ളറ്റ് ക്യാമറകൾ 21, HIKVISION ഡോം ക്യാമറ ഒന്ന്. (എല്ലാം അനലോഗ് ക്യാമറകൾ),<br>ACER V206Q 19.5" മോണിറ്റർ 3 എണ്ണം |

## <u>നഗരസഭാ ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിവരം</u>

### <u>എ) സപ്ലൈ ചെയ്യാത്തതും ഘടിപ്പിക്കാത്തതും അനാവശ്യമായി ബില്ലിൽ മാത്രം ചേർത്തതുമായ സാധനങ്ങളുടെ വില</u>

ഇൻവോയിസ്, കരാർ എന്നിവയിൽ രേഖപ്പെടുത്തിയതും ഘടിപ്പിക്കാത്തതും സ്റ്റോക്കിലില്ലാത്തതുമായ സാധനങ്ങളുടെ വില നൽകിയത് വഴി നഗരസഭ ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിവരം ചുവടെ ചേർക്കുന്നു. സാധനങ്ങളുടെ തരം, നിർമ്മാതാവ്, ക്വാളിററി എന്നിവയിലെ വ്യതിയാനം മൂലമുള്ള നഷ്ടം ഇതിലുൾപ്പെടുന്നില്ല. ആയത് പ്രത്യേകമായി ഇതിന് ശേഷം ചേർത്തിട്ടുണ്ട്. ഇൻവോയ്സ് പ്രകാരമുള്ള മുഴുവൻ തുകയും നിർവ്വഹണോദ്യോഗസ്ഥൻ വിതരണക്കാർക്ക് നൽകിയിട്ടുണ്ട്.

**<u>പട്ടിക 2</u>**

| ക്രമ നം (1) | ഇനം (2) | ഇൻവോയിസ് പ്രകാരമുള്ള എണ്ണം (3) | ഘടിപ്പിച്ച അഥവ ഉപയോഗിച്ച എണ്ണം, അളവ് (4) | എണ്ണത്തിൽ അഥവ അളവിൽ കുറവ് (5) | ഇൻവോയിസ് പ്രകാരം ആകെ വില രൂപയിൽ (ടാക്സ് ഉൾപ്പടെ ) (6) | ഒരെണ്ണത്തിന്റെ/ യൂണിറിന്റെ/ ഒരു മീറ്ററിന്റെ വില രൂപയിൽ (7) | നഗരസഭ ഫണ്ടിനുണ്ടായ നഷ്ടം രൂപയിൽ (7)X(5) (8 ) |
|---|---|---|---|---|---|---|---|
| 1 | POE അക്സസ് സ്വിച്ച് | 5 | 0 | 5 | 76500 | 15300 | 76500 |
| 2 | കേബിൾ | 4600 M | 1800 M | 2800 M | 117530 | 25.55/M | 71540 |
| 3 | നെറ്റ്വർക്ക് റാക്ക് | 6 | 3 | 3 | 23100 | 3850 | 11550 |
| 4 | NVR, ക്യാമറ, മോണിറ്റർ കിറ്റ് | 6 | 3 | 3 | 281340 | 46890 | 140670 |
| ആകെ നഷ്ടം | | | | | | | 300260/- |

അനാവശ്യവും ഉപയോഗിക്കാത്തതും സപ്ലൈ ചെയ്യപ്പെട്ടിട്ടില്ലാത്തതുമായ ഇത്രയും സാധനങ്ങൾക്ക് പണം അനുവദിക്കുക വഴി നഗരസഭാ ഫണ്ടിന് വ്യക്തമായ നഷ്ടം വന്ന 300260/- രൂപ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്. ഇത് ആകെ പ്രോജക്ട് ചെലവിന്റെ 60.23% ആണെന്നത് ക്രമക്കേടിന്റെ ഗൌരവം വ്യക്തമാക്കുന്നു.

**ബി) സാധനങ്ങളുടെ തരം, നിർമ്മാതാവ്, ക്വാളിററി എന്നിവയിലെ വ്യതിയാനം മൂലമുള്ള നഷ്ടം**

പട്ടിക ഒന്നിൽ പ്രതിപാദിക്കും പ്രകാരം പർച്ചേസ് ഓഡർ, കരാർ, ഇൻവോയ്സ് എന്നിവയിൽ നിന്ന് വ്യത്യസ്തമായ സാധനങ്ങൾ ഘടിപ്പിച്ചത് /സപ്ലൈ ചെയ്തത് വഴി നഷ്ടം സംഭവിച്ചിട്ടുണ്ട്. ഓഡിറ്റ് സമയത്തെ വിപണി വിലയെ (2026 ഫെബ്രുവരിയിലെ) ആസ്പദമാക്കി നിർണ്ണയിച്ച നഷ്ടത്തിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

**പട്ടിക 3**

| ഇൻസ്റ്റാൾ ചെയ്ത ഇനം (1) | യൂണിറ്റ് വില (രൂപ) (2) | സ്ഥാപിച്ച എണ്ണം (3) | ആകെ വില (രൂപ) (Col 2x3) (4) | | സമാന ഇനത്തിന് ഇൻവോയിസ് പ്രകാരമുള്ള യൂണിറ്റ് വില (പട്ടിക 1 കോളം 3 ലെ ഇനം, പട്ടിക രണ്ട് കോളം 7 ലെ വില) (5) | ഇൻവോയിസ് പ്രകാരം സ്ഥാപിക്കപ്പെട്ട എണ്ണത്തിന് ഈടാക്കിയ വില (രൂപ) (Col 5X3) (6) | സ്ഥാപിച്ച ഇനങ്ങളുടെ വിലയിലെ കുറവ് / നഗരസഭ ഫണ്ടിനുണ്ടായ നഷ്ടം (രൂപ) (യൂണിറ്റിന്) (6-4) (7) |
|---|---|---|---|---|---|---|---|
| HIKVISION(IDS-7208HUHI-M1) DVR | 5860 | 3 | 17580 | മൂന്നും ചേർന്നകിറ്റിന്റെ ആകെ വില 88457 | 46890 | 140670 | 52213 |
| HIKVISION(DS-2CE10DF0T. PFS | 2390 | 22 | 52580 | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| , 3.6 Mm, 2mb) ബുള്ളറ്റ് ക്യാമറകൾ 21, HIKVISIONഡോം ക്യാമറ ഒന്ന്. (അനലോഗ് ക്യാമറകൾ) | | | | രൂപ | | | |
| ACER V206Q 19.5" മോണിറ്റർ | 6099 | 3 | 18297 | | | | |
| HIKVISION Coaxial Cable | 13.33/M | 1800 | 23994 | | 25.55/M | 45990 | 21996 |
| ആകെ | | | | | | | 74209 |

(ജെം-പർച്ചേസ് ഓർഡറിൽ ക്യാമറകളുടെ എണ്ണം കൃത്യമായി പറഞ്ഞിട്ടില്ലാത്തതിനാൽ സ്ഥാപിച്ചിരിക്കുന്ന ഉപകരണങ്ങളുടെ മോഡൽ ഇന്റർനെറ്റിൽ സേർച്ച് ചെയ്ത് നിർമ്മാതാക്കളുടെ വെബ്സൈറ്റ്, ഓൺലൈൻ സൈറ്റുകൾ എന്നിവയും പരിശോധിച്ച് ഇവയടങ്ങുന്ന യൂണിറ്റിന്റെ ആകെ വില കണക്കാക്കി താരതമ്യം ചെയ്താണ് നഷ്ടം നിജപ്പെടുത്തിയത്. ഇന്റർനെറ്റ് റാക്കിന്റെ വില താരതമ്യേന കുറവായതിനാലും അതിന്റെ സ്പെസിഫിക്കേഷൻ വ്യക്തമല്ലാത്തതിനാലും ആയിനത്തിലെ നഷ്ടം കണക്കാക്കിയിട്ടില്ല. ഇതിന്റെ സ്ക്രീൻഷോട്ടുകൾ, ഉപകരണങ്ങളുടെ മോഡൽ എന്നിവയിൽ വ്യക്തത വരുത്തുന്നതിനായി സ്കൂളുകളിൽ നേരിട്ടെത്തി സാങ്കേതിക വിദഗ്ധന്റെ സഹായത്തോടെ ശേഖരിച്ച ചിത്രങ്ങൾ കൂടി ഇതോടൊപ്പം ചേർക്കുന്നു.)

<u>ക്യാമറയുടെ വില താരതമ്യത്തിനായി ശേഖരിച്ച വിവരങ്ങൾ</u>


07:16
techfinder
Electronics Pvt Ltd.
0
17%
HIKVISION
DS-2CE10DF0T-PFS
2MP COLOUR VU AUDIO BULLET CAMERA
HIKVISION
ColorVu
ORDER ONLINE
Hikvision
Hikvision DS-2CE10DF0T-PFS 2Mp ColourVU Audio Bullet Camera
No reviews


07:11
Hikvis...
Search IndiaMART
Hikvision DS-2CE10DF0T-PFS Bullet Camera
A B C Electronics
Bengaluru
₹ 1,400/Piece
3.7 (3)
1/3
HIKVISION
ColorVu
Product Specifications
Call for Best Deal
Camera Resolution
2 MP
Camera Technology
IP Camera
Brand
Hikvision


07:16

Hikvis...

Notifications blocked

OK

**Key Features**

- High quality imaging with 2 MP, 1920 × 1080 resolution
- 24/7 color imaging with F1.0 aperture
- 3D DNR technology delivers clean and sharp images
- 2.8 mm, 3.6 mm fixed focal lens
- Up to 20 m white light distance for bright night imaging
- High quality audio with audio over coaxial cable, built-in mic
- One port for four switchable signals (TVI/AHD/CVI/CVBS)
- Water and dust resistant (IP67)

Rs. 2,390.00

~~Rs. 2,8~~


07:16
Hikvis...
Notifications blocked
OK
DS-2CE10DF0T-PFS
2MP ColorVu Audio Fixed Mini Bullet Camera
Key Features
• High quality imaging with 2 MP, 1920 × 1080 resolution
• 24/7 color imaging with F1.0 aperture
• 3D DNR technology delivers clean and sharp images
• 2.8 mm, 3.6 mm fixed focal lens
• Up to 20 m white light distance for bright night imaging
• High quality audio with audio over coaxial cable, built-in mic
• One port for four switchable sign
(TVI/AHD/CVI/CVBS)
• Water and dust resistant (IP67)


07:11
Hikvis...
Search IndiaMART
Hikvision DS-2CE10DF0T-PFS Bullet Camera
A B C Electronics
Bengaluru
₹ 1,400/Piece
3.7 (3)
1/3
HIKVISION
ColorVu
Product Specifications
Call for Best Deal
Camera Resolution
2 MP
Camera Technology
IP Camera
Brand
Hikvision




നിലവിലെ വിപണിവിലയെ അടിസ്ഥാനമാക്കി അതിൽ തന്നെ വിവിധ സൈറ്റുകളിൽ ദൃശ്യമായതിൽ ഉയർന്നവില തന്നെ താരതമ്യത്തിനായി സ്വീകരിച്ചതിനാലും 2025 ജനവരിയിൽ ഇത് വാങ്ങുന്ന സമയത്ത് വില ഇതിലും കുറഞ്ഞിരിക്കാൻ ഇടയുണ്ടെന്നതിനാലും ഈ വാങ്ങൽ വഴിയുണ്ടായ കൃത്യമായ നഷ്ടം നിജപ്പെടുത്തുന്നതിന് പരിമിതികളുണ്ട്. ആകയാൽ ഇൻവോയ്സ് തീയതിയിലെ വിപണി വില എത്രയെന്ന് കണക്കാക്കി നഷ്ടം നിജപ്പെടുത്തി ഈടാക്കുന്നതിന് വകുപ്പ്തലത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്.

നിർവ്വഹണോദ്യോഗസ്ഥനായ പ്രിൻസിപ്പൽ നൽകിയ വിവരം അനുസരിച്ച് വിതരണ കരാർ എടുത്ത് ആൻടികോം സിസ്റ്റംസ് എന്ന സ്ഥാപനം തന്നെയാണ് ഇൻസ്റ്റലേഷനും നിർവ്വഹിച്ചത്. ഇൻവോയിസിൽ

രേഖപ്പെടുത്തിയ സാധനങ്ങൾക്ക് പകരം അളവിലും, എണ്ണത്തിലും കുറഞ്ഞതും വ്യത്യസ്ത ബ്രാന്റിലും താഴ്ന്ന സ്പെസിഫിക്കേഷനിലും ഉള്ള സാധനസാമഗ്രികൾ പ്രസ്തുത സ്ഥാപനം സപ്ളൈ ചെയ്തുവെന്നാണ് വ്യക്തമാകുന്നത്. ഉദാഹരണമായി ആൻട്രികോം സിസ്റ്റംസ് ന്റെ 30.1.2025 ലെ ACS/12760/23-24 എന്ന 281340 രൂപയുടെ GST ഇൻവോയിസിൽ CP Plus 12 Channel NVR/DVR With Camera Kit ആറ് എണ്ണത്തിന്റെ വില രേഖപ്പെടുത്തിയിരിക്കുന്നതിനൊപ്പം മൂന്ന് ഡി.വി.ആർ, 22 ക്യാമറകൾ എന്നിവയുടെ സീരിയൽ നമ്പറുണ്ട്. ഈ സീരിയൽ നമ്പറുകളെല്ലാം യഥാർത്ഥത്തിൽ HIKVISION എന്ന നിർമ്മാതാക്കളുടെ പ്രോഡക്റ്റിന്റേതാണ്. കൂടാതെ കൃഷ്ണപുരം ഗവ യു.പി.എസിൽ ഹെഡ് മാസ്റ്ററിന്റെ മുറിക്ക് മുന്നിൽ സ്ഥാപിച്ചിരിക്കുന്ന HIKVISION 2Mb ക്യാമറയുടെ സീരിയൽ നമ്പർ Fn 7874458 ആണ്. ഈ സീരിയൽ നമ്പറാണ് CP Plus ക്യാമറയുടേതെന്ന നിലയിൽ പ്രസ്തുത ഇൻവോയിസിൽ ക്രമനം. 21 ആയി ചേർത്തിരിക്കുന്നത്. അതുപോലെ ഇതേ സ്കൂളിൽ സ്ഥാപിച്ച HIKVISION DVR ന്റെ സീരിയൽ നമ്പറായ Ft 6914044 തന്നെ CP Plus ന്റേത് എന്ന നിലയിൽ ഇൻവോയ്സിൽ ചേർത്തിരിക്കുന്നു. മാത്രമല്ല ജെം പോർട്ടൽ വഴി കരാറിലേർപ്പെട്ട് പർച്ചേസ് ഓഡർ നൽകിയത് NVR ന് ആണെങ്കിലും ഇൻവോയിസിൽ NVR/DVR എന്ന് രേഖപ്പെടുത്തി. ആകയാൽ വിതരണസ്ഥാപനത്തിന്റെ ബില്ല് പൂർണ്ണമായും ശരിയല്ലെന്ന് വ്യക്തമാകുന്നു. ആകയാൽ വ്യാജബിൽ ചമക്കുകയും വിതരണത്തിൽ കൃത്രിമം കാട്ടുകയും ജെം വഴിയുള്ള കരാർ ലംഘിക്കുകയും ചെയ്ത ആൻട്രികോം എന്ന സ്ഥാപനത്തെ ജെം പോർട്ടലിൽ നിന്ന് നീക്കി കരിമ്പട്ടികയിൽ പെടുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ ഇൻവോയിസ് തീയതിക്ക് തൊട്ടടുത്ത ദിവസം തന്നെ സാധനങ്ങളുടെ സ്റ്റോക്ക് എൻട്രി നടത്താതെ പണം നൽകിയെന്ന് ഇൻവോയിസ്, ട്രഷറി ബിൽ തീയതികൾ പരിശോധിച്ചാൽ വ്യക്തമാകുന്നതാണ്. സ്റ്റോക്കിൽ 22 ക്യാമറകൾ ഒഴികെ ഒന്നുംതന്നെ രേഖപ്പെടുത്തിയിട്ടില്ല. നിർവ്വഹണോദ്യോഗസ്ഥന്റെ മുറിക്ക് മുന്നിൽ സ്ഥാപിച്ച ക്യാമറ പോലും ഇൻവോയിസിൽ രേഖപ്പെടുത്തിയതും അദ്ദേഹം തന്നെ ജെം വഴി തെരഞ്ഞെടുത്ത് ഓഡർ നൽകിയതുമല്ല എന്ന് പ്രഥമദൃഷ്ട്യാ ബോദ്ധ്യമാകുന്നതാണ്. പ്രിൻസിപ്പൽ കൂടിയായ നിർവ്വഹണോദ്യോഗസ്ഥന്റെ മുറിയൽ മുൻപ് ഉണ്ടായിരുന്ന DVR, മോണിറ്റർ എന്നിവയോട് ക്യാമറകൾ ബന്ധിപ്പിച്ചതല്ലാതെ അദ്ദേഹം ഓർഡർ നൽകിയ NVR, POE സ്വിച്ച് എന്നിവ

ഉപയോഗിച്ചിട്ടില്ല എന്നും നിർവ്വഹണോദ്യോഗസ്ഥന് പ്രത്യേക സാങ്കേതിക പരിശോധന കൂടാതെ അറിയാൻ കഴിയും. പരമാവധി 127851/- രൂപ മൂല്യമുള്ള ഉപകരണങ്ങൾ/സാമിഗ്രികൾ മാത്രമാണ് സ്കൂളുകൾക്ക് യഥാർത്ഥത്തിൽ ലഭിച്ചത്. ഇത് ചെലവിന്റെ 25.65 ശതമാനം മാത്രമാണ്. 498470രൂപ ചെലവഴിക്കപ്പെട്ട പ്രോജക്ടിൽ 300260/-രൂപയുടെ ക്രമക്കേട് നിർണ്ണയിക്കപ്പെട്ടതിൽ നിന്നും നിർവ്വഹണോദ്യോഗസ്ഥന്റെ അറിവോടെ കൂടി വ്യാജ ഇൻവോയ്സ് ചമച്ച് , ഉപകരണങ്ങൾ മാറ്റി ധനാപഹരണം നടത്തി എന്നത് സ്പഷ്ടമാണ്. കൂടാതെ നഷ്ടം നിർണ്ണയിക്കുന്നതിന് കൂടുതൽ പരിശോധന ആവശ്യമായും വരുന്നു.

അപാകങ്ങൾ ചൂണ്ടിക്കാട്ടി 29.1.26, 7.2.26 തീയതികളിൽ യഥാക്രമം 21/24-25, 52/24-25 നമ്പർ ഓഡിറ്റ് എൻക്വയറികൾ നൽകിയതിന് മൂന്ന് സ്കൂളുകളിലാണ് സിസ്റ്റം സ്ഥാപിച്ചതെന്നും ഗവ. ബോയ്സ് എച്ച്.എസ്.എസിൽ മൂന്ന് ക്യാമറകൾ നിലവിലുള്ള സിസ്റ്റത്തോട് കൂട്ടിച്ചേർക്കുക മാത്രമാണ് ചെയ്തതെന്നും നിർവ്വഹണോദ്യോഗസ്ഥൻ തന്നെ സമ്മതിച്ചിട്ടുണ്ട്. ആൻടികോമിന് കത്തയച്ചു എന്നതല്ലാതെ മറ്റ് നടപടികൾ ഒന്നും നിർവ്വഹണോദ്യോഗസ്ഥൻ സ്വീകരിച്ചിട്ടുമില്ല.

ആകയാൽ നഗരസഭ ഫണ്ടിന് നഷ്ടമായ 300260/- രൂപ ജെം വഴി ഓർഡർ നൽകുകയും ബിൽ തുക മാറി നൽകുകയും ചെയ്ത നിർവ്വഹണോദ്യോഗസ്ഥനായ കായംകുളം ഗവ. ബോയ്സ് എച്ച്.എസ്.എസ് പ്രിൻസിപ്പലിൽ നിന്ന് തിരികെ ഈടാക്കേണ്ടതും അദ്ദേഹം ധനാപഹരണത്തിൽ പ്രഥമ ദൃഷ്ട്യാ പങ്കാളിയായ സാഹചര്യത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിനെ (ഹയർ സെക്കന്ററി വിഭാഗം) അറിയിച്ച് യുക്തമായ വകുപ്പ് തല നടപടി സ്വീകരിക്കേണ്ടതുമാണ്.

പ്രവൃത്തി ഈ സ്ഥാപനത്തിന് തന്നെ ലഭിക്കത്തക്ക വിധം ടെണ്ടർ നടപടികളും ജെം ലെ ബിഡും ഒഴിവാക്കി പലതായി മുറിച്ച് പ്രസ്തുത സ്ഥാപനം നിർദ്ദേശിച്ചപ്രകാരം ആവശ്യകതപോലും വ്യക്തമായി കണക്കാക്കാതെ പർച്ചേസ് നടത്തുകയായിരുന്നു എന്ന് വ്യക്തമാകുന്നു. നിർവ്വഹണോദ്യോഗസ്ഥന്റെ തന്നെ നിയന്ത്രണത്തിലുള്ള കായംകുളം ഗവ.ബോയ്സ് എച്ച്.എസ്.എസിൽ മുൻപ് തന്നെ രണ്ട് സെറ്റ് സി.സി.റ്റി.വി സിസ്റ്റങ്ങൾ സ്ഥാപിക്കപ്പെട്ടിരുന്നു. ഇതിൽ 22 ക്യാമറകളും പ്രവർത്തിച്ച് വന്നിരുന്നു. അതിന് പുറമേയാണ് 3 ക്യാമറകൾ നിലവിലുള്ള DVR നോടും മോണിറ്ററിനോടും ചേർത്ത് സ്ഥാപിച്ചത്. ഈ മൂന്ന് ക്യാമറകളും പ്രിൻസിപ്പലിന്റെ

മുറിക്ക് മുൻവശം സ്റ്റെയറിലേക്കും പ്രിൻസിപ്പലിന്റെ മുറിയിലേക്കും ദർശനമായയാണ് സ്ഥാപിച്ചത്. പ്രസ്തുത മുറിയുടെ വരാന്ത മുഴുവനായും ദൃശ്യമാകും വിധം മറ്റ് മൂന്ന് ക്യാമറകൾ മുൻപ് തന്നെ സ്ഥാപിക്കപ്പെട്ടിരുന്നു. ദൃശ്യങ്ങൾ കാണാനുള്ള സ്ക്രീൻ പ്രിൻസിപ്പലിന്റെ മുറിയിൽതന്നെയാണ് സ്ഥാപിച്ചിരിക്കുന്നത്. പ്രിൻസിപ്പലിന്റെ നേരിട്ടുള്ള ശ്രദ്ധ പതിയുന്നഭാഗത്ത് ക്യാമറകൾ സ്ഥാപിക്കുകയും അകലത്തിലുള്ള ലാബുൾപ്പടെ പ്രവർത്തിക്കുന്ന കെട്ടിടത്തിലും സ്കൂൾ ഗ്രൌണ്ടിന്റെ റോഡിന് അഭിമുഖമായ ഭാഗങ്ങളിലും അത് സ്ഥാപിക്കാതിരിക്കുകയും ചെയ്യതിന്റെ കാരണം വ്യക്തമല്ല. സ്ഥാപനത്തെ മൊത്തം സി.സി.റ്റി.വി നിയന്ത്രണത്തിലാക്കാനുള്ള സാദ്ധ്യത ഉപയോഗിക്കാതെ നിലവിൽ പൂർണ്ണ നിരീക്ഷണമുള്ള നിലയിൽ തന്നെ ഇത് സ്ഥാപിച്ചത് അനാവശ്യമാണ്. നിലവിൽ രണ്ട് മീറ്ററിൽ താഴെ ചുറ്റളവിൽ പുതിയതും പഴയതുമായി ആകെ 4 ക്യാമറകൾ ഉണ്ട്. ഇത് കൂടാതെ ഇതേ വരാന്ത നിരീക്ഷിക്കാൻ മറ്റ് രണ്ട്ക്യാമറകൾ കൂടിയുണ്ട്. 360 ഡിഗ്രി സർവൈലൻസ് ഉള്ള ഒരു ക്യാമറ കൊണ്ട് നിരീക്ഷിക്കാവുന്ന സ്ഥലത്താണ് പ്രസ്തുത 4 ക്യാമറകൾ സ്ഥാപിച്ചിരിക്കുന്നത്.

പ്രോജക്റ്റ് വിഭാവനം, നടത്തിപ്പ് എന്നിവയിലെ അപാകങ്ങൾ, വാറന്റി നഷ്ടം മുതലായവ ചുവടെ പ്രതിപാദിക്കുന്നു.

**1)പ്രോജക്റ്റ് വിഭാവനം ചെയ്തതിലെ അപാകം**

സ്കൂളുകളിൽ സി.സി.റ്റി.വി സ്ഥാപിക്കുന്നതിനായി വിഭാവനം ചെയ്ത ഈ പ്രോജക്ടിൽ വിവിധ സ്കൂളുകളിൽ നിന്നുള്ള ആവശ്യകത അന്വേഷിക്കാതെ ഏതൊക്കെ സ്കൂളിൽ ഏതൊക്കെ ഉപകരണങ്ങൾ ഏത് സ്പെസിഫിക്കേഷനിലുള്ളവ സ്ഥാപിക്കണമെന്ന് ഉറപ്പാക്കാതെ 25 സി.സി.റ്റി.വി ക്യാമറകൾ എന്ന് മാത്രം രേഖപ്പെടുത്തി പ്രോജക്റ്റ് തയ്യാറാക്കുകയായിരുന്നു.

**2)പ്രോജക്റ്റ് നടത്തിപ്പിലെ അപാകം**

സി.സി.റ്റി.വി സ്ഥാപിക്കുക എന്നത് സാധന സേവന ഘടകങ്ങൾ (Goods & Sarvice) ഉൾക്കൊള്ളുന്ന ഒരു പ്രവൃത്തിയാകയാൽ വ്യക്തമായ ഒരു എസ്റ്റിമേറ്റ് തയ്യാറാക്കി ടെന്റർ ചെയ്താണ് ഇത് നടപ്പാക്കേണ്ടിയിരുന്നത്. പ്രോജക്ടിന്റെ അടങ്കൽ അഞ്ച് ലക്ഷം രൂപയാകയാൽ ഇത് ഇ-ടെന്റർ ആവശ്യമായ ഒരു പ്രവൃത്തിയും ആയിരുന്നു . എന്നാൽ പ്രൊക്യർമെന്റ് നടപടികൾ വഴി ഇതിനാവശ്യമായ വിവിധ ഘടകങ്ങൾ ജെം (GeM) പോർട്ടൽ വഴി

വാങ്ങുകയാണ് ചെയ്തത്. സ്ഥാപിക്കൽ സംബന്ധിച്ച് പ്രത്യേക വ്യവസ്ഥ ഉണ്ടായിരുന്നില്ല. ടെക്നിക്കൽ എക്സ്പർട്ട് അല്ലാത്ത പ്രിൻസിപ്പൽ ഇതിനാവശ്യമായ അളവിലും സ്പെസിഫിക്കേഷനിലും ഉള്ള ക്യാമറ, POE സ്വിച്ച്, സ്ക്രീൻ എന്നിവ അടക്കമുള്ള ഉപകരണങ്ങൾ, ആവശ്യമായ അളവിൽ കേബിൾ എന്നിവ എങ്ങനെ കണക്കാക്കി എന്നത് വ്യക്തമല്ല. ഏതെങ്കിലും തരത്തിൽ ഇലക്ട്രോണിക് വിഭാഗത്തെക്കൊണ്ട് എസ്റ്റിമേറ്റ് എടുപ്പിച്ചതായും ഫയൽ പരിശോധനയിൽ കാണുന്നില്ല. എല്ലാ ഘടകങ്ങളും ആൻട്രികോം എന്ന ഒറ്റ വിതരണക്കാരിൽ നിന്നാണ് ജെം വഴി വാങ്ങിയിരിക്കുന്നത്. അവർതന്നെ ഇതിന്റെ സ്ഥാപിക്കലും നടത്തിയതായാണ് വ്യക്തമാകുന്നത്. ഇതിൽ നിന്നും ആൻട്രികോം എന്ന സ്ഥാപനം വഴി ഈ പ്രോജക്ട് നടപ്പാക്കാൻ നിർവ്വഹണോദ്യോഗസ്ഥനും പ്രസ്തുത സ്ഥാപനവുമായി മുൻധാരണയിലെത്തിയശേഷം പ്രവൃത്തി ഈ സ്ഥാപനത്തിന് തന്നെ ലഭിക്കത്തക്ക വിധം ടെന്റർ നടപടികളും ജെം ലെ ബിഡും ഒഴിവാക്കി പലതായി മുറിച്ച് പ്രസ്തുത സ്ഥാപനം നിർദ്ദേശിച്ച പ്രകാരം ആവശ്യകത പോലും വ്യക്തമായി കണക്കാക്കാതെ പർച്ചേസ് നടത്തുകയായിരുന്നു എന്ന് വ്യക്തമാകുന്നു.

**<u>3)പർച്ചേസ് നടപടികളിലേയും സാധന വിതരണത്തിലേയും അപാകം</u>**

ജെം പോർട്ടലിലെ കംപാരിസൺ സ്റ്റേറ്റ്മെന്റ്, സ്ഥാപനം ലഭ്യമാക്കിയ ബില്ലുകൾ എന്നിവയിൽ CP Plus എന്ന നിർമ്മാതാക്കളുടെ ക്യാമറയും മറ്റ് ഉപകരണങ്ങളും വിതരണം ചെയ്യുന്നതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ജെം വഴി ഓർഡർ നൽകിയപ്പോൾ ക്യാമറകളുടെ എണ്ണം കൃത്യമായി രേഖപ്പെടുത്തിയില്ല. പ്രോജക്ടിൽ 25 ക്യാമറ എന്ന് പറഞ്ഞപ്പോഴും ജെം ൽ ആ ആവശ്യം നൽകിയില്ല. ക്യാമറകളുടെ സ്പെസിഫിക്കേഷൻ, സ്ക്രീനിന്റെ സ്പെസിഫിക്കേഷൻ എന്നിവയും വ്യക്തമാക്കിയില്ല. എല്ലാ സ്കൂളിലും സ്ഥാപിച്ചിരിക്കുന്നത് HIKVISION എന്ന നിർമ്മാതാക്കളുടെ ഉപകരണങ്ങളാണ്. സ്കൂളുകളിൽ സ്ഥാപിച്ച 22 ക്യാമറകളൊഴികെ മറ്റ് സാധനങ്ങളൊന്നും സ്റ്റോക്കിലെടുത്തിട്ടില്ല. ക്യാമറകളുടെ സീരിയൽ നമ്പർ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് സമയത്ത് പരിശോധിക്കുമ്പോൾ HIKVISIONന്റെ സി.സി.റ്റി.വി ക്യാമറ, അനുബന്ധ ഉപകരണങ്ങൾ എന്നിവ ജെം പോർട്ടലിൽ ലഭ്യമല്ല. ജെം മുഖേന ക്വാട്ട് ചെയ്ത് കരാറിലേർപ്പെട്ടതും ബില്ലിൽ രേഖപ്പെടുത്തിയതുമല്ലാത്ത ഉപകരണങ്ങൾ സ്ഥാപിച്ചിട്ടും നിർവ്വഹണോദ്യോഗസ്ഥൻ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ജെം

പോർട്ടലിലില്ലാത്ത സാധനങ്ങൾ വാങ്ങുന്നതിന്ന ആൻട്രികോം എന്ന സ്ഥാപനവും നിർവ്വഹണോദ്യോഗസ്ഥനും തമ്മിൽ നിയമവിരുദ്ധമായ ധാരണയിലെത്തിയെന്ന് ഇതിൽ നിന്ന് വ്യക്തമാകുന്നു. ജെം പോർട്ടലിൽ നിലവിലില്ലാത്ത ഉപകരണങ്ങൾ ജെം പോർട്ടലിനെ മറയാക്കി വാങ്ങുകയും ബില്ലിൽ കൃത്രിമം നടത്തുകയും സാധനങ്ങളുടെ പകുതി പോലും സപ്ലൈ ചെയ്യുകയോ ഉപയോഗിക്കുകയോ ചെയ്യാതെ പണാപഹരണം നടത്തുകയുമായിരുന്നു എന്നും വ്യക്തമാണ്.

നാല് സ്കൂളുകളിൽ ക്യാമറകൾ സ്ഥാപിക്കാൻ പരമാവധി 4 POE സ്വിച്ചും അത്രതന്നെ റാക്ക് നെറ്റവർക്കും മതിയാകുമെന്നിരിക്കെ അഞ്ച് POE സ്വിച്ചും ആറ് റാക്കും വാങ്ങാനായി ജെം ൽ പർച്ചേസ് ഓർഡർ നൽകിയതിന്റെ സാംഗത്യം വ്യക്തമല്ല. NVR ന് പകരം DVR ഉപയോഗിച്ചതിനാൽ ഒരു POE സ്വിച്ച് പോലും ഉപയോഗിക്കുകയോ സ്റ്റോക്കിലെടുക്കുകയോ ചെയ്തിട്ടില്ല. പരമാവധി ആകെ 1800 മീറ്റർ കേബിൾ ആവശ്യമുള്ളിടത്ത് 4600 മീറ്ററിനാണ് ഓർഡർ നൽകിയത്.

**<u>4)ഗ്യാരന്റി നഷ്ടം</u>**

CU Plus ക്യാമറ, ഡി.വി.ആർ/എൻ.വി.ആർ, സ്ക്രീൻ മുതലായവക്ക് രണ്ട് വർഷമാണ് വാറന്റി ജെം വഴി ഉറപ്പിക്കുകയും കരാറാക്കുകയും ചെയ്തിരിക്കുന്നത്. ഇതേ ഇനം തന്നെ ബില്ലിൽ ചേർത്തശേഷം HIKVISION ന്റെ ഉപകരണങ്ങൾ സ്ഥാപിക്കുകവഴി ഉപകരണങ്ങളുടെ ഗ്യാരന്റിയും നഷ്ടമായി.

**<u>5)ജി.എസ്.റ്റി ഉൽഭവത്തിൽ കുറവ് ചെയ്തില്ല, ബില്ലിലും പൊരുത്തക്കേടുകൾ</u>**

498470 രൂപ ചെലവഴിച്ച് ഒരേ സ്ഥാപനത്തിൽ നിന്ന് ഒരൊറ്റ ദിവസമാണ് ഈ വാങ്ങലുകൾ നടത്തിയത്. എന്നിട്ടും ബില്ലിൽ നിന്ന് രണ്ട് ശതമാനം ചരക്ക് സേവന നികുതി ഉൽഭവത്തിൽ കുറവ് ചെയ്തില്ല. ബില്ലിൽ ഇ-വേ ബില്ലിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല. ഇ- വേ ബിൽ കോപ്പിയും ഫയലിൽ ഇല്ല. സ്ഥാപനം സപ്ലേ ചെയ്യാത്ത ഇനത്തിനാണ് ബിൽ തയ്യാറാക്കിയിരിക്കുന്നത്. പ്രിൻസിപ്പൽ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ നികുതികൾ ഉൽഭവത്തിൽ കുറവ് ചെയ്യാതിരുന്നത് സംബന്ധിച്ച് മുൻവർഷങ്ങളിലും ഓഡിറ്റ്

ചൂണ്ടിക്കാട്ടിയിരുന്നെങ്കിലും അപാകം ആവർത്തിച്ചു.

**സെക്രട്ടറി, ഭരണ സമിതി എന്നിവരോടുള്ള ശുപാർശ**

നഗരസഭാഫണ്ടിനുണ്ടായ നഷ്ടം 300260/- രൂപ നിർവ്വഹണോദ്യോഗസ്ഥനായ പ്രിൻസിപ്പലിൽ നിന്ന് ഈടാക്കേണ്ടതാണ്. നടപടിക്രമങ്ങൾ പാലിക്കാതെയും ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കാതെയും ആൻടികോം എന്ന സ്ഥാപനത്തിന് അധിക തുക അനുവദിച്ച നിർവ്വഹണോദ്യോഗസ്ഥനുമേൽ യുക്തമായ അന്വേഷണം വകുപ്പ് തലത്തിലും മറ്റ് അന്വേഷണ ഏജൻസികൾ മുഖേനയും നടത്തുന്നതിന് നഗരസഭ കൌൺസിൽ നടപടി സ്വീകരിക്കേണ്ടതും പൊതുവിദ്യാഭ്യാസവകുപ്പിനെ വിവരം അറിയിക്കേണ്ടതുമാണ്. മുൻവർഷങ്ങളിൽ നടത്തിയ പ്രോജക്ടുകളിൽ സമാനമായ ക്രമക്കേട് നടന്നിരിക്കുവാനുള്ള സാധ്യത മുൻനിർത്തി സമഗ്രമായ അന്വേഷണം നഗരസഭയുടെ ഭാഗത്ത് നിന്ന് ഉണ്ടാകേണ്ടത് അനിവാര്യമാണ്. എഗ്രിമെന്റിലും ബില്ലിലും പറയാത്ത സാധനം സപ്ലൈ ചെയ്യുകയും ഇൻവോയിസിൽ കൃത്രിമം കാട്ടുകയും കരാർ ലംഘനം നടത്തുകയും ചെയ്ത ആൻടികോം സിസ്റ്റംസ് (ഇന്ത്യ) പ്രൈ. ലിമിറ്റഡ് എന്ന സ്ഥാപനത്തിനെതിരെ നിയമനടപടികളും പ്രസ്തുത സ്ഥാപനത്തെ ജെം പോർട്ടലിൽ നിന്ന് നീക്കം ചെയ്യുന്നതിനായി ശിപാർശ ചെയ്യുന്നതിനും സ്ഥാപനത്തെ കരിമ്പട്ടികയിൽപ്പെടുത്തുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കുന്നതിനും നഗരസഭ നടപടി സ്വീകരിക്കേണ്ടതാണ്.

**1-20 ശൌചാലയ മാലിന്യ സംസ്കരണ യൂണിറ്റ് - ക്ലീനിംഗ് ആരംഭിക്കാനായില്ല, പ്രവർത്തന ചെലവ് ലക്ഷങ്ങൾ**

നഗരസഭയെ ശുചിത്വത്തിന്റെ കാര്യത്തിൽ ഒ.ഡി.എഫ് + ശ്രേണിയിൽ നിന്ന് വാട്ടർ + ശ്രേണിയിലേക്ക് ഉയർത്തുക എന്ന ലക്ഷ്യത്തോടെ ഗാർഹിക വാണിജ്യവ്യവസായ സ്ഥാപനങ്ങളിലെ ശൌചാലയ മാലിന്യ സംസ്കരണാർത്ഥം ഒരു സഞ്ചരിക്കുന്ന ശൌചാലയ മാലിന്യസംസ്കരണ യൂണിറ്റ് എം.എഫ്.എസ്.റ്റി.പി (Mobile Feacal Sludge Treatment Plant), വാങ്ങുന്നതിന് 2024-25 ൽ പ്രോജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങി. പദ്ധതിക്കായി ടെണ്ടർ ക്ഷണിക്കുകയും പ്ലാന്റിന്റെ വിതരണത്തിനും തുടർ നടത്തിപ്പിനുമായി കുറഞ്ഞ തുക ക്വാട്ട്

ചെയ്ത ഭൗമ എൻവിയോടെക് (പ്രൈ) ലിമിറ്റഡ്, തിരുവനന്തപുരം എന്ന സ്ഥാപനത്തെ തെരഞ്ഞെടുക്കുകയുമുണ്ടായി. 24.03.2025 ൽ സെക്രട്ടറി പ്രസ്തുത സ്ഥാപനവുമായി കരാറിലെത്തുകയും മൊബൈൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് യൂണിറ്റിന്റെ വാഹനവും യന്ത്ര സംവിധാനവും അടക്കമുള്ള വിലയായ 46,48,610/- രൂപയുടെ അറുപത് ശതമാനം 27,89,000/- രൂപ മുൻകൂറായി നൽകാമെന്ന് കരാറിൽ വ്യവസ്ഥയും ചെയ്തു. ഈ തുക 27.3.2025 ൽ പ്രസ്തുത സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

നഗരസഭക്ക് മൊബൈൽ ട്രീറ്റ്മെന്റ് യൂണിറ്റ് (എം.റ്റി.യു) 2025 മെയ് മാസത്തിൽ ലഭിക്കുകയും പ്രസ്തുത വാഹനം നഗരസഭ സെക്രട്ടറിയുടെ പേരിൽ രജിസ്ട്രേഷനും നടത്തി . തുടർന്ന് 2025-26 ലെ പ്രോജക്ട് പ്രകാരം ശേഷിച്ച തുക 18,59,610/- രൂപ സ്ഥാപനത്തിന് നൽകുകയും പ്ലാന്റിന്റെ നടത്തിപ്പിനായി വീണ്ടും ഭൗമ എൻവിയോടെക് (പ്രൈ) ലിമിറ്റഡുമായി കരാറിലേർപ്പെടുകയും ചെയ്തു. 28.7.25-ൽ തയ്യാറാക്കിയ കരാർ വ്യവസ്ഥ പ്രകാരം തുടർന്നുള്ള ഏഴുമാസത്തെ (28.2.2026 വരെയുള്ള) നടത്തിപ്പ് ചുമതലയാണ് പ്രസ്തുത സ്ഥാപനത്തെ ഏൽപ്പിച്ചിട്ടുള്ളത്. പ്രതിമാസം 1.65 ലക്ഷം രൂപ നഗരസഭ സ്ഥാപനത്തിന് കൈമാറണമെന്നും സ്ഥാപനം അതിന്റെ ടെക്നീഷ്യൻമാരെ ഉപയോഗിച്ച് യൂണിറ്റ് പ്രവർത്തിപ്പിക്കണമെന്നും പ്രവർത്തന ഫീസ് നഗരസഭക്ക് നിശ്ചയിച്ച് ഈടാക്കാമെന്നുമാണ് കരാർ വ്യവസ്ഥ. കരാർ വച്ച് ആറ് മാസം കഴിഞ്ഞിട്ടും മാലിന്യസംസ്കരണം നടന്നിട്ടില്ല. ഇതിന്റെ കരാർ, പ്രവർത്തനം എന്നിവയിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

എ) കരാറിൽ രണ്ടാംകക്ഷിയായ ഭൗമ എൻവിയോടെക് (പ്രൈ) ലിമിറ്റഡിന്റെ ഉത്തരവാദിത്വത്തിൽ, പ്രതിമാസം 10000/- രൂപ വരെയുള്ള ഇന്ധന ചെലവ് ഭൗമ എൻവിയോടെക് (പ്രൈ) ലിമിറ്റഡ് വഹിക്കുമെന്നും അതിലധികമായാൽ അധികമായ തുക നഗരസഭ വഹിക്കണമെന്നും രേഖപ്പെടുത്തിയിട്ടുണ്ട് എന്നാൽ തുടർന്ന് വരുന്ന മറ്റ് നിബന്ധനകൾ എന്ന ഭാഗത്ത് പ്രതിമാസം 1000 കി.മി വരെയുള്ള വാഹനത്തിന്റെ ഇന്ധനച്ചെലവ് സ്ഥാപനം വഹിക്കുമെന്ന് പറയുന്നു. നിബന്ധനകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ബി) ഇതിന്റെ പ്രവർത്തനം സംബന്ധിച്ച് സേവന നിരക്ക് ഉൾപ്പെടെ നിജപ്പെടുത്തി നഗരസഭ ബൈലോ പാസാക്കിയിട്ടുണ്ടെങ്കിലും അതിൽ, എം.റ്റി.യു. ന്റെ പ്രവർത്തന ചാർജ്ജ് നിജപ്പെടുത്തിയിട്ടില്ല. അതിനാൽ തന്നെ

നഗരസഭയ്ക്ക് ചാർജ്ജ് ഈടാക്കാൻ കഴിയുകയില്ല.

സി) ഭൌമ എൻവിയോടെക് (പ്രൈ) ലിമിറ്റഡിന്റെ കോൾ സെന്ററുമായി ബന്ധപ്പെട്ടതിൽ സേവന ഉപഭോക്താക്കൾ പ്രസ്തുത സ്ഥാപനത്തെ സമീപിക്കുന്ന മുറയ്ക്ക് അവരുടെ ടെക്നീഷ്യൻസ് ഒരു പ്രാഥമിക പരിശോധന നടത്തി എം.റ്റി.യു ഉപയോഗിച്ചുള്ള ക്ലീനിംഗിന്റെ സാധ്യത ഉറപ്പുവരുത്തിയശേഷം സേവനചാർജ്ജ് നിശ്ചയിച്ച് അറിയിക്കുന്നതരത്തിലാണ് ഇതിന്റെ ക്രമീകരണം എന്നാണ് അറിയാൻ സാധിച്ചത്. കരാറിൽ വ്യവസ്ഥ ചെയ്തതനുസരിച്ച് നഗരസഭ ഒരു ഹെൽപ്പ് ഡസ്ക് തുറന്ന് അതുവഴി പൊതുജനങ്ങളിൽനിന്ന് അന്വേഷണങ്ങൾ (എൻക്വയറി) സ്വീകരിച്ച് ഭൌമ എൻവിയോടെക് (പ്രൈ) ലിമിറ്റഡുമായി ആശയ വിനിമയം നടത്തി സേവനം ലഭ്യമാക്കുകയാണ് വേണ്ടത്. നിലവിലെ സംവിധാനത്തിൽ നഗരസഭയറിയാതെ ഭൌമ എൻവിയോടെക് (പ്രൈ) ലിമിറ്റഡ് തന്നെ സേവനം ലഭ്യമാക്കി പണം സ്വീകരിക്കുന്ന അവസ്ഥ സംജാതമാകും.

ഡി) പ്രതിദിനം എം.റ്റി.യു ന്റെ ബാക്ക് വാഷിംഗിനായി നഗരസഭ 1500 ലിറ്റർ ജലം ലഭ്യമാക്കണമെന്ന വ്യവസ്ഥ കരാറിലുണ്ട്. എന്നാൽ ഇതിനുള്ള ക്രമീകരണങ്ങൾ നഗരസഭ ചെയ്തതായി കാണുന്നില്ല.

ഇ) പ്രതിമാസം 1000 കി.മീറ്ററിൽ കൂടിയ യാത്രക്ക് ഇന്ധനച്ചെലവ് നഗരസഭ വഹിക്കണമെന്ന വ്യവസ്ഥ കരാറിലുണ്ടെങ്കിലും ഇതുവരെ വാഹനത്തിൽ ലോഗ് ബുക്ക് ഏർപ്പെടുത്തിയിട്ടില്ല. ടെക്നീഷ്യൻമാരുമായി സംവദിച്ചതിൽ ഭൌമ എൻവിയോടെക് (പ്രൈ.) ലിമിറ്റഡിന്റെ കോൾ സെന്ററിൽ നിന്ന് നിർദ്ദേശം ലഭിക്കുന്നമുറയ്ക്ക് സേവന അന്വേഷകരുടെ കെട്ടിടത്തിലെത്തി പ്രാഥമിക പരിശോധന നടത്തി സാദ്ധ്യത വിലയിരുത്തി ബന്ധപ്പെട്ട കക്ഷികളേയും ഭൌമ എൻവിയോടെക് (പ്രൈ) ലിമിറ്റഡിനേയും അറിയിക്കുന്നതൊഴിച്ചാൽ ക്ലീനിംഗ് ഇതുവരെ ആരംഭിച്ചിട്ടില്ല എന്നാണ് വ്യക്തമായത്. നിലവിൽ എം.റ്റി.യു ന്റെ പ്രവർത്തനം, വാഹനത്തിന്റെ സഞ്ചാരം എന്നിവ നഗരസഭ മോണിറ്റർ ചെയ്യുന്നതായി കാണുന്നില്ല.

എഫ്) കരാർ പ്രകാരം 28.02.2026 വരെയുള്ള ഏഴ് മാസത്തേക്ക് പ്രവർത്തന ചാർജ്ജിനത്തിൽ 11.55 ലക്ഷം രൂപയും അതിന്റെ ചരക്ക് സേവന നികുതിയും ഭൌമ എൻവിയോടെക് (പ്രൈ) ലിമിറ്റഡിന് നഗരസഭ നൽകേണ്ടതുണ്ട്. എന്നാൽ ഇതിന്റെ പ്രവർത്തനം വഴി ഒരു രൂപ പോലും നഗരസഭക്ക് വരുമാനം ലഭിച്ചിട്ടില്ല.

ജി) ആദ്യവർഷം പ്രതിമാസം 1.75 ലക്ഷം രൂപയും ജി.എസ്.റ്റിയുമാണ് പ്രവർത്തന ചാർജ്ജ് ആയി ടെണ്ടറിൽ രേഖപ്പെടുത്തിയിരുന്നത്. കൂടാതെ പ്രതിവർഷം പത്ത് ശതമാനം വർദ്ധനവും ടെണ്ടറിൽ ക്വാട്ട് ചെയ്തിരുന്നു. എന്നാൽ ഉഭയകക്ഷി ചർച്ചവഴി ആദ്യവർഷത്തെ ചാർജ്ജ് 1.7 ലക്ഷമായി കുറയ്ക്കുകയും തുടർന്ന് കരാറിൽ ആദ്യ ഏഴ് മാസത്തെ ചാർജ്ജ് 1.65 ലക്ഷമായി നിജപ്പെടുത്തുകയും ചെയ്തുവെങ്കിലും ടെണ്ടറിൽ നിന്ന് വിഭിന്നമായി പ്രതിവർഷ വർദ്ധനവ് 15 ശതമാനമായാണ് കരാറിൽ രേഖപ്പെടുത്തിയത്. ഇതുമൂലം, പ്രതിമാസം 10000 രൂപയുടെ ഇന്ധനച്ചെലവ് സ്ഥാപനം വഹിക്കാമെന്ന് വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുപോലും നെഗോഷിയേഷന്റെ പ്രയോജനം നഗരസഭക്ക് ലഭിച്ചതായി കാണുന്നില്ല. ഭാവിയിൽ ഉണ്ടാകാനിടയുള്ള വേതനവർദ്ധനവ് നഗരസഭയെ ബാധിക്കാതിരിക്കാനാണ് ഇത് ഉൾപ്പെടുത്തിയത് എന്നാണ് ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (4/24.1.26) സെക്രട്ടറി വ്യക്തമാക്കിയത്. എന്നാൽ ടെണ്ടർ സമയത്തെ പ്രാഥമിക കരാറിൽ ടെക്നീഷൻസ്, ഡ്രൈവർ മുതലായവരുടെ വേതനം ഭൌമ എൻവിയോടെക് വഹിക്കുമെന്നാണ് രേഖപ്പെടുത്തിയത്. അതിൽ നിന്നും വേതനവർദ്ധനവ് വഴിയുള്ള അധിക ബാദ്ധ്യത നഗരസഭയെ ബാധിക്കുമായിരുന്നില്ല എന്നത് വ്യക്തമാണ്.

എച്ച്) 60 ശതമാനമെങ്കിലും വെള്ളമുൾക്കൊള്ളുന്ന സെപ്റ്റിക് ടാങ്കുകളിൽ മാത്രമേ എം.റ്റി.യു വഴിയുള്ള ക്ലീനിംഗ് സാധ്യമാകൂ എന്നും റിംഗ് ടാങ്കുകൾ, ഇരട്ടക്കുഴി ടാങ്കുകൾ, സ്ലഡ്ജ് മാത്രം നിറഞ്ഞ ടാങ്കുകൾ, കല്ല് കെട്ടിയ ടാങ്കുകൾ മുതലായവയിൽ ഇത് ഉപയോഗിച്ച് ക്ലീനിംഗ് സാദ്ധ്യമല്ല എന്നും ബൈലോയിൽ തന്നെ വ്യക്തമാക്കുന്നു. എന്ന് മാത്രമല്ല ബൈലോ ഖണ്ഡിക മൂന്നിൽ പകർച്ച വ്യാധികൾ തടയാൻ "എല്ലാ സെപ്റ്റിക് ടാങ്കുകളുടേയും എം.റ്റി.യു ഉപയോഗിച്ചുള്ള ഡിസ്ലഡ്ജിംഗിന് നഗരസഭ നിർദ്ദേശം നൽകുന്നു" എന്ന ഭാഗത്തിന്റെ അന്തസത്ത തന്നെ ചോർത്തിക്കളയുന്നതാണ് ഈ പരിമിതികൾ.

അപാകങ്ങൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (4/24.1.26) ഇന്ധന വ്യവസ്ഥകളിലെ വൈരുദ്ധ്യം പരിഹരിക്കുമെന്നും നിരക്കുകൾ കൌൺസിൽ താമസംവിനാ നിശ്ചയിക്കുമെന്നും വാഹനത്തിന്റെ ജി.പി.എസ് വിവരങ്ങൾ പരിശോധിക്കാൻ സംവിധാനമൊരുക്കുമെന്നും അശാസ്ത്രീയ സെപ്റ്റിക് ടാങ്കുകൾ മാറ്റി ശരിയായവ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കി.

2026 ജനുവരി 31 വരെയുള്ള കാലയളവിനുള്ളിൽ 46,48,610 രൂപ ചെലവഴിക്കുകയും 9.9ലക്ഷം രൂപയും അതിന്റെ ജി.എസ്.റ്റിയും ചേർന്ന തുക (ഏകദേശം 11.088 ലക്ഷം) പ്രവർത്തനചാർജ്ജിനത്തിൽ ബാദ്ധ്യത വരുത്തുകയും ചെയ്ത ഈ സംവിധാനത്തിൽ നിന്ന് ഒരു വരുമാനവും നഗരസഭക്ക് ലഭിച്ചിട്ടില്ലെന്ന് മാത്രമല്ല ക്ലീനിംഗ് ആരംഭിക്കാതിരിക്കുക വഴി പൊതുജനങ്ങൾക്കും ഈ സംവിധാനം വഴി പ്രയോജനം ലഭിക്കുന്നില്ല. അടിയന്തിരമായി സേവന നിരക്കുകൾ അംഗീകരിച്ചും ഹെൽപ്പ് ഡസ്ക് ആരംഭിച്ചും പ്രോജക്ടിന്റെ പ്രയോജനം പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിനും നഗരസഭക്ക് വരുമാനം നേടിയെടുക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. വാഹനത്തിന് ലോഗ്ബുക്ക് ഏർപ്പെടുത്തുകയും അതിന്റെ പരിശോധന കൃത്യമായി നടത്തുകയും ചെയ്യേണ്ടത് അനിവാര്യമാണ്. ശാസ്ത്രീയമായ രീതിയിൽ 100 ശതമാനം ശൌചാലയ മാലിന്യവും സംസ്കരിക്കുന്നതിനാവശ്യമായ സംവിധാനവും ഒരുക്കേണ്ടതുണ്ട്. മാലിന്യ സംസ്ക്കരണം യാഥാർത്ഥ്യമാകാത്ത സാഹചര്യത്തിൽ 27,89,000/- രൂപ യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**<u>അനുബന്ധ വിവരങ്ങൾ</u>**

പ്രോജക്ട് നം S0581/25, മൊബൈൽ എഫ്.എസ്.റ്റി.പി വാങ്ങൽ (Faecal Sludge Treatment Plant)

അടങ്കൽ - 50ലക്ഷം രൂപ സി.എഫ്.സി ഗ്രാന്റ്

ചെലവ് - 2789000 രൂപ

സാങ്ഷൻ ഓഡർ നം. 846/27.3.25

ഫയൽ നം. പി399/25

| | |
|---|---|
|  |  |
| സഞ്ചരിക്കുന്ന ശൌചാലയമാലിന്യസംസ്കരണ യൂണിറ്റ് എം.എഫ്.എസ്.റ്റി.പി ( Mobile Feacal Sludge Treatment Plant) | |

**1-21 എസ്.പി.സി കൾക്ക് ബാന്റ് സെറ്റ് – ഇൻവോയിസിൽ രേഖപ്പെടുത്തിയ സാധനങ്ങൾ സ്റ്റോക്കിലില്ല.അഭ്യസിപ്പിക്കാനാളില്ലാതെ ഉപകരണങ്ങൾ നശിക്കുന്നു**

പ്രോജക്ടിന്റെ പേര് – ഹൈസ്കൂളിൽ എസ്.പി.സികൾക്ക് ബാന്റ് സെറ്റ് വാങ്ങൽ (S0166/25)

അടങ്കൽ തുക – 299539/- (റോഡിതര സംരക്ഷണ ഗ്രാന്റ് )

ചെലവ് തുക – 299539/-

ചെലവ് വിവരം

വൌച്ചർ നം – 1062036/19.12.24 – 214763രൂപ

വൌച്ചർ നം – 1062046/19.12.24 - 32626 രൂപ

വൌച്ചർ നം – 1062040/19.12.24 – 32400 രൂപ

വൌച്ചർ നം – 1062048/19.12.25 – 19750 രൂപ

പ്രിൻസിപ്പൽ നിർവ്വഹണം നടത്തിയ മേൽ പ്രോജക്ട് മുഖേന വാങ്ങിയ ഉപകരണങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ ബിൽ നം/<br>തീയതി | വാങ്ങിയ സാധനങ്ങൾ |
|---|---|
| ACS/12662/23-24; 18.12.24 | ബാന്റ് സെറ്റ് കിറ്റ് 26 എണ്ണം |
| ACS/12663/23-24; 17.12.24 | 24 ഇഞ്ച് ബ്രാസ് ഡ്രം 15 എണ്ണം |

| | |
|---|---|
| | |
| ACS/12661/23-24;<br>17.12.24 | ബ്രാസ് യൂഫോണിയം<br>മാർച്ചിംഗ് 4 എണ്ണം |
| ACS/12664/23-24;<br>17.12.24 | ബ്രാസ് ബാന്റ് 5 എണ്ണം |

വിതരണ രജിസ്റ്റർ പ്രകാരം 13 ബാന്റ് സെറ്റ് കിറ്റ്, 2 യൂഫോണിയം, 3 ട്രംപറ്റ് എന്നിവ ഗവ.ബോയ്സ് ഹൈസ്കൂളിന് നിർവ്വഹണോദ്യോഗസ്ഥൻ കൈമാറിയിയതായും 13 ബാന്റ് സെറ്റ് കിറ്റ്, 2 യൂഫോണിയം, 2 ട്രംപറ്റ് എന്നിവ കായംകുളം ബോയ്സ് ഹയർ സെക്കന്ററി സ്കൂളിൽ സൂക്ഷിച്ചിരിക്കുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്. പ്രോജക്ട് പ്രകാരം വാങ്ങിയ 2 ബ്രാസ് യൂഫോണിയം മാർച്ചിംഗ്, 3 ട്രംപെറ്റ് എന്നിവ ഗവ.ഗേൾസ് ഹൈസ്കൂളിന് നൽകി. 10.2.2026 ൽ പ്രസ്തുത സ്കൂളുകളിൽ നേരിട്ടെത്തി പരിശോധിച്ചതിൽ ഭൂരിഭാഗം ഉപകരണങ്ങളും സ്റ്റോക്കിലില്ല. എന്നാൽ ഗവ.ഗേൾസ് ഹൈസ്കൂളിൽ നിലവിൽ 5 യൂഫോണിയം, 7 ഡ്രംപെറ്റ് , 2 വലിയ സ്റ്റീൽ ഡ്രം എന്നിവ കണ്ടെത്തുകയും ചെയ്തു. പഴയ ഉപകരണങ്ങളും സ്കൂളിൽ ഉണ്ടായിരുന്നു എന്ന് ബോദ്ധ്യമായെങ്കിലും (എച്ച്. എം ന്റെ കൂടി സാന്നിദ്ധ്യത്തിൽ പരിശോധിച്ചാണ് പഴയ ഉപകരണങ്ങൾ തിരിച്ചറിഞ്ഞത്) അവയുടെയും സ്റ്റോക്ക് വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല . പഴയ ഉപകരണങ്ങൾ ഏതൊക്കെയാണെന്ന് പ്രത്യേകം ചോദിച്ചറിഞ്ഞും ഗവ.ഗേൾസ് ഹൈസ്കൂൾ എച്ച് എം. എന്നിവരുമായി സംവദിച്ചതിൽ നിന്നും മേൽ സൂചിപ്പിച്ച സ്റ്റോക്കിലുള്ള ഉപകരണങ്ങൾ മാത്രമാണ് 2024-25 വർഷം സപ്ലൈ ചെയ്യപ്പെട്ടത് എന്ന് വ്യക്തമായിട്ടുണ്ട്. മേൽപ്പറഞ്ഞ ഇൻവോയ്സ് പ്രകാരം വാങ്ങിയതും നിലവിൽ സ്റ്റോക്കിലുള്ളതുമായ ഉപകരണങ്ങൾ, ഉപകരണങ്ങളുടെ കുറവ് മൂലം ഉണ്ടായ നഷ്ടം എന്നിവയുടെ വിവരം ചുവടെ ചേർക്കുന്നു. പ്രോഡക്ടുകൾ സപ്ലൈ ചെയ്തതിന്റെ ഇ-വേ ബിൽ നമ്പർ ഇൻവോയ്സിൽ ചേർത്തിട്ടില്ല.

| ഉപകരണങ്ങൾ ( ഇനം) | ഇൻവോയിസ് പ്രകാരം എണ്ണം | നിലവിൽ സ്റ്റോക്കിലുള്ള എണ്ണം (GGHS + GBHSS) | കുറവ് (എണ്ണം) | ആകെ വില , നികുതി ഉൾപ്പടെ (രൂപ) | യൂണിറ്റ് വില, നികുതി ഉൾപ്പടെ (രൂപ) | കുറവ് വന്ന ഉപകരണങ്ങളുടെ വില / നഗരസഭ ഫണ്ടിന്റെ നഷ്ടം (യൂണിറ്റ് വില X കുറവ്) (രൂപ) |
|---|---|---|---|---|---|---|
| ബാന്റ് സെറ്റ് കിറ്റ് | 26 | 4 (2+2) | 22 | 214763 | 8260.11 | 181722 |
| 24" ബ്രാസ് ഡ്രം | 15 | 4 (2+2) | 11 | 32626 | 2175.1 | 23926 |
| ബ്രാസ് യൂഫോണിയം മാർച്ചിംഗ് | 4 | 4 (2+2) | 0 | 32400 | 0 | 0 |
| ബ്രാസ് ബാന്റ് ഡ്രംപെറ്റ് | 5 | 4 (3+1) | 1 | 19750 | 3950 | 3950 |
| നഷ്ടമായ ഉപകരണങ്ങളുടെ വില/നഗരസഭ ഫണ്ടിനുണ്ടായ ആകെ നഷ്ടം | | | | | | 209598 |

(ബാന്റ് സെറ്റ് കിറ്റ് എന്നത് ഡ്രം സെററ്(2ചെറിയഡ്രം), സൈഡ് ഡ്രം, ബ്യൂഗിൾ, സിംബൽ, ട്രൈയാൻഗിൾ എന്നിവ ചേർന്നതാണ് എന്ന് ഇൻവോയിസിൽ വ്യക്തമാക്കിയിട്ടുണ്ട്).

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (21/29.1.26, 62/10.2.26) ഇതിന്റെ വിതരണക്കാരായ ആൻട്ടികോമിന് കത്ത് നൽകി എന്ന മറുപടിയാണ് ലഭ്യമായത്. ഉപകരണങ്ങളുടെ വിതരണം കൃത്യമായി പരിശോധിച്ച് ബോധ്യപ്പെട്ട് അവ സ്റ്റോക്കിലെടുത്ത് സുരക്ഷിതമായി സൂക്ഷിക്കാതിരുന്നത് നിമിത്തം ആകെ

209598 രൂപയുടെ നഷ്ടം സംഭവിച്ചു. ഈ തുക ഉപകരണങ്ങൾ വാങ്ങിയ നിർവ്വഹണോദ്യോഗസ്ഥനായ പ്രിൻസിപ്പലിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

**<u>വാങ്ങൽ നടപടികളിലെ പ്രശ്നങ്ങൾ</u>**

ബാന്റ് സെറ്റ് അടക്കമുള്ള ഘോഷവാദ്യ ഉപകരണങ്ങൾ ജെം പോർട്ടൽ വഴി വാങ്ങും മുൻപ് കൃത്യമായ ആവശ്യകതാനിർണ്ണയം നടത്തിയില്ല. ഗവ. ഗേൾസ് ഹൈസ്കൂളിൽ മുൻപ് തന്നെ വാങ്ങിയ യുഫോണിയം മൂന്നെണ്ണം ഉപയോഗിക്കാതെ ഇരിക്കുമ്പോഴാണ് വീണ്ടും ഇവ വാങ്ങി നൽകിയത്. ഉപകരണങ്ങളുടെ ക്വാളിറ്റിയും വിദഗ്ധരാൽ പരിശോധിപ്പിക്കപ്പെട്ടില്ല. എന്നാൽ ജെം പോർട്ടൽ വഴിയുള്ള എഗ്രിമെന്റിൽ ബ്രാന്റ് ലോഗോ ഉണ്ടെന്നും സാമ്പിൾ പരിശോധിച്ചിട്ടുണ്ടെന്നും രേഖപ്പെടുത്തിയിട്ടുണ്ട്.

**<u>ഉപകരണങ്ങൾ ഉപയോഗപ്പെടുത്തുന്നില്ല.</u>**

മേൽപ്പറഞ്ഞ ഉപകരണങ്ങളിൽ വലിയ ഡ്രം ഒഴികെ ഒരു ഉപകരണങ്ങളും ഉപയോഗിച്ചിട്ടില്ല. നേരിൽ പരിശോധിച്ചതിൽ ഇവ ഗവ.ഗേൾസ് ഹൈസ്കൂളിലെ ബയോളജി ലാബിലും ഗവ.ബോയിസ് ഹയർ സെക്കന്ററി സ്കൂളിലെ സ്റ്റോറിലുമായി സൂക്ഷിച്ചിരിക്കുന്നു. 10.2.26 ൽ ബന്ധപ്പെട്ട സ്കൂൾ ഹെഡ്മിസ്ട്രസ്/പ്രിൻസിപ്പലിന്റെ സാന്നിദ്ധ്യത്തിൽ നേരിട്ട് പരിശോധിച്ച് മഹസർ തയ്യാറാക്കിയിട്ടുണ്ട് . ഗവ.ബോയിസ് ഹയർ സെക്കന്ററി സ്കൂളിൽ ഉള്ള ഡ്രം, ഡ്രംപറ്റ് എന്നിവ എസ്.പി.സി പാസിംഗ് ഔട്ട് സെറിമണിക്ക് നൽകിയിരുന്നില്ല എന്നും പകരം ഗേൾസ് സ്കൂളിൽ നിന്ന് വാങ്ങി ഉപയോഗിക്കുന്നതായും പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഗവ.ബോയിസ് ഹയർ സെക്കന്ററി സ്കൂളിലെ ഒരു ഡ്രം ഒഴികെ നിലവിലുള്ള 2 ബാന്റ് സെറ്റ് കിറ്റുകൾ, 2 യുഫോണിയം, ഒരു 24" ഡ്രം, ഒരു ഡ്രംപറ്റ് എന്നിവ ഇതുവരെ ഉപയോഗിച്ചിട്ടില്ല. ഗവ.ഗേൾസ് ഹൈസ്കൂളിലെ യുഫോണിയം, ബ്യൂഗിൾ, എന്നിവയും ഇതുവരെ ഉപയോഗപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് അന്വേഷിച്ചതിൽ പ്രസ്തുത രണ്ട് സ്കൂളുകളിലും ബാന്റ് അഭ്യസിപ്പിക്കാനറിയുന്ന അദ്ധ്യാപകരും എസ്.പി.സി പരിശീലകരിൽ ബാന്റ് അറിയുന്നവരില്ലാത്തതിനാലും ഇതുവരെ ഉപകരണങ്ങൾ ഉപയോഗപ്പെടുത്തിയിട്ടില്ലായെന്ന് നിർവ്വഹണോദ്യോഗസ്ഥൻ വ്യക്തമാക്കി. അനുയോജ്യരായ പരിശീലകരില്ലെന്ന് നിർവ്വഹണോദ്യോഗസ്ഥന് തന്നെ ഉത്തമ ബോദ്ധ്യമുണ്ടായിരിക്കെ ഇത്തരത്തിൽ ഒരു പ്രോജക്ട് നടപ്പാക്കിയത് പദ്ധതിപ്പണം ചെലവഴിക്കാൻ

ഒരു മാർഗ്ഗം എന്ന നിലക്ക് മാത്രമാണ്. ഇത് കൂടാതെ ഇതേ കോമ്പൌണ്ടിൽ തന്നെയുള്ള ഗവ.ബോയ്സ് ഹൈസ്കൂളിലേക്ക് 2025-26 വർഷവും ഒരു ബ്യൂഗിൾ, ഒരു സൈഡ് ഡ്രം, രണ്ട് ചെറിയ ഡ്രം, ഒരു 24" ഡ്രം , ഒരു യൂഫോണിയം മാർച്ചിംഗ്, ഒരു ഡ്രംപറ്റ് എന്നിവ നൽകിയതും പ്രസ്തുത സ്കൂളിൽ ആയവ ഉപയോഗിക്കാതിരിക്കുന്നതും പരിശോധനയിൽ ബോദ്ധ്യമായി. അവിടെയും ഇത് അഭ്യസിപ്പിക്കാനറിയുന്ന അദ്ധ്യാപകരില്ല. ഒരു വർഷം വാങ്ങിയ ഉപകരണങ്ങൾ ഉപയോഗിക്കാതിരിക്കെ തുടർന്നുള്ള വർഷങ്ങളിൽ വീണ്ടും ഇത്തരം പ്രേജക്ടുകൾ നടപ്പാക്കുന്നതിന്റെ ഉദ്ദേശശുദ്ധി വ്യക്തമാകുന്നില്ല.

ആവശ്യകത നിർണ്ണയിക്കാതെ വാങ്ങുകയും വാങ്ങിയസാധനങ്ങൾ പൂർണ്ണമായി കൈപ്പറ്റാതെ മുഴുവൻ തുകയും നൽകുകയും അഭ്യസിപ്പിക്കുന്നതിന് അദ്ധ്യാപകരില്ലാത്തതിനാൽ ഉപകരണങ്ങൾ ഉപയോഗിക്കാൻ കഴിയാതെയുള്ള ഈ വാങ്ങലിന് തുക ചെലവഴിച്ചത് ക്രമപ്രകാരമല്ല. ഈ ഉപകരണങ്ങൾ പൂർണ്ണമായും പ്രയോജനപ്രദമാക്കാൻ കഴിയാത്ത പക്ഷം അവയുടെ വില നിശ്ചയിച്ച് നിർവ്വഹണോദ്യോഗസ്ഥനായ പ്രിൻസിപ്പലിൽ നിന്ന് പൂർണ്ണമായി തിരികെ ഈടാക്കേണ്ടതാണ്. അതുവരെ വ്യക്തമായ നഷ്ടമായി മുകളിൽ നിജപ്പെടുത്തിയ 209598 രൂപ കഴിച്ച് ശേഷിച്ച 89,941 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. നിർവ്വഹണോദ്യോഗസ്ഥനെന്ന നിലയിൽ നഗരസഭ ഫണ്ടിന് നഷ്ടം വരുത്തിയ പ്രിൻസിപ്പലിനെതിരെ ആവശ്യമായ വകുപ്പ് തല നടപടികൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പിനെ (ഹയർ സെക്കന്ററി വിഭാഗം) വിവരം അറിയിക്കേണ്ടതും ഇക്കാര്യത്തിൽ തുടരന്വേഷണത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. .

**1-22 ഹോമിയോ ആശുപത്രി ഗ്രില്ലിംഗ് & പെയിന്റിംഗ് - ഉപേക്ഷിച്ച കെട്ടിടത്തിൽ പുതിയ നിർമ്മാണം നടത്തിയതുമൂലം പാഴ്ചെലവ്.**

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | ഹോമിയോ ആശുപത്രി ഗ്രില്ലിംഗ് & പെയിന്റിംഗ് **(S0003/25)** |

| | |
|---|---|
| അടങ്കൽ | **₹5,00,000/-(**മെയിന്റനൻസ് ഗ്രാന്റ്- റോഡിതരം**)** |
| ചെലവ് | **₹3,03,100/-(**മെയിന്റനൻസ് ഗ്രാന്റ്- റോഡിതരം**)** |
| ബിൽ നം & തീയതി | TRN- 2407030000012196 Dtd 19-03-2025 ₹3,03,100/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ,കായംകുളം നഗരസഭ |

അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ട് പ്രകാരം ഗവ.ഹോമിയോ ആശുപത്രിയിലെ അറ്റകുറ്റപ്പണികൾക്കായി **2024-25** സാമ്പത്തിക വർഷം **₹3,03,100/-**രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

**01.**പ്രളയാനന്തരം തുടർച്ചയായി ഉണ്ടാകുന്ന വേലിയേറ്റവും മഴക്കാലത്തെ വെള്ളപ്പൊക്കം മൂലം ഹോമിയോ ആശുപത്രിക്കുള്ളിലും പരിസരത്തും വെള്ളം കെട്ടിക്കിടക്കുന്നത് പതിവായതിനാൽ ആശുപത്രി കെട്ടിടത്തിൽ സുരക്ഷിതമായി രോഗികളെ പരിശോധിക്കാനോ മരുന്ന് സൂക്ഷിക്കാനോ സാധിക്കാത്ത സാഹചര്യമുണ്ടായതിനാൽ **2023-24** വാർഷിക പദ്ധതിയിൽ ആശുപത്രിയിലെ ഒ. പി കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്കായി **10** ലക്ഷം രൂപ വകയിരുത്തുകയും പണികൾ പൂർത്തിയാകും വരെ ഒ.പി വിഭാഗം പ്രവർത്തനം പൂർണ്ണമായും **02.07.2024** മുതൽ വാടക കെട്ടിടത്തിലേക്ക് മാറ്റുകയും ചെയ്തിട്ടുള്ളതാണ്.

അതിനുശേഷം വേനൽക്കാലത്തുപോലും വേലിയേറ്റസമയത്ത് വെള്ളക്കെട്ട് ഉണ്ടാകുന്ന സാഹചര്യത്തിൽ ഇൻപേഷ്യന്റ് വിഭാഗം പ്രവർത്തനവും പൂർണ്ണമായി വാടക കെട്ടിടത്തിലേക്ക് മാറ്റി പ്രവർത്തിപ്പിക്കേണ്ടി വന്നിട്ടുണ്ട്. ആശുപത്രികെട്ടിടം നിലവിലും ഉപയോഗ യോഗ്യമല്ലാത്ത സ്ഥിതിയിലാണ്.

2)കൊല്ലം TKM എഞ്ചിനീയറിംഗ് കോളേജിന്റെ സ്ട്രക്ചറൽ കൺസൾട്ടൻസി വിഭാഗം ആശുപത്രികെട്ടിടം പരിശോധിച്ച് നൽകിയ CIVIL/COR/11/02/2025 തീയതി 24/02/2025 നമ്പർ പഠന റിപ്പോർട്ട് പ്രകാരം ആശുപത്രിയിലെ നിലവിലെ ഐ.പി, ഒ.പി. വിഭാഗം കെട്ടിടങ്ങൾ തുടർനിർമ്മാണങ്ങൾക്കും അറ്റകുറ്റപ്പണികൾക്കും യോഗ്യമല്ലായെന്ന് അറിയിച്ചിരുന്നു. കൂടാതെ നിലവിലെ കെട്ടിടങ്ങൾ അതിനായി വിഭാവനം ചെയ്തിരിക്കുന്ന സേവനങ്ങൾ നല്കാൻ പര്യാപ്തമല്ല എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) ആശുപത്രി കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലം സി.ആർ.ഇസെഡ് പരിധിയിൽ വരുന്നതിനാൽ നിർമ്മാണപ്രവർത്തനങ്ങൾക്ക് തീരദേശപരിപാലന അതോറിറ്റിയുടെ അംഗീകാരം പോലുള്ള നിബന്ധനകൾ പാലിക്കേണ്ടത് ആവശ്യമാണ് .കൂടാതെ പുതിയതായി കെട്ടിടം നിർമ്മിക്കുന്ന പക്ഷം പോലും അതിനുമുമ്പായി ആശുപത്രിയുടെ മുകളിലായി കുറുകെ കിടക്കുന്ന **11 KV** വൈദ്യുത കമ്പികൾ മാറ്റി സ്ഥാപിക്കുക, കെട്ടിടങ്ങൾക്കിടയിലൂടെ പോകുന്ന ഓടമാറ്റി സ്ഥാപിക്കുക പോലെയുള്ള അനുബന്ധ പ്രവർത്തനങ്ങൾ വലിയ തുക ചെലവഴിച്ച് നടത്തേണ്ട സാഹചര്യമുണ്ട്.

ഈ സാഹചര്യങ്ങൾ നിലനിൽക്കുമ്പോഴാണ് ആശുപത്രി പ്രവർത്തനത്തിനായി യോഗ്യമല്ലാത്ത, തുടർനിർമ്മാണങ്ങൾക്കും അറ്റകുറ്റപ്പണികൾക്കും സാധ്യമല്ല എന്ന പഠന റിപ്പോർട്ട് ലഭിച്ച കെട്ടിടത്തിലെ തുടർനിർമ്മാണങ്ങൾക്കും അനുബന്ധപ്രവർത്തനങ്ങൾക്കും പ്രോജക്ട് ഏറ്റെടുത്ത് തുക ചെലവഴിച്ചിട്ടുള്ളത്. കെട്ടിടം പൂർണ്ണമായും ഉപേക്ഷിച്ച സാഹചര്യത്തിൽ പ്രോജക്ട് പ്രകാരമുള്ള നിർമ്മാണങ്ങൾ പാഴ്ചെലവായ സ്ഥിതിയുണ്ട്.

ഇക്കാര്യങ്ങളിലെ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം.46/06-02-26) മറുപടി നൽകിയിട്ടില്ല. മേൽ അപാകങ്ങളുടെ അടിസ്ഥാനത്തിൽ പ്രോജക്ട് പ്രകാരം ചെലവഴിച്ച **₹3,03,100/-**രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
|  |  |
| കെട്ടിടം ഉപേക്ഷിച്ചതുമൂലം പാഴ്ചെലവായിത്തീർന്ന ഹോമിയോആശുപത്രി നവീകരണ പ്രവർത്തികൾ | |

## 1-23 360 ഡിഗ്രി എൻ.സി.ഡി. കെയർ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങൽ - പ്രോജക്ട് തുക ചെലവഴിക്കാതെ എച്ച്.എം.സി ഫണ്ടിൽ സൂക്ഷിക്കുന്നു

മെഡിക്കൽ ഓഫീസർ (അലോപ്പതി) നിർവ്വഹണ ഉദ്യോഗസ്ഥനായി 2023-24 സാമ്പത്തിക വർഷം നടപ്പാക്കിയ **360 ഡിഗ്രി എൻ.സി.ഡി. കെയർ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങൽ** എന്ന പ്രോജക്ടിൽ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിലേക്ക് അനുവദിച്ച 20 ലക്ഷം രൂപയിൽ 1,09,750/- രൂപ പ്രഫോർമ നം.313/2023-24/20.03.2024 ന്റെ അടിസ്ഥാനത്തിൽ കെ.എം.എസ്.സി.എൽ. ൽ നിക്ഷേപിക്കുകയും ബാക്കി തുക സർക്കാർ നിർദ്ദേശപ്രകാരം എച്ച്.എം.സി ഫണ്ടിലേക്ക് മാറ്റി നിക്ഷേപിക്കുകയും ചെയ്തതായി അറിയിച്ചിരുന്നു. മേൽ പ്രോജക്ടിനായി വകയിരുത്തിയതും പേയ്മെന്റ് അഡ്വൈസ് നം.CO32484241273/29.03.24 പ്രകാരം പിൻവലിച്ചതുമായ 20 ലക്ഷം രൂപയിൽ എൻ.സി.ഡി. കെയർ മെഡിക്കൽ ഉപകരണം വാങ്ങുന്നതിനായി

മുൻകൂർ നൽകിയ ശേഷം ബാക്കി വന്ന **18,90,250/-രൂപ** എച്ച്.എം.സി. ഫണ്ടിലേക്ക് മാറ്റി സൂക്ഷിച്ചിക്കുകയാണ് (2023-24 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-51 കാണുക). 2024-25 സാമ്പത്തികവർഷം ഈ തുകയുടെ വിനിയോഗത്തിനായി തയ്യാറാക്കിയ പ്രോജക്ട് പ്രകാരം (പ്രോജക്ട് നം-S0526/25) തുകയൊന്നും ചെലവഴിച്ചിട്ടില്ല. കൂടാതെ നഗരസഭ സെക്രട്ടറി ഇതേ സാമ്പത്തിക വർഷം തന്നെ ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് 360 ഡിഗ്രി എൻ.സി.ഡി. കെയർ എന്ന പേരിൽ രണ്ട് പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. ഹെൽത്ത് ഗ്രാന്റിൽ നിന്നും തുക പിൻവലിച്ചിട്ട് രണ്ട് വർഷമായിട്ടും പ്രോജക്ട് നടപ്പിലാക്കാത്തത് സംബന്ധിച്ചും എച്ച്.എം.സി ഫണ്ടിൽ തുക അനന്തമായി സൂക്ഷിക്കുന്നത് സംബന്ധിച്ചും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-20/28-01-2026) മറുപടി നൽകിയിട്ടില്ല. പ്രോജക്ട് നടപ്പിലാക്കാൻ അനുവദിച്ച തുക ചെലവഴിക്കാതെ എച്ച്.എം.സി അക്കൌണ്ടിൽ സൂക്ഷിക്കുന്നത് സംബന്ധിച്ച് വിശദമായി പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനായി വിഷയം ബഹു.നഗരസഭ കൌൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-24 ഗവ ആയുർവേദ ആശുപത്രിയുടെ സ്ട്രക്ച്ചറൽ സ്റ്റെബിലിറ്റി ഇല്ലാത്ത കെട്ടിടത്തിൽ തുടർനിർമ്മാണങ്ങൾ

| | |
|---|---|
| പ്രോജക്ട് നമ്പർ/ പേര് | ആയുർവേദ ആശുപത്രി മെയിന്റനൻസ് **(S0344/25)** |
| അടങ്കൽ | ₹25,00,000/-(മെയിന്റനൻസ് ഗ്രാന്റ്- റോഡിതരം) |
| ചെലവ് | ₹531806/-(മെയിന്റനൻസ് ഗ്രാന്റ്- റോഡിതരം) |
| ബിൽ നം & തീയതി | **TRN- 240703000000090072 Dtd 26.12-2024 ₹531806/-** |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ, കായംകുളം നഗരസഭ |

നഗരസഭയുടെ ഉടമസ്ഥതയിൽ രണ്ടാം വാർഡിൽ പ്രവർത്തിച്ചുവന്നിരുന്ന ഗവ .ആയുർവേദാശുപത്രി സ്ഥിതി ചെയ്തിരുന്ന സ്ഥലം നാഷണൽ ഹൈവേ വികസനത്തിന്റെ ഭാഗമായി ദേശീയപാത അതോറിറ്റി ഏറ്റെടുത്തതിനാൽ കെട്ടിടം ഭാഗികമായി പൊളിച്ചുമാറ്റേണ്ടി വന്നു. അറ്റകുറ്റപ്പണികൾക്കായി **2023-24** സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രവർത്തിക്കായി 20.02.2024 ൽ അനിമോൻ ,തുണ്ടയ്യത്ത് ,പുത്തൻമണ്ണേൽ എന്ന വ്യക്തിയുമായി കരാറിലേർപ്പെട്ട് കെട്ടിടം ഭാഗികമായി പൊളിച്ചുമാറ്റി കെട്ടിടത്തിന്റെ മുകളിൽ ബ്രിക്ക് വർക്ക് പൂർത്തീകരിക്കുകയുണ്ടായി. നാഷണൽഹൈവേ ഡിവൈഡിംഗുമായി ബന്ധപ്പെട്ട് ഓടനിർമ്മാണത്തിനായി താഴ്ന്ന എക്സ്കവേഷൻ നടത്തിയിട്ടുള്ളതിനാൽ ആശുപത്രി നിലനിൽക്കുന്ന ഗ്രൌണ്ടും ഹൈവേയും തമ്മിൽ ലെവൽ വ്യത്യാസം വന്നതിനാൽ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി റീടെയ്നിംഗ് വാൾ കെട്ടി പ്രൊട്ടക്ഷൻ നല്കേണ്ട സഹചര്യത്തിൽ അടങ്കൽ തുകയിൽ വ്യത്യാസം വരുത്താതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്തു. 2024-25 സാമ്പത്തികവർഷത്തിലാണ് ഈ മെയിന്റനൻസ് പ്രവർത്തികൾക്കായി അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ട് പ്രകാരം **₹531806/-**രൂപ ചെലവഴിച്ചിട്ടുള്ളത്. പ്രോജക്ട് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എസ്റ്റിമേറ്റ് പ്രകാരം രണ്ടാം നില ഷീറ്റ് റൂഫിഗ് ആണ് നിർദ്ദേശിച്ചിരുന്നതെങ്കിലും ആവശ്യമായ സൌകര്യങ്ങളോടുകൂടി ഐപി വിഭാഗം ഒന്നാം നിലയിൽ സജ്ജമാക്കേണ്ടതിനാൽ റൂഫ് കോൺക്രീറ്റ് ചെയ്യേണ്ടതുണ്ടെന്നതിനാൽ കെട്ടിടത്തിന്റെ സ്ട്രക്ച്ചറൽ സ്റ്റെബിലിറ്റി പരിശോധിക്കുന്നതിനായി 23.08.2024ൽ ഓവർസിയർ റിപ്പോർട്ട് ചെയ്യുകയുണ്ടായി ടി.കെ.എം എഞ്ചിനീയറിംഗ് കോളേജിന്റെ സ്ട്രക്ച്ചറൽ സ്റ്റെബിലിറ്റി പരിശോധന റിപ്പോർട്ട് നം CIVIL/COR/06/10/2024 Dt.27.11.2024 പ്രകാരം ഭാഗികമായി പണിതീർത്ത കെട്ടിടത്തിനുമുകളിൽ അഡീഷണൽ ലോഡ് നൽകാൻ സാധിക്കില്ല. റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം വർക്ക് കംപ്ലീറ്റ് ചെയ്യണമെങ്കിൽ ഫസ്റ്റ് ഫ്ലോർ റൂഫിംഗ് ചെയ്യേണ്ടതുണ്ട്. നിലവിൽ ബിൽഡിംഗിന് അൺഫിറ്റ്

നൽകിയിട്ടുള്ളതിനാൽ റൂഫിംഗ് വർക്കിന് സപ്പോർട്ട് ഗ്രൌണ്ടിൽ നിന്നും കൊടുക്കേണ്ടതും റാംപ് പണിയേണ്ടതുമുണ്ട്. കൂടാതെ KSEB പോസ്റ്റ് ഷിഫ്റ്റിംഗ് ആവശ്യമാണ് ഇവയെല്ലാംകൂടി ഇനിയും അടങ്കൽ വർദ്ധിപ്പിച്ച് പ്രോജക്ട് ഉൾപ്പെടുത്തി നിർമ്മാണം നടത്തുന്നതിനുള്ള നടപടികളിലേക്ക് നീങ്ങുന്നതായാണ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത് .





നിലവിൽ ആവശ്യമായ സൌകര്യങ്ങളോടുകൂടി പ്രവർത്തിച്ചുകൊണ്ടിരുന്ന ആയുർവേദ ആശുപത്രി ഹൈവേ വികസനത്തിനായി ഏറ്റെടുത്തപ്പോൾ സ്ഥലസൌകര്യം കൂടാതെ കെട്ടിടത്തിന്റെ ഒരുഭാഗവും പൊളിച്ചുമാറ്റേണ്ടി വന്നു. അതുകൊണ്ടുതന്നെ ആയുർവേദ ആശുപത്രിയുടെ തുടർ വികസനം നിലവിലുള്ള സ്ഥലത്ത് സാധ്യമല്ല. തുടർനിർമ്മാണങ്ങൾ സാധ്യമല്ലാത്തിടത്ത് ആയതിന് ഇനിയും തുക വകയിരുത്തേണ്ട ആവശ്യകത പുനപരിശോധിച്ച് ആവശ്യമായ സൌകര്യങ്ങളോട് കൂടിയ മറ്റൊരു സ്ഥലത്ത് എല്ലാവിധ ഫണ്ടുകളും സമാഹരിച്ച് പുതിയ കെട്ടിടം പണിയുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ എന്നതിന് ഓഡിറ്റ് എൻക്വയറി(നം.58/09.02.2026) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പൊതുജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിന് മെച്ചപ്പെട്ട സൌകര്യങ്ങൾ നൽകുന്നതിനായി ആശുപത്രികൾ പോലെ വികസനം ആവശ്യമായ സ്ഥാപനങ്ങൾ കൂടുതൽ സൌകര്യമുള്ള സ്ഥലം കണ്ടെത്തേണ്ടത് അനിവാര്യമാണ്. കെട്ടിടനിർമ്മാണത്തിന് ആവശ്യമായ തുക മുനിസിപ്പാലിറ്റിയുടെ വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തിയോ സംസ്ഥാന ആയുർവേദ വകുപ്പിന്റെ വാർഷിക പദ്ധതിയിൽ

ഉൾപ്പെടുത്തിയോ MLA, MPഫണ്ടുകൾ സമാഹരിച്ചോ ചെയ്യുന്നതാണ്, സ്ഥലസൌകര്യം ഇല്ലാത്ത അൺഫിറ്റായ കെട്ടിടത്തിൽ ഇനിയും കൂടുതൽ തുക ചെലവഴിക്കുന്നതിനേക്കാൾ ഉചിതമാവുക എന്നതിനാൽ ഇതിനുള്ള സാധ്യതകൾ നഗരസഭകൌൺസിൽ പരിശോധിക്കേണ്ടതാണ്.

**<u>1-25 സ്കൂൾ ലാബിലേക്ക് എ.സി വാങ്ങൽ - നടപടികളിലും ഇൻസ്റ്റലേഷനിലും അപാകം.</u>**

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | അടങ്കൽ (രൂപ) | ചെലവ് (രൂപ) | വൌച്ചർ, ബിൽ നം/തീയതി | സ്ഥാപനത്തിന്റെ ബിൽ നം/ തീയതി |
|---|---|---|---|---|---|
| S0133/25 | ഗവ.ബോയിസ് എച്ച്.എസ്.എസ് ലാബിൽ എ.സി സ്ഥാപിക്കൽ | 97580 | 97580 | 1062029/19.12.24 | ACS/12668/23-24; 18.12.24 Lloyd Split AC 1 Ton (രണ്ട് എണ്ണം) |

പ്രിൻസിപ്പൽ നിർവ്വഹണോദ്യോഗസ്ഥനായ ഗവ.ബോയിസ് എച്ച്.എസ്.എസ് ലാബിൽ എ.സി സ്ഥാപിക്കൽ (S0133/25) എന്ന പ്രോജക്ടിൽ 97580 രൂപ മുടക്കി ഒരു ടൺ ശേഷിയുള്ള രണ്ട് എ.സി കൾ വാങ്ങിയിട്ടുണ്ട്. ലോയിഡ് (Lloyd) എന്ന കമ്പനിയുടെ 3 സ്റ്റാർ മോഡലാണ് വാങ്ങിയത്. ഇതിന്റെ വില താരതമ്യം ചെയ്യാനായി നിർവ്വഹണോദ്യോഗസ്ഥൻ "ജെം' പോർട്ടലിൽ തെരഞ്ഞെടുത്തത് വോൾട്ടാസ് ന്റെ ഒരു ടൺ കപ്പാസിറ്റിയും ബ്ലൂസ്റ്റാറിന്റെ 1.5 ടൺ കപ്പാസിറ്റിയും ഉള്ള എ.സി.കളെയാണ്. ഒരു ടൺ കപ്പാസിറ്റിയുള്ള എ.സി. വാങ്ങുവാൻ 1.5 ടൺ കപ്പാസിറ്റിയുള്ള എ.സി യുടെ വില , ഇത് സ്വാഭാവികമായും കൂടുതലാകുമെന്നുറപ്പുണ്ടായിരിക്കെ , താരതമ്യത്തിനായി തെരഞ്ഞെടുത്തത് യുക്തിക്ക് നിരക്കുന്നതല്ല. എ.സി. വാങ്ങുന്നതിന് മുൻപ് ആയതിന്റെ കപ്പാസിറ്റി എത്രവേണമെന്ന് ഒരു ടെക്നിക്കൽ എക്സ്പർട്ട് പരിശോധിച്ചിട്ടില്ല. വിപണിയിൽ ലഭ്യമായ LG,

SAMSUNG അടക്കമുള്ള നിർമ്മാതാക്കളുടെ എ.സി.യുടെ വില താരതമ്യത്തിനായി പരിഗണിക്കുകയുമുണ്ടായില്ല. സ.ഉ.(അ) 07/19 എസ്.പി.ഡി തീയതി 26.04.19 , കേന്ദ്ര സർക്കാരിന്റെ ഓഫീസ് മെമ്മോറാണ്ടം എ1/3/2024 , 10.7.2024 എന്നിവ പ്രകാരം കുറഞ്ഞത് മൂന്ന് സമാന സാധനങ്ങളുമായി താരതമ്യം ചെയ്ത് കുറഞ്ഞ വിലയുള്ളത് തെരഞ്ഞെടുക്കുകയാണ് വേണ്ടത്. പ്രസ്തുത വാങ്ങലിൽ സമാനസ്വഭാവമുള്ള 2 ഉപകരണങ്ങൾ മാത്രം താരതമ്യത്തിന് വിധേയമാക്കിയതിന്റെ കാരണം വ്യക്തമല്ല.

കായംകുളം ബോയിസ് ഹയർ സെക്കന്ററി സ്കൂളിലെ ഫിസിക്സ് ലാബിലാണ് എ.സി. സ്ഥാപിച്ചിരിക്കുന്നത്. ഈ ഹാളിന്റെ വലുപ്പത്തിന് ഈ കപ്പാസിറ്റിയുള്ള എ.സി മതിയാകുമോയെന്ന് പരിശോധിച്ചിട്ടില്ല. ഇതിനു പകരം രണ്ട് ടണ്ണിന്റെ ഒരു എ.സി വയ്ക്കുന്നതിന്റെ സാദ്ധ്യതയും ആരാഞ്ഞിട്ടില്ല. ലാബിലെ ജനാലച്ചില്ല് തകർന്ന് വായുസഞ്ചാര നിയന്ത്രണം സാദ്ധ്യമല്ലാത്ത സ്ഥിതിയാണുള്ളത്. ആകയാൽ ഹാളിലെ എ.സി. തകരാറിലാകാനുള്ള സാദ്ധ്യതയും ഏറെയാണ്. വാതിലുകളും മറ്റ് ജനലുകളും എയർടൈറ്റാക്കിയിട്ടില്ല. ഇതേ സ്കൂളിന്റെ കമ്പ്യൂട്ടർ ലാബിൽ നിലവിൽ എ.സിയില്ല. കൃഷ്ണപുരം ഗവ.വി.എച്ച്.എസ്.എസ്, ഗവ.ഗേൾസ് എച്ച്.എസ്.എസ് എന്നീ സ്ഥാപനങ്ങളിൽ എ.സി സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയും പരിഗണിച്ചില്ല. വ്യക്തമായ ആവശ്യകതാ നിർണ്ണയം നടത്താതെയും ജെം പോർട്ടൽ വഴി കൃത്യമായ താരതമ്യം നടത്താതെയും എ.സി വാങ്ങിയതിന്റെ കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (21/29.1.26) പരിചയക്കുറവുമൂലം സംഭവിച്ചതാണെന്ന മറുപടിയാണ് നിർവ്വഹണോദ്യോഗസ്ഥനിൽ നിന്ന് ലഭ്യമായത്. മൂന്ന് വർഷത്തിലധികമായി നഗരസഭയുടെ പ്രോജക്റ്റ് നിർവ്വഹണം നടത്തുന്ന ഉദ്യോഗസ്ഥന് പരിചയക്കുറവുണ്ടെന്ന വാദം യുക്തിക്ക് നിരക്കുന്നതല്ല. അഥവ പരിചയക്കുറവുണ്ടെങ്കിൽ തന്നെ അത് പൊതുപണം നഷ്ടമാകുന്ന വിധം പ്രോജക്റ്റ് നിർവ്വഹണം നടത്തിയതിന് ന്യായീകരണവുമാകുന്നില്ല. എ.സി കേടുകൂടാതെ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ അറ്റകുറ്റപ്പണികൾ നഗരസഭാ എൻജിനീയറുടെ മേൽനോട്ടത്തിൽ നടത്തേണ്ടതും താരതമ്യത്തിലെ അപാകം വഴി നഗരസഭാഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ടെങ്കിൽ ആയത് നിർവ്വഹണോദ്യോഗസ്ഥനിൽ നിന്ന് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

**1-26 360 ഡിഗ്രി എൻ.സി.ഡി കെയർസെന്ററിന് ഫർണ്ണീച്ചർ വാങ്ങൽ- സാധനങ്ങൾ സ്റ്റോക്കിലെടുത്ത് എച്ച്.എം.സിക്ക് കൈമാറിയിട്ടില്ല, ഫർണീച്ചറിനുള്ള പ്രോജക്ട് ഉപയോഗിച്ച് ലാപ്ടോപ്പ് വാങ്ങി**

360 ഡിഗ്രി എൻ.സി.ഡി കെയറിന് ഫർണിച്ചർ വാങ്ങൽ എന്ന സ്പിൽ ഓവർ പ്രോജക്ടിൽ (S0517/25) താഴെപ്പറയുന്ന ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. ജെം പോർട്ടൽ വഴിയാണ് എല്ലാ വാങ്ങലും നടത്തിയത് . എല്ലാ ഉപകരണങ്ങളും സപ്ളെ ചെയ്തത് ആൻടികോം സിസ്റ്റംസ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനമാണ്. ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് സെക്രട്ടറി നിർവ്വഹണം നടത്തിയ ഈ പ്രോജക്ടിന്റെ അടങ്കൽ 13 ലക്ഷം രൂപയും ചെലവ് 666821 രൂപയുമാണ്.(PFMS Transaction ID C022528775419)

| ക്രമനം. | ഉപകരണം | എണ്ണം | ഇൻവോയിസ് നം | തുക |
|---|---|---|---|---|
| 1 | ലാപ് ടോപ്പ് | 8 | ACS/12754/23-24 | 390321 |
| 2 | എയർപോർട്ട് ചെയർ | 3 | ACS/12749/23-24 | 29100 |
| 3 | ഓഫീസ് ടേബിൾ 1050 MM730MM | 3 | ACS/12750/23-24 | 20400 |
| 4. | റിവോൾവിംഗ് കമ്പ്യൂട്ടർ ചെയർ | 6 | ACS/12751/23-24 | 46200 |
| 5. | എപ്സൺ ഇങ്ക് ടാങ്ക് പ്രിന്റർ | 8 | ACS/12752/23-24 | 180800.88 |
| | ആകെ | | | 666821.88 |

ലാപ്ടോപ്പുകൾ വാങ്ങിയപ്പോൾ കൃത്യമായ താരതമ്യമല്ല ജെം പോർട്ടലിൽ നടത്തിയിട്ടുള്ളത് . വാങ്ങിയ ACER Intel Core I3 15.6 ഇഞ്ച് ലാപ്ടോപ്പാണ് സപ്ളെ ചെയ്തതായി ഇൻവോയിസിലും താരതമ്യ സ്റ്റേറ്റ്മെന്റിലുമുള്ളത് . ഇതിന്റെ പ്രോസസർ INTEL 12 ആണ് . ഇതിനെ INTEL 13 പ്രോസസറുള്ള ലാപ്ടോപ്പുകളുമായാണ് താരതമ്യം ചെയ്ത് കുറഞ്ഞ വില കാണിച്ച് വാങ്ങിയത്. ഫർണീച്ചർ വാങ്ങാൻ വിഭാവനം ചെയ്ത പ്രോജക്ടിന്റെ തൻവർഷത്തെ ചെലവിൽ പകുതിയിലധികം മുടക്കി ലാപ്ടോപ്പ് വാങ്ങിയതിന്റെ സാംഗത്യം വ്യക്തമല്ല. വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.70 തീയതി 13/02/2026) മറുപടി ലഭിച്ചില്ല. വാങ്ങിയ സാധനങ്ങൾ കൃത്യമായി സ്റ്റോക്കിലെടുത്ത് എച്ച്.എം.സി- ക്ക് കൈമാറിയിട്ടില്ല. വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത് എച്ച്. എം. സിക്ക് രേഖാമൂലം വിതരണം നടത്തേണ്ടതാണ്.

## <u>1-27 സ്കൂളുകൾക്ക് കമ്പ്യൂട്ടർ വാങ്ങൽ - പ്രൊക്യൂയർമെന്റ് മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല., ജി.എസ്.റ്റി കുറവ് ചെയ്തില്ല</u>

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | അടങ്കൽ (രൂപ) | ചെലവ് (രൂപ) | വൌച്ചർ, ബിൽ നം/ തീയതി |
|---|---|---|---|---|
| S0127/25 | ഗവ.സ്കൂളിൽ കമ്പ്യൂട്ടർ വാങ്ങൽ | 1000000 | 999500 | 0961162/ 28.11.24 447120 രൂപ<br>0961165/ 28.11.24 484380 രൂപ<br>0961167/ |

| | | | | |
|---|---|---|---|---|
| | | | | 28.11.24<br>68000രൂപ |

മേൽപ്പറഞ്ഞ പ്രോജക്ട് വഴി 37,260 രൂപ വീതം വിലയുള്ള 25 ലാപ്ടോപ്പുകൾ , 68000 രൂപ വിലയുള്ള ഒരു ഡസ്ക് ടോപ്പ് എന്നിവ ആർ.ജെ എന്റർപ്രൈസസ് , വടവത്തൂർ , കോട്ടയം എന്ന സ്ഥാപനത്തിൽ നിന്ന് ജെം പോർട്ടൽ മുഖേന വാങ്ങിയിട്ടുണ്ട്. വാങ്ങിയ ഉപകരണങ്ങളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ ബിൽ നം/ തീയതി | വാങ്ങിയ ഉപകരണങ്ങൾ |
|---|---|
| RJE 02207/24-25; 25.11.24, | ACER Laptop AMD Ryzen 5 – 12 എണ്ണം |
| RJE 02206/24-25; 25.11.24, | ACER Laptop AMD Ryzen 5 – 13 എണ്ണം |
| RJE 02204/24-25; 25.11.24, | ACER Desktop 1 എണ്ണം |

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട ഫയലും മറ്റ് രേഖകളും വിശദമായി പരിശോധിച്ചതിൽ താഴെപ്പറയുന്ന ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടു.

1.അഞ്ച് ലക്ഷം രൂപയ്ക്ക് മുകളിലുള്ള ജെം പോർട്ടൽ വഴിയുള്ള വാങ്ങലുകൾ ബിഡ് ചെയ്യുന്നില്ല

സ.ഉ.(അ) 07/19 എസ്.പി.ഡി തീയതി 26.04.19 പ്രകാരം അഞ്ച് ലക്ഷം രൂപയ്ക്ക് മുകളിലുള്ള ജെം പോർട്ടൽ വഴിയുള്ള വാങ്ങലുകൾ ബിഡ് ചെയ്യേണ്ടതാണ്. എന്നാൽ 9,31,500 രൂപയുടെ ലാപ്ടോപ്പ് വാങ്ങിയതിൽ ഈ വ്യവസ്ഥ പാലിക്കപ്പെട്ടില്ല. ഡെസ്ക്ടോപ്പ് കംപ്യൂട്ടർ വാങ്ങിയത് 68000 രൂപയ്ക്കാണ്. ഇതിന്റെ സെക്കന്ററി സ്റ്റോറേജ് ഡിവൈസ് (ഹാർഡ് ഡിസ്ക്) കപ്പാസിറ്റി 512 GB ആണ്. എന്നാൽ ഇതിനോട് താരതമ്യം ചെയ്ത അടുത്ത ഉപകരണത്തിന്റെ സെക്കന്ററി സ്റ്റോറേജ് ഡിവൈസ് കപ്പാസിറ്റി 1024 GB ആയിരുന്നു. ഒരേ ഹാർഡ് ഡിസ്ക് കപ്പാസിറ്റിയുള്ള ഡെസ്ക്ടോപ്പ് കംപ്യൂട്ടറുകൾ താരതമ്യം ചെയ്യാതെ വാങ്ങിയതിന്റെ കാരണം വ്യക്തമല്ല. 931500 രൂപയുടെ ലാപ്ടോപ്പ് ഒരുമിച്ച് ഓർഡർ നൽകി ഒരേദിവസം സപ്ലൈ ചെയ്യപ്പെട്ടവയാണെങ്കിലും രണ്ട് ബില്ലുകൾ (484380 രൂപ, 447120 രൂപ) വഴി പണം മാറി നൽകിയതായി കാണുന്നു. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.21/29.1.2026) നിർവ്വഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ ഗവൺമെന്റ് ഏർപ്പെടുത്തിയ സാമ്പത്തിക നിയന്ത്രണം മറികടക്കുന്നതിനാണെന്ന് അറിയിച്ചു.

2)2.5 ലക്ഷം രൂപയിൽ അധികം മൂല്യമുള്ള വാങ്ങലുകളിൽ നിന്നും GST (TDS) കുറവ് ചെയ്തില്ല

2.5 ലക്ഷം രൂപയിൽ അധികം മൂല്യമുള്ള വാങ്ങലുകളിൽ ജി.എസ്.ടി കഴിച്ചിട്ടുള്ള തുകയുടെ 2 ശതമാനം ചരക്ക് സേവന നികുതിയായി ഉൽഭവത്തിൽ കുറവ് ചെയ്യണം എന്ന വ്യവസ്ഥ പ്രകാരം പ്രസ്തുത പർച്ചേസിൽ നിന്നും ഈ വിധത്തിൽ ടി.ഡി.എസ് ആയി 15788/-രൂപ (789407 X2/100(ജി.എസ്.ടിഒഴികെ)) കുറവ് ചെയ്ത് ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കിയില്ല. ഇതുമൂലം സർക്കാർ ഫണ്ടിന് നഷ്ടമുണ്ടായി. പ്രിൻസിപ്പൽ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ നികുതികൾ ഉൽഭവത്തിൽ കുറവ് ചെയ്യാതിരുന്നത് സംബന്ധിച്ച് മുൻവർഷങ്ങളിലും ഓഡിറ്റ് ചൂണ്ടിക്കാട്ടിയിരുന്നെങ്കിലും അപാകം ആവർത്തിക്കുകയായിരുന്നു.

ജെം പോർട്ടൽ വഴി കൃത്യമായ താരതമ്യം നടത്താതെ കമ്പ്യൂട്ടർ വാങ്ങിയത് വഴി നഗരസഭ ഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ടോയെന്നും ഇൻവോയിസിൽ രേഖപ്പെടുത്തിയ ഉപകരണങ്ങൾ തന്നെ സപ്ലൈ

ചെയ്യപ്പെട്ടിട്ടുണ്ടോയെന്നും ഒരു ടെക്നിക്കൽ എക്സ്പെർട്ടിനെ കൊണ്ട് പരിശോധിപ്പിച്ച് സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുണ്ടെങ്കിൽ അത് നിർവ്വഹണോദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

**1-28 താലൂക്ക് ആശുപത്രി ഓപ്പറേഷൻ തിയേറ്ററിലേക്ക് സി.ആം ഉപകരണം വാങ്ങൽ - പ്രോജക്ട് പ്രകാരമല്ലാത്തയിനം ഉപകരണങ്ങൾ വാങ്ങാൻ തുക ചെലവഴിച്ചു.**

| | |
|---|---|
| പ്രോജക്ട് നം | S0232/25 |
| പ്രോജക്ടിന്റെ പേര് | ഓപ്പറേഷൻ തിയേറ്ററിലേക്ക് സി.ആം (C-Arm) ഉപകരണം വാങ്ങൽ |
| അടങ്കൽ | 11,05,796 /-<br>(മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്) |
| ചെലവ് | 10,64,175<br>(മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്) |
| ബിൽനം & തിയതി | UTR -240703000000012374/29-03-2025 - ₹10,64,175/- |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,<br>താലൂക്ക് ആശുപത്രി,കായംകുളം |

താലൂക്ക് ആശുപത്രിയിലെ ഓപ്പറേഷൻ തിയേറ്ററിലേക്ക് സി.ആം(C-Arm) ഉപകരണം വാങ്ങുന്നതിനായാണ് മേൽ പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. പ്രോജക്ട് തുക കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് മുൻകൂറായി കൈമാറിയിട്ടുണ്ട്. എക്സ്-റേ സാങ്കേതിക വിദ്യയെ അടിസ്ഥാനമാക്കിയുള്ള നൂതന മെഡിക്കൽ ഇമേജിംഗ് ഉപകരണമായ സി-ആം മെഷീൻ ഓർത്തോപീഡിക്, യൂറോളജി, ഗ്യാസ്ട്രോ എൻട്രോളജി സർജറികൾ, മറ്റ് സങ്കീർണ്ണമായ അടിയന്തിരനടപടിക്രമങ്ങൾ, കാർഡിയാക്, ആൻജിയോഗ്രാഫി, സ്റ്റെന്റുകൾ, സൂചി പ്ലേസ്മെന്റുകൾ എന്നിവ ഉൾപ്പടെയുള്ള ആവശ്യങ്ങൾക്കാണ് പ്രധാനമായും ഉപയോഗിച്ചുവരുന്നത്. ഓപ്പറേഷൻ തിയേറ്ററിൽ ഉപയോഗിച്ചുവരുന്ന സി.ആം ഉപകരണത്തിന് എക്സ്റേ ജനറേറ്റർ & ട്യൂബ്, ഇമേജ് ഡിറ്റക്ടർ/ എൻഹാൻസർ, സി.ആകൃതിയിലുള്ള ആം, വർക്ക് സ്റ്റേഷൻ & മോണിറ്റർ, കൺട്രോൾ പാനൽ എന്നീ പ്രധാന ഭാഗങ്ങളാണുള്ളത്. എന്നാൽ പ്രോജക്ട് ഫയലിനൊപ്പമുള്ള മെഡിക്കൽ സർവീസ് കോർപ്പറേഷന്റെ പ്രൊഫോർമ ഇൻവോയ്സ് (നം-345/23-24/ 25-03-2024) പ്രകാരം സി.ആം മെഷീനുമായി ബന്ധമില്ലാത്ത ഓട്ടോ റിഫ്രാക്ടോമീറ്റർ, ഷീറ്റ് ടോണോമീറ്റർ, ഓട്ടോസ്കോപ്പ്, ഇ.എൻ.ടി ഒ.പി യൂണിറ്റ് പോലുള്ള ഉപകരണങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇവ വാങ്ങുന്നതിനായാണ് മെഡിക്കൽ സർവീസ് കോർപ്പറേഷന് മുൻകൂർ തുക നൽകിയത്. പ്രോജക്ട് തയ്യാറാക്കി അംഗീകാരം നേടിയശേഷം ആശുപത്രി ഓപ്പറേഷൻ തീയേറ്ററിലേക്ക് വാങ്ങാൻ തീരുമാനിച്ച ഉപകരണം വാങ്ങാതിരുന്നത് എന്തുകൊണ്ടാണ് എന്നതിന് വിശദീകരണം നൽകിയിട്ടില്ല. പ്രഫോർമ ഇൻവോയ്സ് പ്രകാരമുള്ള ഉപകരണങ്ങൾ ആശുപത്രിക്ക് ലഭ്യമായതിന്റെ രേഖകളും നിർവ്വഹണ ഉദ്യോഗസ്ഥൻ ഹാജരാക്കിയിട്ടില്ല. മുൻകൂർ തുക ചെലവഴിച്ച ഇനം ഉപകരണങ്ങൾ ആശുപത്രിയിൽ നിലവിലുണ്ടായിരുന്നുവോ എന്നതിന്റെ വിവരം, ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ഡോക്ടർമാരുൾപ്പെടെ ജീവനക്കാരെ നിയമിച്ചതിന്റെ വിവരം, മറ്റ് ഭൌതികസാഹചര്യങ്ങൾ ആശുപത്രിയിൽ സജ്ജമാക്കിതിന്റെ വിവരം എന്നീ

കാര്യങ്ങളിലും വ്യക്തതയില്ല. ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങിയ, ഓപ്പറേഷൻ തിയേറ്ററിലേക്ക് സി.ആം ഉപകരണം വാങ്ങൽ എന്ന അംഗീകൃത പ്രോജക്ടിൽ നിന്നും വ്യത്യസ്തമായി മറ്റു ഉപകരണങ്ങൾ വാങ്ങാൻ മുൻകൂർ നൽകിയതിനും നാളിതുവരെ ഉപകരണങ്ങൾ ലഭ്യമാകാത്തതിനും വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് എൻക്വയറി (നം-18/28-01-2026)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. നിയമപരമായ അനുമതികളും സാങ്കേതിക നടപടിക്രമങ്ങളും പാലിക്കാതെ അംഗീകൃത പ്രോജക്ടിൽ നിന്നും വ്യതിചലിച്ച് വ്യത്യസ്തമായ ഉപകരണങ്ങൾ വാങ്ങുന്നതിന് തുക ചെലവഴിച്ചതിനാലും ഈ ഉപകരണങ്ങൾ ഇതുവരെയും സ്ഥാപനത്തിന് ലഭ്യമാകാത്തതിനാലും പ്രോജക്ടിൽ ചെലവഴിച്ച 10,64,175 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-29 ബയോകംപോസ്റ്റ് ബിൻ -ഗുണഭോക്തൃ വിഹിതം ശേഖരിച്ചില്ല

നഗരസഭ സെക്രട്ടറി 2024-25 ൽ രണ്ട് സ്പിൽ ഓവർ പ്രോജക്ടുകൾ വഴി 56,54,115 രൂപ മുടക്കി ബയോകംപോസ്റ്റ് ബിൻ വാങ്ങിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതം ശേഖരിച്ചിട്ടില്ല. ഇവയുടെ വിതരണ രേഖകൾ, പ്രോജക്ടിന്റെ ചെലവ് രേഖകൾ എന്നിവ ഓഡിറ്റിൽ ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എ) എസ്.0255/25 ' ബയോ കംപോസ്റ്റ് ബിൻ' എന്ന പ്രോജക്ടിൽ 37,77,010 രൂപ മുടക്കി 3000 ബയോകംപോസ്റ്റ് ബിന്നുകൾ റെയ്ഡ്കോ (RAIDCO) എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയിട്ടുണ്ട്. സ.ഉ.(കൈ) നം.115/2022/ ത.സ്വ.ഭ.വ.തീയതി 28.05.2022 ഖണ്ഡിക 6-8 പ്രകാരം ഗാർഹിക തലത്തിലുള്ള ബയോ കംപോസ്റ്റിംഗ് ബിൻ വാങ്ങുന്നതിന് ആകെ ചെലവിന്റെ 10% ഗുണഭോക്തൃ വിഹിതമായി ഈടാക്കേണ്ടതുണ്ട്. എന്നാൽ 1.87 കോടി രൂപ അടങ്കൽ നിശ്ചയിച്ച ഈ പ്രോജക്ടിൽ ഗുണഭോക്തൃ വിഹിതം അടങ്കലിൽ ഉൾപ്പെടുത്തിയിട്ടില്ല. ബിന്നൊന്നിന് 1124.11 രൂപയും 12 ശതമാനം നികുതിയും അടക്കം 1259.003 രൂപയാണ് വില. മേൽ സൂചിപ്പിച്ച പ്രകാരം ഓരോ ബിന്നിനും കുറഞ്ഞത് 126 രൂപ ഗുണഭോക്തൃ വിഹിതം ശേഖരിക്കണമായിരുന്നു. ബിന്നുകൾ വാങ്ങിയതിന്റെ ബിൽ ലഭ്യമായതല്ലാതെ അത് സ്റ്റോക്കിലെടുക്കുകയോ വിതരണം ചെയ്യുകയോ ചെയ്തതായി കാണുന്നില്ല.

സബ്സിഡി മാർഗ്ഗരേഖപ്രകാരം ഗുണഭോക്തൃ വിഹിതം പ്രോജക്ടിൽ ഉൾപ്പെടുത്തി പ്രോജക്ട് വിഭാവനം ചെയ്ത് നടപ്പാക്കാതിരുന്നത് വഴി 378000 രൂപ നഗരസഭാഫണ്ടിൽ നിന്നും അധികമായി കണ്ടെത്തേണ്ടിവന്നു. ഗുണഭോക്തൃ വിഹിതം ശേഖരിക്കാതിരിക്കുകവഴി ആവശ്യകത നിർണ്ണയിച്ചാണ് ബിന്നുകൾ വാങ്ങിയതെന്നും ഉറപ്പിക്കാനാകുന്നില്ല. വിതരണ രേഖകൾ, പ്രോജക്ടിന്റെ ചെലവ് രേഖകൾ എന്നിവയുടെ അഭാവത്തിൽ 37,77,010 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ബിന്നുകൾ വിതരണം പൂർത്തിയാക്കി ഗുണഭോക്താക്കളുടെ കൈപ്പറ്റ് രസീതുകൾ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

<u>**ചെലവ് വിവരം**</u>

അടങ്കൽ - 18709833 രൂപ

(78,02,000/- രൂപ CFC ഗ്രാന്റ്, 68,48,442/- രൂപ കേന്ദ്രാവിഷ്കൃത ഫണ്ട്, 43,59,391/-രൂപ സംസ്ഥാനാവിഷ്കൃത ഫണ്ട്

ചെലവ് - 3777010 രൂപ CFC ഗ്രാന്റ്

ബിൽ റഫ. നം - 1639864/22.3.25 – 17,77,010 /-രൂപ

1639862/22.3.25 – 20ലക്ഷം രൂപ

ബി) എസ്.0267/25 ‘ ബയോ കംപോസ്റ്റ് ബിൻ' എന്ന സ്പിൽ ഓവർ പ്രോജക്ടിൽ 18,77,105 രൂപ മുടക്കി ബയോ കംപോസ്റ്റ് ബിൻ വാങ്ങിയിട്ടുണ്ട്. ഇതിന്റെ ചെലവ് വിവരം സുലേഖ സോഫ്റ്റ്‌വെയറിൽ നിന്ന് ബോദ്ധ്യമാകുന്നതല്ലാതെ ബില്ലുകൾ, ഇൻവോയിസ്, സ്റ്റോക്ക്- വിതരണ രേഖകൾ എന്നിവ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. ഇത് ചൂണ്ടിക്കാട്ടി 3.02.2026 ൽ ഓഡിറ്റ് റിക്വസിഷൻ (കേരള ലോക്കൽ ഫണ്ട് ചട്ടങ്ങൾ 1996 ചട്ടം 8) നൽകിയിട്ടും ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല. സ.ഉ.(കൈ) നം.115/2022/ത.സ്വ.ഭ.വ.തീയതി 28.05.2022 ഖണ്ഡിക 6-8 പ്രകാരം ഗാർഹിക തലത്തിലുള്ള ബയോ കംപോസ്റ്റിംഗ് ബിൻ വാങ്ങുന്നതിന് ആകെ ചെലവിന്റെ 10% ഗുണഭോക്തൃ വിഹിതമായി ഈടാക്കേണ്ടതുണ്ട്. എന്നാൽ ഈ പ്രോജക്ടിലും ഗുണഭോക്തൃ

വിഹിതം അടങ്കലിൽ ഉൾപ്പെടുത്തിയിട്ടില്ല. ബന്ധപ്പെട്ട ഇൻവോയിസ് അടക്കമുള്ള രേഖകൾ ലഭ്യമല്ലാത്തതിനാൽ എത്ര ബിന്നുകൾ വാങ്ങി എന്ന് വ്യക്തമല്ല. സബ്സിഡി മാർഗ്ഗരേഖപ്രകാരം ഗുണഭോക്തൃ വിഹിതം പ്രോജക്ടിൽ ഉൾപ്പെടുത്തി പ്രോജക്ട് വിഭാവനം ചെയ്ത് നടപ്പാക്കാതിരുന്നത് വഴി 1,87,710 രൂപ നഗരസഭാഫണ്ടിൽ നിന്നും അധികമായി ചെലവഴിച്ചു. പ്രോജക്ടിന്റെ ചെലവ്, വിതരണ രേഖകൾ എന്നിവയുടെ അഭാവത്തിൽ ശേഷിച്ച 18,77,105/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കാത്തപക്ഷം ചെലവഴിച്ച തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി മാറുന്നതാണ്.

**<u>ചെലവ് വിവരം</u>**

അടങ്കൽ - 5156114 രൂപ (2830960 കേന്ദ്രാവിഷ്കൃത ഫണ്ട്, 2325154 സംസ്ഥാനാവിഷ്കൃത ഫണ്ട് )

ചെലവ് - 1877105 രൂപ കേന്ദ്രാവിഷ്കൃത ഫണ്ട്

ബിൽ വിവരങ്ങൾ ലഭ്യമല്ല

**<u>1-30 ഖരമാലിന്യ സംസ്കരണ പ്ലാന്റ്- പ്രവർത്തനക്ഷമമാക്കി പൊതുജനങ്ങൾക്ക് ഉപകാരപ്രദമാക്കിയില്ല</u>**

മാലിന്യനിർമ്മാർജ്ജന പദ്ധതികൾ നടപ്പാക്കുന്നതിനായി പ്രോജക്ട് റിപ്പോർട്ട് ശുചിത്വമിഷന് സമർപ്പിച്ചതനുസരിച്ച് 30.03.2012-ൽ 21185600/- രൂപ (0663304/28.03.12) മുൻകൂറായും 2012-13 വർഷം 28.144 ലക്ഷം രൂപയും അനുവദിക്കുകയുണ്ടായി. ശുചിത്വ മിഷൻ പുതുതായി 2019 ൽ സാങ്കേതികാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ഇ-ടെണ്ടർ ക്ഷണിക്കുകയും 3 പേര് പങ്കെടുത്തതിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത M_way Communications ന്റെ 25.03.20 ലെ ടെണ്ടർ അംഗീകരിക്കുകയും പിന്നീട് ഇവർ ഒഴികെ മറ്റ് രണ്ട് ഏജൻസികളും ശുചിത്വ മിഷന്റെ അംഗീകൃത ഏജൻസികളല്ല എന്ന കാരണത്താൽ ടെണ്ടർ അംഗീകരിച്ച കമ്മറ്റി തീരുമാനം റദ്ദ് ചെയ്തു.(11/05/20 , 1ാം നമ്പർ). പിന്നീട് 7/20 ൽ പ്രീക്വാളിഫിക്കേഷൻ ടെണ്ടർ ചെയ്തെങ്കിലും ആരും പങ്കെടുത്തില്ല എന്നുമാണ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. തുടർന്ന് സിവിൽ, മെക്കാനിക്കൽ പ്രവൃത്തികൾക്ക് പ്രത്യേകമായി ടെണ്ടർ ക്ഷണിക്കുകയും താഴെ പറയും പ്രകാരം കുറഞ്ഞ റേറ്റുകളിലുള്ള ടെണ്ടറുകൾ അംഗീകരിക്കുകയും ചെയ്തു.

സിവിൽ വർക്കുകൾക്ക് 14,91,83,958/-രൂപ കുറഞ്ഞ റേറ്റ് ക്വാട്ട് ചെയ്ത അബ്ദുൾ അസീസ് എന്ന കരാറുകാരന്റെയും മെക്കാനിക്കൽ വർക്കുകൾക്ക് 1,15,48,000 രൂപ കുറഞ്ഞ റേറ്റ് ക്വാട്ട് ചെയ്ത സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷന്റെയും ടെണ്ടറുകൾ അംഗീകരിച്ചു.
കെട്ടിടനിർമ്മാണത്തിന് ആകെ ചെലവഴിച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പാർട്ട് ബില്ല് | തുക | തീയതി |
|---|---|---|

| | | |
|---|---|---|
| Ist | 8,71,687/- | 30/03/2021 |
| 2nd | 20,70,859/- | 12/11/21 |
| 3rd | 24,16,756/- | 27/12/2022 |
| 4th | 5,62,356/- | 27/04/2023 |
| 5th | 53,64,075/- | 26/03/2024 |
| 6th | 8,71,687/- | 30/01/2025 |
| ആകെ | 1,12,85,733/- | |

നിർമ്മാണത്തിനായി ധനകാര്യ കമ്മീഷൻ ഗ്രാന്റും ശുചിത്വ മിഷൻ ഫണ്ടും വകയിരുത്തിയ പദ്ധതിയിൽ 38,50,799/-രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും 74,34,934/- രൂപ ശുചിത്വ മിഷൻ ഫണ്ടിൽ നിന്നുമാണ് ചെലവ് വന്നിട്ടുള്ളത്.

ഖരമാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മിക്കുന്നതിന് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സാങ്കേതിക അനുമതി 07/09/2025 -ൽ വാങ്ങി, 04/11/2020-ലെ 1-ാം നം.തീരുമാനപ്രകാരം സോഷ്യോ എക്കണോമിക്ക് ഫൗണ്ടേഷന്റെ ടെണ്ടർ അംഗീകരിച്ചുവെങ്കിലും പിന്നീട് വർക്ക് ഓർഡർ നൽകിയില്ല. അക്രെഡിറ്റഡ് ഏജൻസികൾക്ക് ബാധകമായ ജാമ്യത്തുക ഇളവ് നൽകണമെന്ന് പ്രസ്തുത ഏജൻസി ആവശ്യപ്പെട്ടതായി 11/10/2021-ലെ സെക്ഷൻ ഫയലിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഫയലിൽ 12/11/2021 ന് ശേഷം യാതൊരുനടപടിയും സ്വീകരിച്ചിട്ടില്ല. ടെണ്ടർ പിരിയഡ് കഴിയുകയും 25/10/2022 ലെ 17(1) തീരുമാനപ്രകാരം റീ-ടെണ്ടർ ചെയ്യുകയും ചെയ്തു. റീടെണ്ടറിൽ ഒരു കോടി എഴുപത് ലക്ഷത്തിന് ടെക് ഫാം ഇൻഡ്യയെ വർക്ക് ഏൽപ്പിച്ച് 05/10/2024- ൽ സെലക്ഷൻ നോട്ടീസ് അയച്ചു. തുടർന്ന് 17/12/2024 -ൽ നഗരസഭയുമായി സ്ഥാപനം എഗ്രിമെന്റ് വെച്ചു

24/11/2025 -ൽ ടെക് ഫാം ഇൻഡ്യ നഗരസഭാ സെക്രട്ടറിക്ക് നൽകിയ കത്തിൽ മെഷീൻ സ്ഥാപിച്ചു വർക്കിംഗ് കണ്ടീഷനിലാണെന്നും പ്ലാന്റ് പ്രവർത്തിക്കുന്നതിനുള്ള നടപടികൾ നഗരസഭയുടെ ഭാഗത്തുനിന്ന്

സ്വീകരിക്കണമെന്നും ആവശ്യപ്പെടുന്നു. എന്നാൽ ശുചിത്വ മിഷന്റെ പുതുക്കിയ സ്പെസിഫിക്കേഷൻ അനുസരിച്ച് പ്ലാന്റിൽ സ്ഥാപിച്ച 12 മെഷിനുകളുടെ വിലയായി ആകെ 51,98,400/- രൂപ (44,55,000+ 743000/-രൂപ (GST) ഉൾപ്പടെ) സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. നാളിതുവരെ കെട്ടിട നിർമ്മാണത്തിനും പ്ലാന്റ് സ്ഥാപിക്കുന്നതിനുമായി 1,64,84,133/- രൂപ ചെലവായ ഖരമാലിന്യപ്ലാന്റ് പൊതുജനങ്ങൾക്ക് യാതൊരു പ്രയോജനവുമില്ലാത്തതായി മാറി. പ്രസ്തുത അക്കൗണ്ടിൽ 30-09-2025-ൽ പലിശ ഉൾപ്പടെ 2,13,87,320/-രൂപ ശേഷിക്കുന്നു. മേൽ വിഷയവുമായി ബന്ധപ്പെട്ട് നഗരസഭ സ്വീകരിച്ച നടപടികൾ അറിയിക്കാനും നിലവിൽ പ്ലാന്റ് പ്രവർത്തന സജ്ജമായിട്ടുണ്ടോ പ്ളാന്റ് സജ്ജമല്ലെങ്കിൽ അതിനുള്ള കാരണം, നഗരസഭയിൽ ഈ വിഷയം ഭരണ സമിതി ചർച്ച ചെയ്ത് തീരുമാനങ്ങൾ എടുത്തിട്ടുണ്ടെങ്കിൽ എടുത്ത തീരുമാനം സഹിതം വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകി (നം.59 തീയതി 10/02/2026). പ്രവർത്തനം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മുഖേന ശുചിത്വ മിഷൻപ്രതിനിധികളേയും കരാറുകാരെയും ഉൾപ്പെടുത്തി യോഗം ചേർന്ന് വിഷയം കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും തുടർനടപടികൾ സ്വീകരിച്ചുവരികയാണെന്ന് (കെ സമാർട്ട് ഫയൽ നം.6404430/25) മുനിസിപ്പൽ എഞ്ചിനിയർ അറിയിച്ചു. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് സിവിൽ, ഇലക്ട്രിക്കൽ പ്രവർത്തികൾ പൂർത്തിയാക്കി ഫൈനൽ ബിൽ അനുവദിച്ചുവെന്നും മെക്കാനിക്കൽ പ്രവർത്തിയുടെ എസ്റ്റിമേറ്റിൽ നിന്നും മാറ്റം വന്നിട്ടുള്ള മെഷിനറികളുടെ റേറ്റ് ശുചിത്വമിഷൻ അംഗീകരിച്ചു തന്നിട്ടില്ലാത്തതിനാലും നാളിതുവരെ തുടർച്ചയായി മെഷിനറികൾ നഗരസഭയെയോ,ശുചിത്വമിഷൻ അധികാരികളെയോ ബന്ധപ്പെട്ട ഹെൽത്ത് എഞ്ചിനിയറിംഗ് ഉദ്യോഗസ്ഥരെയോ പ്രവർത്തിപ്പിച്ചു കാണിച്ചിട്ടില്ലാത്തതിനാൽ പ്രവർത്തന സജ്ജമാണോയെന്ന് ഉറപ്പാക്കി പെയ്മെന്റ് നൽകാതിരുന്നതെന്നും അറിയിച്ചു. ഇലക്ഷൻ പെരുമാറ്റചട്ടം വന്നതിനാൽ തുടർന്ന് കൗൺസിലിൽ വിഷയം ചർച്ച ചെയ്യാൻ കഴിഞ്ഞിട്ടില്ലായെന്നും കെ.സ്മാർട്ട് ഫയൽ പ്രകാരം നടപടികൾ സ്വീകരിച്ച് വരുന്നതായും അറിയിച്ചു.

ആദ്യഘട്ടത്തിൽ പ്ലാന്റിൽ തുടർച്ചയായി മാലിന്യം നഗരസഭ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചെങ്കിൽ മാത്രമെ മെഷിനറി തുടർച്ചയായി പ്രവർത്തിപ്പിക്കുവാൻ സാധിക്കുകയുള്ളൂവെന്ന് ടെക്ഫാം കമ്പനി പ്രതിനിധി

വാക്കാൽ അറിയിച്ചു. ശേഷം എഗ്രിമെന്റ് പ്രകാരം കമ്പനി നേരിട്ട് മാലിന്യം കളക്ട് ചെയ്യുന്നതും എഗ്രിമെന്റ് പ്രകാരമുള്ള പ്രതിമാസ വരുമാനം നഗരസഭയ്ക്ക് നൽകുന്നതാണെന്നും അറിയിച്ചു.
കൗൺസിലിൽ വിഷയം ചർച്ചചെയ്ത് മെഷീൻ പ്രവർത്തന സജ്ജമാണെന്ന് ഉറപ്പാക്കുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് 1.65 കോടി രൂപ ചെലവഴിച്ചശേഷം പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകാതെയും നഗരസഭയ്ക്ക് ഭാവിയിൽ വരുമാനം ലഭിക്കാതെയും വരുന്ന സാഹചര്യം ഒഴിവാക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. വിഷയം ആരോഗ്യ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റികളുടെ ശ്രദ്ധയിലേക്ക് ശുപാർശചെയ്യുന്നു.

**1-31 പോളി ക്ലിനിക്ക് നിർമ്മാണം-78,90,250/-രൂപ എച്ച്.എം.സി അക്കൗണ്ടിൽ -നിക്ഷേപമായി തുടരുന്നു**

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് പോളി ക്ലിനിക്ക് സ്ഥാപിക്കുന്നതിനായി തീരുമാനമെടുത്ത് പെയ്മെന്റ് അഡ്വൈസ് നം. C042403173975 തീയതി 09/04/2024 പ്രകാരം 78,90,250/-രൂപ ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് കമ്മറ്റി,കായംകുളം താലൂക്ക് ആശുപത്രിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു.14/03/2024 ലെ അർബൻ ഡയറക്ടർ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ് , തദ്ദേശസ്വയംഭരണ വകുപ്പിന്റെ എൽ.എസ്.ജി.ഡി./പി.ഡി/5562/2024-DPLD4 ഉത്തരവ് പ്രകാരമാണ് തുക ട്രാൻസ്ഫർ ചെയ്തിട്ടുള്ളത്. നഗരസഭയിലെ ചേരാവള്ളി അർബൻ കുടുംബാരോഗ്യ കേന്ദ്രത്തിൽ ആഴ്ചയിൽ ഒരു ദിവസം ജനറൽ മെഡിസിൻ, പീഡിയാട്രിക്ക് ,ഗൈനക്കോളജി, ഒഫ്ത്താൽമോളജി, ഡെർമറ്റോളജി എന്നീ രീതിയിൽ പൊതുജനങ്ങൾക്ക് സേവനം നൽകുകയെന്നതാണ് പോളിക്ലിനിക്ക് ആരംഭിക്കുന്നതിന്റെ ലക്ഷ്യം. എന്നാൽ പോളിക്ലിനിക്ക് സ്ഥാപിക്കുന്നതിന് നഗരസഭ തുടർവർഷങ്ങളിലും പദ്ധതി ആവിഷ്കരിച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നഗരസഭ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം അറിയിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നം.74 തീയതി 13/02/2026) മറുപടി ലഭിച്ചില്ല. ഹെൽത്ത് ഗ്രാന്റ് മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട സമയക്രമം അവസാനിച്ചിട്ടുള്ള സാഹചര്യത്തിൽ

പോളിക്ലിനിക്ക് സ്ഥാപിക്കുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടത് അനിവാര്യമാണ്. മേൽ വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

**1-32 സർക്കാർ മാർഗ്ഗരേഖ പ്രകാരമല്ലാത്ത ആനുകൂല്യവിതരണത്തിന് മുൻകൂർ അനുമതി തേടിയില്ല.**

| | |
|---|---|
| പ്രോജക്ട് നമ്പർ/ പേര് | ധർമ്മചികിൽസ- കാൻസർ, കിഡ്നി, ഹൃദയരോഗികൾക്ക് ധനസഹായം<br>**(S0712/25)** |
| അടങ്കൽ | **₹620,000/-(**വികസന ഫണ്ട് -ജനറൽ**)** |
| ചെലവ് | **₹6,19,440/-(**വികസന ഫണ്ട് -ജനറൽ**)** |
| ബിൽ നം. & തീയതി | TRN- 240703000000012690 Dtd 27-03-2025 ₹6,19,440/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി, കായംകുളം |

മെഡിക്കൽ ഓഫീസർ താലൂക്ക് ആശുപത്രി നടപ്പിലാക്കിയ ധർമ്മചികിൽസ- കാൻസർ, കിഡ്നി, ഹൃദയരോഗികൾക്ക് ധനസഹായം എന്ന പ്രോജക്ട് പ്രകാരം നഗരസഭയിലെ കാൻസർ ബാധിതരുടെ അപേക്ഷ, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ കാൻസർ രോഗികളായ 89 പേർക്ക് 6960 രൂപ വീതം ധനസഹായം നൽകിയതിന് **₹6,19,440/- രൂപ** നഗരസഭയുടെ വികസന ഫണ്ട് -ജനറലിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

**1)** തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കാർ ഉത്തരവ് **(**കൈ**)** നം**-84/2022/**ത.സ്വ.ഭ.വ**,** തീയതി **19.04.2022** പ്രകാരമുള്ള വാർഷിക പദ്ധതി മാർഗ്ഗരേഖ**,** സർക്കാർ ഉത്തരവ് **(**കൈ**)** നം**-115/2022/**ത.സ്വ.ഭ.വ**,** തീയതി **28.05.2022** പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ എന്നിവയിലെ നിർദ്ദേശങ്ങൾക്ക നുസൃതമായ പ്രോജക്ടുകളാണ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നത്. ഇവയിൽ പരാമർശിക്കാത്ത ഇനങ്ങളിൽ പ്രോജക്ടുകൾ (നൂതന പ്രോജക്ടുകൾ) ഏറ്റെടുത്ത് നടപ്പാക്കുന്നതിന് ത്രിതല പഞ്ചായത്തുകൾക്കും നഗരസഭകൾക്കും വേണ്ടിയുള്ള ജില്ലാതല വിദഗ്ധ സമിതിയുടെ അംഗീകാരം ആവശ്യമാണ്. സർക്കാർ ഉത്തരവ് (കൈ) നം-115/2022/ത.സ്വ.ഭ.വ, തീയതി **28.05.2022** പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 7.6.7 പ്രകാരം ഡയാലിസിസിന് വിധേയരാകുന്ന കിഡ്നി രോഗികൾക്ക് ആഴ്ചയിൽ 1000 രൂപ വീതം മാസം പരമാവധി 4,000 രൂപ ധനസഹായം ചികിൽസ നൽകുന്ന ആശുപത്രിക്ക് നൽകുന്നതിനാണ് അനുമതിയുള്ളത്. കാൻസർ,ഹൃദ്രോഗം പോലുള്ളവ ബാധിച്ച രോഗികൾക്ക് ധനസഹായ വിതരണം നൽകുന്നത് സംബന്ധിച്ച് മാർഗ്ഗരേഖയിൽ നിർദ്ദേശങ്ങളില്ല. പ്രോജക്ട് നടപ്പിലാക്കുന്നതിന് മുമ്പ് മേൽ സൂചിപ്പിച്ചപ്രകാരം ജില്ലാതല വിദഗ്ധ സമിതിയുടെ അംഗീകാരമോ ഈയിനത്തിൽ സഹായം നൽകാൻ സർക്കാരിൽ നിന്നും പ്രത്യേകം അനുവാദമോ മുൻകൂർ അനുമതിയോ വാങ്ങിയതായുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല.

**2)** ഡയാലിസിസിന് വിധേയരാകുന്ന കിഡ്നി രോഗികൾക്ക് നൽകുന്ന മാസം പരമാവധി 4,000 രൂപ എന്ന നിരക്ക് സർക്കാർ നിശ്ചയിച്ചതാണ്.എന്നാൽ നഗരസഭയിലെ പ്രോജക്ടിൽ നൽകിയ ധനസഹായതുകയായ 6,960 രൂപ എന്ന നിരക്ക് നിശ്ചയിച്ചതിന് ആധികാരികമായ രേഖകളൊന്നും നഗരസഭ ഹാജരാക്കിയിട്ടില്ല.
മേൽ വിഷയം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-5/24-01-2026) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. വിദഗ്ധ സമിതി അംഗീകാരം ഇല്ലാതെയും സർക്കാർ ഉത്തരവ് പ്രകാരമല്ലാതെയും സർക്കാർ മുൻകൂർ അനുമതി തേടാതെയും സർക്കാർ അംഗീകരിച്ച നിരക്ക് ഇല്ലാതെയും നടത്തിയ ചെലവ് തുക **₹6,19,440/-** തടസ്സപ്പെടുത്തുന്നു. സർക്കാർ മാർഗ്ഗരേഖ പ്രകാരം അനുവദിച്ചിട്ടില്ലാത്ത ആനുകൂല്യങ്ങളുടെ വിതരണത്തിന് നിയമാനുസൃത അനുമതി ഉറപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

**<u>1-33 അംഗൻവാടികൾക്ക് ഗ്യാസ് സ്റ്റൌ വാങ്ങൽ അപാകതകൾ.</u>**

| | |
|---|---|
| പ്രോജക്റ്റ് നം. | S0154/25 |
| പ്രോജക്റ്റിന്റെ പേര് | അംഗൻവാടികൾക്ക് ഗ്യാസ് സ്റ്റൌ വാങ്ങൽ |
| അടങ്കൽ | 2,00,000/- (MG/NR) |
| ചെലവ് | 1,99,792/- |
| നിർവ്വഹണം - | ഐ.സി.ഡി.എസ്സ്. സൂപ്പർവൈസർ. |
| ബിൽ നം. | BRN 2407034700801702186/24-03-25<br>Rs. 1,99,792/- |

ഐ.സി.ഡി.എസ്സ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അംഗൻവാടികൾക്ക് ഗ്യാസ് സ്റ്റൌ വാങ്ങൽ എന്ന പദ്ധതിയ്ക്കായി 61 ടു ബർണർ ഗ്യാസ് സ്റ്റൌകൾ 1,99,792/- രൂപ ചെലവഴിച്ച് അബാസ്കസ് കൊച്ചി എന്ന സ്ഥാപനത്തിൽ നിന്നും GeM മുഖേന വാങ്ങി. GEM ൽ നിന്നും വാങ്ങൽ നടത്തിയ ഒരു ഗ്യാസ് സ്റ്റൌവിന്റെ വില ജിഎസ്സ്ടി അടക്കം 3275/- രൂപയാണ്. എന്നാൽ GEM ൽ പരിശോധിച്ചപ്പോൾ ഇതൊരു Unbranded ഐറ്റമാണെന്ന് ജെംൽ തന്നെ രേഖപ്പെടുത്തലുകളുണ്ട്. കൂടാതെ HSN നമ്പർ രേഖപ്പെടുത്തിയിട്ടില്ലെന്നും (HSN Code Not Verified By Seller) കാണുന്നു. ഇതിന് നൽകിയിരിക്കുന്ന വിലയാകട്ടെ, മാർക്കറ്റിൽ ലഭ്യമാകുന്ന ഏറ്റവും മുന്തിയ ബ്രാന്റിനേക്കാളും കൂടിയ വിലയും. HSN കോഡ് സെല്ലറുടെ ബില്ലിലും രേഖപ്പെടുത്തിയിട്ടില്ല. ബ്രാന്റ് പോലും ചെയ്യപ്പെടാത്ത, ഒരു ഉൽപ്പന്നം, മികച്ച ബ്രാന്റുകളിലുള്ളതും, അതീവ സുരക്ഷാ മാനദണ്ഡങ്ങളുള്ള ഉൽപ്പന്നത്തേക്കാളും കൂടിയ വിലയിൽ വാങ്ങാനുണ്ടായ സാഹചര്യം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 26/2024-25 തീയതി 31/01/2026 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എല്ലാ അംഗനവാടികളിലും സ്റ്റൌ നിലവിൽ നല്ല രീതിയിൽ വർക്ക് ചെയ്യുന്നുണ്ടെന്നും, ഒരു ബാഗ്ലൂർ ബേസ്ഡ് കമ്പനിയുടെ ഉൽപ്പന്നമാണിതെന്നും, എച്ച് എസ്സ് എൻ നമ്പർ ചേർക്കാൻ വിട്ടു പോയതാണെന്നും അറിയിച്ചിട്ടുണ്ട്.

മത്സരാധിഷ്ഠിത നിരക്കിൽ, ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ വാങ്ങൽ നടത്തുന്നതിനായി സദുദ്ദേശത്തോടെ സർക്കാർ തലത്തിൽ ഏർപ്പെടുത്തിയ ജെം പോലെയുള്ള ഒരു സിസ്റ്റത്തിൽ, സാധനങ്ങളുടെ

തെരഞ്ഞെടുക്കലുകളിലും, വാങ്ങൽ പ്രക്രീയകളിലേയും സുതാര്യത നഷ്ടപ്പെടുത്തി, ഗുണമേന്മയിൽ വിശ്വാസ്യത ഉറപ്പുവരുത്താത്ത ഉൽപ്പന്നങ്ങൾ വാങ്ങുന്നത് ശരിയായ പ്രവണതയല്ല. ഈ വിഷയത്തിലേക്ക് ഭരണ സമിതിയുടെ അടിയന്തിര ഇടപെടലുകൾക്ക് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

**1-34 താലൂക്ക് ആശുപത്രിയിലെ നിലവിലെ സോളാർ പാനൽ അറ്റകുറ്റപ്പണി- പ്രോജക്ട് നടപ്പാക്കിയതിലെ അപാകങ്ങൾ**

| | |
|---|---|
| പ്രോജക്ട്നമ്പർ/പേര് | താലൂക്ക് ആശുപത്രിയിലെ നിലവിലെ സോളാർ പാനൽ അറ്റകുറ്റപ്പണി (S0001/25) |
| അടങ്കൽ | ₹7,00,000/-(മെയിന്റനൻസ് ഗ്രാന്റ്- റോഡിതരം) |
| ചെലവ് | ₹7,00,000/-(മെയിന്റനൻസ് ഗ്രാന്റ്- റോഡിതരം) |
| ബിൽ നം & തീയതി | TRN- 240703000000012649 Dtd 12-03-2025 ₹ ₹7,00,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ, കായംകുളം നഗരസഭ |

| | |
|---|---|
| | |

താലൂക്ക് ആശുപത്രിയിൽ നിലവിലുള്ള പഴയ സോളാർ പ്ലാന്റ് ഉപയോഗിക്കാൻ സാധിക്കാത്ത സ്ഥിതിയിൽ ഇതിന്റെ മെയിന്റനൻസിനായാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. അനെർട്ടിന്റെ ഇൻവോയ്സ് പ്രകാരം **12 KW** കപ്പാസിറ്റിയിൽ ഇൻവെർട്ടർ, ബാറ്ററി, എ.സി/ഡി.സി ഡിസ്ട്രിബ്യൂഷൻ ബോക്സ്, മിന്നൽ രക്ഷാചാലകം, കേബിളിംഗ്, എർത്തിംഗ് എന്നിവക്ക് **₹6,40,000,** അനെർട്ടിന്റെ ഭരണചെലവുകൾക്കായി ആകെ ചെലവിന്റെ **10%** തുകയായ **64,000** രൂപ എന്നിങ്ങനെ **₹7,04,000** രൂപയാണ് പ്രോജക്ട് ചെലവ് നിർണ്ണയിച്ചിട്ടുള്ളത്. ഇതിൽ **₹7,00,000/-** അനെർട്ടിന് ഡെപ്പോസിറ്റായി അനുവദിച്ചിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ച് കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

**01.** പ്രോജക്ട് പ്രകാരമുള്ള ഡെപ്പോസിറ്റ് തുക അനെർട്ടിന് നൽകിയത് **12-03-2025**ലാണ്.എന്നാൽ പ്രോജക്ട് നടപ്പിലാക്കുന്നത് സംബന്ധിച്ച് അനെർട്ടുമായി കരാർ ചമച്ചിരിക്കുന്നത് **20-05-2025** ൽ മാത്രമാണ്. പ്രോജക്ട് നടപ്പാക്കുന്നത് സംബന്ധിച്ച് സ്ഥാപനവുമായി കരാർ ഒപ്പിടുന്നതിനും രണ്ട് മാസത്തിന് മുമ്പ് തന്നെ പ്രോജക്ട് തുക പൂർണ്ണമായി അനെർട്ടിന് കൈമാറി.

**02.** പ്രോജക്ട് നടപ്പാക്കുന്നത് സംബന്ധിച്ച് ഏർപ്പെട്ട കരാർ പ്രകാരം കരാർ തിയതി മുതൽ **6** മാസത്തിനകം അനെർട്ട് പ്രവൃത്തി പൂർത്തീകരി ക്കേണ്ടതാണ്. എന്നാൽ തുക കൈമാറി ഒരുവർഷത്തോള മായിട്ടും പ്രവർത്തി നടപ്പാക്കിയിട്ടില്ല.

**03.** താലൂക്ക് ആശുപത്രിയിൽ **2017**ൽ **13.89** ലക്ഷം രൂപ ചെലവിൽ അനെർട്ട് മുഖാന്തിരം സ്ഥാപിച്ചിരുന്ന നിലവിലെ **12 KW** സോളാർ പവർ പ്ലാന്റിൽ ഇൻവെർട്ടർ, ബാറ്ററി, എ.സി/ ഡി.സി ഡിസ്ട്രിബ്യൂഷൻ ബോക്സ്, മിന്നൽ രക്ഷാചാലകം, കേബിളിംഗ്, എർത്തിംഗ് എന്നിവ ഉപയോഗിച്ചിട്ടുള്ളതാണ്. ഇവ നിലവിലുള്ള സാഹചര്യത്തിൽ പുതിയ ഇൻവർട്ടർ, സോളാർ ബാറ്ററികളും സോളാർ പവർ കണ്ടീഷനിംഗ് യൂണിറ്റും **(PCU)** എ.സി/ഡി.സി ഡിസ്ട്രിബ്യൂഷൻ ബോക്സ്, മിന്നൽ രക്ഷാചാലകം, കേബിളിംഗ്, എർത്തിംഗ് എന്നിവ വീണ്ടും

സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച കാര്യങ്ങൾ ഇൻവോയ്സിലോ പ്രോജക്ട് ഫയലിലോ രേഖപ്പെടുത്തിയിട്ടില്ല. നിലവിലെ സോളാർ പ്ലാന്റ്, അനുബന്ധ ഉപകരണങ്ങൾ എന്നിവ പരിശോധിച്ച് തുടർ ഉപയോഗം സാധിക്കുന്നവ, മെയിന്റനൻസ് ചെയ്ത് ഉപയോഗിക്കാവുന്നവ, പൂർണ്ണമായി മാറ്റേണ്ടവ എന്നിങ്ങനെ റിപ്പോർട്ട് തയ്യാറാക്കാതെ പാനലുകൾ ഒഴികെ പ്ലാന്റ് പൂർണ്ണമായി പുതിയതായി സ്ഥാപിക്കുന്നതിനാണ് ഇൻവോയ്സ് തയ്യാറാക്കിയിട്ടുള്ളത്. പഴയവ റീപ്ലേസ് ചെയ്താണ് പുതിയവ സ്ഥാപിക്കുന്നതെങ്കിൽ പഴയ ഉപകരണങ്ങൾക്ക് ബൈബാക്ക് രീതിയിൽ വില ലഭിക്കുന്ന സാഹചര്യമുണ്ട്. ഇൻവോയ്സ് പ്രകാരം ഉപകരണങ്ങൾക്ക് ബൈബാക്ക് വില നൽകിയിട്ടില്ല.

**04.**അനെർട്ട് തയ്യാറാക്കി നൽകിയ ഇൻവോയ്സ് പ്രകാരം 12 KW കപ്പാസിറ്റിയിൽ ഇൻവെർട്ടർ, ബാറ്ററി, മറ്റുള്ളവ എന്നല്ലാതെ ബാറ്ററിയുടെ കപ്പാസിറ്റി, എണ്ണം, തരം (ലെഡ് ആസിഡ്/ലിഥിയം അയൺ) ഇൻവെർട്ടറിന്റെ കപ്പാസിറ്റി എന്നിവയൊന്നും രേഖപ്പെടുത്തിയിട്ടില്ല.

**05.** സോളാർ പാനലുകളുടെ സാങ്കേതിക വിദ്യയിൽ (മോണോക്രിസ്റ്റലൈൻ, ബൈഫേഷ്യൽ, തിൻ ഫിലിം, പോളിക്രിസ്റ്റലൈൻ മുതലായവ) വന്ന പുരോഗതി, വർഷങ്ങളായുള്ള ഉപയോഗം, മേൽക്കൂരയിൽ സ്ഥാപിച്ചിരിക്കുന്നതിനാൽ തന്നെ വന്നിട്ടുള്ള സമയബന്ധിതമായ ക്ലീനിംഗിന്റെ അഭാവം എന്നിവ മൂലം നിലവിലുള്ള 8 വർഷം പഴക്കമുള്ള സോളാർ പാനലുകൾ കാലഹരണപ്പെടുകയും ഉത്പാദനക്ഷമത വളരെ കുറയുകയും ചെയ്യുന്ന സാഹചര്യത്തിൽ പഴയ സോളാർ പാനലുകൾ തന്നെ നിലനിർത്തികൊണ്ട് പ്ലാന്റിന്റെ സ്റ്റോറേജ് സൌകര്യങ്ങൾ മാത്രം നവീകരിക്കുന്നതുമൂലം മുതൽമുടക്കിന് അനുസൃതമായ ഊർജ്ജഉത്പാദനം സാധ്യമാകാത്ത സ്ഥിതിയുണ്ട്.

**06.** നിലവിലുള്ള ആശുപത്രി കെട്ടിടത്തിന് പുറമേ നിർമ്മിക്കുന്ന പുതിയ കെട്ടിടം പൂർത്തിയായിവരുന്ന സാഹചര്യത്തിൽ സ്ഥാപനത്തിന്റെ അധിക വൈദ്യുതിആവശ്യങ്ങൾ കൂടി കണക്കിലെടുത്ത് കൂടുതൽ സോളാർ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി സ്വയംപര്യാപ്തത ഉറപ്പുവരുത്തേണ്ടത് അനിവാര്യമാണ്.ആയതിനാൽ

ഊർജ്ജക്ഷമതയുള്ള പുതിയ സോളാർപ്ലാന്റുകൾ സ്ഥാപിക്കുന്ന പ്രവർത്തികളാണ് സ്ഥാപനം ഏറ്റെടുക്കേണ്ടിയിരുന്നത്.

നിലവിലെ പ്രോജക്ട് നടപ്പിലാക്കിയതിലെ അപാകങ്ങളും നടപ്പാക്കുന്നതിലെ കാലതാമസവും സംബന്ധിച്ച വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.45/05-02-2026) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല.സ്ഥാപനത്തിന്റെ ദീർഘകാല ലക്ഷ്യങ്ങൾക്കനുസൃതമായി പ്രോജക്ടുകൾ തയ്യാറാക്കുന്നതിനും പ്രോജക്ട് നിർവ്വഹണത്തിൽ വന്നിട്ടുള്ള പോരായ്മകൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. പ്രോജക്ട് പ്രകാരമുള്ള പ്രവർത്തികൾ ഇനിയും ആരംഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ മുൻകൂർ നൽകിയ 7,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.പുതിയ സോളാർ പാനലുകൾ കൂടി ഉൾപ്പെടുത്തിയും നിലവിൽ സ്ഥാപിച്ചിട്ടുള്ള അനുബന്ധ സൌകര്യങ്ങൾ കൂടി പ്രയോജനപ്പെടുത്തിയും പ്രോജക്ട് നടപ്പാക്കാനുള്ള സാധ്യതകൾ പരിശോധിക്കേണ്ടതാണ്.

**1-35 താലൂക്ക് ആശുപത്രി ആവർത്തനചെലവുകൾ- വൈദ്യുതി ചാർജ്ജ് കുടിശ്ശിക പിഴസഹിതം ഒടുക്കി**

| | |
|---|---|
| പ്രോജക്ട് നം. | S0058/25 |
| പ്രോജക്ടിന്റെ പേര് | താലൂക്ക് ആശുപത്രി ആവർത്തന ചെലവുകൾ |
| അടങ്കൽ | ₹ 50,00,000.00 രൂപ<br>മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| ചെലവ് വിവരം | ₹ 49,99.495.00 രൂപ<br>മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽഓഫീസർ,<br>താലൂക്ക് ആശുപത്രി, |

| | |
|---|---|
| | കായംകുളം. |

**താലൂക്ക് ആശുപത്രി ആവർത്തന ചെലവുകൾ-** എന്ന പ്രോജക്ട് പ്രകാരം ആശുപത്രിയുടെ വൈദ്യുതി ചാർജ്ജ്. ടെലഫോൺ ചാർജ്ജ് , ഉപകരണങ്ങൾ വാങ്ങൽ, അറ്റകുറ്റപ്പണികൾ എന്നിവക്കാണ് തുക ചെലവഴിച്ചിട്ടുള്ളത്. പ്രോജക്ട് ഫയൽ പരിശോധിച്ചതുപ്രകാരം ചുവടെ ചേർക്കുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

01) ആശുപത്രിയിലുള്ള നാല് കൺസ്യൂമർ നമ്പരുകളിലെ **വൈദ്യുതി ചാർജ്ജ്** കുടിശ്ശികയായി ₹19,51,918/- (ബിൽ നം.TRN -240703000000003454 Dtd 23/07/2024 )പ്രോജക്ട് പ്രകാരം കെ.എസ്.ഇ.ബിയിൽ ഒടുക്കിയിട്ടുണ്ട്. 2024 ഫെബ്രുവരി മുതൽ ജൂൺ വരെയുള്ള മാസങ്ങളിലെ ബില്ലുകൾ പ്രകാരമാണ് കുടിശ്ശിക നൽകിയിട്ടുള്ളത്. കെ.എസ്.ഇ.ബി കായംകുളം നൽകിയ AE/KYLM West/Arrear/Govt.Hos/2024-25/56 Dtd 24/06/2024 നം കത്ത് പ്രകാരം ആശുപത്രിക്ക് വിവിധ കൺസ്യൂമർ നമ്പരുകളിലായി 17,41,427 രൂപ കുടിശ്ശികയുള്ളതായും കുടിശ്ശികക്ക് **ദിവസം 18% നിരക്കിൽ** പിഴപലിശ നൽകേണ്ടി വരുന്നതായും അറിയിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി നൽകിയ 5 കൺസ്യൂമർ നമ്പറുകളിൽ 4 കൺസ്യൂമർ നമ്പരിലുള്ള കുടിശ്ശിക ഒടുക്കിയതിന് മാത്രം ₹19,51,918/- രൂപ ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്. ഇത് പ്രകാരം നൽകിയ തുകയിൽ 2,10,491 രൂപ 18% നിരക്കിൽ പിഴപ്പലിശയായി മാത്രം നൽകേണ്ടിവന്നതാണ്.

2) ഘടക സ്ഥാപനങ്ങളുടെ കണ്ടിജന്റ് ചെലവുകൾക്കായി നഗരസഭക്ക് ബി-ഫണ്ട് ലഭ്യമായിരിക്കുകയും നഗരസഭയിലെ മറ്റ് ഘടകസ്ഥാപനങ്ങളെല്ലാം കണ്ടിജന്റ് ചെലവുകൾ ഈ ഫണ്ടിൽ നിന്നും യഥാസമയം ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പ്ലാൻ ഫണ്ട് ലഭ്യമല്ലാത്ത സാഹചര്യങ്ങളിൽ ആശുപത്രി എച്ച്.എം.സി, നഗരസഭ തനത് ഫണ്ട് എന്നിവിടങ്ങളിൽ നിന്നും വൈദ്യുതി ചാർജ്ജ് ഒടുക്കുകയും പ്രോജക്ടിൽ നിന്നും റീ ഇമ്പേഴ്സ് ചെയ്യുകയും ചെയ്യാമെന്നിരിക്കെ വൈദ്യുതി തുക കുടിശ്ശികയാക്കി വലിയ പിഴസഹിതം ഒടുക്കേണ്ടിവന്നത് എന്തുകൊണ്ടാണ് എന്ന വിവരം വ്യക്തമല്ല.

3) വൈദ്യുതിചാർജ്ജ് കുടിശ്ശിക വരുത്തിയതിന് വലിയ തുക പിഴ ഒടുക്കേണ്ടി വന്നശേഷവും വൈദ്യുതിചാർജ്ജ് സമയബന്ധിതമായി ഒടുക്കുവരുത്തുന്നില്ല.ആശുപത്രിയുടെ 1355320096661 കൺസ്യൂമർ നമ്പരിലെ ബില്ലുകൾ മാത്രമാണ് പ്രോജക്ട് പ്രകാരം തുടർന്നും മാറി നൽകിയിട്ടുള്ളത്. ബാക്കി കൺസ്യൂമർ നമ്പരുകളിലെ തുടർന്നുള്ള മാസങ്ങളിലെ ബില്ല് ഒടുക്കാത്തത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കിയിട്ടില്ല. മറ്റേതെങ്കിലും ഫണ്ടിൽ നിന്നും തുക ഒടുക്കിയിട്ടുണ്ടോ എന്നതും വ്യക്തമല്ല. ഇത് മൂലം 18% നിരക്കിലുള്ള പിഴപ്പലിശ മറ്റു കൺസ്യൂമർ നമ്പരുകളിലെ വൈദ്യുതി ചാർജ്ജിനൊപ്പം ഓരോ പ്രാവശ്യവും നൽകേണ്ടിവരുന്ന സാഹചര്യമുണ്ട്.

4) ആശുപത്രിയുടെ വൈദ്യുതി ചാർജ്ജ് യഥാസമയം നൽകാതെ ഇത്രയും നാളത്തെ കുടിശ്ശിക നൽകേണ്ടിവരുന്ന വിവരവും പ്രോജക്ടിൽ നിന്നും പിഴപ്പലിശ ഉൾപ്പടെ ചെലവുവരുന്ന സാഹചര്യവും നിർവ്വഹണ ഉദ്യോഗസ്ഥൻ നഗരസഭ കൌൺസിലിനെ അറിയിക്കുകയോ പിഴ ഒടുക്കുന്ന വിഷയത്തിൽ കൌൺസിലിന്റെ തീരുമാനം/ അംഗീകാരം വാങ്ങുകയോ ചെയ്തിട്ടില്ല.

5)വൈദ്യുതി ചാർജ്ജ്,കുടിശ്ശിക,പിഴ എന്നിവ പ്രത്യേകമായി രേഖപ്പെടുത്തിയിട്ടുള്ള രസീതി ഹാജരാക്കിയിട്ടില്ല. പിഴവിവരങ്ങൾ പ്രത്യേകമായി ചേർത്തിട്ടില്ലാതെയുള്ള ബില്ലുകളാണ് ഫയലിലുള്ളത്. ഇതിൽ വൈദ്യുതി ചാർജ്ജിനൊപ്പം പിഴത്തുക കൂട്ടിച്ചേർത്തിട്ടുള്ള ആകെ കുടിശ്ശികസംഖ്യ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത് . ഈ തുക പൂർണ്ണമായും ഒടുക്കിയിട്ടുണ്ട്.

6) ആശുപത്രി പോലുള്ള അനിവാര്യ പൊതുസ്ഥാപനങ്ങളുടെ വൈദ്യുതി കുടിശ്ശിക വരുന്ന സന്ദർഭങ്ങളിൽ കെ.എസ്.ഇ.ബിയിൽ നിന്നും ഒറ്റത്തവണ തീർപ്പാക്കൽ, കുടിശ്ശിക അദാലത്ത്, ആംനെസ്റ്റി സ്കീം എന്നിവ പ്രകാരം പിഴപ്പലിശയിൽ ഇളവ് ലഭിക്കുന്ന സാഹചര്യമുണ്ട്. ഇപ്രകാരമുള്ള കിഴിവ് നേടുന്നതിനുള്ള നടപടികൾ നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വീകരിച്ചിട്ടില്ല. ഇളവുകൾക്കായി നഗരസഭ തലത്തിൽ യാതൊരു നടപടിയും സ്വീകരിക്കാതെ പിഴപ്പലിശ പൂർണ്ണമായി പ്രോജക്ടിൽ നിന്നും ഒടുക്കി.

ഇക്കാര്യങ്ങളിലെ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-6/24-01-2026) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയില്ല. പ്രോജക്ട്, തനത് ഫണ്ട്, എച്ച്.എം.സി ഫണ്ട് എന്നിവയിൽ നിന്നും തുക കണ്ടെത്തി കുടിശ്ശിക ഒഴിവാക്കാമായിരിക്കെ അപ്രകാരമുള്ള നടപടികൾ

സ്വീകരിക്കാതെയും പിഴപ്പലിശയിൽ ഒഴിവ് ലഭിക്കാനുള്ള സാധ്യതകൾ പരിശോധിക്കാതെയും പ്രോജക്റ്റിൽ നിന്നും പിഴപ്പലിശ ഒടുക്കിയ ₹2,10,491 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

01. വൈദ്യുതി ചാർജ്ജ്, വെള്ളക്കരം പോലുള്ള ആവർത്തനചെലവുകളുടെ വിവരം മുൻകൂട്ടി അറിവുള്ള സാഹചര്യത്തിൽ പ്രോജക്റ്റിൽ മതിയായ വിഹിതം ഉറപ്പുവരുത്തുക.

02. പ്രോജക്റ്റ് തുക ലഭിക്കുന്നതിന് കാലതാമസം വരുന്ന സാഹചര്യത്തിൽ തനത് ഫണ്ട്, എച്ച്.എം.സി ഫണ്ട് എന്നിവയിൽ നിന്നും തുക എടുക്കുന്നതിനും അവ സമയബന്ധിതമായി തിരിച്ചടക്കുന്നതിനും സ്ഥിരം സംവിധാനം ഉറപ്പുവരുത്തുക.

03.ഒഴിവാക്കാനാകാത്ത ഏതെങ്കിലും സാഹചര്യത്തിൽ ബില്ലിൽ പിഴ പലിശ വരുന്ന പക്ഷം കൗൺസിലിന്റെ അംഗീകാരത്തോടെ കെ.എസ്.ഇ.ബിയിൽ നിന്നും പിഴപ്പലിശയിൽ ഇളവ് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

04.സോളാർ വൈദ്യുതി പ്ലാന്റ് പോലുള്ള പുനരുപയോഗിക്കാവുന്ന ഊർജ്ജസ്രോതസ്സുകൾ സ്ഥാപിച്ച് നിലവിലെ ഉയർന്ന വൈദ്യുതി ചാർജ്ജ് കുറക്കുന്നതിന് നടപടി സ്വീകരിക്കുക.

**1-36 താലൂക്ക് ആശുപത്രിയിലേക്ക് കംപ്യൂട്ടർ ,ഫോട്ടോസ്റ്റാറ്റ്, പ്രിന്റർ വാങ്ങൽ - ബില്ലിൽ വന്ന പിഴവ് മൂലം വിതരണസ്ഥാപനത്തിന് നൽകേണ്ട തുക ലാപ്സായി.**

| | |
|---|---|
| പ്രോജക്റ്റ് നമ്പർ/ പേര് | താലൂക്ക് ആശുപത്രിയിലേക്ക് കംപ്യൂട്ടർ ,ഫോട്ടോസ്റ്റാറ്റ്, പ്രിന്റർ വാങ്ങൽ **(S0464/25)** |
| അടങ്കൽ | **₹2,55,000/-(**മെയിന്റനൻസ് ഗ്രാന്റ്- റോഡിതരം**)** |

| | |
|---|---|
| | |
| ചെലവ് | **₹2,54,972/-(**മെയിന്റനൻസ് ഗ്രാന്റ്- റോഡിതരം**)** |
| ബിൽ നം & തീയതി | TRN- 240703000000007527 Dtd 07-11-2024 ₹₹2,54,972/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി |

മേൽ പ്രോജക്ട് പ്രകാരം താലൂക്ക് ആശുപത്രിയിൽ കംപ്യൂട്ടർ ,ഫോട്ടോസ്റ്റാറ്റ്, പ്രിന്റർ എന്നീ ഉപകരണങ്ങൾ വാങ്ങിയതിന് കെ.എം.ടെക്നോളജീസ്, കോട്ടയം എന്ന സ്ഥാപനത്തിന്റെ 18/10/2024 ലെ KMR/24-25/982,983,988 നമ്പർ ഇൻവോയ്സുകൾ പ്രകാരം ₹26,005, ₹25,787, ₹1,99,980 എന്നിവ പ്രകാരം ആകെ ₹2,51,772/- രൂപ സ്ഥാപനത്തിന് അനുവദിച്ചിരുന്നു.എന്നാൽ ബില്ലിൽ സ്ഥാപനത്തിന്റെ അക്കൌണ്ട് നമ്പർ രേഖപ്പെടുത്തിയതിലെ പിഴവ് മൂലം തുക സ്ഥാപനത്തിന് ലഭിച്ചിട്ടില്ലായെന്നും നിശ്ചിത സമയപരിധിക്കകം ഈ പിഴവ് തിരുത്തുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥന് സംഭവിച്ച വീഴ്ച മൂലം തുക സർക്കാരിന്റെ അക്കൌണ്ടിലേക്ക് തിരികെ പോയതായും നഗരസഭ കൌൺസിലിന്റെ 27/02/2025 മീറ്റിംഗ് മിനിട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സർക്കാർ ഉത്തരവ് (പി) നം.86/2016/ധന തിയതി 16/06/2016 പ്രകാരം അക്കൌണ്ട് നമ്പരിലേയോ മറ്റോ പിഴവ് മൂലം ബെനഫിഷ്യറിക്ക് ലഭിക്കേണ്ട തുക ബില്ല് മാറിയശേഷം ഒരു മാസത്തിനകം ബിൽ തയ്യാറാക്കുന്ന സോഫ്റ്റ്വെയറിൽ തന്നെ തിരുത്താൻ സംവിധാനമുണ്ട് . എന്നാൽ ഈ ഓപ്ഷൻ

പ്രയോജനപ്പെടുത്താതിരുന്നതിനാൽ വിതരണ സ്ഥാപനത്തിന് നല്കേണ്ട തുക നിലവിൽ ലാപ്സായ സാഹചര്യമുണ്ട്. സർക്കാരിൽ നിന്നും പ്രത്യേക ഉത്തരവ് വഴി തിരികെ ലഭ്യമാക്കിയാൽ മാത്രമാണ് ഈ തുക വിതരണസ്ഥാപനത്തിന് നൽകാൻ സാധിക്കുന്നത്. ഇതിനുള്ള നടപടികൾ സ്വീകരിച്ച് കെ.എം.ടെക്നോളജീസിന് തുക നൽകിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-34/03-02-2026) മറുപടി ലഭ്യമാക്കിയില്ല. നഗരസഭയുടെ കണക്കിൽ ചെലവായി രേഖപ്പെടുത്തിയ തുക സർക്കാരിൽ നിന്നും തിരികെ ലഭിക്കുന്നത് വരെ യഥാർത്ഥത്തിൽ നഗരസഭയുടെ ബാധ്യതയായ സ്ഥിതിയുമുണ്ട്. ഈ സാഹചര്യത്തിൽ, പ്രോജക്ടിലെ ₹2,51,772/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തുക സർക്കാരിൽ നിന്നും തിരികെ ലഭ്യമാക്കി സ്ഥാപനത്തിന് കൈമാറുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

**1-37 ജലദൌർലഭ്യമുള്ള വാർഡുകളിൽ കുഴൽക്കിണറുകൾ സ്ഥാപിച്ച് ജലവിതരണം-ഉപഭോക്താക്കൾക്ക് കുടിവെള്ള കണക്ഷൻ നൽകാനായിട്ടില്ല**

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | കുഴൽക്കിണറുകൾക്ക് പമ്പ് ഹൌസും കറന്റ് കണക്ഷനും (S0642/25) |
| അടങ്കൽ | ₹8,10,000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | ₹8,10,000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |

| | |
|---|---|
| ബിൽ നം & തീയതി | PFMSid-C012532064411/14-01-2025 ₹8,10,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ, കായംകുളം നഗരസഭ |

നഗരസഭയിലെ 30,41 വാർഡുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനാണ് പ്രോജക്റ്റ് തയ്യാറാക്കിയിട്ടുള്ളത്. പ്രോജക്റ്റ് ഫയൽ പരിശോധിച്ച് കണ്ടെത്തിയ പ്രധാന വസ്തുതകൾ ചുവടെ ചേർക്കുന്നു.

01.നഗരസഭയിൽ ജലദൌർലഭ്യം നേരിടുന്ന പ്രദേശങ്ങളിൽ കുഴൽക്കിണറുകൾ, പമ്പ് ഹൌസുകൾ എന്നിവ സ്ഥാപിച്ച് ജലവിതരണം സുഗമമാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചത് 2022-23 സാമ്പത്തിക വർഷമാണ്. ഈ കാലയളവിൽ നഗരസഭയിലെ 30,41 വാർഡുകളിൽ കുഴൽക്കിണർ സ്ഥാപിക്കുന്നതിനായി സർവ്വേഫീസടക്കം 16,39,675 രൂപ ഭൂജലവകുപ്പിൽ ഡെപ്പോസിറ്റ് ചെയ്തിരുന്നു. ഇതിൽ വാർഡ് 41 ലെ കുഴൽക്കിണർ നിർമ്മാണം മാത്രമാണ് പൂർത്തിയാക്കി കംപ്ലീഷൻ സർട്ടിഫിക്കറ്റ് ലഭിച്ചത്. വാർഡ് 30 ലെ കുഴൽക്കിണർ നിർമ്മാണം ഇതുവരെ പൂർത്തിയായിട്ടില്ല.

02.നിർമ്മാണം പൂർത്തിയായ വാർഡ് 41 ലെ കുഴൽക്കിണറിന് പമ്പ് ഹൌസ്, ത്രീഫേസ് കണക്ഷൻ എന്നിവ സ്ഥാപിക്കുന്നതിനാണ് നടപ്പ് സാമ്പത്തിക വർഷം പ്രോജക്റ്റ് ഏറ്റെടുത്തത്. വാട്ടർ അതോറിറ്റി തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റ് പ്രകാരം തുക ഒടുക്കുകയാണ് പ്രോജക്റ്റ് പ്രകാരം ചെയ്തത്. നിർമ്മാണം പൂർത്തിയായ പമ്പ് ഹൌസിന് നിലവിലും വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടില്ല.

03.ഈ സാമ്പത്തിക വർഷത്തെ പ്രോജക്റ്റ് പ്രകാരം വാട്ടർ അതോറിറ്റി നൽകിയ എസ്റ്റിമേറ്റ് പ്രകാരം പമ്പ് ഹൌസ് നിർമ്മാണം, ത്രീ ഫേസ് കണക്ഷൻ എന്നിവക്കായി ₹8,10,000/-രൂപ നൽകിയിട്ടുണ്ട്. ഈ എസ്റ്റിമേറ്റിൽ

പരസ്യം /പബ്ലിസിറ്റി ചാർജ്ജായി 15,000 രൂപയും 18% ജി.എസ്.ടിയും ഈടാക്കിയിട്ടുണ്ട്. എന്നാൽ ഈ ചെലവിന്റെ ആവശ്യകത വ്യക്തമാകുന്നില്ല.

04. പമ്പ് ഹൌസ് പരിപാലനം, നടത്തിപ്പ്, വൈദ്യുതി ചാർജ്ജ് ഒടുക്കൽ എന്നിവയുടെ ഉത്തരവാദിത്വം വാട്ടർ അതോറിറ്റിക്കായിരിക്കുമെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഈ കാര്യങ്ങൾ ഉറപ്പുവരുത്തുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥൻ വാട്ടർ അതോറിറ്റിയുമായി കരാർ ചമച്ചിട്ടില്ല.

05. വാർഡുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുക എന്ന അടിയന്തര പ്രാധാന്യമുള്ള പ്രവർത്തിക്ക് വേണ്ടി നഗരസഭ ലക്ഷങ്ങൾ ചെലവഴിച്ചുവെങ്കിലും മൂന്ന് സാമ്പത്തിക വർഷത്തിനുശേഷവും പ്രോജക്ട് പൂർത്തീകരിക്കാത്തതിനാൽ പൊതുജനങ്ങൾക്ക് പ്രോജക്ടിന്റെ പ്രയോജനം ലഭ്യമാകാത്ത സ്ഥിതിയുമുണ്ട്. 2022-23 സാമ്പത്തിക വർഷം നൽകിയ ഡെപ്പോസിറ്റ് പ്രവർത്തിയുടെ വിനിയോഗവിവരങ്ങളും ഇതുവരെ ലഭ്യമായിട്ടില്ല. വാർഡ് 30 ലെ നിർമ്മാണം പൂർത്തീകരിക്കാത്തതിന് തുടർനടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങളും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. ഒരേ സമയം ചെയ്യാവുന്ന പ്രവൃത്തികൾ പലതായി വിഭജിച്ച് പല വർഷങ്ങളിലായി നടപ്പിലാക്കുന്നത് പ്രോജക്ട് ലക്ഷ്യമിട്ട പ്രവർത്തനങ്ങൾക്കും വിരുദ്ധമാണ്. മാത്രമല്ല പ്രോജക്ട് ചെലവ് കാലാനുസൃതമായി വർദ്ധിക്കുന്നതിനും കാരണമാകുന്നു.

06. അമൃത് പദ്ധതി വഴി നഗരസഭയിൽ പുതുതായി ജലസംഭരണികൾ സ്ഥാപിക്കുകയും ധാരാളം ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുകയും ചെയ്യുന്നുണ്ട്. ഈ പദ്ധതിയിൽ പ്രഥമ പരിഗണന ലഭിക്കുന്നത് കുടിവെള്ളക്ഷാമം കൂടുതൽ നേരിടുന്ന പ്രദേശങ്ങളിലെ ജലവിതരണത്തിനാണ്. നഗരസഭ കുഴൽക്കിണർ സ്ഥാപിച്ച് നടത്താൻ ഉദ്ദേശിക്കുന്ന കുടിവെള്ള പ്രോജക്ട് വർഷങ്ങളായി പൂർത്തീകരിക്കപ്പെടാതെയിരിക്കുന്ന സാഹചര്യത്തിൽ പ്രോജക്ട് പൂർത്തിയാകുന്ന സമയത്ത് ഇത് അപ്രസക്തമാകാനുള്ള സാധ്യതയുമുണ്ട്.

ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-54/07-02-2026) മറുപടി ലഭ്യമാക്കിയില്ല. നഗരസഭ നാളിതുവരെ 24.50 ലക്ഷം രൂപ ചെലവഴിച്ചിട്ടും പ്രോജക്ട് പ്രകാരം ഒരു ഗുണഭോക്താവിന് പോലും കുടിവെള്ള കണക്ഷൻ നൽകാനായിട്ടില്ല. പ്രോജക്ട് പൂർത്തീകരിക്കുന്നതിനും

പ്രവർത്തനക്ഷമമാകുന്നതിനും വലിയ തുകയുടെ മുതൽ മുടക്കും കൂടുതൽ കാലയളവും ഇനിയും ആവശ്യമായിരിക്കെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് പ്രോജക്ടിന്റെ തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. ജല അതോറിറ്റിക്കും ഭൂജലവകുപ്പിനും നാളിതുവരെ നൽകിയ തുകയുടെ കൃത്യമായ വിനിയോഗവിവരങ്ങൾ ലഭ്യമാക്കാനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-38 ദേശീയപാത വികസനത്തിനായി സ്ഥലമെടുപ്പ്-നഗരസഭയ്ക്ക് നഷ്ടപരിഹാരം ലഭിച്ചില്ല

7/2021 -ലെ സ്പെഷ്യൽ തഹസിൽദാർ എൽ.എ (എൻ.എച്ച്) നം.1 ഹരിപ്പാടിന്റെ LAC 2314/19 കത്ത് പ്രകാരം ദേശീയപാത-66 ന്റെ വികസനത്തിന് വേണ്ടി കൃഷ്ണപുരം വില്ലേജിൽ ബ്ലോക്ക് നം.211-ൽ സർവ്വെ നം. 87 -ൽപ്പെട്ട 0.0021 ഹെക്ടർ ഭൂമി ഗവ.-ൽ നിക്ഷിപ്തമായിട്ടുണ്ടെന്നും നോട്ടീസ് കൈപ്പറ്റി 60 ദിവസത്തിനുള്ളിൽ അവകാശം തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കേണ്ടതാണെന്നും എന്നാൽ മാത്രമെ നഷ്ടപരിഹാരം ലഭിക്കുവെന്നും അറിയിച്ചിട്ടുണ്ട്. മാത്രമല്ല കാലതാമസം വരുത്തിയാൽ വർദ്ധിതമൂല്യത്തിന് അർഹത ലഭിക്കുകയില്ലെന്നും സമയപരിധിക്കുള്ളിൽ രേഖകൾ ഹാജരാക്കാത്തപക്ഷം അർഹതപ്പെട്ട ആനുകൂല്യം പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കുന്നതാണെന്നും കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. മുൻആധാരം, സ്ഥലത്തിന്റെ ആധാരം പൊസെഷൻ & നോൺ അറ്റാച്ച്മെന്റ് സർട്ടിഫിക്കറ്റ്, നികുതിയടച്ച രസീത് ,ബാധ്യത രഹിത സർട്ടിഫിക്കറ്റ്, ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് എന്നിവയാണ് അർഹത തെളിയിക്കുന്ന രേഖകൾ. ഇപ്രകാരം കൃഷ്ണപുരം സ്പെഷ്യൽ തഹസിൽദാറുടെ ഓഫീസിൽ നിന്നും കീരിക്കാട് സ്പെഷ്യൽ തഹസീൽദാരുടെ ഓഫീസിൽ നിന്നും നിരവധി കത്തുകൾ നഗരസഭയ്ക്ക് ലഭിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ആകെ 13.79 ആർസ് വസ്തുവിനാണ് നഗരസഭയ്ക്ക് ദേശീയപാത വികസന അതോറിറ്റിയിൽ നിന്നും നഷ്ടപരിഹാരം ലഭിക്കുവാനുള്ളത്. നഗരസഭയുടെ അധീനതയിലുള്ള സ്ഥലങ്ങൾ ദേശീയ പാത വികസനത്തിനായി അക്വയർ ചെയ്തതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വില്ലേജ് | ബ്ലോക്ക് | സർവ്വെ നം. | വിസ്തീർണ്ണം(ആർസ്) | റിമാർക്സ് |
| --- | --- | --- | --- | --- |

| | | | | |
|---|---|---|---|---|
| കൃഷ്ണപുരം | 203 | 26 | 3.77 | സർക്കാർ പുറമ്പോക്ക് |
| കായംകുളം | 215 | 171 | 0.77 | നഗരസഭയുടെ പേരിൽ |
| കായംകുളം | 169 | 85 | 1.76 | നഗരസഭ കടമുറികൾ |
| കായംകുളം | 227 | 18 | 6.31 | ഗുരുമന്ദിരം വടക്കുവശം |
| കായംകുളം | 168 | 37 | 0.05 | |
| കീരിക്കാട് | 43 | 6 | സർക്കാർ പുറമ്പോക്ക് | ആയുർവേദ ആശുപത്രി |
| കീരിക്കാട് | 19 | 174 | 0.73 | നാളതുവഴി |
| കീരിക്കാട് | 19 | 170 | 0.40 | നാളതുവഴി |

നഗരസഭയുടെ അധീനതയിലുള്ള കല്ലുംമൂട് ഭാഗത്തുള്ള കടമുറികളും സ്ഥലവും രണ്ടാം വാർഡിലെ ഗവ.ആയുർവേദ ഹോസ്പിറ്റൽ നിൽക്കുന്ന സ്ഥലവും അതിനോട് ചേർന്നുള്ള സ്ഥലവും കായംകുളം കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റിന് എതിർവശത്തുള്ള ഭൂമി എന്നിവയെല്ലാം ഇതിൽപ്പെടുന്നു. . എന്നാൽ അവകാശം തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കുന്നതിന് നാളിതുവരെ കഴിഞ്ഞിട്ടില്ല.ആധാരം ഉൾപ്പടെയുള്ള വിവരങ്ങൾ നഗരസഭയിൽ ലഭ്യമല്ലായെന്ന് നഗരസഭയിലെ എഞ്ചിനിയറിംഗ് ,ജനറൽ വിഭാഗങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നഷ്ടപരിഹാരം ലഭിക്കുന്നതുമായി ബന്ധപ്പെട്ട് നഗരസഭ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.65 തീയതി 11/02/2026) നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല.നഗരസഭയുടെ ഉദാസീനത

കാരണം കെട്ടിടത്തിനുള്ള നഷ്ടപരിഹാരം ഉൾപ്പടെ ഭീമമായ നഷ്ടം സംഭവിച്ചു. അടിയന്തിര പ്രാധാന്യം നൽകി തുടർനടപടികൾ സ്വീകരിക്കുന്നതിന് നിലവിലെ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-39 മുൻഗണനാക്രമവും, ആവശ്യകതയും നിശ്ചയിക്കാതെ വാങ്ങലുകൾ നടത്തി.

| | |
|---|---|
| പ്രോജക്ട് നം. | S0711/25 |
| പ്രോജക്റ്റിന്റെ പേര് | അംഗൻവാടികൾക്ക് എസിയും, ടിവിയും വാങ്ങൽ |
| അടങ്കൽ | 5,77,700/- (വികസന ഫണ്ട്) |
| ചെലവ് | 5,42,000/-(വികസന ഫണ്ട്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐസിഡിഎസ്സ് സൂപ്പർവൈസർ. |
| ബിൽ നം. | BRN 2407034700801675418/24-03-25 Rs. 2,98,500/- BRN 2407034700801675430/24-03-25 Rs. 2,43,500/- |

ഐസിഡിഎസ്സ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അംഗൻവാടികൾക്ക് എസിയും, ടിവിയും എന്ന പദ്ധതിയ്ക്കായി 2024-25 ൽ ആകെ വകയിരുത്തിയത് 5,77,700/- രൂപ. ഇതിൽ 2,98,500/- രൂപ 15 ടിവികൾ (32" Acer LED Android TV) വാങ്ങുന്നതിനും, 2,43,500/- രൂപ 5 എസി (Lloyd 1 Ton Split Inverter A/C) വാങ്ങുന്നതിനുമാണ് ചെലവഴിച്ചിട്ടുള്ളത്.

(1) കൊച്ചി അബാസ്സസ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയ ടിവികൾ 25-03-25 ൽ എത്തിച്ചു നൽകുകയും അവ 15 അംഗൻവാടികൾക്കായി വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. ഒരു വർഷമാണ് ടിവികൾക്ക് വാറന്റി നൽകിയിട്ടുള്ളത്. 25-03-2025 ൽ വിതരണം നടത്തിയ ടിവി കൾ നാളിതുവരെ പ്രവർത്തന സജ്ജമായിട്ടില്ല.

അതിനാവശ്യമുള്ള കേബിൾ കണക്ഷൻ, വൈഫൈ തുടങ്ങിയ അടിസ്ഥാന സൌകര്യങ്ങളൊന്നും തന്നെ അംഗനവാടികൾക്ക് ഓഡിറ്റ് സമയം വരെ നൽകിയിട്ടില്ല. രണ്ടു മാസത്തിനകം വാറന്റി അവസാനിക്കുന്ന ടിവികൾ വിതരണം നടത്തി പത്തു മാസങ്ങൾക്കു ശേഷവും കണക്റ്റ് ചെയ്യുകയോ, പ്രവർത്തനസജ്ജമാക്കുകയോ ചെയ്തതായി കാണുന്നില്ല. ആവശ്യകത നിർണ്ണയിക്കാതെയും, ആവർത്തന ചെലവുകളുടെ ബാദ്ധ്യത നിശ്ചയിക്കാതെയും പർച്ചേസുകൾക്കു വേണ്ടി മാത്രം പ്രോജക്റ്റുകൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന്മേൽ സംഭവിക്കുന്ന ഇത്തരം പിഴവുകളിന്മേൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

(2) അംഗനവാടികൾക്കു വേണ്ടി 5 എയർ കണ്ടീഷനറുകൾ വാങ്ങിയിട്ടുണ്ട്. ഒരു എസി യുടെ വില 41,271/- രൂപയും 28% GST യുമാണ്. 41271.19 X 5 = 2,06,355.95 + 14%CGST 28,889.83 + 14% SGST 28,889.83 ആകെ 2,64,133.95/- രൂപ GST ഇനത്തിൽ മാത്രം 57,779.66 അടയ്ക്കേണ്ടതുണ്ട്. എന്നാൽ ബില്ലിൽ 28% ജി.എസ്.ടി എന്ന് കാണിക്കുകയും 9%+9%= 18% GST തുകയായ 18572+18572= 37,144/- രൂപ ഉൾപ്പടെയുള്ള വില മാത്രമാണ് സ്ഥാപനത്തിൽ അടച്ചിട്ടുള്ളത്. GST ഇനത്തിൽ 20,635/- രൂപ കുറവായി സ്ഥാപനത്തിന് നൽകിയത് സംബന്ധിച്ചും, എസി കൾ വാങ്ങാനുണ്ടായ സാഹചര്യത്തെ സംബന്ധിച്ചും ടെലിവിഷനുകൾ പ്രവർത്തന സജ്ജമാക്കാത്തതിനെക്കുറിച്ചും വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.23/2024-25 തീയതി 31/01/2026 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത മറുപടി പ്രകാരം ടിവി കൾക്ക് കേബിൾ കണക്ഷനുകളും മറ്റും സജ്ജമായിട്ടില്ലെന്നും അംഗൻവാടി ടീച്ചർമാരുടെ ഫോണിൽ നിന്നും വൈഫൈ ഉപയോഗിച്ചു ടിവി വർക്ക് ചെയ്യിക്കുന്നു എന്നാണ് പറഞ്ഞിട്ടുള്ളത്. ഇത്തരത്തിലുള്ള മറുപടി പരിഗണനാർഹമല്ല. തന്നെയുമല്ല ലോക്കൽ കേബിൾ സ്ഥാപനങ്ങളിലും, ബിഎസ്സ്എൻഎല്ലിലും ഇത് സംബന്ധിച്ച അന്വേഷണങ്ങൾ നടത്തി വരുന്നു എന്നും അറിയിച്ചിട്ടുണ്ട്. എയർകണ്ടീഷനറുകളെ സംബന്ധിച്ച് മറുപടിയിൽ പരാമർശമില്ല. എട്ടോളം അംഗൻവാടികളിൽ ഓഡിറ്റ് നേരിട്ടു പോയി പരിശോധന നടത്തിയതിൽ മിക്കയിടത്തും കുടിവെള്ളം കൃത്യമായി ലഭിക്കുന്നില്ല എന്നു ബോദ്ധ്യപ്പെട്ടു. രണ്ടിടത്ത് ഒഴികെ ബാക്കി ആറിടത്തും മുനിസിപ്പൽ വാട്ടർ കണക്ഷനുകൾ പോലുമില്ല. മുനിസിപ്പൽ ലൈനിൽ നിന്നുള്ള കുടിവെള്ളം മിക്ക അംഗൻവാടികളിലും ലഭ്യമല്ല, ലഭ്യമായവയിൽ തന്നെ വാട്ടർ ടാങ്കുകളും, പൈപ്പ്ഫിറ്റിംഗുകളും ക്രമീകരിച്ചതായി കണ്ടില്ല, ആകെ 61

അംഗൻവാടികളിൽ 26 എണ്ണവും വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നു. സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നവയ്ക്ക് ചുറ്റുമതിലോ, അടച്ചുറപ്പുള്ള ഗേറ്റ് സൌകര്യങ്ങളോ ഇല്ല, ഇത്തരത്തിലുള്ള അസൌകര്യങ്ങൾ നിലനിൽക്കെയാണ് എയർകണ്ടീഷനറുകളും, ടെലിവിഷനുകളും വാങ്ങി ടി അംഗൻവാടികൾ സ്മാർട്ട് ആക്കുന്നതിനുള്ള ശ്രമം നടത്തിയത്. തന്നെയുമല്ല പ്രോജക്ടുകൾ വെച്ച് എയർകണ്ടീഷനറുകൾ വാങ്ങാൻ പാടുള്ളതല്ല എന്ന കോ ഓഡിനേഷൻ കമ്മറ്റിയുടെ തീരുമാനം 2017 മുതൽക്കേ നിലനിൽക്കുന്നുമുണ്ട് . ആവശ്യകതയും, ആവശ്യകതയ്ക്ക് മുൻഗണനാക്രമവും, നിശ്ചയിക്കാതെ, വാങ്ങലുകൾക്ക് വേണ്ടി വാങ്ങലുകൾ നടത്തുന്നത് പൊതുപണത്തിന്റെ ദുർവിനിയോഗമായി ഓഡിറ്റ് വിലയിരുത്തുന്നു. വിഷയം ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-40 ലൈബ്രറി സ്ഥാപിക്കുന്നതിന് മുൻപ് തന്നെ തുക ചെലവഴിച്ചു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0580/2025 |
| പ്രോജക്ട് | 41-ാം വാർഡിലെ ലൈബ്രറിയിലേക്ക് പുസ്തകം വാങ്ങൽ |
| നിർവഹണം | സെക്രട്ടറി |
| അടങ്കൽ | 1 ലക്ഷം (CFC ഗ്രാൻറ്) |
| ചെലവ് | 1 ലക്ഷം |

നഗരസഭയിലെ 41-ാം വാർഡിലെ ലൈബ്രറിയിലേക്ക് പുസ്തകം വാങ്ങൽ എന്ന പദ്ധതി പ്രകാരം മാതൃഭൂമി പ്രിൻറിംഗ് & പബ്ലിഷിംഗ് കമ്പനിക്കും , കറൻറ് ബുക്സിനും 23.03.2025 നു 50,000/- രൂപ വീതം അക്കൌണ്ട് ട്രാൻഫർ ചെയ്തിട്ടുണ്ട് (Payment AdviceNo:C03257152449 Dtd 23.03.25). പുസ്തകം വാങ്ങുന്നതിനായി പണം കൈമാറിയതിന് 6 മാസ ശേഷം 27.09.2025 തീയതിയാണ് പ്രസ്തുത ലൈബ്രറിയുടെ ഉത്ഘാടനം പോലും

നടന്നതെന്ന് 04.02.2026 ന ഓഡിറ്റ് ടീം നടത്തിയ സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടു. സ്ഥല സന്ദർശനത്തിൽ ലൈബ്രറി തുറന്ന പ്രവർത്തിക്കാറേയില്ലെന്ന് വ്യക്തമാകുന്ന വിധത്തിൽ മാറാലയും പൊടിയും പിടിച്ച് ആർക്കും പ്രയോജനപ്പെടാതെ അടഞ്ഞു കിടക്കുന്നതായാണ് കണ്ടത്. കൂടാതെ ടി ലൈബ്രറിക്ക് താലൂക്ക് ലൈബ്രറി കൌൺസിലിന്റെ അംഗീകാരം ലഭിച്ചിട്ടുമില്ല.

1 ലക്ഷം രൂപ ചെലവഴിച്ച് പുസ്തകം വാങ്ങിയത് ഉറപ്പാക്കുന്നതിനായി പുസ്തകം സപ്ലൈ ചെയ്ത സ്ഥാപനങ്ങൾ ഹാജരാക്കിയ സപ്ലൈ നോട്ടോ, സ്റ്റോക്ക് രജിസ്റ്ററോ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാകാത്തതിനാൽ ഇൻവോയിസ് പ്രകാരമുള്ള പുസ്തകത്തിന്റെ സപ്ലൈയാണോ നടന്നതെന്ന് ഉറപ്പാക്കുന്നതിന് ഓഡിറ്റ് ടീമിന് സാധിച്ചില്ല. വി.എസ്.അച്യുതാനന്ദൻ ഗ്രന്ഥശാല, എ.പി.ജെ അബ്ദുൾകലാം സ്റ്റഡി സർക്കിൾ, അങ്കണവാടി കൂടി ഉൾപ്പെട്ട കെട്ടിടവും ഗാന്ധി പ്രതിമയും എന്നിവ 27.09.2025 തീയതിയാണ് ഉത്ഘാടനം ചെയ്യപ്പെട്ടത്. ലൈബ്രറി സ്ഥാപിക്കുന്നതിനും, അതിനു ആവശ്യമായ മറ്റ് അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കുന്നതിനും 6 മാസം മുൻപേ തന്നെ പുസ്തകം വാങ്ങുന്നതിന് 1 ലക്ഷം രൂപ അനുവദിക്കുകയും ചെലവഴിക്കുകയും ചെയ്തത് ക്രമപ്രകാരമല്ല. സ്ഥാപിക്കപ്പെടാത്ത ലൈബ്രറിക്ക് വേണ്ടി പ്രോജക്ടിൽ ലൈബ്രറിയുടെ പേര് പോലും സൂചിപ്പിക്കാതെ പദ്ധതി തയ്യാറാക്കിയതും പ്രവർത്തനം തുടങ്ങാതെ ഒരു ലക്ഷത്തോളം രൂപ പുസ്തകങ്ങൾ വാങ്ങുന്നതിന് ചെലവഴിച്ചത് സംബന്ധിച്ചും നൽകിയ ഓഡിറ്റ് അന്വേഷണത്തിന്( നം.39/തീയതി 05.02.26 ) മറുപടി ലഭ്യമാക്കിയില്ല. പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതു വരെ പുസ്തകം വാങ്ങുന്നതിനായി ചെലവഴിച്ച 1 ലക്ഷം രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

**1-41 താലൂക്ക് ആശുപത്രിക്ക് കംപ്യൂട്ടർ, ഫോട്ടോസ്റ്റാറ്റ്, പ്രിന്റർ വാങ്ങൽ- പ്രോജക്ട് രേഖകൾ പൂർണമായി ലഭ്യമാക്കിയിട്ടില്ല.**

| | |
|---|---|
| പ്രോജക്ട് നം- | S0464/25 |
| | |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | താലൂക്ക് ആശുപത്രിക്ക് കംപ്യൂട്ടർ, ഫോട്ടോസ്റ്റാറ്റ്, പ്രിന്റർ വാങ്ങൽ |
| അടങ്കൽ | ₹2,55,000/- (മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ്) |
| ചെലവ് | ₹2,54,972/-( TRN നം 24070300000007527/ 07-11-2024 ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,<br>താലൂക്ക് ആശുപത്രി, കായംകുളം |

പ്രോജക്ട് ഫയൽ പ്രകാരം ₹1,99,980 ആകെ വിലവരുന്ന 4 ഡെസ്ക്ടോപ്പ് കംപ്യൂട്ടറുകൾ , ₹26,005 വിലവരുന്ന ഒരു എ4 ലേസർ ഇമേജ് പ്രിന്റർ , ₹25,787 വിലവരുന്ന ഒരു എ4 ലേസർ പ്രിന്റർ ,₹3,200 വിലവരുന്ന UPS എന്നിവയാണ് വാങ്ങിയത്. ഫയൽ പരിശോധിച്ച് കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) വാങ്ങുന്ന ഉപകരണങ്ങളുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ ടെണ്ടർ നോട്ടീസ്, ആവശ്യമായ ഉപകരണങ്ങൾക്ക് നിശ്ചയിച്ച സ്പെസിഫിക്കേഷൻ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

2) **ജെം പോർട്ടലിൽ** നിന്നുള്ള പ്രോഡക്ട് രേഖകൾ ഹാജരാക്കിയിട്ടുണ്ട്. എന്നാൽ വാങ്ങലിനായി പോർട്ടലിൽ ബിഡ് ചെയ്തതിന്റെ തെളിവുകൾ, ലഭിച്ച ഓഫറുകളുടെ താരതമ്യ പത്രിക എന്നിവ ലഭ്യമാക്കിയിട്ടില്ല.

3) വിതരണസ്ഥാപനവുമായി നിർവ്വഹണ ഉദ്യോഗസ്ഥൻ കരാറിൽ ഏർപ്പെട്ടതിന്റെ വിശദ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

4) വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തതിന്റയും വിതരണം നടത്തിയതിന്റയും രേഖകൾ ലഭ്യമാക്കിയിട്ടില്ല.

ഇക്കാര്യങ്ങളിൽ വിശദീകരണം ലഭ്യമാക്കാനും രേഖകൾ ലഭ്യമാക്കാനും ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (2/23-01-2026) നൽകിയെങ്കിലും വിശദീകരണമോ പ്രോജക്ട് സംബന്ധിച്ച് ആവശ്യപ്പെട്ട രേഖകളോ ഹാജരാക്കിയില്ല. മേൽ അപാകങ്ങളുടെ അടിസ്ഥാനത്തിൽ കംപ്യൂട്ടർ, ഫോട്ടോസ്റ്റാറ്റ്, പ്രിന്റർ വാങ്ങൽ എന്നിവയ്ക്കായി ചെലവഴിച്ച ₹2,54,972/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-42 ഹെൽത്ത് & വെൽനസ്സ് സെന്ററുകളിലേക്ക് ഹെൽത്ത് ഗ്രാന്റ് വിനിയോഗം- പൂർണ്ണമായും ഫലപ്രദമായില്ല

നഗരസഭ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നിരവധി പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. പ്രോജക്ട് ഫയലുകൾ പരിശോധിച്ച് കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

**1)ഹെൽത്ത് & വെൽനസ്സ് സെന്ററുകളിലെ ടെലിമെഡിസിൻ സംവിധാനം പൂർണ്ണമായും പ്രവർത്തനമാരംഭിച്ചില്ല.**

| | |
|---|---|
| പ്രോജക്ട് നമ്പർ/ പേര് | ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകളിൽ ടെലിമെഡിസിൻ **(S0531/25)** |
| അടങ്കൽ | ₹289470/-**(ഹെൽത്ത് ഗ്രാന്റ് )** |
| | |

| | |
|---|---|
| ചെലവ് | ₹289170/-(ഹെൽത്ത് ഗ്രാന്റ് ) |
| ബിൽ നം & തീയതി | 1) PFMS PAYMENT CO42504764240/31.03.2025-89400/- 2) PFMS PAYMENT CO12541394489/22.01.2025-199770/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | **സെക്രട്ടറി,** കായംകുളം നഗരസഭ |

നഗരസഭയുടെ പരിധിയിൽ പ്രവർത്തനമാരംഭിച്ച മൂന്ന് ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകളിലേക്ക് ടെലിമെഡിസിൻ സംവിധാനം ഒരുക്കുന്നതിനായി നഗരസഭ സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നടപ്പിലാക്കിയ പ്രോജക്ടിലുൾപ്പെടുത്തി Antrycom System India Pvt LTD എന്ന കമ്പനിയിൽനിന്നും താഴെകൊടുത്തിരിക്കുന്ന സാധനങ്ങൾ വാങ്ങിയിട്ടുണ്ട്.

| ഉപകരണം | എണ്ണം | ഇൻവോയിസ് നം / തീയതി | തുക |
|---|---|---|---|
| Canon Multifunction Printer MF272DW- | 3 | ACS/12903/23-24dt 22.03.2025 | 89400/- |
| Laptop Acer Core15- | 3 | ACS/12708/23-24dt 02.01.2025 | 179970/- |
| Sky Star Online Vedioconferance Kit | 3 | ACS/12711/23-24 Dt 03.01.2025 | 19800/- |
| ആകെ | | | 289170/- |

ഇതിൽ പ്രിന്ററിനും വീഡിയോ കോൺഫറൻസ് കിറ്റ് എന്നിവക്കും ഒരു വർഷത്തെ വാറന്റിയാണ് കമ്പനി നല്കിയിരിക്കുന്നത്. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ ഭൌതിക പരിശോധന നടത്തിയതിൽ കൃഷ്ണപുരത്ത് വാർഡ് 31 ൽ പ്രവർത്തിക്കുന്ന വെൽനസ് സെന്ററിൽ പ്രിന്റർ ,വെബ്ക്യാംകിറ്റ് എന്നിവ ഉണ്ടായിരുന്നില്ല. പ്രിന്റർ കായംകുളം മുനിസിപ്പാലിറ്റി ഓഫീസിൽ ഉള്ളതായും വെബ്ക്യാംകിറ്റ് ലഭിച്ചിട്ടില്ല എന്നുമാണ് വെൽനസ് സെന്ററിൽ നിന്നും റിപ്പോർട്ട് നൽകിയത്. കൂടാതെ വാങ്ങുന്ന സാധനങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകളും ഹാജരാക്കിയില്ല. നാളിതുവരെയായിട്ടും ടെലിമെഡിസിൻ സംവിധാനം പ്രാവർത്തികമാക്കുന്നതിനുള്ള ഉപകരണങ്ങൾ സ്ഥാപിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാനും ഇൻവോയിസ് പ്രകാരം തുക നൽകിയെങ്കിലും വെബ്ക്യാംകിറ്റ് നൽകാതിരുന്നത് ലഭ്യമാക്കുന്നതിനായി ആൻടികോംകമ്പനിയെ രേഖാമൂലം അറിയിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ചും ഓഡിറ്റ് എൻക്വയറി നൽകിയതിന്(73/13.02.2026)മറുപടി ലഭ്യമാക്കിയില്ല.

തുക നൽകി ഒരുവർഷമായിട്ടും ഒരു വെബ്ക്യാംകിറ്റ് ലഭിച്ചിട്ടില്ലാത്തതിനാൽ ആയത് ലഭിക്കുന്നതുവരെയും ഒരുകിറ്റിന്റെ വിലയായ 6600/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായിരിക്കുന്നതാണ്. കൂടാതെ ടെലിമെഡിസിൻ സംവിധാനം നാളിതുവരെയും പ്രാവർത്തികമാക്കാത്തതിനാൽ ഇതിനായി ഒരു സെന്ററിലേക്ക് വരുന്ന ചെലവ് തുകയായ 96390/-രൂപയിൽ (289170/3=96390)നിരാകരിച്ച തുക കഴിച്ചുള്ള 89,790/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## <u>2) വാങ്ങിയ ഉപകരണങ്ങൾ ഉപയോഗിക്കുന്നില്ല</u>

പല പ്രോജക്ടുകളിലായി ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകളിലേക്ക് വാഷിംഗ് മെഷീൻ ,എയർകണ്ടീഷണറുകൾ എന്നിവ വാങ്ങിയിട്ടുണ്ട്. വാങ്ങിയ ഉപകരണങ്ങൾ ആവശ്യകത നിർണ്ണയിക്കാതെയും അവ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ഭൌതിക സൌകര്യം ഒരുക്കാത്തതിനാലും നിഷ്ക്രിയമായി മാറുന്നതായാണ് ഭൌതിക പരിശോധനയിൽ കണ്ടത്.

| | |
|---|---|
| പ്രോജക്ട് നമ്പർ/ പേര് | യുഎച്ച്ഡബ്ല്യൂസികളിലേക്ക് എയർകണ്ടീഷൻ വാങ്ങൽ**(S0532/25)** |
| അടങ്കൽ | ₹321540/-**(ഹെൽത്ത് ഗ്രാന്റ് )** |
| ചെലവ് | ₹321540/-**(ഹെൽത്ത് ഗ്രാന്റ് )** |
| ബിൽ നം & തീയതി | **1) PFMS PAYMENT Advice No.C082409847837/08.08.2024-321540/-** |

മേൽ പ്രോജക്ട് പ്രകാരം ഓരോ സെന്ററിലേക്കും രണ്ട് എ.സി വീതം വാങ്ങി നൽകിയിട്ടുണ്ട്. ഇതിൽ വാർഡ് നം. 43 ഐക്യജംഗ്ഷനിലുള്ള സെന്ററിൽ എ.സി ഫിറ്റ്ചെയ്തിരിക്കുന്ന മെഡിസിൻ സ്റ്റോറിന്റെ വെന്റിലേഷൻ അടച്ചുറപ്പില്ലാത്തതിനാൽ നിലവിൽ എ സി പ്രവർത്തിപ്പിക്കുന്നില്ല. വെന്റിലേഷൻ അടച്ചുറപ്പുള്ളതാക്കി എ സി പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.



| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | ഹെൽത്ത് ആന്റ് വെൽനസ് സെന്ററിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ**(S0519/25)** |
| അടങ്കൽ | ₹296290/-**(ഹെൽത്ത് ഗ്രാന്റ് )** |
| ചെലവ് | ₹273780/-**(ഹെൽത്ത് ഗ്രാന്റ് )** |
| ബിൽ നം & തീയതി | **1) PFMS PAYMENT Advice No.C032548576308/-Dt 15.03.2025-110900/-** |

മേൽ പ്രോജക്ടിലുൾപ്പടുത്തി IFB വാഷിംഗ് മെഷീൻ ,റഫ്രിജറേറ്റർ എന്നിവ മേൽ ബിൽ പ്രകാരം ഐക്യജംഗ്ഷൻ സെന്ററിലേക്ക് വാങ്ങിയിട്ടുണ്ട്. വാഷിംഗ് മെഷീൻ ഇതുവരെയും കവർ പൊട്ടിക്കാത്ത അവസ്ഥയിലുമാണ് ഉണ്ടായിരുന്നത് . എത്രയും വേഗം ഇൻസ്റ്റലേഷൻ നടപടികൾ പൂർത്തിയാക്കി വാഷിംഗ് മെഷീനുകൾ ഉപയോഗയോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.






ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകളിലേക്ക് ആവശ്യമായ ഉപകരണങ്ങൾ ജെം പർച്ചേസ് ആണ് ചെയ്തിരിക്കുന്നതെങ്കിലും ഒരേ സ്പെസിഫിക്കേഷനിലുള്ള സാധനങ്ങൾ വ്യത്യസ്ത ഡീലർമാരിൽ നിന്നുമല്ല കംപാരിസൺ നടത്തുന്നത് എന്നതിനാൽ ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് വാങ്ങിയ എല്ലാ ഉപകരണങ്ങളും ലഭ്യമാക്കുവാൻ Antrycom System India Pvt LTD എന്ന കമ്പനിയെയാണ് നഗരസഭതെരഞ്ഞെടുത്തിരിക്കുന്നത്. തെരഞ്ഞെടുത്ത വിതരണ സ്ഥാപനവുമായി ചമച്ച കരാർ പ്രോജക്ടുകളുടെ ഭാഗമായി ഹാജരാക്കിയിട്ടില്ല.

**3)ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല**

| | |
|---|---|
| പ്രോജക്ട് നമ്പർ/ പേര് | യുഎച്ച് ഡബ്ല്യൂസികളുടെ ആവർത്തന ചെലവുകൾ**(S0533/25)** |
| അടങ്കൽ | ₹800000/-**(ഹെൽത്ത് ഗ്രാന്റ് )** |
| ചെലവ് | ₹674590/-**(ഹെൽത്ത് ഗ്രാന്റ് )** |
| ബിൽ നം & തീയതി | 1) PFMS PAYMENT Advice No.C122437686200/27.12.2024-600000/-<br>2) PFMS PAYMENT C032514958090/06.03.2025-49590/-<br>3) PFMS PAYMENT C0225251411261/11.02.2025-25000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | **സെക്രട്ടറി,** കായംകുളം നഗരസഭ |

ചേരാവള്ളി യു.പി.എച്ച്.സിയുടെയും മൂന്ന് ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകളുടെയും ആവർത്തനച്ചെലവുകൾക്കായി 6 ലക്ഷം രൂപ ബിൽ ക്രമ നം (1) പ്രകാരം ചേരാവള്ളി യുപിഎച്ച്സി മെഡിക്കൽ ഓഫീസർക്ക് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെയും ഇതിന്റെ ചെലവ് രേഖകൾ മുനിസിപ്പാലിറ്റിയിൽ ലഭ്യമല്ല. ഇവ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി ( 73/13.02.2026) നല്കിയതിന് മറുപടി ലഭ്യമായില്ല. രേഖകൾ ലഭ്യമാക്കുന്നതുവരെ 600000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-43 പ്രോജക്ട് ഫയലുകളും ചെലവുരേഖകളും പരിശോധനക്ക് ഹാജരാക്കിയില്ല- ചെലവുതുക തടസ്സപ്പെടുത്തുന്നു.**

മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി, കായംകുളം നിർവഹണോദ്യോഗസ്ഥനായി 2024-25 സാമ്പത്തിക വർഷം നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകളുമായി ബന്ധപ്പെട്ട ചെലവു രേഖകളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല . വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നമ്പർ, പേര് | ചെലവുതുക | ഫണ്ടിനം |
|---|---|---|---|
| 1 | ഡയാലിസിസ് മരുന്നുവാങ്ങൽ -S0047/25 | ₹ 49,99,994/- | (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്) |
| 2 | വൃക്കരോഗികൾക്ക് ധനസഹായം -S0233/25 S.O | ₹ 10,000/- | വികസനഫണ്ട് -ജനറൽ |
| 3 | മെൻസ്ട്രുവൽ കപ്പ് ലഭ്യമാക്കൽ -S0222/25 S.O | ₹ 99,897/- | വികസനഫണ്ട് -ജനറൽ |

| | | | |
|---|---|---|---|
| | | | |
| 4 | പാലിയേറ്റീവ് പ്രവർത്തനങ്ങൾ -S0528/25 | ₹ 2,74,392/- | ഹെൽത്ത് ഗ്രാന്റ് |
| 5 | അർബൻ പി.എച്ച്.സി ദൈനംദിന പ്രവർത്തനങ്ങൾ - S0529/25 | ₹ 2,89,000/- | ഹെൽത്ത് ഗ്രാന്റ് |
| | **ആകെ** | **₹ 56,73,283/-** | |

പ്രോജക്ട് ഫയലുകളും അനുബന്ധരേഖകളും പരിശോധനക്ക് ഹാജരാക്കണമെന്നാവശ്യപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥന് ഓഡിറ്റ് എൻക്വയറി (നം.19/28-01-2026) നൽകിയെങ്കിലും രേഖകൾ പരിശോധനക്ക് ഹാജരാക്കുകയോ ഇക്കാര്യത്തിലുള്ള വിശദീകരണം നൽകുകയോ ചെയ്തിട്ടില്ല. ചെലവുരേഖകളുടെ അഭാവത്തിൽ മേൽ പ്രോജക്ടുകൾ പ്രകാരം ചെലവഴിച്ച **₹56,73,283/-** രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-44 ലൈബ്രറി സെസ് കുടിശ്ശിക നിവാരണം- കാര്യക്ഷമമല്ല

ഫയൽ നം.R4-15674/21

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വസ്തുനികുതിയോടൊപ്പം നികുതിയുടെ 5 ശതമാനം വരുന്ന തുക ലൈബ്രറി സെസ് ആയി പിരിച്ചെടുക്കുന്നുണ്ട്. ഓരോ വർഷവും ലൈബ്രറി സെസ്സിനത്തിൽ പിരിക്കുന്ന തുക യഥാക്രമം ഏപ്രിൽ 30 നും നവംബർ 30 നും ഉള്ളിൽ രണ്ടു ഗഡുക്കളായി ലൈബ്രറി കൌൺസിലിൽ ഒടുക്കേണ്ടതാണെന്നും അല്ലാത്തപക്ഷം അത് തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായി നിർണ്ണയിച്ച് പലിശ ഈടാക്കുന്നതിനും 20.09.2005-ാം തീയതിയിലെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 10088/ എൽ.3/05-ാം നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ളതാണ്.

ഫയൽ പരിശോധിച്ചതിൽ നഗരസഭ ഇപ്രകാരം ലൈബ്രറി സെസ്സിനത്തിൽ പിരിക്കുന്ന തുക യഥാസമയം സംസ്ഥാന ലൈബ്രറി കൌൺസിലിന് കൈമാറാത്തതിനാൽ കുടിശ്ശിക വർദ്ധിച്ചതായും കാണുന്നു. നിലവിൽ 16/7/25 ലെ ധനകാര്യ സ്ഥിരം സമിതിയുടെ തീരുമാനം നം.7 പ്രകാരം 1,18,03,423/-രൂപയോളമുള്ള കുടിശിക തവണകളായി നൽകുന്നതിനും 2024-25 വർഷം ആദ്യഗഡുവായി 27,91,574/-രൂപ ലൈബ്രറി കൗൺസിലിലേക്ക് അടക്കുന്നതിനും അതാത് അർദ്ധവർഷങ്ങളിലെ ഡ്യൂസ് അടച്ചുപോരുന്നതിനും നിർദ്ദേശിച്ചു. ഇതിനായി ബജറ്റിൽ 50,00,000/-രൂപ വകയിരുത്തിയെങ്കിലും ആദ്യ ഗഡു അടക്കുന്നതിന് മാത്രമെ സാധിച്ചിട്ടുള്ളൂ. നിലവിൽ കുടിശ്ശിക ഇനത്തിൽ 90,11,849/-രൂപയാണ് ബാധ്യത. മേൽവിഷയം ശ്രദ്ധയിൽപ്പെടുത്തി ഓഡിറ്റ് എൻക്വയറി (നം.11/28.01.2026) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ധനകാര്യ സ്ഥിരം സമിതിയുടെ തീരുമാനം അനുസരിച്ച് കുടിശ്ശിക തുക ഗഡുക്കളായി ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ബാധ്യത ഒഴിവാക്കേണ്ടതാണ്. ലൈബ്രറി സെസ്സായി പിരിച്ച തുക അടിയന്തിരമായി സംസ്ഥാന ലൈബ്രറി കൌൺസിലിൽ അടവാക്കി രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-45 നഗരസഭ സ്റ്റേഡിയം , ഐ.ടി.ഐ കെട്ടിട നിർമ്മാണം സ്ഥലമെടുപ്പ് -തുടർനടപടികൾ വൈകുന്നു

ഫയൽ നം. പി.ഡബ്ല്യൂ3-1300/13

കായംകുളം നഗരസഭ സ്റ്റേഡിയം നിർമ്മാണത്തിനും ആധുനിക അറവുശാല നിർമ്മാണത്തിനും ഐ.ടി.ഐ കെട്ടിട നിർമ്മാണത്തിനും സ്ഥലം വാങ്ങുന്നതിനായി മൂന്നേകാൽ കോടി രൂപ ബഹു. ജില്ലാകളക്ടറുടെ വർക്ക് ഡിപ്പോസിറ്റ് ഫണ്ടിൽ നിക്ഷേപിച്ചിരുന്നു. സ്റ്റേഡിയം നിർമ്മാണത്തിന് 3 ഏക്കർ 65 സെന്റും ഐ.ടി.ഐ കെട്ടിട നിർമ്മാണത്തിന് 14 സെന്റും വാങ്ങുന്നതിനാണ് നഗരസഭ ലക്ഷ്യമിട്ടിരുന്നത്. അറവുശാല നിർമ്മാണത്തിന് വകയിരുത്തിയിട്ടുള്ളത് 75 ലക്ഷം രൂപയും സ്റ്റേഡിയം നിർമ്മാണത്തിന് 2 കോടി രൂപയും ഐ.ടി.ഐ കെട്ടിട നിർമ്മാണത്തിന് സ്ഥലം വാങ്ങുന്നതിന് 75 ലക്ഷം രൂപയും ഉൾപ്പടെ മൂന്നര കോടി രൂപയാണ് ഇപ്രകാരം ബഹു. ജില്ലാകളക്ടറുടെ വർക്ക് ഡിപ്പോസിറ്റ് ഫണ്ടിൽ നിക്ഷേപിച്ചത്. മൂന്നര കോടി രൂപയിൽ മുട്ടം-ബസാർ റോഡിന്റെ കേസുമായി ബന്ധപ്പെട്ട അദാലത്തിൽ ബഹു.ജില്ലാകളക്ടറുടെ അനുമതിയോടെ 11 ലക്ഷം രൂപ വിനിയോഗിച്ചശേഷം ബാക്കിയുള്ള 3,39,00,000/- രൂപ സ്ഥലം വാങ്ങുന്നതിനായി നഗരസഭാ സെക്രട്ടറിയുടെ പേരിലുള്ള ട്രഷറി അക്കൌണ്ടിലേക്ക് നൽകുന്നതിന് ബഹു. ജില്ലാ കളക്ടറോട് അഭ്യർത്ഥിച്ച് 16/11/2024 -ൽ കൌൺസിൽ തീരുമാനമെടുത്തിട്ടുണ്ട്. തുക കളക്ടറുടെ അക്കൗണ്ടിൽ നിന്നും നഗരസഭയ്ക്ക് തിരികെ ലഭിച്ചത് നഗരസഭ സെക്രട്ടറിയുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. സ്റ്റേഡിയം ഉൾപ്പടെയുള്ളവയുടെ നിർമ്മാണത്തിന് സ്ഥലം വാങ്ങുന്നതുമായി ബന്ധപ്പെട്ട് നഗരസഭ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.41 തീയതി 05/02/2026) മറുപടി നൽകിയിട്ടില്ല. 2025-26 വർഷം ഐ.ടി.ഐ കെട്ടിട നിർമ്മാണത്തിന് സ്ഥലം വാങ്ങുന്നതിന് പദ്ധതി ആവിഷ്കരിച്ചുവെങ്കിലും ഭൂമിതരം മാറ്റൽ സംബന്ധമായ പ്രശ്നങ്ങളാൽ മുടങ്ങികിടക്കുന്നു. അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി 3,39,00,000/- രൂപയുടെ വിനിയോഗം സാധ്യമാക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നഗരസഭയുടെ ഭാഗത്തുനിന്നും അടിയന്തിരമായി ഉണ്ടാകേണ്ടതാണ്.

## 1-46 വികസന ഫണ്ടിൽ നിന്നും അധികം തുക ചെലവഴിച്ചു

പ്രോജക്റ്റ് നം. :- S0210/25 (സ്പിൽ ഓവർ)

പ്രോജക്റ്റിന്റെ പേര്:- ചട്ടിയിൽ പച്ചക്കറി കൃഷി (ജനറൽ)

അടങ്കൽ 17,15,340/- ( 12,86,505 (വികസന ഫണ്ട്) ഗുണ.വിഹിതം)4,28,835/-

ചെലവ് 17,15,340/- (വികസന ഫണ്ട്)

നിർവ്വഹണം - കൃഷി ഓഫീസർ.

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ ചട്ടിയിൽ പച്ചക്കറി കൃഷി എന്ന സ്പിൽ ഓവർപദ്ധതിയ്ക്കായി 24-25 ൽ ആകെ വകയിരുത്തിയ 17,15,340/- രൂപയിൽ 12,86,505/- രൂപ വികസന ഫണ്ടും, 4,28,835/- രൂപ ഗുണഭോക്തൃവിഹിതവുമാണ്. എന്നാൽ 2024-25 വർഷം ഈ പ്രൊജക്ടിൽ ചട്ടി ഒന്നിന് 169.50 രൂപ വീതം 10120 ചട്ടിയും പൂർണ്ണമായും വികസനഫണ്ട് ചെലവഴിച്ചാണ് വാങ്ങിയത്. 17,15,340/- രൂപയും വികസനഫണ്ടിൽ നിന്നുമാണ് ചെലവ് ചെയ്തിട്ടുള്ളത്. വികസന ഫണ്ടിൽ നിന്നും 12,86,505/- രൂപ ചെലവഴിച്ചാൽ മതിയെന്നിരിക്കെ, 17,15,340/-രൂപയും വികസനഫണ്ടിൽ നിന്നും ചെലവഴിച്ചിരിക്കുന്നു.
മേൽ വിഷയവുമായി ബന്ധപ്പെട്ട് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.15/28-01-26 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഗുണഭോക്തൃവിഹിതം കൃത്യമായി നഗരസഭയിൽ അടവാക്കിയിട്ടുണ്ടെന്നും ആയത് ഏജൻസിയ്ക്ക് കൈമാറി നൽകിയിട്ടില്ലായെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുള്ളത്. ആയതിനാൽ ഗുണഭോക്തൃവിഹിതമായി ലഭിച്ച തുക വികസന ഫണ്ടിലേയ്ക്ക് തിരികെ അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-47 ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് നടപടിക്രമങ്ങൾ പാലിയ്ക്കാതെ അധികം തുക ചെലവഴിച്ചു.**

| | |
|---|---|
| പ്രോജക്ട്നമ്പർ | S0446/25 |
| പ്രോജക്ട് | നഗരസഭയിൽ ട്രാൻസ്ഫോർമറും അനുബന്ധ ഉപകരങ്ങളും സ്ഥാപിക്കൽ |
| നിർവഹണം | സെക്രട്ടറി |

| | |
|---|---|
| അടങ്കൽ | 8,53,371/-(മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | 905495/- |

നഗരസഭ ഓഫീസിൽ 100 KVA ട്രാൻസ്ഫോർമർ സ്ഥാപിച്ച് വൈദ്യുതി കണക്ഷൻ പുനഃ ക്രമീകരിക്കുന്നതിന് കെഎസ്ഇബി ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം നഗരസഭയിൽ ട്രാൻസ്ഫോർമറും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കൽ എന്ന പദ്ധതിക്കായി (S0446/25) സിഎഫ്സി ഗ്രാൻറിൽ നിന്നും 7,00,000/- രൂപയും (PFMS:C122417635472/ 13-12-24) വികസന ഫണ്ടിൽ നിന്നും 1,53,371/- രൂപയും (BRN:24070347001801288333/06.02.25) ഒട്ടാകെ 8,53,371/- രൂപ കെ.എസ്.ഇ.ബി യിൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ ഫയലുകൾ പരിശോധിച്ചതിൽ 8,53,371/- രൂപ കൂടാതെ 15.04.2025 ൽ അഡീഷണൽ വർക്ക് ചെയ്യുന്നതിനായി കെ.എസ്.ഇ.ബി സമർപ്പിച്ച എ.എസ്/2025/26/5532/16-ാം നമ്പർ എസ്റ്റിമേറ്റ് പ്രകാരം 52,124/- രൂപ കൈമാറുന്നതിനായി 09/05/25 ലെ 2-ാം നമ്പർ തീരുമാന പ്രകാരം കൌൺസിൽ അനുമതി നൽകുകയും തുടർന്ന് തുക കെ.എസ്.ഇ.ബി ക്ക് കൈമാറിയിട്ടുണ്ട് ( ചെക്ക് നം: 014616 / 13-06-25). മേൽ പദ്ധതി സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) കെ.എസ്.ഇ.ബി സമർപ്പിച്ച റിവൈസെഡ് എസ്റ്റിമേറ്റ് പ്രകാരം കൈമാറിയ 52,124/- രൂപ ഏത് ഫണ്ടിൽ നിന്നും ചെലവഴിച്ചു എന്നതിന്റെ രേഖകൾ ഫയലിനോടൊപ്പം ഹാജരാക്കിയില്ല.

2) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി യുമായി ചമച്ച കരാറിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

3) കെ.എസ്.ഇ.ബി സമർപ്പിച്ച റിവൈസെഡ് എസ്റ്റിമേറ്റ് പ്രകാരം 52,124/- രൂപ കൈമാറിയത് പ്രോജക്ട് റിവൈസ് ചെയ്യാതെയും ഡി.പി.സി യുടെ അംഗീകാരം ഇല്ലാതെയുമാണ് ആയതിന്റെ വിശദീകരണം ലഭ്യമാക്കിയില്ല

മേൽ അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണ കുറിപ്പ് (നം: 27/31.01.26) നൽകിയെങ്കിലും ആയതിന്റെ മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി പ്രകാരം 100 KVA ട്രാൻസ്ഫോർമർ നഗരസഭയുടെ ഓഫീസ് പരിസരത്ത് കെ.എസ്.ഇ.ബി സ്ഥാപിച്ചെങ്കിലും ഓഡിറ്റ് കാലയളവ് വരെ ട്രാൻസ്ഫോർമർ പ്രവർത്തനക്ഷമമാക്കിയിട്ടില്ല, പ്രവർത്തനക്ഷമമാക്കാത്തതിനുള്ള കാരണവും വിശദീകരിക്കപ്പെട്ടിട്ടില്ല. ആകയാൽ കെ.എസ്.ഇ.ബി സമർപ്പിച്ച റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം ഡി.പി.സി യുടെ അംഗീകാരം ഇല്ലാതെയും പ്രോജക്ട് റിവൈസ് ചെയ്യാതെയും ചെലവഴിച്ച 52,124/- രൂപയുടെ ചെലവ് ഉൾപ്പടെയുള്ള ആകെ ചെലവ് 905495/- രൂപയുടെ ചെലവും ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

**<u>1-48 ഹരിത കർമ്മസേനയ്ക്കാവശ്യമായ സാധനങ്ങൾ/ ഉപകരണങ്ങൾ വാങ്ങൽ-സ്റ്റോക്ക് വിതരണ രേഖകൾ ലഭ്യമല്ല.</u>**

ഹരിതകർമ്മസേനയ്ക്കാവശ്യമുള്ള സാധനങ്ങൾ /ഉപകരണങ്ങൾ വാങ്ങുന്നതിനായി സെക്രട്ടറി നടപ്പാക്കിയ വിവിധ പദ്ധതികളുടെ ഫയലും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, ബിൽ പ്രകാരം വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തതായോ വിതരണം ചെയ്തതായോ കാണുന്നില്ല. പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.
(എ)ഹരിതകർമ്മസേന – വീടുകളിലേക്ക് ചാക്ക്.
സെക്രട്ടറി നടപ്പാക്കിയ ഹരിതകർമ്മസേന – വീടുകളിലേക്ക് ചാക്ക് എന്ന പ്രോജക്ട് വഴി (S0540/25) ജെം പോർട്ടൽ മുഖേന 7500 ചാക്കുകൾ വേണാട് കെമിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്ന് 149925 രൂപ ചെലവഴിച്ച് വാങ്ങിയിട്ടുണ്ട്. എന്നാൽ ഇത് സ്റ്റോക്കിലെടുത്തതായോ വിതരണം ചെയ്തതായോ കാണുന്നില്ല. ചാക്കുകൾ എവിടെ സൂക്ഷിച്ചിരിക്കുന്നു എന്നും വ്യക്തമല്ല. രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല (68/11.2.26). സ്റ്റോക്ക് – വിതരണ രേഖകളുടെ അഭാവത്തിൽ സപ്ലൈയുടെ കൃത്യത ഉറപ്പാക്കാനാകുന്നില്ല. ആകയാൽ 149925 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**<u>ചെലവ് വിവരം</u>**

അടങ്കൽ – 150000 രൂപ (സി.എഫ്.സി ഗ്രാന്റ്)

ചെലവ് – 149925 രൂപ

ബിൽ നം. 01619249/21.3.25

(ബി)ഹരിതകർമ്മസേനക്ക് ഹാന്റ് കാർട്ട് -

സെക്രട്ടറി നടപ്പാക്കിയ ഹരിതകർമ്മസേനക്ക് ഹാന്റ് കാർട്ട് എന്ന പ്രോജക്ട് വഴി (S0460/25) ജെം പോർട്ടൽ മുഖേന 9 കാർട്ടുകൾ സൺ ബീം എന്ന സ്ഥാപനത്തിൽ നിന്ന് 198000/-രൂപ മുടക്കി വാങ്ങിയിട്ടുണ്ട്. എന്നാൽ ഇത് സ്റ്റോക്കിലെടുത്തതായോ ഹരിതകർമ്മസേനക്ക് കൈമാറിയതായോ കാണുന്നില്ല. ഇവ എവിടെ സൂക്ഷിച്ചിരിക്കുന്നു എന്നും വ്യക്തമല്ല. കാർട്ടുകളുടെ ക്വാളിറ്റി പരിശോധിക്കപ്പെട്ടതായും കാണുന്നില്ല. രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല (69/11.2.26). ആകയാൽ ഇതിനായി ചെലവഴിച്ച 198000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. കാർട്ടുകളുടെ സ്റ്റോക്ക് – വിതരണ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതും ക്ഷമതയുള്ള ഉദ്യോഗസ്ഥൻ കാർട്ടുകളുടെ ക്വാളിറ്റി, പർച്ചേസ് ഓർഡറിൽ വ്യക്തമാക്കിയ സ്പെസിഫിക്കേഷനും വിതരണം ചെയ്തവയുടെ സ്പെസിഫിക്കേഷനും തമ്മിലുള്ള താരതമ്യം എന്നിവ നിശ്ചയിച്ച് ഉറപ്പിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

<u>**ചെലവ് വിവരം**</u>

അടങ്കൽ – 200000രൂപ (189719 രൂപ സി.എഫ്.സി ഗ്രാന്റ്, 10281 രൂപ തനത് ഫണ്ട് )

ചെലവ് – 198000 രൂപ

189719 രൂപ-ബിൽ നം. 1185397/16.1.25

8281 രൂപ തനത് ഫണ്ട് – വൌച്ചർ നം. 384/16.1.25

<u>**1-49 ഔദ്യോഗിക ആവശ്യങ്ങൾക്ക് നൽകുന്ന മുൻകൂർ സമയബന്ധിതമായി ക്രമീകരിക്കപ്പെടുകയോ വൈകുന്നവയിൽ നിയമാനുസൃത പിഴ ഈടാക്കുകയോ ചെയ്യുന്നില്ല.**</u>

നഗരസഭയിലെ മുൻകൂർ രജിസ്റ്റർ പരിശോധിച്ചതിൽ തനത് ഫണ്ടിൽ നിന്നും ജീവനക്കാർക്ക് മുൻകൂറായി നൽകിയ ചില തുകകൾ നാളിതു വരെയായും ചെലവുരേഖകൾ ഹാജരാക്കി ക്രമീകരിച്ചതായി കാണുന്നില്ല. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 99 പ്രകാരം, വിവിധ ആവശ്യങ്ങൾക്ക് മുൻകൂറായി കൈപ്പറ്റുന്ന തുകകൾ 3 മാസത്തിനകം ക്രമീകരിക്കേണ്ടതുണ്ട്. സർക്കാർ ഉത്തരവ് നം. 419/2011/Fin Dtd 04/10/2011 പ്രകാരം മൂന്ന് മാസ സമയപരിധിക്കകം തീർപ്പാക്കാത്ത തുകകൾ മുൻകൂർ കൈപ്പറ്റിയവരിൽ നിന്നും പിൻവലിച്ച തിയതി മുതൽ 18% പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്. നഗരസഭ നല്കിയ മുൻകൂറുകൾ പലതും നിലവിലും ക്രമീകരിച്ചതായി രേഖപ്പെടുത്തിയിട്ടില്ല.ക്രമീകരിച്ച ചുരുക്കം മുൻകൂറുകളാകട്ടെ ഈ സമയക്രമം പാലിക്കാതെയാണ് ക്രമീകരിച്ചിട്ടുള്ളത്. എന്നാൽ ഇപ്രകാരം സമയപരിധിക്കുള്ളിൽ മുൻകൂർ ക്രമീകരിക്കാത്തവരിൽ നിന്നും നിയമാനുസൃതപിഴ ഈടാക്കിയതായി രേഖകളില്ല. 2024-25 സാമ്പത്തിക വർഷം മാത്രം വിവിധ ഔദ്യോഗികാവശ്യങ്ങൾക്ക് അനുവദിച്ച മുൻകൂറുകളിൽ ഇനിയും തീർപ്പാക്കാത്തതിന്റെയും സമയപരിധിക്ക് ശേഷം മാത്രം തീർപ്പാക്കിയതിന്റെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | വൗച്ചർ നമ്പർ/ചെക്ക് നമ്പർ/ തീയതി | അനുവദിച്ച തുക | മുൻകൂർ കൈപ്പറ്റിയ ജീവനക്കാരന്റെ പേരുംഉദ്യോഗപ്പേരും | മുൻകൂർ അനുവദിച്ചതിന്റെ ഉദ്ദേശ്യം | മുൻകൂർ തിരിച്ചടച്ച / ക്രമീകരിച്ച തിയതി |
|---|---|---|---|---|---|
| 1 | 146422/ 24/04/24 | 15,000/- | ദീപ.എൽ,ജൂനി.ഹെൽത്ത് ഇൻസ്പെക്ടർ | തണ്ണീർ പന്തൽ | ക്രമീകരിച്ചിട്ടില്ല |
| 2 | 53/28.06.2024 | 125000/- | ധന്യ എസ്. ചന്ദ്രൻ ഹെൽത്ത് ഇൻസ്പെക്ടർ II | എക്സ്പോ വിസിറ്റ് ചെലവുകൾ | ക്രമീകരിച്ചിട്ടില്ല |
| 3 | C07244546563O/3.07.24 | 2,00,000/- | ശ്രീകുമാർ കെ. ക്ലീൻ സിറ്റി മാനേജർ | എസ്.ബി.എം വർക്ക് ഷോപ്പ് | 27/08/2025 |

| | | | | | |
|---|---|---|---|---|---|
| 4 | 21/06.08.24 | 55,000/- | ധന്യ എസ്. ചന്ദ്രൻ ഹെൽത്ത് ഇൻസ്പെക്ടർ II | അതിദരിദ്രർക്കുള്ള ചികിൽസ | ക്രമീകരിച്ചിട്ടില്ല |
| 5 | 29/ 08.08.24 | 20,000/- | രശ്മി എസ്. പി.ഡബ്ലി.യു II | ആശുപത്രി ടോയ്‌ലറ്റ് മെയിന്റനൻസ് | ക്രമീകരിച്ചിട്ടില്ല |
| 6 | 34/ 14.08.24 | 40,000/- | രശ്മി എസ്. പി.ഡബ്ലി.യു II | ചെയർപേഴ്സന്റെ റൂം ഇലക്ട്രിഫിക്കേഷൻ | ക്രമീകരിച്ചിട്ടില്ല |
| 7 | C092407314526/ 06.09.24 | 225,000/- | നിസാമോൾ.യു . പി.എച്ച്.ഐ. II | SBM Capacity Building ബാംഗ്ലൂർ എസ്.റ്റി.പി വിസിറ്റ് ചെലവുകൾ | ക്രമീകരിച്ചിട്ടില്ല |
| 8 | 59/18.09.24 | 200,000/- | നിസാമോൾ.യു . പി.എച്ച്.ഐ. II | SBM Capacity Building ബാംഗ്ലൂർ എസ്.റ്റി.പി വിസിറ്റ് ചെലവുകൾ | ക്രമീകരിച്ചിട്ടില്ല |
| 9 | 007516/ 07-10-2024 | 10,000/- | ഷിബു കെ.ബി . പി.എച്ച്.ഐ. II | അവകാശികളില്ലാത്ത മൃതദേഹം മറവ് ചെയ്യൽ | ക്രമീകരിച്ചിട്ടില്ല |
| 10 | 007528/ 24-10-2024 | 5,000/- | ഷിബു കെ.ബി . പി.എച്ച്.ഐ. II | അവകാശികളില്ലാത്ത മൃതദേഹം മറവ് ചെയ്യൽ | ക്രമീകരിച്ചിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| 11 | 009117/<br>17-12-2024 | 1,50,000/- | സജീവ്കുമാർ.ഡി<br>സീനിയർ ക്ലർക്ക് | കേരളോത്സവം | 11-07-2025 |
| 12 | 009135/<br>03-01-2025 | 25,000/- | സഹീദ് , ക്ലർക്ക് | താലൂക്ക് ആശുപത്രിയിലെ ഉദ്ഘാടനചെലവ് | ക്രമീകരിച്ചിട്ടില്ല |
| 13 | 0011036/<br>08-01-2025 | 3,00,000/- | ദീപ.എൽ, ജൂനി.ഹെൽത്ത് ഇൻസ്പെക്ടർ | ശുചിത്വ സംഗമം 2024 | ക്രമീകരിച്ചിട്ടില്ല |
| 14 | 0011074/<br>21-12-2024 | 30,000 | ഷെഫീന,സീനിയർ ക്ലർക്ക് | ക്യാമ്പ് കളക്ഷൻ നോട്ടീസ് പ്രിന്റിംഗ് | ക്രമീകരിച്ചിട്ടില്ല |
| 15 | 0012957/<br>31-03-2025 | 50,000 | ദീപ.,PH I | എസ്.ബി.എം ഇൻസെപ്ഷൻ | ക്രമീകരിച്ചിട്ടില്ല |

2015-16 സാമ്പത്തിക വർഷം മുതലുള്ള അഡ്വാൻസ് രജിസ്റ്ററാണ് പരിശോധനക്ക് ലഭ്യമാക്കിയിട്ടുള്ളത്. ഇതിൽ 2015-16 സാമ്പത്തിക വർഷം നൽകിയത് മുതലുള്ള മുൻകൂറുകൾ ഇനിയും ക്രമീകരിക്കാതെ അവശേഷിക്കുന്നുണ്ട്. 2024-25 സാമ്പത്തിക വർഷം വരെ രജിസ്റ്റർ പ്രകാരം വിവിധ ജീവനക്കാർക്ക് നൽകിയതിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേര്, | തസ്തിക | ക്രമീകരിക്കാൻ ബാക്കിയുള്ള ആകെ തുക |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 01 | റ്റി.കെ.രാജു | ഓവർസീയർ | ₹ 37,000/- |
| 02 | അനീസ് ജെ | JHI-II | ₹ 25,000/- |
| 03 | ചിഞ്ചു എസ്. | Astt.Engineer | ₹ 20,000/- |
| 04 | ജയകുമാർ റ്റി.എസ് | PWO -II | ₹ 79,913/- |
| 05 | നാദിയ | PWO | ₹ 2,000/- |
| 06 | ഗോപകുമാർ | JHI | ₹ 15,000/- |
| 07 | എ.ശ്രീകുമാർ | Sr.Clerk | ₹ 20,000/- |
| 08 | ഷെമീറ | PH-1 | ₹ 14,510/- |
| 09 | നിയാസ് എം | Sr.Clerk | ₹ 55,000/- |
| 10 | വി.കെ ജയരാജ് | Astt.Engineer | ₹ 130,000/- |
| 11 | അനിൽ | Driver | ₹ 2720/- |
| 12 | കാർത്തിക സത്യൻ | PWO | ₹ 3900/- |
| 13 | ഓമന | PWO | ₹ 11,500/- |
| 14 | ജയ എൽ | റവന്യൂ ഇൻസെപ്കടർ | ₹ 25,000/- |
| 15 | CMO,Govt Ayurveda | CMO,Govt Ayurveda | ₹ 15,000/- |

| | | | |
|---|---|---|---|
| 16 | അരുണിമ | PH-1 | ₹ 5,000/- |
| 17 | സിലി ഗോപാലകൃഷ്ണൻ | JHI | ₹ 28,193/- |
| 18 | കെ.ബി ഷിബു | JHI | ₹ 25,000/- |
| 19 | സംഗീത | PW1 | ₹ 36,000/- |
| 20 | നിസാമോൾ.യു | PH-3 | ₹ 56,000/- |
| 21 | സജിത യു | Sr.Clerk | ₹ 75,000/- |

മുൻക്കുറുകൾ ക്രമീകരിക്കുന്നതിനോ തുക പിഴ സഹിതം ഈടാക്കുന്നതിനോ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങളും സമയപരിധിക്ക് ശേഷം ക്രമീകരിച്ച/തിരിച്ചടച്ച മുൻക്കുറുകളിൽ നിയമാനുസൃത പലിശ ഈടാക്കിയതിന്റെ വിവരങ്ങളും ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-29/31-01-2026) മറുപടി ലഭ്യമാക്കിയിട്ടില്ല. നിയമാനുസൃത പലിശ സഹിതം തുക തിരികെ ഈടാക്കി വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-50 എസ്സ് സി വനിതകൾക്ക് തൊഴിൽ പരിശീലനം-തുടർ നടപടികളുടെ അഭാവം

| | |
|---|---|
| പ്രോജക്റ്റ് നം. | S0244/25<br>(ഫയൽ നം. KMC/UPA/726/2025) |
| പ്രോജക്റ്റിന്റെ പേര് | എസ്സ് സി വനിതകൾക്ക് തൊഴിൽ പരിശീലനം (സ്കിൽഓവർ) |
| അടങ്കൽ | 6,00,000/- (SCP) |
| ചെലവ് | 3,26,246/- |

| | |
|---|---|
| നിർവ്വഹണം | പ്രോജക്റ്റ് ഓഫീസർ, ദാരിദ്ര്യ നിർമ്മാർജ്ജനം. |
| ബിൽ നം. | BRN 24070347001301589023/22-03-25 Rs. 3,26,246/- |

പ്രോജക്റ്റ് ഓഫീസർ, (ദാരിദ്ര്യ നിർമ്മാർജ്ജനം) നിർവ്വഹണം നടത്തിയ എസ്സ്. സി വനിതകൾക്ക് തൊഴിൽ പരിശീലനം എന്ന സ്പിൽ ഓവർ പദ്ധതിയ്ക്കായി തൻവർഷം 3,26,246/-രൂപ ചെലവഴിച്ച്, 24 വനിതകൾക്ക് ടെയ്‌ലറിംഗ് & ഫാഷൻ ഡിസൈനിംഗിൽ തൊഴിൽ പരിശീലനം നൽകിയിട്ടുണ്ട്. ഇതിനായി കരുനാഗപ്പള്ളിയിലുള്ള ശ്രുതി കലാ സാംസ്കാരിക കേന്ദ്രം എന്ന സ്ഥാപനത്തെയാണ് തെരഞ്ഞെടുത്തത്. 07/02/2025 മുതൽ 17/03/2025 വരെ 32 ദിവസത്തേയ്ക്കാണ് (192 മണിക്കൂർ) പരിശീലനം നൽകിയിട്ടുള്ളത്. പരസ്പരം സമ്മതിച്ച് ഒപ്പു വെച്ച കരാറിൽ പറയുന്നത് 3 വർഷത്തിലധികം പ്രവൃത്തി പരിചയമുള്ള അദ്ധ്യാപകരായിരിക്കണം പരിശീലനം നൽകേണ്ടതെന്നാണ് എന്നാൽ ഇത് സംബന്ധിച്ച രേഖകളൊന്നും ഫയലിൽ ഇല്ല. മറ്റൊന്ന് 24 പേരുള്ള ഒരു ബാച്ചിന് മണിക്കൂറിന് 60/- രൂപയും, 24 പേർക്ക് മുകളിലുള്ള ബാച്ചിന് മണിക്കൂറിന് 50/- രൂപയുമാണ് നിശ്ചയിച്ച നൽകിയിട്ടുള്ളത്. അർഹരായ ഗുണഭോക്താക്കളെ ഒന്നാം കക്ഷിയായ നഗരസഭ നൽകുന്നതായിരിക്കും എന്നാണ് പറഞ്ഞിട്ടുള്ളത്. എന്നാൽ നഗരസഭ എത്ര ഗുണഭോക്താക്കളെ നൽകി എന്ന വിവരം ഫയലിലില്ല. കൃത്യം 24 പേരുള്ള ബാച്ചിനെയാണ് പരിശീലിപ്പിച്ചതായി കാണുന്നത്. ക്ലാസ്സ് നടത്തുന്നതിന് മണിക്കൂറിന് 60/- രൂപ പ്രകാരം സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. കരാർ പ്രകാരം 24 പേരിൽ അധികമായിരുന്നെങ്കിൽ ക്ലാസ്സ് നടത്തുന്നതിന് മണിക്കൂറിന് 50/- പ്രകാരം നൽകിയാൽ മതിയാകുമായിരുന്നു.

അതുപോലെ പദ്ധതി പൂർത്തിയാക്കിയ ശേഷം ഈ പദ്ധതി ഒരു തലത്തിലും മോണിറ്ററിംഗ് നടത്തിയതായി കാണുന്നില്ല. പരിശീലനം നേടിയവർ ആരും തന്നെ ഇതിനെ അധികരിച്ചുള്ള ഏതെങ്കിലും തരത്തിലുള്ള സംരംഭങ്ങൾ തുടങ്ങിയിട്ടുണ്ടോ എന്നതും വ്യക്തമല്ല. അതുകൊണ്ട് തന്നെ 3,26,246/-രൂപ ചെലവഴിച്ച ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ ഫലപ്രാപ്തിയിൽ എത്തിയതായി കരുതാനാവില്ല.

ടി വിഷയത്തിൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 43/2024-25 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിൽ നഗരസഭ 28 ഗുണഭോക്താക്കളെ നൽകിയിരുന്നതായും എന്നാൽ

ആരോഗ്യപരമായ കാരണങ്ങളാൽ 4 പേർ ക്ലാസ്സിൽ പങ്കെടുത്തിരുന്നില്ലയെന്നും, ഫാക്കൽറ്റികൾക്ക് മൂന്ന് വർഷത്തിലധികം പ്രവർത്തന പരിചയമുണ്ടെന്നും പറഞ്ഞിട്ടുണ്ട്. അതുപോലെ ക്ലാസ്സിൽ പങ്കെടുത്തവരിൽ പലരും തയ്യൽ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ഇതിൽ പ്രവർത്തന പരിചയം സംബന്ധിച്ച സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്. മറ്റ് മറുപടികൾക്കെല്ലാം അടിസ്ഥാനമായി തെളിവുകളൊന്നും ഹാജരാക്കിയിട്ടില്ല. ഇത്തരത്തിലുള്ള പ്രൊജക്ടുകൾ കൃത്യമായി മോണിറ്ററിംഗ് നടത്തി പദ്ധതിപ്രവർത്തനങ്ങളുടെ ഫലപ്രാപ്തി ഉറപ്പുവരുത്തേണ്ടതാണ്.

**<u>1-51 ജീവനക്കാർക്ക് ഫെസ്റ്റിവൽ അഡ്വാൻസ് നൽകിയ തുക പൂർണ്ണമായും തിരികെ ഈടാക്കിയിട്ടില്ല.</u>**

2024-25 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ B-18 ഷെഡ്യൂൾ 4601001- Festival Advance എന്ന ഹെഡ് പ്രകാരം ജീവനക്കാർക്ക് നൽകിയ ഫെസ്റ്റിവൽ അഡ്വാൻസിൽ ₹40,000/-രൂപ- തിരികെ ലഭിക്കാനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. അഡ്വാൻസ് രജിസ്റ്ററിലെ വിവരങ്ങൾ പ്രകാരം 2024-25 സാമ്പത്തിക വർഷം 57 ജീവനക്കാർക്കായി ആകെ 8,30,000 യാണ് ഫെസ്റ്റിവൽ അഡ്വാൻസ് നൽകിയിട്ടുള്ളത്. എന്നാൽ വാർഷിക കണക്കിൽ വ്യത്യസ്തമായ കണക്കാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അഡ്വാൻസ് തുക തിരിച്ചടക്കാനുള്ള ജീവനക്കാരുടെ വിവരങ്ങൾ പ്രത്യേകം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. അഡ്വാൻസ് രജിസ്റ്റർ പ്രകാരം വാർഷിക കണക്കിലുള്ളതിലും കൂടുതൽ തുക തിരികെ ലഭിക്കാനുണ്ട്. മുൻ സാമ്പത്തിക വർഷം (2023-24) അനുവദിച്ച അഡ്വാൻസ് തുകയിൽ 3,94,350/-രൂപ തിരികെ ലഭിക്കാനുള്ളതായി അഡ്വാൻസ് രജിസ്റ്ററിൽ മുന്നിരിപ്പ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇതിന്റെ വിശദാംശങ്ങളും തുക തിരികെ ഈടാക്കിയതിന്റെ വിവരങ്ങളും ലഭ്യമായിട്ടില്ല. ജീവനക്കാർക്ക് ഫെസ്റ്റിവൽ അഡ്വാൻസ് അനുവദിച്ച സർക്കാർ ഉത്തരവിൽ (ജി.ഒ (പി).77/2024/ ധന തിയതി 06/09/2024) ഖണ്ഡിക 5 പ്രകാരം അഡ്വാൻസ് തുക അഞ്ച് തുല്യ തവണകളായി ശമ്പളത്തിൽ നിന്നും ഈടാക്കേണ്ടിയിരുന്നതാണ്. എന്നാൽ സാമ്പത്തിക വർഷാവസാനത്തിനു ശേഷവും തുക തിരികെ ഈടാക്കിയിട്ടില്ല, ഫെസ്റ്റിവൽ അഡ്വാൻസ് കൈപ്പറ്റിയ ശേഷം തിരികെ നൽകാത്ത ജീവനക്കാർ പലരും നിലവിൽ നഗരസഭയിൽ ജോലി ചെയ്യുന്നില്ല. ഇവർ നിലവിൽ ജോലിചെയ്യുന്ന ഓഫീസുകളുമായി ബന്ധപ്പെട്ട്

തുക ഈടാക്കുന്നതിന് നടപടികളെന്തെങ്കിലും സ്വീകരിച്ചതായും ഫയലുകളിൽ രേഖകളില്ല. തുക തിരികെ ഈടാക്കുന്നതിന് നഗരസഭ ഇതുവരെ സ്വീകരിച്ച നടപടികളുടെ വിവരവും കഴിഞ്ഞ രണ്ട് വർഷങ്ങളിലായി നൽകിയ അഡ്വാൻസ് തുക, തിരികെ ലഭിച്ച തുക, ഇനിയും ലഭിക്കാനുള്ള തുക എന്നിവയുടെ കൃത്യമായ കണക്കുകളും ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-24/31-01-2026) നഗരസഭയിൽ നിന്നും മറുപടി ലഭ്യമായിട്ടില്ല. വാർഷിക ധനകാര്യപത്രികയിലും അഡ്വാൻസ് രജിസ്റ്ററിലും തിരികെ ലഭിക്കാനുള്ള തുക സംബന്ധിച്ച വ്യത്യസ്തമായ കണക്കുകൾ നിലനിൽക്കുന്ന സാഹചര്യത്തിൽ ഫെസ്റ്റിവൽ അഡ്വാൻസ് നൽകിയതിന്റെയും തിരിച്ചടവിന്റെയും വിവരങ്ങൾ സമഗ്രമായി പരിശോധിച്ച് കുടിശ്ശികക്കാരിൽ നിന്നും തുക ഈടാക്കി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-52 ഹെമറ്റോളജി അനലൈസർ വാങ്ങൽ -അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നം. & പേര് | S0169/25<br>ഗവ.ഹോമിയോ ആശുപത്രിയിലേക്ക് ഹീമറ്റോളജി അനലൈസർ വാങ്ങൽ. |
| അടങ്കൽ | Rs.6,00,000/-(മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | Rs.5,98,658/-(മെയിന്റനൻസ് ഫണ്ട് റോഡിതരം) |

| | |
|---|---|
| ബിൽ നം & തിയതി | 1)BRN24070340010059962 7 Dt.30.08.2024 -497990/-<br>2)BRN24070340010059962 0dt 30.08.2024 -90240/-<br>3)BRN24070340010059965 0 Dt 11.09.2024 -10428/- |

ഹോമിയോ ആശുപത്രിയിലേക്ക് ഹെമറ്റോളജി അനലൈസർ ,റീഎജന്റ്സ് എന്നിവ വാങ്ങുന്നതിനായി ഏറ്റെടുത്ത മേൽ പ്രോജക്റ്റിലുൾപ്പെടുത്തി ജെം മുഖേനെ **ആൻടി ഡോട്ട്കോം,** പത്തനംതിട്ട എന്ന സ്ഥാപനത്തിൽ നിന്നും താഴെ ചേർത്തിരിക്കുന്ന പ്രകാരം ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

| ക്രമ നം | ഉപകരണം | ഇൻവോയ്സ് / നം/തീയതി | ബിൽ നം /തീയതി | തുക |
|---|---|---|---|---|
| 1 | Heamatology Analyser<br>Brand- Mindry 5part 5130 | ACS/12499/23-24 Dt21.8.2024 | BRN24070340010059962 7dt 30.08.2024 | 497990/- |
| 2 | Heamatology Analyser Software | ACS/12500/23-24 Dt21.8.2024 | BRN24070340010059962 0dt 30.08.2024 | 90240/- |

| | | | | |
|---|---|---|---|---|
| | With Reagents- Oracle Analytical Software<br>Reagents Brand- Oracle Based | | | |
| 3 | 1)LH-100ml<br>2) Prone Cleanser-50ml<br>3)Courier Charges | ACS/12517/23-24 Dt04.09.2024 | BRN240703400100599650dt 11.09.2024 | 10428/- |

1) ക്രമ നം(1)ലെ Mindray 5 പാർട്ട് ഹെമറ്റോളജി അനലൈസർ വാങ്ങിയതിന്റെ കോൺട്രാക്ട് നം GEMC 511687787977320/Dt 25/7/2024 പ്രകാരം ഡാറ്റാമാനേജ്മെന്റ് ഇൻബിൽട്ട് ആണെന്ന് പറയുന്നുണ്ട്. ഇതുകൂടാതെയാണ് ക്രമ നം 2 പ്രകാരം വീണ്ടും ഒറാക്കിൾ അനലെറ്റിക് സോഫ്റ്റ് വെയർ വാങ്ങിയത് . ഇതിന്റെ കോൺട്രാക്ടിൽ (GEMC 511687772513231/Dt 25/7/2024 ) പ്രോഡക്ടിന്റെ പേര് Oracle Analytics Software V.2.1 എന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.ഇപ്രകാരം ഡാറ്റ മാനേജ്മെന്റോടു കൂടിയ ഉപകരണം വാങ്ങിയതു കൂടാതെ വീണ്ടും പ്രത്യേകമായി സോഫ്റ്റ്‌വെയർ വാങ്ങിയതിന്റെ ആവശ്യകത വ്യക്തമാക്കുവാനാവശ്യപ്പെട്ട്

നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/27.01.2026) കൂടുതൽ ടെസ്റ്റുകൾ ചെയ്യാൻ പ്രത്യേകം സോഫ്റ്റ്‌വെയർ ആവശ്യമാണെന്നാണ് മറുപടി നൽകിയത്. ഹോമിയോ ആശുപത്രിയിലേക്ക് വാങ്ങിയിരിക്കുന്ന ഹെമറ്റോളജി അനലൈസർ,ഹോസ്പിറ്റലിലേക്ക് ആവശ്യമായ എല്ലാ ടെസ്റ്റുകളും ചെയ്യാൻ പര്യാപ്തമായ വിൻഡോസ് അധിഷ്ഠിത ഓപ്പറേറ്റിംഗ് സിസ്റ്റത്തിലുള്ളതാണ്.

ഹോസ്പിറ്റലിലേക്ക് വാങ്ങിയിരിക്കുന്ന ഹെമറ്റോളജി അനലൈസറിന് മാത്രം നിലവിലെ മാർക്കറ്റ് വില ഏകദേശം 4,79,000/-രൂപയാണ്. ഇതിന് നികുതിയടക്കം 5 ലക്ഷത്തിനുമുകളിൽ വില വരുന്നതാണ്.സ.ഉ.(അച്ചടി) 07/2019 എസ്.പി.ഡി തീയതി 26.04.19 പ്രകാരം അഞ്ച് ലക്ഷം രൂപയ്ക്ക് മുകളിൽ ജെം പോർട്ടൽ വഴിയുള്ള വാങ്ങലുകൾ ബിഡ് ചെയ്യണമെന്നിരിക്കെ ഈ നടപടിക്രമങ്ങൾ ഒഴിവാക്കുന്നതിനായാണ് ഇപ്രകാരം ഒരു ഓപ്പറേറ്റിംഗ് സിസ്റ്റം വാങ്ങി ഇൻസ്റ്റാൾ ചെയ്തിട്ടുള്ളതായി കാണിച്ചിട്ടുള്ളത്. ഹെമറ്റോളജി അനലൈസർ,ഹോസ്പിറ്റലിലേക്ക് ആവശ്യമായ എല്ലാ ടെസ്റ്റുകളും ചെയ്യാൻ പര്യാപ്തമായ വിൻഡോസ് അധിഷ്ഠിത ഓപ്പറേറ്റിംഗ് സിസ്റ്റത്തിലുള്ളതാകയാൽ കൂടുതൽ ടെസ്റ്റുകൾ ചെയ്യാൻ പ്രത്യേകം ഒറാക്കിൾ അധിഷ്ഠിത ഓപ്പറേറ്റിംഗ് സിസ്റ്റം ഇൻസ്റ്റാൾ ചെയ്യേണ്ടതുണ്ടോയെന്നത് സംബന്ധിച്ച് സാങ്കേതികമായി പരിശോധന ആവശ്യമാണ്. സാങ്കേതിക പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതും പ്രത്യേക ഓപ്പറേറ്റിംഗ് സിസ്റ്റം ആവശ്യമില്ലാത്ത പക്ഷം ഇതിനായി ചെലവഴിച്ച 90240/-രൂപ സ്ഥാപനത്തിൽ നിന്ന് തിരികെ ഈടാക്കേണ്ടതുമാണ്. 90240/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2) 2017 ലെ ജി.എസ്.ടി നിയമം വകുപ്പ് 51 പ്രകാരം 2.5 ലക്ഷം രൂപയ്ക്ക് തുല്യമോ അതിന് മുകളിലോ മൂല്യം വരുന്ന വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും ബന്ധപ്പെട്ട വിതരണക്കാരനിൽ നിന്ന് (ജി.എസ്.ടി കഴിച്ചിട്ടുള്ള തുകയുടെ) 2% തുക ജി.എസ്.ടി.യുടെ TDS ഇനത്തിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത് വകുപ്പിലടക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. എന്നാൽ 497990/-രൂപയുടെ ഉപകരണം സപ്ലൈ ചെയ്ത **ആൻടി ഡോട്ട്കോം** ,പത്തനംതിട്ടയുടെ ബില്ലിൽ നിന്നും ജി.എസ്.ടി ഇനത്തിൽ 8440/-രൂപ (422025*2%(ജി.എസ്.ടി കഴിച്ചിട്ടുള്ള തുക) ഉറവിടത്തിൽ കുറവ് ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിന് വിതരണക്കാരനെ അറിയിച്ച്

ജി.എസ്.ടി ഒടുക്കുവരുത്തുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക ഈടാക്കി വിശദവിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-53 താലൂക്ക് ആശുപത്രിയിലേക്കുള്ള വാങ്ങലുകളിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല.**

താലൂക്ക് ആശുപത്രിയുടെ വൗച്ചറുകൾ പരിശോധിച്ചതിൽ ആശുപത്രിയിലേക്കുള്ള വിവിധ സാധനങ്ങളുടേയും സേവനങ്ങളുടേയും വാങ്ങലുകളിൽ സർക്കാരിന്റെ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയും പർച്ചേസ് നിയമങ്ങളും പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നില്ല എന്ന് കണ്ടെത്തിയിട്ടുണ്ട്. ആശുപത്രിക്ക് ആവശ്യമായ ഉപകരണങ്ങൾ, കംപ്യൂട്ടർ, സ്റ്റേഷനറി, ലാബ് ഉപകരണങ്ങൾ, ഫർണ്ണീച്ചർ, ഇലക്ട്രിക് ഉപകരണങ്ങൾ എന്നിവയെല്ലാം വാങ്ങുന്നതിന് ഓരോ സമയവും പ്രത്യേകം പ്രത്യേകം വാങ്ങൽ നടപടികൾ സ്വീകരിച്ചുവരുകയാണ് ചെയ്തുവരുന്നത്. സ്ഥാപനത്തിലേക്കുള്ള വാങ്ങലുകളിൽ കണ്ടെത്തിയ പ്രധാന അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ.(പി) നം.259/2010/ത.സ്വ.ഭ.വ./8.11.2010 പ്രകാരം 5,000 രൂപ മുതൽ 50,000 രൂപ വരെ ക്വട്ടേഷനിലൂടെയും 50,000 രൂപക്ക് മുകളിൽ 1,00,000/- രൂപ വരെയുള്ള സാധനങ്ങളും സേവനങ്ങളുടേയും സമാഹരണം ലിമിറ്റഡ് ടെണ്ടറിലൂടെയും 1,00,000/- രൂപക്ക് മുകളിലുള്ള സമാഹരണം ഓപ്പൺ ടെണ്ടർ നടപടിയിലൂടെയുമാണ് നടത്തേണ്ടത്. എന്നാൽ പ്രോജക്ട് പ്രകാരം വിവിധ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും ഈ പരിധി പാലിക്കാതെ , ഭൂരിഭാഗം വാങ്ങലുകളും ക്വട്ടേഷൻ പ്രകാരവും ചിലത് നേരിട്ടുമാണ് വാങ്ങിയിട്ടുള്ളത്. ടെണ്ടർ നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല.വാങ്ങലുകളിലൊന്നിലും കൃത്യമായ സ്പെസിഫിക്കേഷനുകൾ തയ്യാറാക്കുകയോ വിവരങ്ങൾ പരസ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. വിതരണ സ്ഥാപനങ്ങളുമായി വാങ്ങൽ സംബന്ധിച്ച് കരാറുകളും ചമച്ചിട്ടില്ല.

2) ജെം പോർട്ടൽ മുഖേന വാങ്ങൽ നടത്തിയതായി പ്രോജക്ടുകളിൽ രേഖപ്പെടുത്തിയിട്ടുള്ള ഉപകരണങ്ങളിൽ തന്നെ ജെം വാങ്ങൽ സംബന്ധമായ രേഖകളൊന്നും ഉൾപ്പെടുത്തിയിട്ടില്ല. ആവശ്യമായ സ്പെസിഫിക്കേഷൻ,

താരതമ്യ പത്രിക, സ്റ്റോക്ക് എൻട്രി വിവരങ്ങൾ എന്നിവയൊന്നും ഹാജരാക്കിയിട്ടില്ല.ജെം പോർട്ടലിൽ പരസ്യപ്പെടുത്തിയ ഐറ്റം സ്പെസിഫിക്കേഷൻ, സെലക്ഷന് ഉപയോഗിച്ച ഫിൽട്ടറുകൾ, ജെം പോർട്ടൽ വഴി തിരഞ്ഞെടുത്ത വിതരണ സ്ഥാപനങ്ങളുമായി ചമച്ച കരാർ എന്നിവയും പ്രോജക്ടുകളുടെ ഭാഗമായി ഹാജരാക്കിയിട്ടില്ല.

3).ആശുപത്രിയിലേക്ക് പുതിയ ഫോട്ടാസ്റ്റാറ്റ് മെഷീൻ, എയർ കണ്ടീഷണറുകൾ, പ്രിന്ററുകൾ പോലുള്ള ഉപകരണങ്ങൾ വാങ്ങുന്ന പ്രോജക്ടിൽ നിലവിലുള്ള ഫോട്ടാസ്റ്റാറ്റ് മെഷീൻ, എയർ കണ്ടീഷണറുകൾ , പ്രിന്ററുകൾ എന്നിവക്ക് വാറന്റി, എ.എം.സി എന്നിവ ബാധകമാണോ ഉപകരണങ്ങൾ മെയിന്റനൻസ് സാധ്യമായിരുന്നോ എന്നുള്ള പരിശോധനകൾ നടത്താതെയും ക്ഷമതയുള്ള ഉദ്യോഗസ്ഥരിൽ നിന്നുള്ള സാക്ഷ്യപത്രം വാങ്ങാതെയുമാണ് പുതിയ ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത്. ഇവിടെ ഉപയോഗിച്ചിരുന്ന നിലവിലെ ഉപകരണങ്ങൾ എപ്രകാരമാണ് ആശുപത്രി ഉപയോഗപ്പെടുത്തിയിട്ടുള്ളത് എന്നതിന്റെയും വിവരങ്ങളില്ല. ഇവ ബൈബാക്ക് രീതിയിൽ വില്പന നടത്താമെന്ന സാധ്യത ഉപയോഗിച്ചതായും വിവരങ്ങളില്ല.

4) ആശുപത്രി ലാബിലേക്ക് ഉപകരണങ്ങളും സാധനങ്ങളും വാങ്ങുന്നത് വിവിധ സ്ഥാപനങ്ങളിൽ നിന്നാണ്. ലാബിന് ആവശ്യമായ സാധനങ്ങൾക്ക് കേരള സംസ്ഥാന മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടെങ്കിലും ക്വട്ടേഷനോ ടെണ്ടറോ ഇല്ലാതെയാണ് സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും സാധനങ്ങൾ വാങ്ങിയിട്ടുള്ളത്. ഒരു വർഷത്തേക്കുള്ള ആവശ്യകത കണക്കാക്കി ക്വട്ടേഷനോ ടെണ്ടറോ വഴി വിതരണക്കാരെ തെരഞ്ഞെടുത്ത് അവരിൽ നിന്നും ആശുപത്രിയുടെ ആവശ്യകത, സ്റ്റോർ കപ്പാസിറ്റി എന്നിവ പ്രകാരം വ്യത്യസ്ത തവണകളായായി വാങ്ങൽ നടത്താവുന്നതാണ്. എന്നാൽ ഈ സാധ്യതയും പരിഗണിച്ചില്ല.

5) വാങ്ങലുമായി ബന്ധപ്പെട്ട് ലഭിക്കുന്ന ക്വട്ടേഷനുകൾ/ടെണ്ടറുകൾ എന്നിവക്ക് പ്രൊക്യൂർമെന്റ് കമ്മിറ്റി ശിപാർശയോടെ നഗരസഭ കൌൺസിലാണ് അംഗീകാരം നൽകേണ്ടത്. ഓഡിറ്റ് കാലയളവിൽ വാങ്ങലിനായി ക്ഷണിച്ച ക്വട്ടേഷനുകൾ /ടെണ്ടറുകൾ എന്നിവ കമ്മിറ്റി പരിശോധിച്ചതിന്റെയോ വാങ്ങലുകൾക്ക് അംഗീകാരം

നൽകിയതിന്റെയോ വിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ല. ക്വട്ടേഷനുകളുടെ വിവരങ്ങൾ കമ്മിറ്റിയുടെ പരിശോധനക്ക് നൽകാത്തതിന് കാരണവും വ്യക്തമാക്കിയിട്ടില്ല.

**മേൽ** അപാകതകളിൻമേൽ ആവശ്യമായ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-33/03-02-2026) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയില്ല. സ്ഥാപനത്തിലേക്കുള്ള സാധനങ്ങളുടേയും സേവനങ്ങളുടേയും വാങ്ങലുകളിൽ സർക്കാരിന്റെ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയും പർച്ചേസ് നിയമങ്ങളും പ്രകാരമുള്ള നടപടികൾ കൃത്യമായി പാലിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തി വാങ്ങലുകൾ സുതാര്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

**<u>1-54 ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ -കെ.എസ്.ഇ.ബിയുമായി കരാർ ചമച്ചിട്ടില്ല.</u>**

വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനായി നഗരസഭ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പ്രോജക്ട് പ്രകാരം **(നം.എസ്.0141/25)** കെ.എസ്.ഇ.ബി തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പ്രോജക്ട് നടപ്പാക്കിയത് സംബന്ധിച്ച് കണ്ടെത്തിയ ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

**1)** സുലേഖ ചെലവുപത്രിക പ്രകാരം ധനകാര്യകമ്മീഷൻ ഗ്രാന്റ് വകയിരുത്തിയ പ്രോജക്ട് പ്രകാരമുള്ള ചെലവ് ₹ **3,67,475** രൂപയാണ്. എന്നാൽ ഫയലിലെ രേഖകൾ പ്രകാരം പ്രോജക്ടിൽ നിന്നും ₹ **6,38,745** രൂപ ചെലവഴിച്ചിട്ടുണ്ട്. **₹ 271270** രൂപ അധികം ചെലവഴിച്ചതിന്റെ കണക്കുകൾ സുലേഖ സോഫ്റ്റുവെയറിൽ ലഭ്യമാകാത്തതിന് വിശദീകരണം ലഭ്യമായിട്ടില്ല.

**2)**നഗരസഭ ഡെപ്പോസിറ്റ് തുക കൈമാറിയപ്പോൾ കെ.എസ്.ഇ.ബിയുമായി കരാർ ചമച്ചിട്ടില്ല. ഇത് മൂലം കെ.എസ്.ഇ.ബിക്ക് ഡെപ്പോസിറ്റ് നൽകിയ പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണം രേഖാമൂലം ഉറപ്പുവരുത്താൻ സാധിക്കാത്ത സ്ഥിതിയുണ്ട്.

**3)** പ്രോജക്ട് ഫയലിൽ ലഭ്യമായ എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ തുകയും ഒടുക്കിയതിനാൽ ഇതിനകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്.പ്രോജക്ട് പ്രകാരം തുക നൽകിയ പ്രവൃത്തികളുടെ വിനിയോഗം സംബന്ധിച്ച രേഖകളൊന്നും കെ.എസ്.ഇ.ബിയിൽ നിന്നും ലഭ്യമാക്കിയിട്ടില്ല.

**4)** നിശ്ചിത കാലയളവുകളിൽ കെ.എസ്.ഇ.ബി താരിഫ് റിവൈസ് ചെയ്തുവരുന്നതിനാൽ പ്രവൃത്തി ആരംഭിച്ച് സമയബന്ധിതമായി പൂർത്തീകരിക്കാതെ വന്നാൽ, എസ്റ്റിമേറ്റിന്റെ കാലാവധിക്ക് ശേഷം കെ.എസ്.ഇ.ബി നിശ്ചയിക്കുന്ന അധിക തുക കൂടി ഡെപ്പോസിറ്റ് ചെയ്താൽ മാത്രമേ പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ എന്ന സ്ഥിതിയുണ്ട്. ആയതിനാൽ തന്നെ തുക ഡെപ്പോസിറ്റ് ചെയ്യുന്നതിലുപരിയായി പ്രോജക്ടിന്റെ കൃത്യമായ മോണിറ്ററിംഗ് കൂടി അനിവാര്യമാണ്.ഇത്തരം പ്രവർത്തനങ്ങൾ നടക്കുന്നതായി രേഖകളില്ല.

**5)** വിവിധ വാർഡുകളിലെ ഇലക്ട്രിക് പോസ്റ്റുകളുടെ ഷിഫ്റ്റിംഗിനായി കെ.എസ്.ഇ.ബി തയ്യാറാക്കി നൽകുന്ന എസ്റ്റിമേറ്റ് പ്രകാരം വർഷങ്ങളായി തുക കൈമാറി വരുന്നുണ്ട്. എന്നാൽ ഇത് സംബന്ധിച്ച വിവരങ്ങൾ അതാത് പ്രോജക്ട് ഫയലുകളിൽ മാത്രമാണുള്ളത്. സമഗ്രമായ വിവരങ്ങൾ ഉൾപ്പെടുത്തി ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ആയതിനാൽ തുക നൽകിയിട്ടും പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ വിവരം, കാലതാമസം എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകാത്ത സ്ഥിതിയുണ്ട്.

ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം-50/06-02-2026) ക്ക് മറുപടി നൽകിയിട്ടില്ല. കെ.എസ്.ഇ.ബിക്ക് നൽകിയ ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ പ്രോജക്ട് പ്രകാരം ചെലവഴിച്ച ₹ 6,38,745 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## <u>1-55 വാട്ടർ ചാർജ്ജ് കുടിശ്ശിക ഒടുക്കാതെ മിച്ചമുള്ള പദ്ധതിധനം ലാപ്സാക്കുന്നു</u>

പി.എച്ച് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ 09.05.24 ലെ KWA/PHDN/KYLM/394/2025-E3-ാം നമ്പർ കത്ത് പ്രകാരം കായംകുളം നഗരസഭാ പരിധിയിലെ 712 പൊതുടാപ്പുകളുടെ 31.10.24 വരെയുള്ള വാട്ടർ ചാർജ്ജ് കുടിശ്ശികയായ 15,86,76,372/- രൂപയും 2025 മാർച്ച് വരെയുള്ള പ്രസ്തുത തുകയിന്മേൽ ചുമത്തിയിട്ടുള്ള ഫൈൻ തുകയായ 1,61,85,508/- രൂപയും ഉൾപ്പെടെ ആകെ 17,48,61,880/- രൂപ പ്രത്യേക അദാലത്തിലൂടെ ഒഴിവാക്കിയിട്ടുണ്ട്. നിലവിലുള്ള 712 പൊതുടാപ്പുകളുടെ 2025 ജൂൺ മാസം വരെയുള്ള കുടിശ്ശിക 1,11,10,181/- രൂപയാണ്. മേൽസൂചിപ്പിച്ച കത്ത് പ്രകാരം അദാലത്തിലൂടെ വാട്ടർ അതോറിറ്റി 17,48,61,880/- രൂപയുടെ കുടിശ്ശിക ഒഴിവാക്കി ആനുകൂല്യം ലഭ്യമാക്കിയിട്ടും ജൂൺ 2025 വരെയുള്ള കുടിശ്ശികയായ 1,11,10,181/- രൂപ നാളിതുവരെ വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടില്ല. 2024-25 വാർഷിക പദ്ധതികൾക്ക് അനുവദിച്ച തുകയിൽ നിന്നും മറ്റ് പദ്ധതികൾക്കായി മാറ്റി വെച്ചിട്ടില്ലാത്തതും എന്നാൽ വർഷാവസാനം മിച്ചമാകുന്നതുമായ പദ്ധതി ധനം കോർഡിനേഷൻ കമ്മറ്റിയുടെ തീരുമാനത്തിന് വിധേയമായി വെള്ളക്കരം കുടിശ്ശിക നിവാരണത്തിനായി ഉപയോഗിക്കാവുന്നതാണ്.എന്നാൽ വാട്ടർ അതോറിറ്റി പ്രത്യേക അദാലത്തിലൂടെ നഗരസഭയുടെ വെള്ളക്കരം കുടിശ്ശികയിൽ 17,48,61,880/- രൂപയുടെ ഇളവ് നൽകിയിട്ടും മേൽ സൂചിപ്പിച്ച പ്രകാരമുള്ള നടപടിക്രമങ്ങൾ ഒന്നും സ്വീകരിച്ചിട്ടില്ല. ജൂൺ 2025 വരെയുള്ള കുടിശ്ശികയായ 1,11,10,181/- രൂപ ഒടുക്കുന്നതിന് മിച്ചമുള്ള പദ്ധതി ധനം ഉപയോഗിക്കാമെന്നിരിക്കെ ആയത് വിനിയോഗിക്കാതെ ലാപ്സാക്കി. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം:64/11.02.26) മറുപടി ലഭ്യമാക്കിയിട്ടില്ല. നിലവിൽ കുടിശ്ശികയായ 1,11,10,181/- രൂപ യഥാസമയം ഒടുക്ക് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-56 യൂണിറ്റ് കോസ്റ്റിലും അധികമായി വാങ്ങൽ നടത്തി

| | |
|---|---|
| പ്രോജക്ട് നം. | S0199/2025 |
| പ്രോജക്ടിന്റെ പേര് | പുഷ്പകൃഷിയ്ക്കുള്ള വിത്തുകളും, തൈകളും വിതരണം (വനിതകൾ) |

| | |
|---|---|
| അടങ്കൽ | 1,52,954/-<br>( 1,14,716/- (വികസന ഫണ്ട്) 38,238/- (ഗുണ.വി.) |
| ചെലവ് | 1,14,716/- (വികസന ഫണ്ട്) |
| നിർവ്വഹണം - | കൃഷി ഓഫീസർ. |
| ബിൽ നം. | BRN 240703470015013512l7/19-02-25 |

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പുഷ്പ കൃഷിയ്ക്കുള്ള വിത്തുകളും, തൈകളും വിതരണം എന്ന പ്രോജക്ടിനായി 2024-25 ൽ ആകെ വകയിരുത്തിയത് 1,52,954/- രൂപയാണ്. ഇതിൽ 38,238/- രൂപ ഗുണഭോക്തൃവിഹിതമാണ്. ഗുണഭോക്തൃവിഹിതം പിരിച്ചിട്ടുണ്ടെങ്കിലും ചെലവ് ചെയ്തിട്ടില്ല. വിതരണത്തിനായി ആകെ വാങ്ങിയത് 31,215 മാരി ഗോൾഡ് തൈകൾ. (മാരി ഗോൾഡ് ഓറഞ്ച് 15607 എണ്ണം/മാരി ഗോൾഡ് മഞ്ഞ 15608 എണ്ണം ആകെ 31215@4.90) കെയ്കോയിൽ നിന്നും (ഇൻവോയ്സ് നം.വി.1400എ/24-25 തീയതി.08/07/24 പ്രകാരം) ഒരു തൈയ്ക്ക് 4.90 രൂപ നിരക്കിലാണ് തൈകൾ വാങ്ങിയിട്ടുള്ളത്. എന്നാൽ 10-01-2025 ലെ പ്രിൻസിപ്പൽ കൃഷി ഓഫിസറുടെ ADFW/PAO/ALP/2036/2024-TC3 നടപടിക്രമപ്രകാരം മാരിഗോൾഡ് തൈകൾക്ക് യൂണിറ്റ് കോസ്റ്റ് പ്രകാരം നൽകാവുന്ന വില ഒരെണ്ണത്തിന് 4.00 രൂപയാണ്. ഒരു തൈയ്ക്ക് 90 പൈസ വീതം അധികം നൽകിയതിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 17-28/01/2026 ന് ലഭ്യമാക്കിയ മറുപടിയിൽ കൃഷി ഓഫീസർക്ക് കിട്ടിയ ഓർഡറിൽ തൈ ഒന്നിന് 4.90 പൈസ ആയിരുന്നുവെന്നും അതിനു ശേഷമാണ് നിരക്ക് 4.00 രൂപയായി കുറച്ചതെന്നുമാണ് പറഞ്ഞിട്ടുള്ളത്. എന്നാൽ 2024-25 ൽ അന്തിമമാക്കി പ്രസിദ്ധീകരിച്ചിട്ടുള്ള ഉത്തരവിലും (119/2023/ഡിപിസി/ഡിപിഓ/എഎൽപി/20-02-2025) 4.00 രൂപ നിരക്കായതിനാൽ കൃഷി ഓഫീസറുടെ മറുപടി അംഗീകരിക്കാവുന്നതല്ല. ഈയിനത്തിൽ അധികമായി 28,093.5/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ തുകയിൽ വികസന ഫണ്ടിൽ നിന്നും അധികമായി നൽകിയ 21,070/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഓഡിറ്റ് വർഷം ഗുണഭോക്തൃ വിഹിതം നൽകിയിട്ടില്ല. 2025-26 സാമ്പത്തിക വർഷം ഗുണഭോക്തൃ വിഹിതം പൂർണ്ണമായും

നൽകിയിട്ടുണ്ടെങ്കിൽ അതിൽ നിന്നും 7023/- രൂപ തിരിച്ചു പിടിച്ച് ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് തിരികെ നൽകി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-57 വിവിധ വാർഡുകളിൽ മിനി എം.സി.എഫ് നിർമ്മാണം -പ്രോജക്ട് പൂർത്തീകരിച്ചിട്ടില്ല**

| | |
|---|---|
| പ്രോജക്ട് നമ്പർ/ പേര് | വിവിധ വാർഡുകളിൽ മിനി എം.സി.എഫ്. നിർമ്മാണം (S0471/25) |
| അടങ്കൽ | **₹26,92,043/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്)** |
| ചെലവ് | **₹21,75,384/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്)** |
| ബിൽ നം & തീയതി | **PFMSid-C032580376742/25-03-2025 ₹21,75,384/-** |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ, കായംകുളം നഗരസഭ |

നഗരസഭയിലെ ഹരിതകർമ്മസേനക്ക് വാർഡുകളിലെ പ്ലാസ്റ്റിക് മാലിന്യശേഖരണത്തിനായി മിനി എം.സി.എഫുകൾ നിർമ്മിച്ച് സ്ഥാപിക്കുന്നതിനായാണ് പ്രോജക്ട് ആവിഷ്കരിച്ചത്. വിവിധ വാർഡുകളിലായി 60 മിനി എം.സി.എഫുകൾ ആണ് പ്രോജക്ട് പ്രകാരം നിർമ്മിച്ചിരിക്കുന്നത്. പ്രോജക്ട് ഫയൽ പരിശോധിച്ചത് പ്രകാരം കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

**01).**നിർമ്മിക്കുന്ന മിനി എം.സി.എഫുകൾ വാർഡുകളിലെ നിശ്ചിത പ്രദേശത്ത് സ്ഥിരമായി

സ്ഥാപിക്കുന്നവിധമാണ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകരിച്ചിട്ടുള്ളത്. നിർമ്മാണം പൂർത്തിയാക്കിയ മിനി എം.സി.എഫുകൾ താൽക്കാലികമായി സ്ഥാപിക്കുന്നവിധമുള്ള പ്രവൃത്തി മാത്രമാണ് പൂർത്തിയാക്കി പാർട്ട്ബിൽ നൽകിയിട്ടുള്ളത്. എസ്റ്റിമേറ്റ് പ്രകാരമുള്ള വിധം പ്രവൃത്തി ഇതുവരെ പൂർത്തിയാക്കിയിട്ടില്ല. ഇരുമ്പ് പൈപ്പ് ഉപയോഗിച്ച് നിർമ്മിച്ച സ്ട്രക്ചർ ഈർപ്പമുള്ള സാഹചര്യത്തിൽ വേഗം തുരുമ്പിക്കുന്നത് ഒഴിവാക്കുന്നതിനായാണ് കോൺക്രീറ്റ് ഉപയോഗിച്ച് ഉയർത്തി സ്ഥാപിക്കാൻ എസ്റ്റിമേറ്റിൽ ഇനം ഉൾപ്പെടുത്തിയത്. ഈയിനം ചെയ്യാത്തത് മൂലം ഈർപ്പം പ്രതിരോധിക്കപ്പെടാതെ നിർമ്മിച്ച് താൽകാലികമായി സ്ഥാപിക്കപ്പെട്ട സ്ട്രക്ചർ വേഗം നശിക്കാനുള്ള സാധ്യതയുണ്ട്.

02) പ്രോജക്ട് പ്രകാരം നിർമ്മിക്കുന്ന മിനി എം.സി.എഫുകൾ ഓരോന്നും വാർഡുകളിൽ എവിടെയാണ് സ്ഥാപിക്കേണ്ടത് എന്നത് സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. സ്ഥിരമായി സ്ഥാപിക്കേണ്ട വിധത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതിനാൽ സ്ഥാപിക്കേണ്ട സ്ഥലം സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ലഭ്യമാകേണ്ടത് അനിവാര്യമാണ്. എന്നാൽ ഈ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

**03)**നഗരസഭ, വാർഡുകളിൽ ഓരോ സാമ്പത്തിക വർഷവും പ്രോജക്ടുകൾ തയ്യാറാക്കി മിനി എം.സി.എഫുകൾ സ്ഥാപിച്ചുവരുന്ന സാഹചര്യത്തിൽ സ്ഥാപിക്കുന്ന യൂണിറ്റുകളിൽ പേര് രേഖപ്പെടുത്തുവാൻ എസ്റ്റിമേറ്റിൽ ഇനം ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ എം.ബുക്ക് പ്രകാരം ഈയിനം ചെയ്തിട്ടില്ല. ഇതുമൂലം വിവിധ വർഷങ്ങളിലായി സ്ഥാപിക്കപ്പെട്ട മിനി എം.സി.എഫുകളുടെ കൃത്യമായ കണക്കുകൾ ലഭിക്കാത്ത സാഹചര്യമുണ്ട്.

**04)** നിർമ്മിച്ച മിനി എം.സി.എഫുകൾ നഗരസഭയിലെ വിവിധ പ്രദേശങ്ങളിൽ താൽകാലികമായി സ്ഥാപിച്ചിരിക്കുകയാണ്. കരാർ കാലാവധി കഴിഞ്ഞിട്ടും പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകാത്തതായും കാണുന്നു. പ്രവൃത്തിയുടെ കാലാവധി നീട്ടുന്നത് സംബന്ധിച്ച നിയമപരമായ നടപടികൾ നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വീകരിച്ചതായി ഫയലിൽ വിവരങ്ങളില്ല.

ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-55/07-02-26) മറുപടി ലഭ്യമാക്കിയിട്ടില്ല. എസ്റ്റിമേറ്റ് പ്രകാരമുള്ള നിർമ്മാണ പ്രവൃത്തികൾ എത്രയും വേഗം

പൂർത്തീകരിക്കുന്നതിനും മിനി എം.സി.എഫുകൾ ഏറ്റവും അനുയോജ്യമായ സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

**1-58 പിഎംഎവൈ-വീടുകളുടെ പണി കാലാവധി കഴിഞ്ഞിട്ടും പൂർത്തിയാക്കിയില്ല.**

പി എം എ വൈ പദ്ധതിയുടെ 2017-18 മുതലുള്ള ഡിപിആറിൽ ഉൾപ്പെട്ട് കരാറിൽ ഏർപ്പെട്ട ശേഷം ഭവന നിർമ്മാണത്തിനായി ആദ്യഗഡു പണം കൈപ്പറ്റിയ ഗുണഭോക്താക്കൾ വർഷങ്ങൾ കഴിഞ്ഞിട്ടും വീട്ടു പണി പൂർത്തിയാക്കിയതായോ, മുൻകൂർ തുക തിരിച്ചടച്ചതായോ കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സർവ്വേ/ ബെനിഫിഷ്യറികോഡ് | പേര്, മേൽവിലാസം, വാർഡ് നമ്പർ | കൈപ്പറ്റിയ തുക | തുക കൈപ്പറ്റിയ തീയതി |
|---|---|---|---|---|
| 1. | 32803300 | ശശിധരൻ.ജി. ഇഞ്ചക്കൽ, ചിറക്കടവം.(36) ഡിപിആർ -3 | 40,000/- | 28-11-2018 |
| 2. | 3082811 | ശ്രീലത, ആനയടി കിഴക്കേതിൽ, ചേരാവള്ളി (22) ഡിപിആർ -1 | 40,000/- | 25-02-2019 |
| 3. | 6051586 | പവന, പാലത്തിന്റെ വടക്കേതിൽ,(30) ഡിപിആർ -4 | 40,000/- | 31-05-2019 |
| 4. | 6049529 | പ്രസന്ന, മഠത്തിൽ വടക്കേതിൽ, (18) ഡിപിആർ | 40,000/- | 27-04-2019 |

| | | | | |
|---|---|---|---|---|
| | | -4 | | |
| 5. | 5990335 | റഹ്മത്ത്, കണക്കിഴക്കേതിൽ, കായംകുളം (5) ഡിപിആർ -4 | 40,000/- | 31-05-2019 |
| 6. | 6171330 | അജിത.എസ്സ്. ഐക്കര പടീറ്റതിൽ പെരിങ്ങാല,(18) ഡിപിആർ -5 | 40,000/- | 20-01-2022 |
| 7. | 6081232 | നസീറ, മൂത്തേരിൽ കിഴക്കേതിൽ, ചേരാവള്ളി,(24) ഡിപിആർ -5 | 40,000/- | 01-01-2022 |
| 8. | 6169809 | രാധാമണി, കൊറ്റേപടീറ്റതിൽ, എരുവ (6) ഡിപിആർ -5 | 40,000/- | 29-04-2022 |
| 9. | 3749914 | അദാബിയ കുഞ്ഞ്, കൊപ്രാപ്പുരയിൽ ഐകെ ജംഗ്ഷൻ, (43) ഡിപിആർ -6 | 40,000/- | 11-03-2024 |
| 10. | 6180067 | ലക്ഷ്മിക്കുട്ടി, കൊല്ലൻപറമ്പിൽ പടിഞ്ഞാറേത്തറ, കീരിക്കാട്, (14) ഡിപിആർ -6 | 40,000/- | 14-02-2023 |

| | | | | |
|---|---|---|---|---|
| 11. | 6175913 | രതീഷ് രവി, കുറ്റിത്തറയിൽ, പെരുങ്ങാല, (17) ഡിപിആർ -6 | 40,000/- | 21-06-2023 |
| 12. | 4063711 | തോമസ്സ് വർഗ്ഗീസ്, പനാലിൽ പടീറ്റതിൽ, ചേരാവള്ളി. ഡിപിആർ -6 | 40,000/- | 03-02-2024 |
| 13. | 6196830 | കാർത്തികേയൻ നായർ, ഓടത്തിൽ വടക്കേതിൽ, പെരിങ്ങാല. (17) ഡിപിആർ -8 | 40,000/- | 28-04-2025 |
| 14. | 6196961 | ഓമന, ചെറുകുളഞ്ഞിയിൽ, എരുവ , ഡിപിആർ -8 | 40,000/- | 03-11-2024 |
| 15. | 6196586 | ശശികല, വടക്കേമുറ്റത്തേരിൽ ചേരാവള്ളി (34) ഡിപിആർ -8 | 40,000/- | 18-07-2024 |

വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം.32/03-02-26 ന് മറുപടി ലഭ്യമാക്കിയില്ല. പണി പൂർത്തിയാക്കിയിട്ടില്ലാത്ത ഗുണഭോക്താക്കളിൽ നിന്നും മുൻകൂർ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-59 ചട്ടിയിൽ പച്ചക്കറി കൃഷി - കുറഞ്ഞ നിരക്കിലെ ടെൻഡർ പരിഗണിച്ചില്ല

പ്രോജക്ട് നം.:- S0210/2025 (സ്പിൽ ഓവർ)

പ്രോജക്ടിന്റെ പേര് :-ചട്ടിയിൽ പച്ചക്കറി കൃഷി (ജനറൽ)
നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

അടങ്കൽ :-12,07,005/- (7,78,005 (വികസന ഫണ്ട്) 4,29,000/- (ഗുണ.വിഹിതം)

ചെലവ് :-11,59,380/- (വികസന ഫണ്ട്)

ചെലവ് വിവരം ചുവടെ ചേർക്കുന്നു.
1) ബിൽ നം.2 തീയതി.23-05-24 തുക.127125
2) ബിൽ നം.3 തീയതി.26-11-24 തുക.190687
3) ബിൽ നം. 4 തീയതി.26-11-24 തുക.381375
4) ബിൽ നം. 5 തീയതി.20-02-25 തുക.180518
5) ബിൽ നം. 7 തീയതി.23-02-25 തുക.279675

ചട്ടിയിൽ പച്ചക്കറി കൃഷി എന്ന സ്പിൽ ഓവർ പദ്ധതിയ്ക്കായി 2024-25 ൽ വകയിരുത്തിയത് 12,07,005/- രൂപയാണ്. ഇതിൽ 4,29,000/- രൂപ ഗുണഭോക്തൃവിഹിതമാണ്. 2023-24 ലെ തുകയടക്കം 17,15,340/- രൂപയാണ് പ്രോജക്ടിന്റെ ആകെ അടങ്കൽ. ഇതിനായി 2023-24 വർഷത്തേതടക്കം ആകെ 10120 ചട്ടികളാണ് വാങ്ങിയിട്ടുള്ളത്. HDPE കണ്ടെയ്നറിൽ പോട്ടിംഗ് മിശ്രിതം നിറച്ച് പച്ചക്കറി തൈ ഉൾപ്പടെ ഒരെണ്ണത്തിന്റെ വില 169.50 രൂപയാണ്. ഇതിനായി ക്ഷണിച്ച ടെണ്ടറിൽ ഒരെണ്ണത്തിന് 178.90 രൂപ ക്വാട്ട് ചെയ്ത പാർവ്വതി ഓർഗാനിക് മാന്വർ, കൊല്ലം എന്ന സ്ഥാപനത്തെ നെഗോസിയേഷന് വിളിക്കുകയും അതിന്റെ ഫലമായി 169.50 രൂപയ്ക്ക് ഒരു ചട്ടി നൽകാമെന്ന് സമ്മതിച്ച് വിതരണം നടത്തിയിട്ടുണ്ട്. എന്നാൽ എം.വി. ട്രേഡേഴ്സ് എന്ന സ്ഥാപനം 166.00 രൂപയ്ക്ക് ഒരു ചട്ടി നൽകാമെന്ന് ക്വാട്ട് ചെയ്തതായി ഫയലിൽ രേഖകളുണ്ട്. എന്നാൽ ടി സ്ഥാപനത്തെ നെഗോസിയേഷൻ ചർച്ചകൾക്ക് വിളിച്ചതിന്റെയോ, മറ്റു കത്തിടപാടുകൾ നടത്തിയതിന്റെയോ ഇവർക്ക് സെലക്ഷൻ നോട്ടീസ് അയച്ചതിന്റെയോ വിവരങ്ങളോ, രേഖകളോ ഒന്നും തന്നെ ഫയലിലില്ല. കുറഞ്ഞ

തുക ക്വാട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കി കൂടുതൽ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തെ തെരഞ്ഞെടുത്തതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 16/28-01-2026 ന് ലഭ്യമാക്കിയ മറുപടിയിൽ നഗരസഭയുടെ പ്രൊക്യൂർമെന്റ് കമ്മിറ്റി കൂടുന്നതിന് മുൻപ് ടെണ്ടറിൽ പങ്കെടുത്തവർക്ക് നെഗോസിയേഷൻ നടത്താൻ താൽപ്പര്യമുണ്ടെങ്കിൽ നഗരസഭയെ വിവരം അറിയിക്കാൻ ആവശ്യപ്പെട്ടിരുന്നുവെന്നും എന്നാൽ പാർവ്വതി ഓർഗാനിക് മാന്വർ, കൊല്ലം എന്ന സ്ഥാപനം മാത്രമാണ് പ്രതികരിച്ചതെന്നും അറിയിച്ചിട്ടുണ്ട്. തന്നെയുമല്ല ചട്ടിയുടെ സാമ്പിളും മറ്റും ഇവർ മാത്രമാണ് കൊണ്ടുവന്നതെന്നും മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ നെഗോസിയേഷൻ നടത്തിയതിന് ശേഷവും എം.വി ട്രേഡേഴ്സ് എന്ന സ്ഥാപനം ചട്ടി നൽകാമെന്ന് ക്വാട്ട് ചെയ്ത തുകയേക്കാൾ 3.50 രൂപ കൂടുതൽ തുകയ്ക്കാണ് പാർവ്വതി ഓർഗാനിക് മാന്വർ, കൊല്ലം എന്ന സ്ഥാപനവുമായി നഗരസഭ ടെൻഡർ ഉറപ്പിച്ചിട്ടുള്ളത്. തന്നെയുമല്ല തുകയിൽ ഇത്രയും കുറവ് ഉണ്ടായിട്ടും ടി സ്ഥാപനവുമായി കത്ത് മുഖേനയോ/നേരിട്ടോ ബന്ധപ്പെട്ടതായി ഫയലിൽ രേഖകളില്ല. മറുപടിയിൽ ഈ വിവരം സൂചിപ്പിച്ചിട്ടുമില്ല. ആയതിനാൽ ചെലവ് തുക 11,59,380/- രൂപ തടസ്സപ്പെടുത്തുന്നു. പർച്ചേസുമായി ബന്ധപ്പെട്ട രേഖകൾ ഫയലിൽ ഉൾപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-60 എയറോബിക് കംപോസ്റ്റ് & എം.സി.എഫ്. നിർമ്മാണം-അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | S0330/24 |
| പ്രോജക്ടിന്റെ പേര് | എയറോബിക് കംപോസ്റ്റ് & എം.സി.എഫ്. നിർമ്മാണം |
| അടങ്കൽ | 7900000 |
| കേന്ദ്രാവിഷ്കൃത പരിപാടി | 2255000 |

| | |
|---|---|
| സംസ്ഥാനാവിഷ്കൃത പരിപാടി | 4030800 |
| വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 1614200 |
| എഗ്രിമെന്റ് നമ്പർ | 1/2023-24/AEE/LSGD/KYLM Dated 27/06/23 |
| കരാറുകാരൻ | അഷറഫ്.ഇ.എം. |
| ബിൽ നം & തീയതി | PFMSid-C032580376713/14-03-2025 ₹5,66,767/- |
| ഫയൽ നം. | Pw1/12810/23 |

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് കായംകുളം നഗരസഭയുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട എയറോബിക് കംപോസ്റ്റ് & എം.സി.എഫ്. നിർമ്മാണം എന്ന വർക്കുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ, വിവിധ സ്ഥലങ്ങളിലായി 30 എയറോബിക് കംപോസ്റ്റ് ബിന്നുകളുടെ നിർമ്മാണവും എം.സി.എഫ് കെട്ടിട നിർമ്മാണവും കിണർ നിർമ്മാണവുമാണ് ഉൾപ്പെടുത്തിയിരുന്നത്. 27-06-2023 ൽ എഗ്രിമെന്റ് വെച്ചിട്ടുള്ള പ്രസ്തുത വർക്കിന്റെ കാലാവധി ലെറ്റർ ഓഫ് അക്സെപ്റ്റൻസ് പ്രകാരം 4 മാസമാകയാൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടത് 25-10-2023-നകം ആണ്.

കൂടാതെ ബിന്നുകൾ സ്ഥാപിക്കേണ്ടുന്ന സ്ഥലങ്ങളുടെ വിവരങ്ങൾ നൽകാത്തതിനാൽ കരാർ കാലാവധി ദീർഘിപ്പിച്ച് നൽകണമെന്നുള്ള കരാറുകാരന്റെ അപേക്ഷ പരിഗണിച്ച് രണ്ടു പ്രാവശ്യം സപ്ളിമെന്ററി എഗ്രിമെന്റുകൾ വെച്ച് ഫൈൻ കൂടാതെ 30-11-2024 വരെ കരാർ ദീർഘിപ്പിച്ചു നൽകി. രണ്ടു തവണയായി 13 മാസത്തോളം കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. ആദ്യകാലാവധിയും (Original Period) നീട്ടിയ കാലാവധിയും (Extension Period) ഉൾപ്പെടുന്ന മൊത്തം പൂർത്തീകരണകാലം, സാധാരണയായി ആദ്യകാലാവധിയുടെ 50 ശതമാനം കവിയാൻ പാടില്ലായെന്നിരിക്കെ ഇപ്രകാരം കാലാവധി 2 മാസത്തിൽ കൂടുതൽ നൽകിയത് അംഗീകരിക്കാൻ കഴിയില്ല (ജി. ഒ. (എം.എസ്) നമ്പർ 21/2024/PWD തീയതി 02.04.2024 പ്രകാരം). മാത്രമല്ല എസ്റ്റിമേറ്റിൽത്തന്നെ ബിന്നുകൾ എവിടെയൊക്കെ സ്ഥാപിക്കണമെന്നത് സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ അതിനായി കരാർ കാലാവധി പിഴ കൂടാതെ ദീർഘിപ്പിച്ച് നൽകിയത് ക്രമപ്രകാരമല്ല.

എം.സി.എഫ്-ൽ കൺവെയർ ബെൽറ്റ്, ബെയിലിംഗ് മെഷീൻ, ഷ്രെഡിംഗ് മെഷീൻ എന്നിവ സ്ഥാപിക്കുന്നതിന് ഇലക്ട്രിഫിക്കേഷൻ പ്രവർത്തികൾക്കായുള്ള പദ്ധതി നിലവിൽ ഏറ്റെടുത്ത് പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും കണക്ഷൻ ലഭിച്ചിട്ടില്ല.

മൂക്കട ജംഗ്ഷനിൽ 6 എയറോബിക് കംപോസ്റ്റ് ബിന്നുകൾ സ്ഥാപിക്കുന്നതിന് സ്ഥലം ലഭിച്ചിട്ടില്ലാത്തതിനാൽ കണ്ടെത്തി നൽകുന്നതിന്, കൗൺസിൽ തീരുമാനപ്രകാരം നഗരസഭാ ഹെൽത്ത് വിഭാഗത്തിനെ ചുമതലപ്പെടുത്തിയിരുന്നു. തുടർന്ന് 6 ബിന്നുകൾ സ്ഥാപിക്കുന്നതിന് സ്ഥലം ലഭ്യമല്ലാതിരുന്നതിനാൽ 4 ബിന്നുകൾ മാത്രം കൃഷ്ണപുരം ടെക്നിക്കൽ സ്കൂളിന്റെ ഭാഗത്ത് സ്ഥലം കണ്ടെത്തി സ്ഥാപിച്ചിട്ടുള്ളത്.

വർക്കുമായി ബന്ധപ്പെട്ട അപാകതകളിൻമേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 3 തീയതി 23/01/2026), കരാർ കാലാവധി 4 മാസമെന്നത് ക്ലറിക്കൽ മിസ്റ്റേക്ക് മൂലം സംഭവിച്ചിട്ടുള്ളതാണെന്നും വർക്കിന്റെ സ്വഭാവമനുസരിച്ച് 6 മാസം വർക്കിന് ആവശ്യമുണ്ടെന്നും, എസ്.ബി.എം ആക്ഷൻ പ്ലാനിലുൾപ്പെട്ട പ്രവർത്തി ആയതിനാലാണ് പദ്ധതി പൂർത്തിയാക്കുന്നതിന് ശുചിത്വ മിഷന്റെ അനുമതിയോടുകൂടി കാലാവധി നീട്ടിനൽകിയിട്ടുള്ളതെന്നും മറുപടി നൽകി. എസ്റ്റിമേറ്റിൽ സ്ഥലം

നിജപ്പെടുത്തിയിട്ടുണ്ടെങ്കിലും സ്ഥാപന കോമ്പൗണ്ടിൽ അധികാരികൾ കാണിച്ചുതരുന്ന സ്ഥലങ്ങളിൽ മാത്രമെ ബിൻ സ്ഥാപിക്കാൻ കഴിയുകയുള്ളുവെന്നും ആയതിനാലാണ് വർക്കിന് കാലാവധി തുടർന്നും നീട്ടി നൽകിയിട്ടുള്ളതെന്നും അറിയിച്ചു.

എസ്.ബി.എം ആക്ഷൻ പ്ലാനിലുൾപ്പെട്ട പ്രവർത്തിയാണെങ്കിലും പി.ഡബ്ല്യു.ഡി മാന്വൽ പ്രകാരമുള്ള നിയമങ്ങൾ തന്നെയാണ് ബാധകമെന്നതിനാലും ബിന്ന് സ്ഥാപിക്കേണ്ട ഓരോ സ്ഥലവും എസ്റ്റിമേറ്റിൽ തന്നെ നിർണ്ണയിച്ച് നൽകിയിട്ടുള്ളതിനാൽ സ്ഥാപനത്തിനുള്ളിൽ എവിടെ സ്ഥാപിക്കണമെന്ന തീരുമാനം ലഭിക്കാത്തതിനാൽമാത്രം കാലാവധി നീട്ടി നൽകേണ്ടിവന്നുവെന്നുമുള്ള നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി അംഗീകരിക്കാവുന്നതല്ല. ഫൈനൽ ബില്ലിൽ നിന്നും ഫൈൻ നിർണ്ണയിച്ച് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും എം.സി.എഫ്-ൽ ഇലക്ട്രിഫിക്കേഷൻ പ്രവർത്തികൾക്കായുള്ള പദ്ധതികൾ പൂർത്തിയാക്കിയ സാഹചര്യത്തിൽ വൈദ്യുതി കണക്ഷൻ എടുത്ത് കൺവെയർ ബെൽറ്റ്, ബെയിലിംഗ് മെഷീൻ, ഷ്രെഡിംഗ് മെഷീൻ എന്നിവ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**<u>1-61 പൊതുശൗചാലയ നിർമ്മാണം- അനുയോജ്യമായ സ്ഥലനിർണ്ണയം നടത്താതെ പദ്ധതികൾ നടപ്പാക്കുന്നു</u>**

പ്രോജക്ട് നം. S0039/19
ശുചിത്വ മിഷൻ ഫണ്ട് :- 979980 (നഗരസഭാവിഹിതം)
മറ്റുള്ളവ :- 2613360
ആകെ :- 3593340

നഗരസഭ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ച പദ്ധതിയാണ് പൊതു ശൗചാലയ നിർമ്മാണം. പ്രോജക്ടുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ടൗൺ ഹാൾ- 2 സീറ്റ്, ബോട്ട് ജെട്ടി-2 സീറ്റ് & ഡിസേബിൾഡ്, ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്-2 സീറ്റ് എന്നിങ്ങനെ മോഡുലാർ ടോയ്‌ലറ്റ് സ്ഥാപിക്കുന്നതിനാണ് നിശ്ചയിച്ചിട്ടുള്ളത്. മോഡുലാർ ടോയ്‌ലറ്റ് സ്ഥാപിക്കുന്നതിനായി ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ റേറ്റായ

13,00,795/- രൂപ ക്വോട്ട് ചെയ്ത മോഡേൺ ഡിസ്കോപൊലിസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച് 06/01/2021-ൽ സ്ഥാപനവുമായി കരാർ വെച്ച് വർക്ക് ഓർഡർ നൽകുകയും ചെയ്തു. അംഗീകരിച്ച ടെണ്ടർ നിരക്ക് സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ടൌൺ ഹാൾ- 2 സീറ്റ് -3,57,850

ബോട്ട് ജെട്ടി-2 സീറ്റ് & ഡിസ് ഏബിൾഡ് -5,85,095

ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് -2 സീറ്റ് -3,57,850

ആകെ :- 13,00,795/-

പ്രസ്തുത വർക്കുകളിൽ ടൌൺ ഹാളിലും ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലും വർക്ക് പൂർത്തീകരിച്ച് സ്ഥാപനം 715700/- രൂപയുടെ ബിൽ (ജി.എസ്സ്.ടി ഉൾപ്പടെ) 30/03/2021- ൽ ലഭ്യമാക്കിയിട്ടും നാളിതുവരെ കരാർ സ്ഥാപനത്തിന് പാർട്ട് ബിൽ പെയ്മെന്റ് നൽകിയിട്ടില്ലാത്തതും ബോട്ട് ജെട്ടി 2 സീറ്റ് & ഡിസേബിൾഡ് എന്ന പ്രവൃത്തി നിലവിൽ ആരംഭിച്ചിട്ടില്ലാത്തതുമാണെന്ന് ഫയൽ പരിശോധനയിൽ വ്യക്തമായി. കൂടാതെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ സ്ഥാപിച്ചിരിക്കുന്ന മോഡുലാർ ടോയ്‌ലറ്റ് മാറ്റി സ്ഥാപിക്കണമെന്ന് നിർദ്ദേശിച്ച് കൗൺസിൽ 25/03/2023 തീയതിയിൽ തീരുമാനവും (നം.3) എടുത്തിട്ടുണ്ട്. സ്ഥാപനവുമായി കരാർ കാലാവധി കഴിഞ്ഞ സാഹചര്യത്തിൽ പൂർത്തീകരിച്ച പ്രവൃത്തിക്ക് പോലും പാർട്ട്പെയ്മെന്റ് നൽകാത്തതിന് കാരണം, കൗൺസിൽ മേൽപ്പറഞ്ഞ പ്രകാരം തീരുമാനമെടുത്തതിന്റെ കാരണം, കൗൺസിൽ തീരുമാനത്തിൻമേൽ സ്ഥാപനം തുടർനടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.14 തീയതി 29/01/2026) നൽകിയിരുന്നു. ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ നിർവ്വഹണ ഉദ്യോഗസ്ഥ 12/05/22 ലാണ് ചാർജ്ജ് എടുത്തിട്ടുള്ളതെന്നും 05/07/21-ലെ എ.എക്സ്.ഇ യുടെ റിപ്പോർട്ട് പ്രകാരം അപ്പന്റിക്സ്-എ,സി എന്നിവ പ്രകാരമുള്ള പ്രവൃത്തി ചെയ്തിട്ടില്ലായെന്നും കൗൺസിലിന്റെ അനുമതിക്ക് വിധേയമായി ടോയ്‌ലറ്റ് പ്രവർത്തിച്ചതിന് ശേഷം ബിൽ തയ്യാറാക്കാൻ നിർദ്ദേശിക്കുകയും ചെയ്തുവെന്നും നിലവിൽ ടൗൺഹാളിലുള്ള ടോയ്‌ലറ്റ് ഉപയോഗിക്കുന്നുണ്ടെങ്കിലും ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലുള്ള ടോയ്‌ലറ്റ് ഉപയോഗിക്കാതെ പൂട്ടിക്കിടക്കുന്ന നിലയിലുമാണെന്നും മൂന്നാമത്തെ ലൊക്കേഷൻ സംബന്ധിച്ച് നാളിതുവരെ

വ്യക്തത വരുത്തിയിട്ടില്ലാതിനാലും പേയ്മെന്റ് നൽകുന്നതിന് പ്രോജക്ട് കാറ്റഗറി സംബന്ധിച്ച് സാങ്കേതിക തടസ്സങ്ങൾ വന്നിട്ടുള്ളതിനാലുമാണ് പ്രതിഫലം നൽകാൻ കഴിയാത്തതെന്നും അറിയിച്ചു. സ്ഥലപരിശോധനയിൽ, പ്രവർത്തനം നിലച്ചുപോയ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ അർബൻ പി.എച്ച്.സി യുടെ ഫ്രണ്ട് ഡോറിന് സമീപത്തായി സ്ഥാപിച്ചിരുന്ന മോഡുലാർ ടോയ്‌ലറ്റ് ഉപയോഗിക്കാതെ പൂട്ടികിടക്കുന്ന അവസ്ഥയിലാണ്.

<u>ചിത്രം</u>




അനുയോജ്യമായ സ്ഥലനിർണ്ണയം നടത്താതെ പദ്ധതികൾ ആവിഷ്കരിക്കുന്നത് ക്രമപ്രകാരമല്ല. മോഡുലാർ ടോയ്‌ലെറ്റാകയാൽ ആയത് പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ സ്ഥലത്ത് മാറ്റി സ്ഥാപിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## <u>1-62 നഗരസഭയുടെ വായ്പാ ബാധ്യത കണക്കാക്കിയതിന് വ്യക്തതയില്ല</u>

നഗരസഭയിലെ വായ്പ സംബന്ധമായ വിവരങ്ങൾ പരിശോധിച്ചതിൽ Loans From KURDFC - ₹11,33,039/- (ഹെഡ് കോഡ് 3305003), Loan From HUDCO ₹3,61,46,668/- (ഹെഡ് കോഡ് 3305004) എന്നീ ബാധ്യതകൾ വാർഷിക ധനകാര്യപത്രിക പ്രകാരം നിലനിൽക്കുന്നുണ്ട്. ഇതിൽ ഹഡ്കോ വായ്പയിൽ സർക്കാർ കഴിഞ്ഞ സാമ്പത്തിക വർഷം സ്രോതസ്സിൽ കുറവ് ചെയ്ത 38,66,666രൂപ കുറവ് ചെയ്യാതെയാണ് വായ്പാതുക കണക്കാക്കിയിരിക്കുന്നത്. ഇതുമൂലം യഥാർത്ഥ വായ്പയിലും അധികമാണ് ബാധ്യത കണക്കാക്കിയിട്ടുള്ളത്. നഗരസഭയുടെ വായ്പാ ബാധ്യതകൾ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ വാർഷിക ധനകാര്യപത്രികകളിൽ നിന്നും ലഭിക്കുന്നില്ല. വാർഷിക കണക്കിലേയും സുലേഖ സോഫ്റ്റ്‌വെയറിലേയും വായ്പാ സംബന്ധമായ വിവരങ്ങൾ പൊരുത്തപ്പെടാത്ത സ്ഥിതിയുണ്ട്. നിലവിലുള്ള വായ്പകൾ എന്ന് മുതലാണ് എടുത്തത്, വായ്പയുടെ കാലാവധി, പലിശ നിരക്ക്, ബാക്കിയുള്ള വായ്പ തുക കൃത്യമായി ഒടുക്കാത്തതിന്റെ കാരണം, വായ്പാ സംബന്ധമായ മറ്റ് വ്യവസ്ഥകൾ, നാളിതുവരെയുള്ള പലിശയുൾപ്പടെ നിലവിലുള്ള യഥാർത്ഥ ബാധ്യത എന്നീ വിശദവിവരങ്ങളൊന്നും തന്നെ പരിശോധനക്ക് ലഭ്യമായിട്ടില്ല. നഗരസഭയുടെ വായ്പകൾ സംബന്ധിച്ച് വിശദമായ പരിശോധന നടത്തി നാളിതുവരെ എടുത്ത വായ്പകളുടെയും തിരിച്ചടവിന്റെയും വർഷം തിരിച്ചുള്ള കണക്കുകൾ തയ്യാറാക്കുവാനും അവ വായ്പ നൽകിയ സ്ഥാപനങ്ങളുടെ വിവരങ്ങളുമായി ഒത്തുനോക്കി ക്രമപ്പെടുത്തുവാനും വായ്പാബാധ്യതയുടെ കൃത്യമായ വിവരങ്ങൾ വാർഷിക കണക്കുകളിലുൾപ്പെടുത്തുന്നതിനും  നഗരസഭ നടപടി സ്വീകരിച്ചിട്ടില്ല. Loans From KURDFC (വെജിറ്റബിൾ മാർക്കറ്റ്) ഹെഡിലെ വായ്പയുടെ കത്തിടപാടുകൾ നടത്തി വരുന്ന ഫയലും നിലവിലെ സ്ഥിതിവിവരങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വായ്പകൾ സംബന്ധിച്ച വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-35/03-02-2026) നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല. വായ്പ ലഭിച്ച വർഷം, തീയതി, നാളിതുവരെ ലഭിച്ച വായ്പ തുക, തിരിച്ചടച്ച വായ്പ തുക (വർഷം തിരിച്ച്), സർക്കാർ സ്രോതസ്സിൽ കുറവ് ചെയ്തിട്ടുള്ള തുക (വർഷം തിരിച്ച്), വായ്പ നീക്കിയിരുപ്പ് എന്നീ വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കുവാനും വായ്പ നൽകിയ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നഗരസഭ തയ്യാറാക്കിയിട്ടുള്ള ബാധ്യതവിവരങ്ങളുടെ നിജസ്ഥിതി പരിശോധിക്കുന്നതിനും ക്രമീകരണങ്ങൾ

ഏർപ്പെടുത്തേണ്ടതാണ്. സാമ്പത്തിക വർഷാന്ത്യത്തിലെങ്കിലും ബാധ്യതാ തുക വായ്പാ സ്ഥാപനങ്ങളുടെ കണക്കുകളുമായി പൊരുത്തപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

**1-63 എസ്.സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് – സ്ഥാപനത്തിന്റെ അംഗീകാരം സംബന്ധിച്ച് വ്യക്തമായ രേഖകൾ ഹാജരാക്കിയിട്ടില്ല**

| | |
|---|---|
| പ്രോജക്റ്റ് നം. | S0062/2025 |
| പ്രോജക്റ്റിന്റെ പേര് | എസ്സ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| അടങ്കൽ | 7,50,000/- (SCP) |
| ചെലവ് | 6,45,000/- |
| നിർവ്വഹണം | പ്രോജക്റ്റ് ഓഫീസർ, ദാരിദ്ര്യ നിർമ്മാർജ്ജനം. |
| ബിൽ നം. | BRN 240703470013015832 88/18-03-25 Rs. 85,000/- |

പ്രോജക്റ്റ് ഓഫീസർ, (ദാരിദ്ര്യ നിർമ്മാർജ്ജനം) നിർവ്വഹണം നടത്തിയ എസ്.സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പദ്ധതിയ്ക്കായി ആകെ 6,45,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എറണാകുളത്തുള്ള ആദി ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷനിൽ പിജി ഡിപ്ലോമ ഇൻ ലോജിസ്റ്റിക്സ് & സപ്ലൈ ചെയിൻ മാനേജ്മെന്റിന് പഠിക്കുന്ന ശ്രീക്കുട്ടി, കാവുംതറയിൽ, വാർഡ് 31, എന്ന ഗുണഭോക്താവ് സ്കോളർഷിപ്പ് ഇനത്തിൽ 15,000/- രൂപ കൈപ്പറ്റിയതായി കാണുന്നു. എന്നാൽ പരിശോധനയിൽ ഈ സ്ഥാപനത്തിന്/സ്ഥാപനം നടത്തുന്ന കോഴ്സുകൾക്ക് കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ അംഗീകാരം ഉള്ളതായി കാണുന്നില്ല. സ.ഉ./115/22/LSGD തീയതി 28/05/22 ഖണ്ഡിക 7-2-4 പ്രകാരം സർക്കാർ അംഗീകാരമുള്ള സ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടികൾക്കാണ് സ്കോളർഷിപ്പിന് അർഹതയുള്ളതെന്നിരിക്കെ, സബ്സിഡി മാർഗ്ഗരേഖയിലെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി സ്കോളർഷിപ്പ് നൽകുവാനുണ്ടായ സാഹചര്യം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.42/2024-25/05.02.2026 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സർക്കാരിന്റെ അംഗീകാരം

ലഭ്യമാണെന്ന് സ്ഥാപിക്കുന്നതിനുള്ള ഒരു സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സർട്ടിഫിക്കറ്റ് നാഷണൽ സ്കിൽ ഡവലപ്പ്മെന്റ് കോർപ്പറേഷൻ നൽകിയതാണ്. ആയത് പ്രകാരം ഇതൊരു വിദ്യാഭ്യാസ സ്ഥാപനമല്ല. ട്രെയിനിംഗ് സ്കിൽ ഡെവലപ്പ് ചെയ്യുന്നതിന്/അപ്രന്റീസ് ഷിപ്പിനും മറ്റും വേണ്ടി ഓൺ ജോബ് ട്രെയിനിംഗിന് വേണ്ടിയുള്ള ഒരു പാർട്ണർ മാത്രമാണ് ഈ സ്ഥാപനം എന്നാണ് അന്വേഷണത്തിൽ നിന്ന് വ്യക്തമാകുന്നത്. കൂടുതൽ തെളിവുകൾ ഹാജരാക്കുകയോ, പണം തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്. ചെലവ് തുക 15,000/- രൂപ തടസ്സപ്പെടുത്തുന്നു.

**1-64 വാർഡ് സാനിറ്റേഷന് തനത് ഫണ്ടിൽ നിന്നും അനുവദിച്ച ശുചിത്വ മിഷൻ ഫണ്ട് റീ ക്ലൂപ്പ് ചെയ്തില്ല**

നഗരസഭയിലെ 44 വാർഡുകളിലെ മഴക്കാലപൂർവ്വ ശുചീകരണത്തിന് 2024-25 വർഷത്തിൽ വാർഡ് ഒന്നിന് 10,000/- രൂപ നിരക്കിൽ ശുചിത്വമിഷൻ അനുവദിച്ച 4,40,000/-രൂപ, ബിൽ യഥാസമയം ട്രഷറിയിൽ സമർപ്പിച്ചിട്ടും ട്രഷറി നിയന്ത്രണം കാരണം തുക മാറി ലഭിച്ചിട്ടില്ലായിരുന്നു. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 16.03.2024 ലെ WM3/66/2023-LSGD നമ്പർ സർക്കുലർ പ്രകാരം ശുചിത്വമിഷൻ വിഹിതമായ വാർഡിനു 10,000/-രൂപ നിരക്കിൽ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനും, ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് തിരികെ ഒടുക്കുന്നതിനും അനുവദിച്ചിട്ടുണ്ട്. ടി തുക തനത്ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് നഗരസഭാ ചെയർപേഴ്സൺ 10.05.2024 ൽ നൽകിയ മുൻകൂർ അനുമതിക്ക് നഗരസഭാ കൌൺസിൽ അംഗീകാരം നല്കിയിട്ടുണ്ട്. വാർഡ് ഒന്നിന് 10,000/- നിരക്കിൽ ഇങ്ങനെ ചെലവഴിച്ച ശുചിത്വമിഷൻ വിഹിതമായ 4,40,000/- രൂപ തനത് ഫണ്ടിൽ റീക്ലൂപ്പ് ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം:48/06.02.26) ശുചിത്വ മിഷൻ ഡയറക്ടറുടെ 01.02.25 ലെ 259/2025-D-SM ഉത്തരവിന്റെ അടിസ്ഥാനത്തിൽ 25.03.25 ന 2,20,000/- രൂപ തനത് ഫണ്ടിൽ ക്രെഡിറ്റ് ആയിട്ടുണ്ടെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തനത് ഫണ്ടിൽ നിന്നും വാർഡ് സാനിറ്റേഷന് ചെലവഴിച്ച റീക്ലൂപ്പ് ചെയ്യാൻ ബാക്കി നിൽകുന്ന 2,20,000/- രൂപ ശുചിത്വ മിഷനിൽ നിന്നും എത്രയും വേഗം റീകൂപ്പ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. തുക റീക്ലൂപ്പ് ചെയ്ത് രേഖകൾ സഹിതം ഓഡിറ്റിൽ വിവരം ലഭ്യമാക്കേണ്ടതാണ്.

**1-65 നഗരസഭയിൽ ദുരിതാശ്വാസ നിധിയുടെ പ്രവർത്തനങ്ങൾ നടക്കുന്നില്ല**

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ താമസിക്കുന്നവർക്ക് പ്രകൃതി ദുരന്തങ്ങൾ, മാറാരോഗം, അത്യാഹിതങ്ങൾ എന്നിവ മൂലമുള്ള ദുരിതങ്ങളിൽ അടിയന്തിര സഹായം നൽകുന്നതിനായി കേരള മുനിസിപ്പാലിറ്റീസ് ആക്ട് 1994, വകുപ്പ് 565(1) പ്രകാരം 2003-ലെ കേരള മുനിസിപ്പാലിറ്റി (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ രൂപീകരിച്ചിട്ടുള്ളതാണ്. പ്രസ്തുത ചട്ടങ്ങൾ പ്രകാരം നഗരസഭ സെക്രട്ടറിയുടെ പേരിൽ ഒരു ദുരിതാശ്വാസനിധി രൂപീകരിക്കേണ്ടതാണ്. ദുരിതാശ്വാസ നിധിക്കായി ദേശസാൽകൃത, സഹകരണ ബാങ്ക് ശാഖയിൽ ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിനും ഈ അക്കൗണ്ടിലേക്ക് പൊതുജനങ്ങളിൽ നിന്നും സംഭാവനകൾ ഉൾപ്പെടെ സ്വീകരിച്ച് ധനസമാഹരണം നടത്തുന്നതിനും ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കായംകുളം നഗരസഭയിൽ ദുരിതാശ്വാസനിധി രൂപീകരിച്ചതിന്റെയോ ദുരിതാശ്വാസനിധിയിലേക്ക് ചട്ടപ്രകാരം ധനസമാഹരണം നടത്തുന്നതിന്റെയോ ദുരിതാശ്വാസനിധിയിൽ നിന്നും അർഹരായവർക്ക് സഹായമെത്തിക്കുന്നതിന്റെയോ വിവരങ്ങളൊന്നും ലഭ്യമായിട്ടില്ല. വാർഷിക ധനകാര്യപത്രിക പരിശോധിച്ചതുപ്രകാരം ദുരിതാശ്വാസനിധിക്കായി പ്രത്യേക ബാങ്ക് അക്കൗണ്ട് നിലവിലില്ല. ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും നഗരസഭയിൽ ദുരിതാശ്വാസനിധിയുടെ പ്രവർത്തനങ്ങൾ നടക്കാത്തത് സംബന്ധിച്ച് വിശദീകരണവും ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-25/31-01-2026) മറുപടി ലഭ്യമാക്കിയില്ല. നഗരസഭയിൽ ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും അല്ലാത്ത പക്ഷം ചട്ടപ്രകാരം നിധിയുടെ രൂപീകരണവും പ്രവർത്തനങ്ങളും നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

**1-66 താലൂക്ക് ആശുപത്രിക്ക് മരുന്നുവാങ്ങൽ- മരുന്നുകൾ പൂർണമായി ലഭിച്ചില്ല**

മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി, കായംകുളം നിർവഹണോദ്യോഗസ്ഥനായി തൻവർഷം നടപ്പാക്കിയ രണ്ട് പ്രോജക്ടുകൾ പ്രകാരം താലൂക്ക് ആശുപത്രിക്ക് മരുന്നും ഉപകരണങ്ങളും വാങ്ങുന്നതിന് കേരള

മെഡിക്കൽ സർവീസസ് കോർപ്പറേഷന് മുൻകൂർ തുക കൈമാറിയിട്ടുണ്ട്. ആദ്യത്തെ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ നീതി മെഡിക്കൽ സ്റ്റോറിൽ നിന്നും നേരിട്ട് വാങ്ങിയവയൊഴികെ മെഡിക്കൽ സർവീസസ് കോർപ്പറേഷന് മുൻകൂർ നൽകിയ തുകക്കുള്ള മരുന്നുകൾ ലഭ്യമായതിന്റെ രേഖകളൊന്നും ഹാജരാക്കിയിട്ടില്ല. പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)

| | |
|---|---|
| പ്രോജക്ട് നം,പേര് | S0050/2025<br>താലൂക്ക് ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 30,00,000 /-<br>(മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്) |
| ചെലവ് | ₹29,99,904/- |
| ബിൽ.നം,തീയതി, തുക | UTR -240703000000012632/25-03-2025 -₹469631<br>UTR -240703000000011025/21-02-2025 -₹586272<br>UTR -240703000000011213/27-02-2025 -₹277939<br>UTR -240703000000007675/12-11-2024 -₹499962<br>UTR-2407030000000076082/11-11-2024-₹499823<br>UTR -240703000000007080/30-10- |

| | |
|---|---|
| | 2024 -₹307127<br>UTR -24070300000006906/25-10-2024 -₹359150 |
| ലഭ്യമായ തുകയുടെ മരുന്നുകൾ (ഹാജരാക്കിയ ഇൻവോയിസുകൾ പ്രകാരം) | **₹10,55,903/** |
| ഇനി ലഭ്യമാകുവാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില &<br>(KMSCL പ്രോഫോർമ ഇൻവോയിസ് നം, തീയതി) | **₹ 19,44,001/-**<br>PRF -3761/20-02-2025 -₹277939<br>PRF -1495/10-10-2024 -₹499962<br>PRF -1498/10-10-2024 -₹499823<br>PRF -1734/25-10-2024 -₹307127<br>PRF -1499/10-10-2024 -₹359150 |

2. പാലിയേറ്റീവ് കെയർ പ്രോജക്ട് ( നം. S0049/25) പ്രകാരം താലൂക്ക് ആശുപത്രിക്ക് മരുന്നും ഉപകരണങ്ങളും വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് മുൻകൂർ തുക കൈമാറിയിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ മെഡിക്കൽ സർവീസ് കോർപ്പറേഷന് മുൻകൂർ നൽകിയ തുകക്കുള്ള മരുന്നുകൾ ലഭ്യമായതിന്റെ രേഖകളൊന്നും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം, പേര് | **S0049/2025**<br>പാലിയേറ്റീവ് കെയർ മരുന്ന് വാങ്ങലും ഉപകരണങ്ങളും |
| അടങ്കൽ | ₹14,00,000/-<br>(മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്) |
| ചെലവ് | ₹12,85,827/- |
| | |

| | |
|---|---|
| ബിൽ.നം,തീയതി, തുക | UTR -240703000000011022/21-02-2025 -₹163072<br>UTR -240703000000012918/29-03-2025 -₹159310<br>UTR -240703000000012693/27-03-2025 -₹39876<br>UTR -240703000000012819/29-03-2025 -₹399963<br>UTR-240703000000008993/21-12-2024-₹523606 |
| ലഭ്യമായ തുകയുടെ മരുന്നുകൾ (ഹാജരാക്കിയ ഇൻവോയിസുകൾ പ്രകാരം) | 0 |
| ഇനി ലഭ്യമാകുവാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില &<br>(KMSCL പ്രൊഫോർമ ഇൻവോയിസ് നം, തീയതി) | **₹12,85,827/-**<br>PRF -3459/04-02-2025 -₹1,63,072/-<br>PRF -4403/17-03-2025 -₹1,59,310/-<br>PRF -4774/25-03-2025 -₹39,876/-<br>PRF -4716/22-03-2025 -₹399963/-<br>PRF -2579/25-11-2024 -₹5,23,606/- |

ഉപകരണങ്ങളുടേയും മരുന്നുകളുടേയും വില മുൻകൂർ നൽകിയിട്ടും ലഭിച്ചിട്ടില്ലാത്ത മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്ഥാപനം ഇതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (നം.01/23-01-2026 & 12/28-01-2026) മറുപടിയോ ഇതുമായി ബന്ധപ്പെട്ട രേഖകളോ

ഹാജരാക്കിയിട്ടില്ല. ആശുപത്രിയിലെ അടിയന്തിരാവശ്യങ്ങൾക്കായുള്ള, സമയബന്ധിതമായി ലഭിക്കേണ്ട മരുന്നുകൾ വൈകുന്ന സാഹചര്യത്തിൽ തുടർഇടപെടലുകൾ നടത്തി മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

**<u>1-67 ഭവനം അറ്റകുറ്റപ്പണി (ജനറൽ)- തുക അനുവദിച്ചതിൽ വിവേചനം</u>**

| | |
|---|---|
| പ്രോജക്റ്റ് നം. | S0059/25 |
| പ്രോജക്റ്റിന്റെ പേര് | ഭവന അറ്റകുറ്റപ്പണി (ജനറൽ) |
| അടങ്കൽ | 44,00,000/- (വികസന ഫണ്ട്) |
| ചെലവ് | 30,50,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്റ്റ് ഓഫീസർ, ദാരിദ്ര്യ നിർമ്മാർജ്ജനം. |
| ബിൽ നം. | BRN 240703470013012O9235/22-01-25<br>Rs. 1,00,000/-<br>BRN 240703470013012453 48/29-01-25<br>Rs. 75,000/-<br>BRN 24070347001301370381/22-02-25<br>Rs. 75,000/-<br>BRN 24070347001301391216/27-02-25<br>Rs. 75,000/-<br>BRN 24070347001301550925/15-03-25<br>Rs. 1,00,000/- |

പ്രോജക്ക് ഓഫീസർ, ദാരിദ്ര്യ നിർമ്മാർജ്ജനം, നിർവ്വഹണം നടത്തിയ ഭവന അറ്റകുറ്റപ്പണി എന്ന പദ്ധതിയ്ക്കായി ആകെ 30,50,000/- രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. 74 ഗുണഭോക്താക്കളുടെ അപേക്ഷകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടുണ്ട്. 74 ഗുണഭോക്താക്കളിൽ 3 പേർക്കൊഴികെ ബാക്കി 71 ഗുണഭോക്താക്കൾക്കും വാല്യൂവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 50,000/- രൂപ പ്രകാരമാണ് നൽകിയിട്ടുള്ളത്. എന്നാൽ (1) ശ്രീ. ശിവശങ്കരപിള്ള & മണിയമ്മ, കളത്തിൽ, പെരിങ്ങാല, വാർഡ് നം. 15, (2) ശ്രീ. അബ്ദുൾ റഹ്മാൻ & ജാസ്മിൻ, വാലയിൽ പുത്തൻ വീട്, വാർഡ് 21, (3) മുഹമ്മദ് ഹനീഫ, പുളിമൂട്ടിൽ പടീറ്റതിൽ, വാർഡ് 37 എന്നീ 3 പേർക്ക് മാത്രം ഒരു ലക്ഷം രൂപ വീതം നൽകിയിട്ടുണ്ട്(ചെലവിന്റെ വിവരം മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്). എന്നാൽ മറ്റ് ഗുണഭോക്താക്കളിൽ പലരും ഒരു ലക്ഷം രൂപയും അതിലധികവും ചെലവായതായി കാണിച്ച് ചെലവ് രേഖകൾ ഹാജരാക്കിയിട്ടുണ്ടെങ്കിലും അവർക്കാർക്കും 50,000/- രൂപയിൽ അധികം നൽകിയിട്ടില്ല. സർക്കാർ ആനുകൂല്യങ്ങൾ ഇത്തരത്തിൽ വിവേചനപരമായി നൽകുവാനുണ്ടായ സാഹചര്യം വിശദമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.57/09-02-26 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത മറുപടിയിൽ അവർക്ക് മൂന്ന് പേർക്ക് 1 ലക്ഷം രൂപയുടെ വീതം വാല്യൂവേഷൻ ഉണ്ടായിരുന്നതിലാനാണ് അവർക്ക് 1 ലക്ഷം രൂപ വീതം അനുവദിച്ചതെന്ന് അറിയിച്ചു. ഇത് ശരിയായ നടപടിയല്ല. ഇങ്ങനെ വിവേചനപരമായി പണം നൽകുവാൻ ഒരു തീരുമാനം ഭരണസമിതി എടുത്തതായി കാണുന്നില്ല. പ്രോജക്ടിന്റെ രൂപീകരണ വേളയിൽ തന്നെ ഒരു ഗുണഭോക്താവിന് എത്ര രൂപ കൊടുക്കാൻ കഴിയും എന്ന് തിട്ടപ്പെടുത്തി, അതിനനുസരിച്ച് ഫണ്ട് അനുവദിച്ചാണ് പ്രോജക്ട് വിഭാവനം ചെയ്യുക. ടി തുക 2 ലക്ഷം വരെയാകാവുന്നതാണ്. എന്നാൽ അടങ്കൽ തുക അവശേഷിക്കുമ്പോഴും ഒരേ പ്രോജക്ടിലെ ഗുണഭോക്താക്കൾക്ക് വ്യത്യസ്ത രീതിയിൽ, ധനസഹായം അനുവദിച്ച് നൽകുന്നത് വിവേചനപരവും, സാമാന്യനീതി നിഷേധിക്കലുമാണ്. വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-68 അമൃത് 2.0 പദ്ധതി -അവലോകനം

അമൃത് 2.0 പദ്ധതിയിലൂടെ കായംകുളം നഗരസഭയിൽ നടപ്പാക്കിയ വിവരങ്ങൾ (കുടിവെള്ള സ്രോതസുകളുടെ പുനരുദ്ധാരണം, കുടിവെള്ള വിതരണ ശൃംഖലയുമായി ബന്ധപ്പെട്ട് നടത്തിയ പ്രവൃത്തികളുടെ വിവരങ്ങൾ, ലഭ്യമാക്കിയ കുടിവെള്ള കണക്ഷനുകൾ, ബന്ധപ്പെട്ട വരവ് ചെലവ് വിവരങ്ങൾ എന്നിവ) ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ആവിഷ്കരിച്ച പ്രോജക്ടുകൾ (പ്രോജക്ട് നം. പ്രോജക്ടിന്റെ പേര്) | വകയിരുത്തിയ തുക (ഫണ്ടിനം- ധനകാര്യകമ്മീഷൻ അവാർഡ്) | ചെലവ് |
|---|---|---|---|
| 2023-24 | പ്രോജക്റ്റ് നം. S0460/24 അമൃത് പദ്ധതിയ്ക്കായി LSGD വിഹിതം നൽകൽ | 31,00,000/- | 31,00,000/- |
| 2024-25 | പ്രോജക്റ്റ് നം. S0725/25 അമൃത് LSGD വിഹിതം നൽകൽ | 12,00,000/- | 0 |

2020-21, 2021-22, 2022-23, സാമ്പത്തിക വർഷങ്ങളിൽ അമൃത് പദ്ധതിയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടില്ല. 2024-25 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച പ്രോജക്ടിൽ ഉൾപ്പെടുത്തി 12,00,000/- വകയിരുത്തിയെങ്കിലും ധനകാര്യകമ്മീഷൻ ടൈഡ് ഫണ്ട് ലഭ്യമാകാത്തതിനാൽ അടവാക്കാൻ കഴിഞ്ഞിട്ടില്ല.

1) കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കുന്ന സമഗ്ര ജലവിതരണ ശൃംഖല സ്ഥാപിക്കലും, ഗാർഹിക കണക്ഷൻ നൽകലും എന്ന പദ്ധതിയ്ക്ക് 10.87 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിയിലെ നഗരസഭാ വിഹിതമായ 12.5 ശതമാനം തുക നല്കുന്നതിനായി പ്രോജക്ട് നം. 460/24 രൂപീകരിച്ച് 31,00,000/- രൂപ നല്കിയിട്ടുണ്ട്. 1760 കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷനുകൾ നൽകേണ്ടതുണ്ട്. ഇതുവരെ 960 കണക്ഷനുകൾ നൽകി.

2) ടാങ്ക് നിർമ്മാണത്തിനായുള്ള 9.31 കോടിയുടെ ടെണ്ടർ നടപടികൾ പൂർത്തിയായി. പ്രവൃത്തി ആരംഭിച്ചിട്ടില്ല.

3) വാട്ടർബോഡി റെജുവിനേഷൻ എന്ന പദ്ധതിയ്ക്കായി 67.8 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചു. ഇതിൽ ഉൾപ്പെടുത്തി ഇടിയോടിക്കാവ്, ഒതനാകുളം, ഇരട്ടക്കുളം, പുന്നക്കുളം എന്നീ നാല് കുളങ്ങളുടെ നവീകരണ പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്.

അമൃത് പദ്ധതി തുടർന്നു കൊണ്ടിരിക്കുന്നു. നിലവിൽ ഒരു പദ്ധതിയും പൂർത്തിയായിട്ടില്ല, ഒരു പദ്ധതിയും ഉപേക്ഷിച്ചിട്ടുമില്ല. പുരോഗതി വിലയിരുത്തുവാൻ രൂപീകരിച്ച കമ്മിറ്റി, പദ്ധതി പുരോഗതിക്കായി സ്വീകരിച്ച നടപടികൾ, മോണിറ്ററിംഗ് എന്നിവയുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. അമൃത് 2.0 പദ്ധതിയിലൂടെ നഗരസഭയിലെ കുടിവെള്ള സ്രോതസുകളുടെ പുനരുദ്ധാരണമുൾപ്പെടെ സമഗ്ര ജലവിതരണ ശൃംഖലയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും കാര്യക്ഷമമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## <u>1-69 അങ്കണവാടി നവീകരണം-അപാകതകൾ</u>

പ്രോജക്ട് നം.S0366/25

അങ്കണ വാടി നവീകരണം വാർഡ് 38

ഫണ്ട് – മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)

അടങ്കൽ :-150000/-

ചെലവ് : 118443/-

(ബിൽ നം.BRN No.24070347002001283417 തീയതി 05/02/2025 - തുക 118443/-)

അങ്കണവാടി നം. 44-ന്റെ നവീകരണവുമായി ബന്ധപ്പെട്ട് ഫ്ലോർ ടൈൽ പേവിംഗ് & സീലിംഗ്, പ്ലാസ്റ്ററിംഗ്, പെയിന്റിംഗ് തുടങ്ങിയ പ്രവൃത്തികൾ നടപ്പാക്കുവാനുദ്ദേശിച്ചിട്ടുള്ളതായി പ്രിലിമിനറി എസ്റ്റിമേറ്റ് റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയൽ, ഇ-എം.ബുക്ക് എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

രണ്ടു പ്രവൃത്തികളുടെയും ഡാറ്റാ സെപ്സിഫിക്കേഷനിൽ Wall Painting With Acrylic Emulsion Paint-എന്ന ഇനം ഉൾപ്പെട്ട് വരുന്നതിനാൽ ഇ-എം.ബുക്ക് ഐറ്റം നം. 3 Wall Painting With Acrylic Emulsion Paint-------Two Or

More Coats On New Work " എന്ന് ഐറ്റം 172.70270 $M^3$ ചെയ്ത അളവിൽ നിന്നും Artistic Wall Painting With Acrylic Emulsion എന്ന ഐറ്റം 7 പ്രകാരം ചെയ്ത അളവ് 10.61 $M^3$ കുറവ് ചെയ്യേണ്ടതാണ്. എന്നാൽ ആകെയുള്ള ഭിത്തി പെയിന്റിംഗ് ചെയ്തതിൽ നിന്നും ആർട്ടിസ്റ്റിക്ക് പെയിന്റ് ചെയ്ത അളവ് കുറവ് ചെയ്തിട്ടില്ല. ഇപ്രകാരം ചെയ്യാതിരുന്നതിനാൽ 1678 രൂപയുടെ അധിക ചെലവ് വന്നിട്ടുണ്ട്. (172.70-10.61=162.09 $M^3$ ന് @ 158.06/- പ്രകാരം 25,619/- രൂപ മാത്രമാണ് അനുവദനീയം. എന്നാൽ 27,297/-രൂപ നൽകിയിട്ടുണ്ട്) മേൽവിഷയം ശ്രദ്ധയിൽപ്പെടുത്തി വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 53 തീയതി 07/02/2026) മറുപടി ലഭിച്ചിട്ടില്ല. 1678/- രൂപ കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടതാണ്.

**1-70 പി എം എ വൈ തുക - നിർദ്ദിഷ്ട അക്കൗണ്ടിലേക്ക് അടവാക്കിയില്ല**

**1) ഫയൽ നമ്പർ :- UPA-17441/16**

കായംകുളം നഗരസഭ 29-ാം വാർഡിലെ PMAY ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട ശ്രീമതി. രാധാമണി, വേലൻപറമ്പിൽ എന്നയാൾ പദ്ധതി വിഹിതമായി കൈപ്പറ്റിയിട്ടുള്ള 40,000/- രൂപ പലിശ സഹിതം തിരികെ നൽകി കരാർപത്രം റദ്ദ് ചെയ്ത് പ്രമാണം തിരികെ നൽകുന്നതിന് അപേക്ഷ നൽകിയിട്ടുണ്ട്. ഈ അപേക്ഷയിന്മേൽ, 30.05.2024 ലെ ക്ഷേമകാര്യ കമ്മറ്റിയുടെ 2-ാം നമ്പർ തീരുമാന പ്രകാരം പ്രൊജക്ട് ഓഫീസർ ടിയാളെ നേരിൽ കേട്ടതിൽ ടിയാളുടെ മകളുടെ വിവാഹം കഴിഞ്ഞ് സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്നതിനാൽ കൈപ്പറ്റിയ തുക നിർദ്ദിഷ്ട പലിശ സഹിതം തിരിച്ചടച്ച് പദ്ധതിയിൽ നിന്ന് ഒഴിവാക്കാമെന്ന് അറിയിച്ചിട്ടുണ്ട്. ടി ഫയൽ ബഹു. കൌൺസിലിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയും ആയത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

**2) ഫയൽ നം. UPA 2844708/24**

ശശി ശ്യാമള, കുന്താളിൽ കിഴക്കേതിൽ എന്നയാൾക്ക് Wambay പ്രകാരം നൽകിയ 25,000/- + 9% രൂപ ടിയാളിൽ നിന്നും പലിശ സഹിതം ഈടാക്കാൻ 18/01/25 ൽ കൂടിയ കൌൺസിൽ തീരുമാനിച്ചിരുന്നു.

ടി ഗുണഭോക്താക്കൾ പണം അടച്ചിട്ടുണ്ടോയെന്നും, പണം അടവാക്കിയെങ്കിൽ ആയത് പിഎംവൈ

അക്കൌണ്ടിലേയ്ക്ക് തിരികെ അടവാക്കിയിട്ടുണ്ടോയെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി 36/03-02-2026 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയത് പ്രകാരം പണം അടവാക്കിയിട്ടുണ്ടെന്നും, ടി പണം തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നുവെന്നും മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്.

ടി രണ്ട് ഫയലുകളിലുമായി തിരികെ അടച്ച തുക നിർദ്ദിഷ്ട അക്കൌണ്ട് ഹെഡ്ഡുകളിലേയ്ക്ക് അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**<u>1-71 ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും</u>**

കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ 15(2) FC-XV/FCD/20-25/16.07.2021 നമ്പർ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിലാണ് ഹെൽത്ത് ഗ്രാന്റ് അനുവദിക്കുന്നതും അതിന്റെ വിനിയോഗം നിരീക്ഷിക്കപ്പെടുന്നതും. ഹെൽത്ത് ഗ്രാന്റ് 2021-22 വർഷം മുതൽ 2025-26 വർഷം വരെയാണ് അനുവദിക്കുന്നത്. കായംകുളം നഗരസഭയ്ക്ക് 2021-22ൽ അനുവദിച്ച തുക 2022-23 മുതലാണ് ലഭിച്ചു തുടങ്ങിയത്. 2022-23 ൽ പ്രോജക്ടുകൾ ആവിഷ്കരിച്ചെങ്കിലും തുക ചെലവഴിച്ചു തുടങ്ങിയത് 2023-24 വർഷം മുതലാണ്. നഗരസഭയ്ക്ക് അനുവദിച്ച ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് താഴെകൊടുത്തിരിക്കുന്ന മേഖലകളിലാണ് പ്രോജക്ടുകൾ രൂപീകരിച്ചിട്ടുള്ളത്.

1) നഗരപ്രദേശങ്ങളിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

2) അർബൻ ഹെൽത്ത് & വെൽനെസ് കേന്ദ്രങ്ങൾ

3) പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ സാർവത്രികമാക്കൽ.

4)ക്യാൻസർ കെയർ പ്രോജക്ട്

5) നഗരപ്രദേശങ്ങളിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടേയും കുടുംബാരോഗ്യ കേന്ദ്രങ്ങളുടേയും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടേയും ആവർത്തന ചെലവുകൾക്ക്.

6)നഗരമേഖലകളിൽ പോളി ഡെന്റൽ ക്ലിനിക്കുകൾ സ്ഥാപിക്കൽ.

7) 360 ഡിഗ്രി എൻസിഡി കെയർ സെന്റർ

<u>2021 മുതൽ നാളിതു വരെ വിവിധ സ്കീമുകളിലായി ലഭിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗ വിവരം ചുവടെ കൊടുക്കുന്നു.</u>

| വർഷം | സ്കീമിന്റെ പേര് | ആകെ ലഭിച്ച തുക | ചെലവഴിച്ച തുക | ബാലൻസ് |
|---|---|---|---|---|
| 2021-22 | അർബൻ ഹെൽത്ത് & വെൽനെസ് കേന്ദ്രങ്ങൾ | 13300000 | 11591764 | 1708236 |
| | പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ സാർവത്രികമാക്കൽ. | 2400000 | 2400000 | 0 |
| | ക്യാൻസർ കെയർ പ്രോജക്ട് നടപ്പാക്കൽ. | 205000 | 0 | 205000 |
| | നഗരപ്രദേശങ്ങളിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടേയും കുടുംബാരോഗ്യ കേന്ദ്രങ്ങളുടേയും പ്രാഥമിക ആരോഗ്യ | 289000 | 289000 | 0 |

| | | | | |
|---|---|---|---|---|
| | കേന്ദ്രങ്ങളുടേയും ആവർത്തന ചെലവുകൾക്ക്. | | | |
| | നഗരമേഖലകളിൽ പോളി ഡെന്റൽ ക്ലിനിക്കുകൾ സ്ഥാപിക്കൽ. | 6000000 | 0 | 6000000 |
| 2021-22 | 360ഡിഗ്രി എൻസിഡി.കെയർ സെന്റർ | 4500000 | 1223563 | 3276437 |
| 2022-23 | നഗരപ്രദേശങ്ങളിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ. | 4198000 | 4198000 | 0 |
| | അർബൻ ഹെൽത്ത് & വെൽനെസ് കേന്ദ്രങ്ങൾ | 816000 | 0 | 816000 |
| | | | | |

| | | | | |
|---|---|---|---|---|
| | നഗരപ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടേയും നഗരപ്രദേശങ്ങളിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടേയും കുടുംബാരോഗ്യ കേന്ദ്രങ്ങളുടേയും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടേയും ആവർത്തന ചെലവുകൾക്ക്. | 2900000 | 0 | 2900000 |
| 2023-24- | അർബൻ ഹെൽത്ത് & വെൽനെസ് കേന്ദ്രങ്ങൾ | 1500000 | 0 | 1500000 |
| 2024-25- | അർബൻ ഹെൽത്ത് & വെൽനെസ് കേന്ദ്രങ്ങൾ | 2550000 | 0 | 2550000 |

ക്യാൻസർ കെയർ പ്രോജക്ട് നടപ്പാക്കൽ, നഗരമേഖലകളിൽ പോളി ഡെന്റൽ ക്ലിനിക്കുകൾ സ്ഥാപിക്കൽ എന്നിവയ്ക്കായി വകയിരുത്തിയ തുക നാളിതുവരെ വിനിയോഗിച്ചിട്ടില്ല.

<u>ഹെൽത്ത് ഗ്രാന്റ് വിനിയോഗത്തിനായി തദ്ദേശസ്ഥാപനം ഏറ്റെടുത്ത പ്രവൃത്തികളുടെ വിവരം ചുവടെ കൊടുക്കുന്നു.</u>

| വർഷം | പ്രോജക്ടിന്റെ പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ബാലൻസ് |
|---|---|---|---|---|
| 2023-24 | ഹെൽത്ത് & വെൽനെസ് സെന്റർ-വാർഡ് 31 വാടക നൽകൽ (S0349/24) | 925000 | 167881 | 757119 |
| | ഹെൽത്ത് & വെൽനെസ് സെന്ററുകളിലേക്ക് സ്റ്റാഫ് നിയമനം(S0350/24) | 4000000 | 968645 | 3031355 |
| | ഹെൽത്ത് & വെൽനെസ് സെന്ററുകളിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ (S0351/24) | 1500000 | 1500000 | 0 |
| | അർബൻ പോളി ക്ലിനിക്കിൽ സ്പെഷലിസ്റ്റ് ഡോക്ടർമാർക്ക് വേതനം (S0352/24) | 500000 | 0 | 500000 |
| | ഹെൽത്ത് & വെൽനെസ് സെന്റർ നവീകരണം വാർഡ്31(S0457/24) | 975000 | 499966 | 475034 |
| | ഹെൽത്ത് & വെൽനെസ് സെന്റർ നവീകരണം വാർഡ്43(S0456/24) | 1900000 | 1696005 | 203995 |

| | | | | |
|---|---|---|---|---|
| 2023-24 | ഹെൽത്ത് & വെൽനെസ് സെന്റർ നവീകരണം വാർഡ്18(S0458/24) | 1900000 | 762671 | 1137329 |
| | പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ സാർവ്വത്രികമാക്കൽ (S0491/24) | 2400000 | 2125608 | 274392 |
| | ക്യാൻസർ കെയർ പ്രോജക്ട് (S0492/24) | 205000 | 0 | 205000 |
| | അർബൻ പ്രാഥമികകേന്ദ്രം ദിവസേനയുള്ള ചെലവുകൾ S0493/24) | 289000 | 0 | 289000 |
| | പോളിഡെന്റൽ ക്ലിനിക് മെഡിക്കൽ ഉപകരണങ്ങൾ വാങ്ങൽ(S0494/24) | 2000000 | 0 | 2000000 |
| | 360ഡിഗ്രി എൻസിഡി.കെയർ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങൽ(S0495/24) | 2000000 | 109750 | 1890250 |
| | പോളിഡെന്റൽ ക്ലിനിക് ഫർണ്ണീച്ചർ വാങ്ങൽ (S0496/24) | 1100000 | 0 | 1100000 |

| | | | |
|---|---|---|---|
| 360ഡിഗ്രി എൻസിഡി.കെയർ ഫർണ്ണീച്ചർ വാങ്ങൽ(S0497/24) | 1000000 | 0 | 1000000 |
| പോളിഡെന്റൽ ക്ലിനിക് നവീകരണം(S0498/24) | 2900000 | 0 | 2900000 |
| 360ഡിഗ്രി എൻസിഡി. കെയർ നവീകരണം(S0499/24) | 1500000 | 0 | 1500000 |
| ചേരാവള്ളി യു.പി.എച്ച്.സിയിൽ രോഗനിർണ്ണയ സൌകര്യങ്ങൾ ഏർപ്പെടുത്തൽ (S0528/24) | 1500000 | 1000000 | 500000 |
| താലൂക്ക് ആശുപത്രിയിൽ രോഗനിർണ്ണയ സൌകര്യങ്ങൾ ഏർപ്പെടുത്തൽ (S0529/24) | 2698000 | 2694351 | 3649 |
| വാർഡ് 43 ഹെൽത്ത് & വെൽനെസ് സെന്റർ ഇലക്ട്രിഫിക്കേഷൻ(S0574/24) | 274120 | 0 | 274120 |

| | | | | |
|---|---|---|---|---|
| 2024-25 | ഹെൽത്ത് & വെൽനെസ് സെന്ററുകളിലേക്ക് സ്റ്റാഫ് നിയമനം (S0516/25) | ₹4316278 | 3681853 | 634425 |
| | 360 ഡിഗ്രി എൻസിഡി. കെയർ ഫർണ്ണീച്ചർ വാങ്ങൽ (S0517/25) | 1300000 | 666821 | 633179 |
| | അർബൻ പോളി ക്ലിനിക്കിൽ സ്പെഷലിസ്റ്റ് ഡോക്ടർമാർക്ക് വേതനം (S0518/25) | 500000 | 0 | 500000 |
| | ഹെൽത്ത് & വെൽനെസ് സെന്ററുകളിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ (S0519/25) | 296290 | 273780 | 22510 |
| | ഹെൽത്ത് & വെൽനെസ് സെന്റർ-വാർഡ് 31 വാടക നൽകൽ (S0520/25) | 757119 | 359745 | 397374 |
| | ചേരാവള്ളി യുപിഎച്ച് സി യിൽ രോഗനിർണ്ണയ സൌകര്യങ്ങൾ ഏർപ്പെടുത്തൽ(S0521/25) | 503649 | 0 | 503649 |
| | ഹെൽത്ത് & വെൽനെസ് സെന്റർ-വാർഡ് 31 | 5 | 0 | 5 |

| | | | | | |
|---|---|---|---|---|---|
| | | നവീകരണം (S0525/25) | | | |
| | | വാർഡ് 43 ഹെൽത്ത് & വെൽനെസ് സെന്റർ ഇലക്ട്രിഫിക്കേഷൻ (S0523/25) | 274120 | 245918 | 28202 |
| | | വാർഡ് 43 ഹെൽത്ത് & വെൽനെസ് സെന്റർ നവീകരണം (S0524/25) | 5 | 0 | 5 |
| | | ഹെൽത്ത് & വെൽനെസ് സെന്റർ നവീകരണം – വാർഡ് 43 (S0525/25) | 5 | 0 | 5 |
| | | 360 ഡിഗ്രി എൻസിഡി. കെയർ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങൽ (S0526/25) | 1890250 | 0 | 1890250 |
| | | പാലിയേറ്റീവ് പ്രവർത്തനങ്ങൾ (S0528/25) | 274392 | 274392 | 0 |
| | | അർബൻ പി.എച്ച് സി ദിവസേനയുള്ള ചെലവുകൾ (S0529/25) | 289000 | 289000 | 0 |

| | | | |
|---|---|---|---|
| 360ഡിഗ്രി എൻസിഡി. കെയർ ഫർണ്ണീഷിംഗ് പ്രവർത്തികൾ (S0530/25) | 700000 | 446992 | 253008 |
| ഹെൽത്ത് & വെൽനെസ് സെന്ററുകളിൽ ടെലിമെഡിസിൻ (S0531/25) | 289470 | 289170 | 300 |
| യുഎച്ച് ഡബ്ല്യൂ സികളിലേക്ക് എയർകണ്ടീഷൻ വാങ്ങൽ(S0532/25) | 321540 | 321540 | 0 |
| യു.എച്ച്.ഡബ്ല്യൂ.സികളുടെ ആവർത്തന ചെലവുകൾ (S0533/25) | 800000 | 674590 | 125410 |
| യു.എച്ച്.ഡബ്ല്യൂ സി ബയോമെഡിക്കൽ മാലിന്യം നീക്കംചെയ്യൽ (S0534/25) | 150000 | 150000 | 0 |
| പോളി ഡെന്റൽ ക്ലിനിക്കിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ(S0535/25) | 1100000 | 0 | 1100000 |
| 360ഡിഗ്രി എൻസിഡി.കെയർ ഇലക്ട്രിഫിക്കേഷൻ (S0536/25) | 500000 | 0 | 500000 |

| | | | | |
|---|---|---|---|---|
| | പോളി ഡെന്റൽ ക്ലിനിക്ക് നവീകരണം(S0537/25) | 290000 | 0 | 290000 |
| | പോളി ഡെന്റൽ ക്ലിനിക്ക് മെഡിക്കൽ ഉപകരണങ്ങൾ വാങ്ങൽ(S0538/25) | 200000 | 0 | 200000 |
| | നഗര ജനകീയാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനച്ചെലവുകൾ (S0699/25) | 2900000 | 0 | 2900000 |
| | ആരോഗ്യ സ്ഥാപനങ്ങളുടെ ഫീൽഡ് തല പ്രവർത്തനങ്ങൾ (S0700/25 | 816000 | 0 | 816000 |

2022-23 വർഷം നഗരസഭാ സെക്രട്ടറിയും അസിസ്റ്റന്റ് എഞ്ചിനീയറും 4 എണ്ണം വീതം എട്ട് പ്രോജക്ടുകൾ ആവിഷ്കരിച്ചെങ്കിലും ഒന്നുപോലും നടപ്പിലായില്ല. എന്നാൽ 2023-24, 2024-25 വർഷങ്ങളിൽ ഏറ്റെടുത്ത മിക്ക പദ്ധതികളും നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകൾ ആരംഭിക്കാതിരുന്ന സാഹചര്യത്തിൽ സ്റ്റാഫുകളുടെ വേതനമിനത്തിൽ 2021-22 ൽ അനുവദിച്ചിരുന്ന തുക എൻ.എച്ച്.എമ്മിൽ നിന്നുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് നമ്പർ S0516/2025 പ്രകാരം **6,00,000/-** രൂപ എൻഎച്ച് എമ്മിന്റെ അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുണ്ട്.

360 ഡിഗ്രി എൻസിഡി കെയർ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങൽ പ്രോജക്ടിലുൾപ്പെടുത്തി (S0495/24) പേയ്മെന്റ് അഡ്വൈസ് നം.CO32484241273/29.03.24 പ്രകാരം പിൻവലിച്ചതുമായ 20 ലക്ഷം രൂപയിൽ എൻ.സി.ഡി. കെയർ മെഡിക്കൽ ഉപകരണം വാങ്ങുന്നതിനായി മുൻകൂർ നൽകിയ ശേഷം ബാക്കി

വന്ന 18,90,250/-രൂപയും, പോളി ഡെന്റൽ ക്ലിനിക്ക് സ്ഥാപിക്കുന്നതിനായി അനുവദിച്ച 60,00,000/- രൂപയും ഉൾപ്പെടെ ആകെ **78,90,250/-രൂപ** പെയ്മെന്റ് അഡ്വൈസ് നം. C042403173975 തീയതി 09/04/2024 പ്രകാരം ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് കമ്മറ്റി, കായംകുളം താലൂക്ക് ആശുപത്രിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുവെങ്കിലും നാളിതുവരെ പോളി ഡെന്റൽ ക്ലിനിക്ക് സ്ഥാപിച്ചിട്ടില്ല.

ഹെൽത്ത് & വെൽനെസ് സെന്ററുകളിലേക്ക് സ്റ്റാഫ് നിയമനം പ്രോജക്ട് നം (S0350/24)- 968645/- രൂപ, (S0516/25) -3681853/- എന്നീ പ്രോജക്ടിലുൾപ്പെടുത്തി 2023-24 മുതൽ 2024-25 വരെ ഹെൽത്ത് & വെൽനെസ് സെന്ററുകളിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമിച്ച ഡോക്ടർ, നഴ്സ് മറ്റ് സ്റ്റാഫുകൾ എന്നിവരുടെ വേതനം ഇനത്തിൽ ആകെ 46,50,498/- രൂപ ചെലവഴിച്ചിട്ടുണ്ട്.

ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നഗരസഭയിൽ മൂന്ന് ഹെൽത്ത് & വെൽനെസ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഒരെണ്ണം വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. മൂന്ന് വെൽനസ് സെന്ററുകളിലേക്കും, ടെലി മെഡിസിൻ സംവിധാനത്തിനുള്ള ലാപ്ടോപ്പ്, പ്രിന്റർ എന്നിവയും ഫ്രിഡ്ജ്, വാഷിംഗ് മെഷീൻ, വാട്ടർ പ്യൂരിഫയർ, എ.സി എന്നിവ രണ്ടെണ്ണം വീതവും മറ്റ് ഫർണ്ണീച്ചറുകളും വാങ്ങിയിട്ടുണ്ട്.

<u>1-72 പെൻഷൻ ഫണ്ട് അവലോകനം</u>

1. <u>കണ്ടിജന്റ് ജീവനക്കാർക്കു വേണ്ടിയുള്ള പെൻഷൻ ഫണ്ട് അക്കൗണ്ട് ആരംഭിച്ചിട്ടില്ല</u>

കേരള മുനിസിപ്പാലിറ്റി (കണ്ടിജന്റ് എംപ്ളോയീസ് ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ്) റൂൾസ് 1997, ചട്ടം 7 പ്രകാരം കണ്ടിജന്റ് ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് വേണ്ടി ഓരോ മുനിസിപ്പാലിറ്റിയും തൊട്ടടുത്തുള്ള ട്രഷറിയിൽ "മുനിസിപ്പൽ കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട്" എന്ന പേരിൽ ഒരു പെൻഷൻ ഫണ്ട് ആരംഭിക്കേണ്ടതും ഓരോ മാസവും കണ്ടിജന്റ് ജീവനക്കാരുടെ വേതനത്തിന്റെ 15 ശതമാനം വരുന്ന തുക മുനിസിപ്പൽ ഫണ്ടിൽ നിന്നും പിൻവലിച്ച് ഈ പെൻഷൻ ഫണ്ടിൽ നിക്ഷേപിക്കേണ്ടതുമാണ്.

എന്നാൽ നാളിതുവരെ ഇപ്രകാരം ഒരു അക്കൗണ്ട് മുനിസിപ്പാലിറ്റിയിൽ ആരംഭിച്ചിട്ടില്ല. മുനിസിപ്പാലിറ്റിയുടെ തനത് ഫണ്ട് അക്കൌണ്ടിൽ നിന്നുമാണ് പെൻഷൻതുക നൽകിവരുന്നത്.

**2. <u>പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കുന്നില്ല</u>**

1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത്-കം-റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങൾ, 1997ലെ കേരള മുനിസിപ്പാലിറ്റി (കണ്ടിജന്റ് എംപ്ളോയീസ് ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങൾ എന്നിവ അനുസരിച്ച് സ്റ്റാറ്റ്യൂട്ടറി പെൻഷൻ ബാധകമായ ഓരോ ജീവനക്കാരന്റെയും പ്രതിമാസ മൊത്ത വേതനത്തിന്റെ 15 ശതമാനം പെൻഷൻ വിഹിതമായി പെൻഷൻ ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്. എന്നാൽ നഗരസഭയിലെ റെഗുലർ ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ തുക ബന്ധപ്പെട്ട പെൻഷൻ ഫണ്ടിലേക്ക് ഒടുക്കിയിട്ടില്ല. അർബൻ ഡയറക്ടറുടെ 29/04/2025 തീയതിയിലെ എൽ.എസ്.ജി.ഡി./പി.ഡി/6844/2023-PENA7 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ 2021-22 വർഷം മുതൽ 2024-25 വർഷം വരെ കുടിശ്ശികയായിരുന്ന പെൻഷൻ വിഹിതം 1,13,66,037/-രൂപയിൽ 2021-22 വർഷം കായംകുളം നഗരസഭയിൽ സേവനമനുഷ്ഠിച്ച 36 ജീവനക്കാരുടെ സെൻട്രൽ പെൻഷൻ വിഹിതമായ 3110594/-രൂപ (DDNo900829dt 16.05.2025 പ്രകാരം ഒടുക്കിയിട്ടുള്ളതും, തനതുഫണ്ടിന്റെ അപര്യാപ്തത കാരണം ശേഷിക്കുന്ന വർഷങ്ങളിൽ തുക തവണകളായി ഒടുക്കുന്നതിന് അനുമതിയ്ക്കായി 03.03.2025 തീയതിയിൽ അർബൻ ഡയറക്ടർക്ക് കത്ത് നൽകിയിട്ടുള്ളതുമാണ്. എന്നാൽ ഓഡിറ്റ് തീയതിവരെയും തുകയൊന്നും ഒടുക്ക് വരുത്തിയിട്ടില്ല. തുക തവണകളായി ഒടുക്ക് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതായി അറിയിച്ചു. 2024-25 സാമ്പത്തിക വർഷത്തിൽ റഗുലർ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പെൻഷൻ വിഹിതം ഇനത്തിൽ 2356432/- രൂപ ഈടാക്കിയിട്ടുണ്ട്.

**3. <u>നഗരസഭയിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവരുടെ വിവരം</u>**

നഗരസഭയിൽ പെൻഷൻ ഫണ്ടിൽ നിന്നും റഗുലർ/കണ്ടിജന്റ്/ഫാമിലി പെൻഷൻ  ഇനങ്ങളിൽ പെൻഷൻ വിതരണം സംബന്ധിച്ച (31.03.2025) രേഖകൾ പരിശോധിച്ചതിൽ 57 റഗുലർ പെൻഷൻകാരും (16 ഫാമിലി പെൻഷൻകാർ ഉൾപ്പെടെ) 48 കണ്ടിജന്റ് പെൻഷൻകാരും (ഫാമിലി പെൻഷൻകാർ 7) നഗരസഭയിൽ നിന്നും

പെൻഷൻ കൈപ്പറ്റുന്നുണ്ട്. നഗരസഭയിൽ നിന്നും പെൻഷൻ വാങ്ങുന്ന എല്ലാ സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻകാർക്കും ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ആണ് പെൻഷൻ വിതരണം നടത്തി വരുന്നത്. മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവർക്കും പെൻഷൻ നല്കുന്നതിനെക്കുറിച്ച് സൂചിപ്പിച്ചിട്ടുള്ളതിനാൽ തൻവർഷം ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കിയവർക്ക് മാത്രമാണ് യഥാസമയം പെൻഷൻ വിതരണം ചെയ്തത്.

**4. <u>പെൻഷൻകാരുടെ കൃത്യമായ ഡാറ്റാബേസ് സൂക്ഷിക്കുന്നില്ല</u>**

നഗരസഭയിൽ നിന്നും റഗുലർ/കണ്ടിജന്റ് ഇനത്തിൽ പെൻഷൻ കൈപ്പറ്റുന്ന ജീവനക്കാരുടെ പേര്, പി.പി.ഒ നമ്പർ, വിലാസം, വിരമിച്ച തസ്തിക, അവസാന ശമ്പളം, സേവന കാലയളവ്, വാങ്ങുന്ന പെൻഷൻ/കുടുംബ പെൻഷൻ, ഡി.സി.ആർ.ജി, കമ്മ്യൂട്ടേഷൻ, നോമിനി, ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കിയ തീയതി, ബാങ്ക് അക്കൌണ്ട് നമ്പർ, ബ്രാഞ്ച് എന്നീ വിവരങ്ങൾ ഉൾപ്പെടുത്തി സമഗ്രമായ ഡാറ്റാ ബേസ് തയ്യാറാക്കുന്നില്ല. പെൻഷൻ രജിസ്റ്റർ കുറ്റമറ്റ രീതിയിൽ തയ്യാറാക്കി സൂക്ഷിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

**5. <u>2024-25 വർഷം പെൻഷന് ചെലവഴിച്ച തുക</u>**

| | |
|---|---|
| റഗുലർ പെൻഷൻ & ഫാമിലി പെൻഷൻ | 15550523/- |
| കണ്ടിജന്റ് പെൻഷൻ | 8518035/- |

**6. <u>സെൻട്രൽ പെൻഷൻഫണ്ടിൽ നിന്നും ലഭിച്ച തുകയുടെ വിശദാംശം</u>**

2021-22 മുതൽ സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് പെൻഷൻ വിഹിതം ഒടുക്കിയിട്ടില്ലാത്തതിനാൽ 2024-25 വർഷത്തിൽ പെൻഷൻ ഫണ്ടിലേക്ക് തുക വന്നിട്ടില്ല. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 31.05.2025ലെ എൽ.എസ്.ജി.ഡി/പി.ഡി/6844/2023-PENA7 ഉത്തരവ് പ്രകാരം അനുവദിച്ച തുകയുടെ വിശദാംശം താഴെകൊടുക്കുന്നു.

| 2021-22 സാമ്പത്തിക വർഷം പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ നഗരസഭയ്ക്ക് തനത്ഫണ്ടിൽ നിന്നും ചെലവായതുക | പ്രസ്തുത സാമ്പത്തിക വർഷം സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും തിരികെ നൽകിയ തുക | 2021-22 സാമ്പത്തിക വർഷം ചെലവായ തുകയിൽ തനത്ഫണ്ടിലേക്ക് ഇനി അനുവദിക്കാനുള്ള തുക | ഉത്തരവ് പ്രകാരം അനുവദിച്ച തുക |
|---|---|---|---|
| 21882997/- | 4491456/- | 17391541/- | 8695770/-രൂപ നഗസഭയുടെ സബ്ട്രഷറിയിലുള്ള തനത് ഫണ്ട് അക്കൗണ്ടിലേക്ക് നൽകി. |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 അനധികൃതമായി പ്രവർത്തിക്കുന്ന മൊബൈൽ ടവറുകൾക്ക് വസ്തുനികുതി ഈടാക്കിയില്ല-വരുമാന നഷ്ടം

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 242 പ്രകാരം നമ്പർ നൽകാൻ കഴിയാത്ത അനധികൃത നിർമ്മിതികൾക്ക് 2010 ലെ കേരളാ മുൻസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20(2) പ്രകാരം യു.എ. നമ്പർ നൽകി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 242(1) പ്രകാരം ഏതെങ്കിലും നിർമ്മിതി/കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ, ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ചുമാറ്റുന്ന തീയതി വരെയോ നിയമാനുസൃതമായി കെട്ടിടനികുതി അസസ്സ് ചെയ്യുന്ന തീയതി വരെയോ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നതെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തു നികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക, അപ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തു നികുതിയായി ഈടാക്കി യു.എ. നമ്പർ അനുവദിക്കേണ്ടതാണ്.

മൊബൈൽ ടവറുകൾ സ്ഥാപിക്കുന്നതിനായി ചുവടെ ചേർക്കുന്ന ടവർ നിർമ്മാതാക്കൾ നഗരസഭയിൽ ഇന്റിമേഷൻ നൽകി ₹10,000/- വീതം അപേക്ഷാ ഫീസ് ഒടുക്കി ടവർ നിർമ്മാണത്തിന് അനുമതി നേടിയിട്ടുണ്ട്. ഇന്റിമേഷനുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം: | ഫയൽ നം. | വാർഡ് നം | ടവർ നിർമ്മാതാകൾ |
|---|---|---|---|
| 1 | TP1-13708-2023 | 27 | Indus Tower |
| 2 | TP1-14309-2023 | 41 | Indus Tower |
| 3 | TP1-16102-2022 | 14 | Indus Tower |
| 4 | TP1-23629-2023 | 20 | Summit Digital |

മേൽ പട്ടികയിൽ സൂചിപ്പിച്ച മൊബൈൽ ടവർ നിർമ്മാതാക്കൾ പൂർത്തീകരണ അറിയിപ്പ് നഗരസഭയിൽ സമർപ്പിച്ചതും ഒക്ക്യൂപ്പൻസി ലഭ്യമാക്കി നികുതി അസസ്സ് ചെയ്യപ്പെട്ട വിവരം ഫയലുകളിൽ ലഭ്യമാക്കാത്തതും ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന ഓഡിറ്റ് ടീം ആവശ്യപ്പെട്ടതനുസരിച്ച് നഗരസഭാ എഞ്ചിനീയറിംഗ് വിഭാഗവും റവന്യൂ വിഭാഗവും സംയുക്തമായി ഫീൽഡ് തല പരിശോധന നടത്തി 31.01.2026 ന ലഭ്യമാക്കിയ റിപ്പോർട്ടിൽ, മേൽ സൂചിപ്പിച്ച ടവറുകളുടെയും അവയുടെ ജനറേറ്റർ റൂമുകളുടെയും തറവിസ്തീർണ്ണം ലഭ്യമാക്കുന്നതിനോടൊപ്പം 2024-25 ആദ്യ അർദ്ധവർഷം മുതൽ ടി ടവറുകൾ പ്രവർത്തിച്ച വരുന്നതായി അന്വേഷണത്തിൽ അറിയാൻ സാധിച്ചതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഓഡിറ്റ് വിഭാഗം ചൂണ്ടി കാണിക്കുമ്പോൾ മാത്രമാണ് നഗരസഭ വിവരങ്ങൾ അന്വേഷിക്കുന്നതും ഓഡിറ്റിന് റിപ്പോർട്ട് ചെയ്യുന്നതും. ടി മൊബൈൽ ടവറുകളുടെ വസ്തുനികുതി നഗരസഭ നിർണ്ണയിച്ചീടാക്കുന്നില്ല. നഗരസഭയുടെ എഞ്ചിനിയറിംഗ് വിഭാഗം സ്ഥല പരിശോധന നടത്തി 31.01.2026 ന ലഭ്യമാക്കിയ ഫീൽഡ് തല പരിശോധനാ റിപ്പോർട്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ടവർ നിർമ്മാതാക്കളുടെ പേര് | തറ വിസ്തീർണ്ണം (ജനറേറ്റർ റൂം ഉൾപ്പടെ) | വാർഡ് നം/മേഖല/വഴി സൌകര്യം |
|---|---|---|---|
| 1 | Indus Tower Limited | $17.95m^2$ | വാർഡ്-27/പ്രഥമം/5 മീറ്ററിൽ താഴെ |
| 2 | Indus Tower Limited | $14.48m^2$ | വാർഡ്-41/പ്രഥമം/5 മീറ്ററിൽ താഴെ |
| 3 | Indus Tower | $17.4m^2$ | വാർഡ്-14/പ്രഥമം/5 മീറ്ററിൽ താഴെ |
| 4 | Summit Digital | $100\ M^2$ | വാർഡ്-20/പ്രഥമം/5 മീറ്ററിൽ താഴെ |

മേൽ പട്ടികയിലെ ടവറുകളുടെ വിഷയത്തിൽ യഥാസമയം ഫീൽഡ് പരിശോധന നടത്തി നടപടി സ്വീകരിക്കാത്തത് മൂലം 2024-25 വർഷം, മൊബൈൽ ടവറുകൾക്ക് ബാധകമായ ₹682.5/$M^2$ (2024-25 ൽ അഞ്ച് ശതമാനം വർദ്ധനവ് ഉൾപ്പെടുത്തിയ നിരക്ക്) എന്ന വസ്തുനികുതി നിരക്കിൽ 2010 ലെ കേരളാ മുൻസിപ്പാലിറ്റി

(വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20(2) പ്രകാരം നികുതി ഈടാക്കാത്തത് മൂലം ₹3,52,794/-യുടെ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.1, മൊബൈൽ ടവറിന്റെ തറവിസ്തീർണ്ണം - 17.95 ച.മീറ്റർ

ക്രമ നം.2, മൊബൈൽ ടവറിന്റെ തറവിസ്തീർണ്ണം - 14.48 ച.മീറ്റർ

ക്രമ നം.3, മൊബൈൽ ടവറിന്റെ തറവിസ്തീർണ്ണം - 17.4 ച.മീറ്റർ

ക്രമ നം.4, മൊബൈൽ ടവറിന്റെ തറവിസ്തീർണ്ണം - 100 ച.മീറ്റർ

(നഗരസഭ കൗൺസിലിന്റെ 21/08/2023 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം മൊബൈൽ ടവറുകൾക്ക് ബാധകമായ വസ്തുനികുതി നിരക്ക് - 650 രൂപ/ച.മീ, 2024 ൽ അഞ്ച് ശതമാനം വർദ്ധനവ് ഉൾപ്പെടുത്തിയ നിരക്ക്- ₹682.5/ച.മീ.)

നിയമാനുസൃത അസസ്സ്മെന്റിന് ബാധകമായ വസ്തുനികുതിയുടെ വിവരം

| | നികുതി നിർണയിക്കേണ്ടത് | | | |
|---|---|---|---|---|
| | ക്രമ നം.1 Indus Tower | ക്രമ നം.2 Indus Tower | ക്രമ നം.3 Indus Tower | ക്രമ നം.4 Summit Digital |
| അടിസ്ഥാന വസ്തുനികുതി | $17.95m^2$ @682.5 = 12,250.9 | $14.48m^2$ @682.5 = 9882.6 | $17.4m^2$ @682.5 = 11,875.5 | $100\ M^2$ @682.5 = 68,250 |
| മേഖല – പ്രഥമം - വർദ്ധനവ്/ഇളവ് ഇല്ല | – | – | – | – |
| | | | | |

| | | | | |
|---|---|---|---|---|
| വഴി സൌകര്യം - വർദ്ധനവ്/ഇളവ് ഇല്ല | – | – | – | – |
| അടിസ്ഥാന നികുതി | 12,250.9 | 9882.6 | 11875.5 | 68250 |
| ലൈബ്രറി സെസ് 5% | (+)612.5 | (+)494.13 | (+) 593.8 | (+) 3412.5 |
| സർവീസ് ചാർജ്ജ് (10%) | (+) 1225 | (+) 988.2 | (+) 1187.5 | (+) 6825 |
| നിയമാനുസൃത അസസ്സ്മെന്റിന് ബാധകമായ വസ്തുനികുതി | ₹14,088/- | ₹11,365/- | ₹13,657/- | ₹78487.5/- |

ടവറുകൾ പൂർത്തീകരണ അറിയിപ്പ് നൽകാതെ അനധികൃതമായി പ്രവർത്തനം തുടങ്ങിയതിനാൽ ബാധകമായ വസ്തുനികുതി (കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 242(1) ) =

ക്രമ നം.1, ഇൻഡസ് ടവർ - 14,088 ×3= 42,264/- രൂപ

ക്രമ നം.2, ഇൻഡസ് ടവർ - 11,365 ×3= 34,095/- രൂപ

ക്രമ നം.3 ഇൻഡസ് ടവർ- 13,657 ×3= 40,971/- രൂപ

ക്രമ നം.4 സമ്മിറ്റ് ഡിജിറ്റൽ 78,488 ×3= 2,35,464/- രൂപ

നഗരസഭയ്ക്ക് ഉണ്ടായ ആകെ നഷ്ടം = 42,264 + 34,095 + 40,971 + 2,35,464 = 3,52,794/-

ടവറുകൾ നിർമ്മാണത്തിന് ഇന്റിമേഷൻ നൽകിയതിന് ശേഷം,യഥാസമയം ഫീൽഡ് പരിശോധന നടത്തി ടവറുകളുടെ നിർമ്മാണ്ണ പുരോഗതി വിലയിരുത്തുന്നതിൽ,നഗരസഭയ്ക്ക് വീഴ്ച്ച സംഭവിച്ചു. ഇത് മൂലം 2024-25വർഷം നഗരസഭയ്ക്ക് ₹3,52,794/-യുടെ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. ടവർ നിർമ്മാതാക്കളിൽ നിന്നും കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 242(1) പ്രകാരം ടവറുകളുടെ വസ്തുനികുതി ഈടാക്കാത്തതിൽ വിശദീകരണം ആരാഞ്ഞു നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:30/02-02-26) മറുപടി ലഭ്യമാക്കിയിട്ടില്ല. പൂർത്തീകരണ അറിയിപ്പ് നഗരസഭയിൽ ഹാജരാക്കാതെ പ്രവർത്തനം തുടങ്ങിയ ടവർ നിർമ്മാതാക്കളിൽ നിന്നും സെക്ഷൻ

242(1) പ്രകാരം വസ്തുനികുതി ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. നഗരസഭയിൽ ഫീൽഡ് പരിശോധന ഊർജ്ജിതമാക്കി അനധികൃത നിർമ്മാണ്ണങ്ങൾ കണ്ടെത്തി നിയമാനുസൃതമായ നടപടി സ്വീകരിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

**2-2 അനധികൃത ടർഫുകൾക്ക് യു.എ നമ്പർ നൽകി വസ്തുനികുതി ഈടാക്കുന്നില്ല, വരുമാന നഷ്ടം**

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 242 പ്രകാരം നമ്പർ നൽകാൻ കഴിയാത്ത അനധികൃത നിർമ്മിതിൾക്ക് 2010 ലെ കേരളാ മുൻസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20(2) പ്രകാരം യു.എ നമ്പർ നൽകി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 242(1) പ്രകാരം ഏതെങ്കിലും നിർമ്മിതി/കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ, ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ചുമാറ്റുന്ന തീയതി വരെയോ നിയമാനുസൃതമായി കെട്ടിടനികുതി അസസ്സ് ചെയ്യുന്ന തീയതി വരെയോ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നതെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തു നികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക, അപ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തു നികുതിയായി ഈടാക്കി യു.എ നമ്പർ അനുവദിക്കേണ്ടതാണ്.

നഗരസഭയുടെ 41,29 വാർഡുകളിൽ കെട്ടിട നിർമ്മാണ അനുമതിയില്ലാതെ നിർമ്മാണം നടത്തി പ്രവർത്തിക്കുന്ന "KICK OFF”, “GALACTICO SPORTS HUB” എന്നീ സ്പോർട്ട്സ് ടർഫുകളിൽ നിന്നും വസ്തുനികുതി ഈടാക്കാത്തത് മൂലം ഓഡിറ്റ് വിഭാഗം 03.02.2026 ൽ നഗരസഭയിലെ എഞ്ചിനിയറിംഗ് വിഭാഗം ജിവനക്കാരുടെ സാന്നിദ്ധ്യത്തിൽ സ്ഥല പരിശോധന നടത്തി പ്രസ്തുത ടർഫുകളുടെ തറവിസ്തീർണം അളന്ന് തിട്ടപ്പെടുത്തുകയുണ്ടായി. 29-ാം വാർഡിൽ പ്രഥമ മേഖലയിൽ 5 മീറ്ററിൽ താഴെ 1.5 മീറ്ററിൽ കൂടുതൽ വഴി സൌകര്യമുള്ള “GALACTICO SPORTS HUB” എന്ന സ്ഥാപനത്തിൽ 1645 ച.മി, 264 ച.മി വിസ്തീർണ്ണമുള്ള 2 ടർഫുകളും, 41-ാം വാർഡിൽ പ്രഥമ മേഖലയിൽ 5 മീറ്ററിലധികം വഴി സൌകര്യത്തോടുകൂടി പ്രവർത്തിക്കുന്ന

"KICK OFF" എന്ന ടർഫിന് 660 ച:മീ തറവിസ്തീർണം ഉള്ളതായി എഞ്ചിനിയറിംഗ് വിഭാഗം 05.02.26 ന റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത ടർഫുകളുടെ വസ്തുനികുതി നിർണ്ണയിക്കാതിരുന്നതിന്റെ കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (38/05.02.2026) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല.

2023-24 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക നം: 1-24 ൽ ഇത് സംബന്ധിച്ച് പരാമർശിക്കപ്പെട്ടിരുന്നെങ്കിലും നാളിതുവരെ ഈ ടർഫുകളുടെ വസ്തുനികുതി അസസ്സ് ചെയ്യാത്തത് സെക്രട്ടറിയുടെ ഭാഗത്ത് നിന്നുള്ള അനാസ്ഥയും കൃത്യവിലോപവും ആണ് സൂചിപ്പിക്കുന്നത്. നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന മേൽ സൂചിപ്പിച്ച സ്പോർട്ട്സ് ടർഫുകൾക്ക് വസ്തു നികുതി കണക്കാക്കി ഈടാക്കാത്തത് നഗരസഭയ്ക്ക് വരുമാന നഷ്ടമുണ്ടായിതായി ഓഡിറ്റ് കണക്കാക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നഗരസഭ കൌൺസിലിന്റെ 20/09/2023 തീയതിയിലെ R1-8866/23-ാം നമ്പർ അന്തിമ വിജ്ഞാപന പ്രകാരം നിയമാനുസൃതമായി നിർമ്മിച്ച ടർഫുകൾക്ക് ബാധകമായ വസ്തുനികുതി നിരക്ക് - 45 രൂപ/ച.മി, 2024 ൽ അഞ്ച് ശതമാനം വർദ്ധനവ് ഉൾപ്പെടുത്തിയ നിരക്ക്- ₹ 47.25/ച.മി

| | നികുതി നിർണയിക്കേണ്ടത് | | |
|---|---|---|---|
| ടർഫിന്റെ പേര് | Galactico Sports Turf | | Kick Off Sports Turf |
| | Turf-1 | Turf-2 | |
| തറ വിസ്തീർണം | 1645 $M^2$ | 264 $M^2$ | 660 $M^2$ |
| അടിസ്ഥാന വസ്തുനികുതി | 1645@47.25 = 77726.25 | 264@47.25 = 12474 | 660@47.25 = 31185 |
| മേഖല | പ്രഥമം (വർദ്ധനവ്/ ഇളവ് ഇല്ല) | പ്രഥമം (വർദ്ധനവ്/ ഇളവ് ഇല്ല) | പ്രഥമം (വർദ്ധനവ്/ ഇളവ് ഇല്ല) |

| | | | |
|---|---|---|---|
| വഴി സൌകര്യം - | വർദ്ധനവ് / ഇളവ് ഇല്ല | വർദ്ധനവ് / ഇളവ് ഇല്ല | വർദ്ധനവ് 20% -<br>(+ 6237) |
| നികുതി | 77726.25 | 12474 | 31185+ 6237= 37422 |
| ലൈബ്രറി സെസ് 5% | 3886.31 | 623.7 | 1871.1 |
| **സർവീസ് ചാർജ്ജ് (10%)** | 7772.6 | 1247.4 | 3742.2 |
| ആകെ | 89385 | 14345 | 43035 |

മേൽ പട്ടിക പ്രകാരം നിയമാനുസൃത നിർമ്മിതിയ്ക്ക് ബാധകമായ വസ്തുനികുതി -

89385+14345+43035= 1,46,765/-

അനധികൃതമായി നിർമ്മിച്ച ടർഫുകൾക്ക് 2024-25 വർഷം ബാധകമായ വസ്തുനികുതി= 1,46,765×3= 4,40,295/-രൂപ

മേൽ സൂചിപ്പിച്ച ടർഫുകളിൽ നിന്നും 2024-25 വർഷം വസ്തുനികുതി ഇനത്തിൽ ഉണ്ടായ നഷ്ടം - 4,40,295/-രൂപ

22.03.23 ലെ സ.ഉ(കൈ) നം: 7/2023/തസ്വഭവ ഉത്തരവ് പ്രകാരം തുടർന്നുള്ള ഓരോ വർഷങ്ങളിലും വസ്തുനികുതി നിരക്കിൽ 5% വർദ്ധനവ് എന്ന സർക്കാർ നിർദ്ദേശം ഉള്ളതിനാൽ തുടർന്നുള്ള ഓരോ വർഷങ്ങളിലും അധിക നഷ്ടം ഉണ്ടാകുന്നതാണ്. ഇത്തരത്തിൽ മുനിസിപ്പൽ പരിധിക്കുള്ളിൽ മേൽ പരാമർശിക്കപ്പെട്ടവയിൽ കൂടുതലായി എണ്ണം ടർഫുകൾ അനധികൃതമായി പ്രവർത്തിക്കുന്നുണ്ടോ എന്നും അന്വേഷിക്കേണ്ടതാണ്. മേൽ പരാമർശ വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**<u>2-3 അനധികൃത നിർമ്മാണം യഥാസമയം കണ്ടെത്തി നടപടി സ്വീകരിച്ചില്ല - പെർമിറ്റ് ഫീസിനത്തിൽ വരുമാന നഷ്ടം</u>**

2019 ലെ കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം കെട്ടിട നിർമ്മാണ അനുമതി ലഭ്യമാക്കാതെ ഏതൊരു വ്യക്തിയും കെട്ടിടം നിർമ്മിക്കുകയോ പുനർ നിർമ്മിക്കുകയോ വിപുലീകരിക്കുകയോ മാറ്റം വരുത്തുകയോ ചെയ്യാൻ പാടില്ലാത്തതാണ്. നഗരസഭയുടെ അറിവോടുകൂടിയല്ലാത്ത കെട്ടിടങ്ങളുടെ നിർമ്മാണം യഥാസമയം കണ്ടെത്തി നടപടിയെടുക്കുകയെന്നത് നഗരസഭയുടെ ചുമതലയാണ്. സെക്രട്ടറിയുടെ അംഗീകാരം ഇല്ലാതെയോ അംഗീകാരമുള്ള പ്ലാനിൽ നിന്നും വ്യതിചലിച്ചോ കെട്ടിടം നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ മാറ്റം വരുത്തുകയോ ചെയ്തിട്ടുണ്ടെങ്കിൽ, അങ്ങനെയുള്ള നിർമ്മാണമോ പുനർ നിർമ്മാണമോ കേരള മുൻസിപ്പാലിറ്റി നിയമത്തിലോ നിയമത്തിന് കീഴിലുള്ള ചട്ടങ്ങളിലോ പറഞ്ഞിട്ടുള്ള മാനദണ്ഡങ്ങളോ നിർദ്ദേശങ്ങളോ ലംഘിക്കുന്നതല്ലെങ്കിൽ, സെക്രട്ടറിക്ക് സർക്കാർ നിർദ്ദേശിക്കുന്ന പ്രകാരമുള്ള അപേക്ഷാ ഫീസും രാജിയാക്കൽ ഫീസും ഈടാക്കിക്കൊണ്ട് ക്രമവൽക്കരിക്കാവുന്നതാണ്. ടർഫുകളുടെ നിർമ്മാണത്തിനും ഈ ചട്ടങ്ങൾ ബാധകമാണ്. 2019 ലെ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ സംശയ നിവാരണത്തിനായി നഗര ഗ്രാമാസൂത്രണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ പുറത്തിറക്കിയ കൈപുസ്തകത്തിലും (ഖണ്ഡിക 1.37) ടർഫുകളുടെ നിർമ്മാണത്തിന് നഗരസഭയുടെ നിർമ്മാണാനുമതി/പെർമിറ്റ് ബാധകമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

നഗരസഭയുടെ 41, 29 വാർഡുകളിൽ വാർഡുകളിൽ 2023-24 മുതൽ കെട്ടിട നിർമ്മാണ അനുമതിയില്ലാതെ നിർമ്മാണം നടത്തി പ്രവർത്തിക്കുന്ന 3 സ്പോർട്ട്സ് ടർഫുകൾ ഓഡിറ്റ് ടീം 03.02.2026 ൽ നടത്തിയ സ്ഥല പരിശോധനയിൽ കണ്ടെത്തുകയും നഗരസഭയിലെ എഞ്ചിനിയറിംഗ് വിഭാഗം പ്രസ്തുത ടർഫുകളുടെ തറവിസ്തീർണം അളന്ന് അളന്ന് തിട്ടപ്പെടുത്തുകയുണ്ടായി. 29-ാം വാർഡിൽ “GALACTICO SPORTS HUB” എന്ന സ്ഥാപനത്തിൽ 1645 ച.മി, 264 ച.മി വിസ്തീർണ്ണമുള്ള 2 ടർഫുകളും, 41-ാം വാർഡിൽ "KICK OFF” എന്ന ടർഫിന് 660 ച:മീ തറവിസ്തീർണം ഉള്ളതായി എഞ്ചിനിയറിംഗ് വിഭാഗം 05.02.26 ന റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

2023-24 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക നം: 1-24 ൽ ഇത് സംബന്ധിച്ച് പരാമർശിക്കപ്പെട്ടിരുന്നെങ്കിലും നാളിതുവരെ ഈ അനധികൃത നിർമ്മാണങ്ങൾക്ക് എതിരെ നടപടി

എടുക്കാത്തത് സെക്രട്ടറിയുടെ ഭാഗത്ത് നിന്നുള്ള അനാസ്ഥയും കൃത്യവിലോപവും ആണ് സൂചിപ്പിക്കുന്നത്, ഇത് മൂലം നഗരസഭയ്ക്ക് പെർമിറ്റ് ഫീസിനത്തിലും അപേക്ഷാ ഫീസിനത്തിലും കൂടി 5,04,460/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. അനുമതിയില്ലാതെ നിർമ്മിച്ചിട്ടുള്ള ടർഫുകൾ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമായി ക്രമവൽക്കരിക്കാൻ കഴിയുമോ എന്ന് പരിശോധിക്കുന്നതിലും,അല്ലാത്തപക്ഷം നിയമം അനുശാസിക്കുന്ന തുടർ നടപടികൾ കൈക്കൊള്ളുന്നതിലും നഗരസഭയുടെ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ചു. നിർമ്മാണ അനുമതിയില്ലാതെ യഥേഷ്ടം നിർമ്മാണം നടത്തി കെട്ടിടനികുതി നിശ്ചയിക്കാതെ/കെട്ടിട നമ്പർ കൂടാതെ വർഷങ്ങളായി ഒന്നിലധികം ടർഫുകൾ പരസ്യമായി പ്രവർത്തിച്ചുവരുന്നു എന്നത് ഇത് സംബന്ധമായ മുനിസിപ്പൽ സംവിധാനങ്ങൾ എത്രമാത്രം കുത്തഴിഞ്ഞ അവസ്ഥയിലാണ് പ്രവർത്തിക്കുന്നത് എന്നത് വ്യക്തമാക്കുന്നതാണ്.

കേരള മുൻസിപ്പാലിറ്റി നിയമത്തിനോ നിയമത്തിന് കീഴിലുള്ള ചട്ടങ്ങളിലോ പറഞ്ഞിട്ടുള്ള മാനദണ്ഡങ്ങളോ നിർദ്ദേശങ്ങളോ ലംഘിക്കുന്നതല്ലെങ്കിൽ നഗരസഭയുടെ അനുമതി ഇല്ലാതെ നിർമ്മാണം നടത്തിയ ടി ടർഫുകൾക്ക് നോട്ടീസ് നൽകി 30.07.2024 ലെ സ.ഉ(കൈ) നം.97/2024/ത.സ്വ.ഭ.വ ഉത്തരവിലെ നിരക്കിന് അനുസൃതമായി 2019 ലെ കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 94 പ്രകാരം അപേക്ഷാ ഫീസും, ചട്ടം 95(4) പ്രകാരം, പെർമിറ്റ് ഫീസും, പെർമിറ്റ് ഫീസിന് ഇരട്ടിയുള്ള തുക കോമ്പൌണ്ടിംഗ് ഫീസും ഈടാക്കി കെട്ടിടം ക്രമവൽക്കരിക്കാമായിരുന്നു. സമയബന്ധിതമായി നിയമാനുസൃത നടപടികൾ സ്വീകരിക്കാത്തത് മൂലം കെട്ടിട നിർമ്മാണ പെർമിറ്റ് കൂടാതെ നിർമ്മാണം നടത്തി പ്രവർത്തിക്കുന്ന താഴെ സൂചിപ്പിക്കുന്ന 3 ടർഫുകളിൽ നിന്നും ക്രമ പ്രകാരം അപേക്ഷാ ഫീസും കോമ്പൌണ്ടിംഗ് ഫീസും ഇനത്തിൽ ആകെ 5,04,460/ രൂപയുടെ വരുമാന നഷ്ടം മുനിസിപ്പാലിറ്റി എഞ്ചിനിയറിംഗ് വിഭാഗം ടർഫുകളുടെ തറവിസ്തീർണം അളന്ന് റിപ്പോർട്ട് ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് കണക്കാക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഈടാക്കേണ്ട അപേക്ഷ ഫീസും കോമ്പൌണ്ടിംഗ് ഫീസും |
| --- |
| |

| ടർഫിന്റെ പേര് | Galactico Sports Turf | | Kick Off Sports Turf |
|---|---|---|---|
| | Turf-1 | Turf-2 | |
| ടർഫുകളുടെ തറ വിസ്തീർണ്ണം | 1645 $M^2$ | 264 $M^2$ | 660 $M^2$ |
| അപേക്ഷാ ഫീസ് | 3000 | 500 | 3000 |
| പെർമിറ്റ് ഫീസ് | 1645x100 = 1,64,500/- | 264x70= 18,480/- | 660x100= 66,000/- |
| കോമ്പൌണ്ടിംഗ് ഫീസ് (പെർമിറ്റ് ഫീസ് X 2) | 3,29,000/- | 36,960/- | 1,32,000/- |

ആകെ അപേക്ഷ ഫീസ് = 6,500/-

ആകെ കോമ്പൌണ്ടിംഗ് ഫീസ് =

329000+36,960+1,32,000 = 4,97,960/-

ആകെ ഈടാക്കേണ്ട ഫീസ് = 4,97,960 + 6,500 = 5,04,460/-

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (38/05.02.26) മറുപടി ലഭ്യമാക്കിയിട്ടില്ല.

നഗരസഭ കെട്ടിട നിർമ്മാണ പെർമിറ്റ് ഇല്ലാതെ നിർമ്മിച്ച ടർഫുകളുടെ ഉടമസ്ഥർക്ക് നോട്ടീസ് നൽകി ക്രമവൽകരണത്തിനുള്ള സാധ്യത പരിശോധിക്കേണ്ടതും, സാധ്യമാകുന്ന പക്ഷം നിയമാനുസൃത അപേക്ഷ ഫീസും പെർമിറ്റ് കോമ്പൌണ്ടിംഗ് ഫീസും ഈടാക്കി ക്രമവത്കരണം നടത്തിയും, അല്ലാത്ത പക്ഷം നിയമപ്രകാരവുള്ള തുടർ നടപടി സ്വീകരിച്ചും വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ഇത്തരത്തിൽ മുനിസിപ്പൽ അതിർത്തിക്കുള്ളിൽ മേൽ പരാമർശിക്കപ്പെട്ടവ പോലെയുള്ള നിർമ്മിതികൾ അനധികൃതമായി പ്രവർത്തിക്കുന്നുണ്ടോ എന്നും അന്വേഷിക്കേണ്ടതാണ്. പരാമർശ വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സ്കൂളുകളിൽ സി.സി.റ്റി.വി സ്ഥാപിക്കൽ- അനാവശ്യവും സപ്ലൈ ചെയ്യാത്തതുമായ സാധനങ്ങൾക്ക് പണം നൽകി , വാങ്ങൽ നടപടികളിലും അപാകം - നഗരസഭക്ക് നഷ്ടം ലക്ഷങ്ങൾ

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | അടങ്കൽ (രൂപ) | ചെലവ് (രൂപ) | വൌച്ചർ, ബിൽ നം/തീയതി |
|---|---|---|---|---|
| S0164/25 | ഗവ.സ്കൂളുകളിൽ സി.സി.റ്റി.വി സ്ഥാപിക്കൽ | 498470/- (റോഡിതര സംരക്ഷണ ഗ്രാന്റ്) | 498470 | 1315313/12.2.25 76500/- രൂപ |
| | | | | 1315323/12.2.25 117530/- രൂപ |
| | | | | 1315318/ 12.02.25 23100/- രൂപ |
| | | | | 1315320/ 12.2.25 281340/- രൂപ |

കായംകുളം ബോയ്സ് എച്ച്.എസ്.എസ് പ്രിൻസിപ്പൽ നിർവ്വഹണം നടത്തിയ 'S0164/25' - ഗവ.സ്കൂളുകളിൽ

സി.സി.റ്റി.വി സ്ഥാപിക്കൽ എന്ന പ്രോജക്ടിൽ മേൽപ്പറഞ്ഞ പ്രകാരം തുക ചെലവഴിച്ച് വിവിധ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട് . വാങ്ങിയ ഉപകരണങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ ബിൽ നം/തീയതി | വാങ്ങിയ ഉപകരണങ്ങൾ |
|---|---|
| ACS/12761/23-24;30.01.25 | CP +24 Port Managed POE + Layer 2 Access Switch (5 എണ്ണം) |
| ACS/12765/23-24; 30.01.25 | (UTP Cable 4600 M) |
| ACS/12758/23-24; 30.01.25 | Rack Network 4U (6എണ്ണം) |
| ACS/12760/23-24; 30.01.25 | CP Plus 12 Channel NVR/DVR With Camara Kit (6 എണ്ണം) (22 ക്യാമറകൾ, മൂന്ന് DVR എന്നിവയുടെ നമ്പർ ചേർത്തിട്ടുണ്ട്. |

ഗവ.വി.എച്ച്.എസ്.എസ് കൃഷ്ണപുരം, ഗവ. യു.പി.എസ് കൃഷ്ണപുരം, ഗവ. യു.പി.എസ് കായംകുളം, ഗവ. ബോയ്സ് എച്ച്.എസ്.എസ് കായംകുളം എന്നിവിടങ്ങളിൽ യഥാക്രമം 7,6,6,3 എണ്ണം വീതം എന്നിങ്ങനെ ആകെ 22 എണ്ണം ക്യാമറകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ജെം (GeM) പോർട്ടൽ വഴിയാണ് സാധനങ്ങൾ വാങ്ങിയത്. ജെം വഴി തെരഞ്ഞെടുത്തതും പർച്ചേസ് ഓർഡർ നൽകിയതും ജി.എസ്.റ്റി ഇൻവോയ്സിൽ രേഖപ്പെടുത്തിയതുമായ സാധനങ്ങളല്ല വിതരണം ചെയ്തതും ഘടിപ്പിച്ചതും. സ്ഥാപനത്തിന്റെ ഇൻവോയിസ് സ്വീകരിച്ച് നിർവ്വഹണോദ്യോഗസ്ഥൻ തുക നൽകിയ സാധനങ്ങളിൽ പകുതിയിലധികവും വിതരണം ചെയ്തില്ല. ഇവയിൽ മിക്കവയും അനാവശ്യമായി പർച്ചേസ് ഓർഡർ നൽകപ്പെട്ടവയും നിലവിൽ സ്ഥാപിച്ച സംവിധാനത്തിൽ ഉപയോഗിക്കാനാവാത്തവയുമാണ്. നിർവ്വഹണോദ്യോഗസ്ഥനായ പ്രിൻസിപ്പാളിന്റെ സ്കൂളിലും സ്ഥാപിച്ച ക്യാമറ സംവിധാനത്തിൽ ഇൻവോയിസിൽ രേഖപ്പെടുത്തിയ സാധനങ്ങളിൽ ഭൂരിഭാഗവും സ്ഥാപിക്കാതിരുന്നിട്ടും യാതൊരുനടപടിയും നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വീകരിച്ചിട്ടില്ല. പ്രോജക്ടിന്റെ നടത്തിപ്പ്, പർച്ചേയ്സ് നടപടികൾ, സാധനങ്ങളുടെ വിതരണം, സി.സി.റ്റി.വിയുടെ സ്ഥാപിക്കൽ എന്നിവയിലെല്ലാം ബഹുമുഖമായ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. ഇതുവഴി 370619/- രൂപയുടെ വ്യക്തമായ നഷ്ടം നഗരസഭക്കുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**<u>ഇൻവോയ്സിലെ സാധനങ്ങൾ പകുതിയും വിതരണം ചെയ്തില്ല, വിതരണം ചെയ്തവയുടെ നിർമ്മാതാക്കളിലും സ്പെസിഫിക്കേഷനിലും ക്വാളിറ്റിയിലും വ്യതിയാനം നഷ്ടം- 2.96ലക്ഷം</u>**

പ്രസ്തുത പ്രോജക്ടിൽ എല്ലാ സാധനങ്ങളും ആൻട്രികോം സിസ്റ്റംസ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്ന് ജെം പോർട്ടൽ വഴി വാങ്ങിയവയാണ്. ഇവയുടെ ഇൻസ്റ്റലേഷനും ഇതേ സ്ഥാപനം തന്നെ നടത്തിയതായാണ് നിർവ്വഹണോദ്യോഗസ്ഥനിൽ നിന്ന് അറിയാൻ കഴിഞ്ഞത്. ഇൻസ്റ്റലേഷൻ സംബന്ധിച്ച

പ്രത്യേക കരാറുകൾ ഒന്നും തന്നെയില്ല. ജെം പോർട്ടൽ വഴി തെരഞ്ഞെടുത്തതും കരാർവച്ച് സപ്ലൈ ഓർഡർ നൽകിയതും വിതരണക്കാരുടെ ജി.എസ്.റ്റി ഇൻവോയ്സിൽ രേഖപ്പെടുത്തിയതുമായ സാധനങ്ങളല്ല യഥാർത്ഥത്തിൽ വിതരണം ചെയ്യപ്പെട്ടത്. CP Plus എന്ന നിർമ്മാതാക്കളുടെ 5 MB കപ്പാസിറ്റിയുള്ള ഇന്റർനെറ്റ് പ്രോട്ടോക്കോൾ ക്യാമറ (IP Camera), നെറ്റ്‌വർക്ക് വീഡിയോ റെക്കോർഡർ (NVR), മോണിറ്റർ എന്നിവയടങ്ങുന്ന 6 കിറ്റ്; 4600 മീറ്റർ ഇന്റർനെറ്റ് കേബിൾ (CAT 6); 24- പോർട്ട് പി.ഒ.ഇ അക്സസ് സ്വിച്ച് 5 എണ്ണം; നെറ്റ്‌വർക്ക് റാക്ക് 6 എണ്ണം എന്നിവയാണ് ജെം പോർട്ടൽ വഴി തെരഞ്ഞെടുത്ത് കരാർ വച്ച് സപ്ളെ ഓഡർ നൽകിയത്. ഇതേ സാധനങ്ങൾ തന്നെയാണ് (N.V.R എന്നതിന് പകരം NVR/DVR എന്ന് മാറ്റിയതൊഴിച്ചാൽ) ജി.എസ്.റ്റി ഇൻവോയ്സിലും രേഖപ്പെടുത്തിയിട്ടുള്ളത്. പ്രോജക്ടിൽ 25 ക്യാമറകൾ സ്ഥാപിക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിരുന്നതെങ്കിലും സ്ഥാപനവുമായുള്ള കരാറിലാകട്ടെ 12 ചാനൽ കിറ്റ് എന്ന് രേഖപ്പെടുത്തിയതല്ലാതെ ക്യാമറകളുടെ കൃത്യമായ എണ്ണം രേഖപ്പെടുത്തിയിട്ടില്ല.എന്നാൽ ഇൻവോയ്സിൽ 22 ക്യാമറകൾ, 3 ഡി.വി.ആർ എന്നിവ സപ്ലൈ ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ജെം പോർട്ടലിൽ ലഭ്യമല്ലാത്ത HIKVISION എന്ന നിർമ്മാതാക്കളുടെ 3 ഡിജിറ്റൽ വീഡിയോ റെക്കോർഡർ-8 പോർട്ട്സ് (DVR), HIKVISION ന്റെ 22 അനലോഗ് ക്യാമറകൾ - 2MB, മൂന്ന് ACER 19.5 ഇഞ്ച് മോണിറ്ററുകൾ എന്നിവ ഉൾക്കൊള്ളുന്ന മൂന്ന് കിറ്റുകൾ; പരമാവധി 1800 മീ. Coaxial കേബിൾ; 3 ഇന്റർനെറ്റ് റാക്കുകൾ എന്നിവ മാത്രമാണ് നിലവിൽ സ്ഥാപനങ്ങളിൽ ഉള്ളത്. ഇതിൽ കായംകുളം ടൌൺ യു.പി.സ്കൂളിലെ മോണിറ്റർ ഒഴികെയുള്ളവ ഘടിപ്പിച്ചിട്ടുണ്ട്. നിർവ്വഹണോദ്യോഗസ്ഥൻ തന്നെ പ്രിൻസിപ്പലായ കായംകുളം ഗവ.എച്ച്.എസ്.എസിൽ മൂന്ന് ക്യാമറകൾ മാത്രമാണ് നിലവിലെ പ്രോജക്ടിൽ ഘടിപ്പിച്ചത്. ഇവമുൻപ് തന്നെ സ്കൂളിലുണ്ടായിരുന്ന രണ്ട് സി.സി.റ്റിവി സിസ്റ്റങ്ങളിൽ ഒന്നിന്റെ (HIKVISION ന്റെ) 16–പോർട്ട് DVR, മോണിറ്റർ എന്നിവയുമായി ഘടിപ്പിച്ച് നിലവിലുണ്ടായിരുന്ന ഇന്റർനെറ്റ് റാക്കിൽ സൂക്ഷിക്കുകയാണ് ഉണ്ടായത്. ഇവിടെ D.V.R അടങ്ങുന്ന കിറ്റ്, റാക്ക് എന്നിവ പുതിയതായി സ്ഥാപിച്ചിട്ടില്ല. ഇതൊഴികെ മറ്റ് മൂന്ന് സ്കൂളുകളിൽ DVR അടങ്ങുന്ന കിറ്റ്, റാക്ക് എന്നിവ വിതരണം ചെയ്തിട്ടുണ്ട്. സ്ഥാപിക്കപ്പെട്ട ക്യാമറകളുടെ എണ്ണം മുൻപ് തന്നെ ചേർത്തിട്ടുണ്ട്. NVR, ഇന്റർനെറ്റ് കേബിൾ എന്നിവ ഉപയോഗിച്ചിട്ടില്ലാത്തതിനാൽ POE അക്സസ് സ്വിച്ച് ആവശ്യമില്ലാത്തതും ആകയാൽ തന്നെ

ഇൻവോയ്സിൽ രേഖപ്പെടുത്തിയ അഞ്ച് 24 പോർട്ട് പി.ഒ.ഇ അക്സസ് സ്വിച്ചുകളിൽ ഒന്നുപോലും ഘടിപ്പിച്ചിട്ടില്ലാത്തതുമാണ്. ഇക്കാര്യങ്ങൾ പ്രസ്തുത സ്കൂളുകളിലെ പ്രധാനാദ്ധ്യാപകർ, സാങ്കേതിക വിദഗ്ധനെന്ന നിലയിൽ കായംകുളം ഗവ. പോളിടെക്നിക്കിലെ ഇലക്ട്രോണിക്സ് വിഭാഗം ലക്ചറർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നേരിട്ട് പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്.

പ്രസ്തുത പ്രോജക്ടിൽ ജെം വഴി ഓർഡർ നൽകിയതും (കരാറിലേർപ്പെട്ടത്) ഇൻവോയ്സിൽ രേഖപ്പെടുത്തിയതും നിലവിൽ സ്കൂളുകളിൽ സ്ഥാപിക്കപ്പെട്ടതുമായ സാധന സാമിഗ്രികളുടെ വിവരം ചുവടെ ചേർക്കുന്നു. ഇൻവോയിസ് പ്രകാരമുള്ള മുഴുവൻ തുകയും നിർവ്വഹണോദ്യോഗസ്ഥൻ വിതരണക്കാർക്ക് നൽകിയിട്ടുണ്ട്.

<u>പട്ടിക 1</u>

| ഉപകരണം | ജെം-ൽ പർച്ചേസ് ഓർഡർ നൽകിയ ഇനം,എണ്ണം | ജി.എസ്.ടി ഇൻവോയ്സിൽ രേഖപ്പെടുത്തിയ ഇനം, എണ്ണം | ഘടിപ്പിച്ചിരിക്കുന്ന സാധനങ്ങൾ |
|---|---|---|---|
| POE അക്സസ് സ്വിച്ച് | CP +24 Port Managed POE + Layer 2 Access Switch (5 എണ്ണം) | CP +24 Port Managed POE + Layer 2 Access Switch (5 എണ്ണം) | ഒന്ന് പോലും ഘടിപ്പിച്ചിട്ടില്ല . സപ്ലൈ ചെയ്യപ്പെട്ടതായി രേഖയില്ല (NVR, ഇന്റർനെറ്റ് കേബിൾ ഉപയോഗിച്ചിട്ടില്ലാത്തതിനാൽ അനാവശ്യം) |
| കേബിൾ | CP Pluss CAT 6 U/UTP Cable 4600 മീറ്റർ | CP Pluss CAT 6 U/UTP Cable 4600 മീറ്റർ | പരമാവധി 1800 മീറ്റർ Coaxial Cable |

| | | | |
|---|---|---|---|
| ഇന്റർനെറ്റ് റാക്ക് | CU Plus 4 U Rack – 6 എണ്ണം | CU Plus 4 U Rack – 6 എണ്ണം | HIKVISION റാക്ക് 3 എണ്ണം |
| ക്യാമറ, സ്റ്റോറേജ് ഡിവൈസ്, സ്ക്രീൻ എന്നിവയടങ്ങിയ കിറ്റ് | CP Plus 12 Channel NVR With Camara Kit (3840x2160) 6 എണ്ണം | CP Plus 12 Channel NVR/DVR With Camara Kit, 4K (3840x2160) 6 എണ്ണം, ക്യാമറ 24എണ്ണം, മോണിറ്റർ ഇനം വ്യക്തമാക്കിയിട്ടില്ല. പകരം 32 ക്യാമറകൾ വരെ കാണാൻ കഴിയുന്നത് എന്ന് മാത്രം രേഖപ്പെടുത്തൽ | HIKVISION(IDS- 7208HUHI-M1) DVR – 3 എണ്ണം<br>HIKVISION(DS- 2CE10DF0T. PFS , 3.6 Mm, 2mb) ബുള്ളറ്റ് ക്യാമറകൾ 21, HIKVISIONഡോം ക്യാമറ ഒന്ന്. (എല്ലാം അനലോഗ് ക്യാമറകൾ),<br>ACER V206Q 19.5" മോണിറ്റർ 3 എണ്ണം |

**<u>നഗരസഭാ ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

**<u>എ) സപ്ലൈ ചെയ്യാത്തതും ഘടിപ്പിക്കാത്തതും അനാവശ്യമായി ബില്ലിൽ മാത്രം ചേർത്തതുമായ സാധനങ്ങളുടെ വില</u>**

ഇൻവോയിസ്, കരാർ എന്നിവയിൽ രേഖപ്പെടുത്തിയതും ഘടിപ്പിക്കാത്തതും സ്റ്റോക്കിലില്ലാത്തതുമായ സാധനങ്ങളുടെ വില നൽകിയത് വഴി നഗരസഭ ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിവരം ചുവടെ ചേർക്കുന്നു. സാധനങ്ങളുടെ തരം, നിർമ്മാതാവ്, ക്വാളിറ്റി എന്നിവയിലെ വ്യതിയാനം മൂലമുള്ള നഷ്ടം ഇതിലുൾപ്പെടുന്നില്ല. ആയത് പ്രത്യേകമായി ഇതിന് ശേഷം ചേർത്തിട്ടുണ്ട്. ഇൻവോയ്സ് പ്രകാരമുള്ള മുഴുവൻ തുകയും നിർവ്വഹണോദ്യോഗസ്ഥൻ വിതരണക്കാർക്ക് നൽകിയിട്ടുണ്ട്.

**<u>പട്ടിക 2</u>**

| ക്രമ നം (1) | ഇനം (2) | ഇൻവോയിസ് പ്രകാരമുള്ള എണ്ണം (3) | ഘടിപ്പിച്ച അഥവ ഉപയോഗിച്ച എണ്ണം, അളവ് (4) | എണ്ണത്തിൽ അഥവ അളവിൽ കുറവ് (5) | ഇൻവോയിസ് പ്രകാരം ആകെ വില രൂപയിൽ (ടാക്സ് ഉൾപ്പടെ ) (6) | ഒരെണ്ണത്തിന്റെ/ യൂണിറിന്റെ/ ഒരു മീറ്ററിന്റെ വില രൂപയിൽ (7) | നഗരസഭ ഫണ്ടിനുണ്ടായ നഷ്ടം രൂപയിൽ (7)X(5) (8 ) |
|---|---|---|---|---|---|---|---|
| 1 | POE അക്സസ് സ്വിച്ച് | 5 | 0 | 5 | 76500 | 15300 | 76500 |
| 2 | കേബിൾ | 4600 M | 1800 M | 2800 M | 117530 | 25.55/M | 71540 |
| 3 | നെറ്റ്വർക്ക് റാക്ക് | 6 | 3 | 3 | 23100 | 3850 | 11550 |
| 4 | NVR, ക്യാമറ, മോണിറ്റർ കിറ്റ് | 6 | 3 | 3 | 281340 | 46890 | 140670 |
| ആകെ നഷ്ടം | | | | | | | 300260 |

അനാവശ്യവും ഉപയോഗിക്കാത്തതും സപ്ലൈ ചെയ്യപ്പെട്ടിട്ടില്ലാത്തതുമായ ഇത്രയും സാധനങ്ങൾക്ക് പണം അനുവദിക്കുക വഴി നഗരസഭാഫണ്ടിന് വ്യക്തമായ നഷ്ടം വന്ന 300260/- രൂപ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്. ഇത് ആകെ പ്രോജക്ട് ചെലവിന്റെ 59.46 ശതമാനമാണെന്നത് ക്രമക്കേടിന്റെ ഗൌരവം വ്യക്തമാക്കുന്നു.

**<u>ബി) സാധനങ്ങളുടെ തരം, നിർമ്മാതാവ്, ക്വാളിററി എന്നിവയിലെ വ്യതിയാനം മൂലമുള്ള നഷ്ടം</u>**

പട്ടിക ഒന്നിൽ പ്രതിപാദിക്കുംപ്രകാരം പർച്ചേസ് ഓഡർ, കരാർ, ഇൻവോയ്സ് എന്നിവയിൽ നിന്ന് വ്യത്യസ്തമായ സാധനങ്ങൾ ഘടിപ്പിച്ചത്/സപ്ലൈ ചെയ്തത് വഴി നഷ്ടം സംഭവിച്ചിട്ടുണ്ട്. ഓഡിറ്റ് സമയത്തെ വിപണി വിലയെ (2026 ഫെബ്രുവരിയിലെ) ആസ്പദമാക്കി നിർണ്ണയിച്ച നഷ്ടത്തിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

**<u>പട്ടിക 3</u>**

| ഇൻസ്റ്റാൾ ചെയ്ത ഇനം (1) | യൂണിറ്റ് വില (രൂപ) (2) | സ്ഥാപിച്ച എണ്ണം (3) | ആകെ വില (രൂപ) (Col 2x3) (4) | | സമാന ഇനത്തിന് ഇൻവോയിസ് പ്രകാരമുള്ള യൂണിറ്റ് വില (പട്ടിക 1 കോളം 3 ലെ ഇനം, പട്ടിക രണ്ട് കോളം 7 ലെ വില) (5) | ഇൻവോയിസ് പ്രകാരം സ്ഥാപിക്കപ്പെട്ട എണ്ണത്തിന് ഈടാക്കിയ വില (രൂപ) (Col 5X3) (6) | സ്ഥാപിച്ച ഇനങ്ങളുടെ വിലയിലെ കുറവ് / നഗരസഭ ഫണ്ടിനുണ്ടായ നഷ്ടം (രൂപ) (യൂണിറ്റിന്) (6-4) (7) |
|---|---|---|---|---|---|---|---|
| HIKVISION(IDS-7208HUHI-M1) DVR | 5860 | 3 | 17580 | മൂന്നും ചേർന്നകിറ്റിന്റെ ആകെ വില 88457 | 46890 | 140670 | 52213 |
| HIKVISION(DS-2CE10DF0T. | 2390 | 22 | 52580 | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| PFS, 3.6 Mm, 2mb) ബുള്ളറ്റ് ക്യാമറകൾ 21, HIKVISIONഡോം ക്യാമറ ഒന്ന്. (അനലോഗ് ക്യാമറകൾ) | | | | രൂപ | | | |
| ACER V206Q 19.5" മോണിറ്റർ | 6099 | 3 | 18297 | | | | |
| HIKVISION Coaxial Cable | 13.33/M | 1800 | 23994 | | 25.55/M | 45990 | 21996 |
| ആകെ | | | | | | | 74209 |

(ജെം-പർച്ചേസ് ഓർഡറിൽ ക്യാമറകളുടെ എണ്ണം കൃത്യമായി പറഞ്ഞിട്ടില്ലാത്തതിനാൽ സ്ഥാപിച്ചിരിക്കുന്ന ഉപകരണങ്ങളുടെ മോഡൽ ഇന്റർനെറ്റിൽ സേർച്ച് ചെയ്ത് നിർമ്മാതാക്കളുടെ വെബ്സൈറ്റ്, ഓൺലൈൻ സൈറ്റുകൾ എന്നിവയും പരിശോധിച്ച് ഇവയടങ്ങുന്ന യൂണിറ്റിന്റെ ആകെ വില കണക്കാക്കി താരതമ്യം ചെയ്താണ് നഷ്ടം നിജപ്പെടുത്തിയത്. ഇന്റർനെറ്റ് റാക്കിന്റെ വില താരതമ്യേന കുറവായതിനാലും അതിന്റെ സ്പെസിഫിക്കേഷൻ വ്യക്തമല്ലാത്തതിനാലും ആയിനത്തിലെ നഷ്ടം കണക്കാക്കിയിട്ടില്ല. ഇതിന്റെ സ്ക്രീൻഷോട്ടുകൾ, ഉപകരണങ്ങളുടെ മോഡൽ എന്നിവയിൽ വ്യക്തത വരുത്തുന്നതിനായി സ്കൂളുകളിൽ നേരിട്ടെത്തി സാങ്കേതിക വിദഗ്ധന്റെ സഹായത്തോടെ ശേഖരിച്ച ചിത്രങ്ങൾ കൂടി ഇതോടൊപ്പം ചേർക്കുന്നു.)

<u>ക്യാമറയുടെ വില താരതമ്യത്തിനായി ശേഖരിച്ച വിവരങ്ങൾ</u>


07:16
techfinder
0
17%
HIKVISION
DS-2CE10DF0T-PFS
2MP COLOUR VU AUDIO BULLET CAMERA
HIKVISION
ColorVu
ORDER ONLINE
Hikvision
Hikvision DS-2CE10DF0T-PFS 2Mp ColourVU Audio Bullet Camera
No reviews


07:11
Hikvis...
Search IndiaMART
Hikvision DS-2CE10DF0T-PFS Bullet Camera
A B C Electronics
Bengaluru
₹ 1,400/Piece
3.7 (3)
1/3
HIKVISION
ColorVu
Product Specifications
Call for Best Deal
Camera Resolution
2 MP
Camera Technology
IP Camera
Brand
Hikvision


07:16
Hikvis...
Notifications blocked
OK
Key Features
• High quality imaging with 2 MP, 1920 × 1080 resolution
• 24/7 color imaging with F1.0 aperture
• 3D DNR technology delivers clean and sharp images
• 2.8 mm, 3.6 mm fixed focal lens
• Up to 20 m white light distance for bright night imaging
• High quality audio with audio over coaxial cable, built-in mic
• One port for four switchable signals (TVI/AHD/CVI/CVBS)
• Water and dust resistant (IP67)
Rs. 2,390.00


07:16
Hikvis...
Notifications blocked
OK
DS-2CE10DF0T-PFS
2MP ColorVu Audio Fixed Mini Bullet Camera
Key Features
• High quality imaging with 2 MP, 1920 × 1080 resolution
• 24/7 color imaging with F1.0 aperture
• 3D DNR technology delivers clean and sharp images
• 2.8 mm, 3.6 mm fixed focal lens
• Up to 20 m white light distance for bright night imaging
• High quality audio with audio over coaxial cable, built-in mic
• One port for four switchable sign
(TVI/AHD/CVI/CVBS)
• Water and dust resistant (IP67)


07:11
Hikvis...
Search IndiaMART
Hikvision DS-2CE10DF0T-PFS Bullet Camera
A B C Electronics
Bengaluru
₹ 1,400/Piece
3.7 (3)
1/3
HIKVISION
ColorVu
Product Specifications
Call for Best Deal
Camera Resolution
2 MP
Camera Technology
IP Camera
Brand
Hikvision




നിലവിലെ വിപണിവിലയെ അടിസ്ഥാനമാക്കി അതിൽ തന്നെ വിവിധ സൈറ്റുകളിൽ ദൃശ്യമായതിൽ ഉയർന്നവില തന്നെ താരതമ്യത്തിനായി സ്വീകരിച്ചതിനാലും 2025 ജനവരിയിൽ ഇത് വാങ്ങുന്ന സമയത്ത് വില ഇതിലും കുറഞ്ഞിരിക്കാനിടയുണ്ടെന്നതിനാലും ഈ വാങ്ങൽ വഴിയുണ്ടായ കൃത്യമായ നഷ്ടം നിജപ്പെടുത്തുന്നതിന് പരിമിതികൾ ഉണ്ട്. ആകയാൽ ഇൻവോയ്സ് തീയതിയിലെ വിപണി വില എത്രയെന്ന് കണക്കാക്കി നഷ്ടം നിജപ്പെടുത്തി ഈടാക്കുന്നതിന് വകുപ്പ്തലത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്.

നിർവ്വഹണോദ്യോഗസ്ഥനായ പ്രിൻസിപ്പൽ നൽകിയ വിവരം അനുസരിച്ച് വിതരണ കരാർ എടുത്ത് ആൻടിക്കോം സിസ്റ്റംസ് എന്ന സ്ഥാപനം തന്നെയാണ് ഇൻസ്റ്റലേഷനും നിർവ്വഹിച്ചത്. ഇൻവോയിസിൽ

രേഖപ്പെടുത്തിയ സാധനങ്ങൾക്ക് പകരം അളവിലും, എണ്ണത്തിലും കുറഞ്ഞതും വ്യത്യസ്ത ബ്രാന്റിലും താഴ്ന്ന സ്പെസിഫിക്കേഷനിലും ഉള്ള സാധനസാമഗ്രികൾ പ്രസ്തുത സ്ഥാപനം സപ്ളൈ ചെയ്തു എന്നാണ് വ്യക്തമാകുന്നത്. ഉദാഹരണമായി ആൻട്രികോം സിസ്റ്റംസ് ന്റെ 30.1.2025 ലെ ACS/12760/23-24 എന്ന 281340 രൂപയുടെ GST ഇൻവോയിസിൽ CP Plus 12 Channel NVR/DVR With Camera Kit ആറ് എണ്ണത്തിന്റെ വില രേഖപ്പെടുത്തിയിരിക്കുന്നതിനൊപ്പം മൂന്ന് ഡി.വി.ആർ, 22 ക്യാമറകൾ എന്നിവയുടെ സീരിയൽ നമ്പറുണ്ട്. ഈ സീരിയൽ നമ്പറുകളെല്ലാം യഥാർത്ഥത്തിൽ HIKVISION എന്ന നിർമ്മാതാക്കളുടെ പ്രോഡക്ടിന്റേതാണ്. കൂടാതെ കൃഷ്ണപുരം ഗവ യു.പി.എസിൽ ഹെഡ് മാസ്റ്ററിന്റെ മുറിക്ക് മുന്നിൽ സ്ഥാപിച്ചിരിക്കുന്ന HIKVISION 2Mb ക്യാമറയുടെ സീരിയൽ നമ്പർ Fn 7874458 ആണ്. ഈ സീരിയൽ നമ്പറാണ് CP Plus ക്യാമറയുടേതെന്ന നിലയിൽ പ്രസ്തുത ഇൻവോയിസിൽ ക്രമനം. 21 ആയി ചേർത്തിരിക്കുന്നത്. അതുപോലെ ഇതേ സ്കൂളിൽ സ്ഥാപിച്ച HIKVISION DVR ന്റെ സീരിയൽ നമ്പറായ Ft 6914044 തന്നെ CP Plus ന്റേത് എന്ന നിലയിൽ ഇൻവോയ്സിൽ ചേർത്തിരിക്കുന്നു. മാത്രമല്ല ജെം പോർട്ടൽ വഴി കരാറിലേർപ്പെട്ട് പർച്ചേസ് ഓഡർ നൽകിയത് NVR ന് ആണെങ്കിലും ഇൻവോയിസിൽ NVR/DVR എന്ന് രേഖപ്പെടുത്തി. ആകയാൽ വിതരണസ്ഥാപനത്തിന്റെ ബില്ല് പൂർണ്ണമായും ശരിയല്ലെന്ന് വ്യക്തമാകുന്നു. ആകയാൽ വ്യാജബിൽ ചമക്കുകയും വിതരണത്തിൽ കൃത്രിമം കാട്ടുകയും ജെം വഴിയുള്ള കരാർ ലംഘിക്കുകയും ചെയ്ത ആൻട്രികോം എന്ന സ്ഥാപനത്തെ ജെം പോർട്ടലിൽ നിന്ന് നീക്കി കരിമ്പട്ടികയിൽ പെടുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ ഇൻവോയിസ് തീയതിക്ക് തൊട്ടടുത്ത ദിവസം തന്നെ സാധനങ്ങളുടെ സ്റ്റോക്ക് എൻട്രി നടത്താതെ പണം നൽകിയെന്ന് ഇൻവോയിസ്, ട്രഷറി എന്നിവയുടെ ബിൽ തീയതികൾ പരിശോധിച്ചാൽ വ്യക്തമാകുന്നതാണ്. സ്റ്റോക്കിൽ 22 ക്യാമറകൾ ഒഴികെ ഒന്നുംതന്നെ രേഖപ്പെടുത്തിയിട്ടില്ല. നിർവ്വഹണോദ്യോഗസ്ഥന്റെ മുറിക്ക് മുന്നിൽ സ്ഥാപിച്ച ക്യാമറ പോലും ഇൻവോയിസിൽ രേഖപ്പെടുത്തിയതും അദ്ദേഹം തന്നെ ജെം വഴി തെരഞ്ഞെടുത്ത് ഓഡർ നൽകിയതുമല്ല എന്ന് പ്രഥമദൃഷ്ട്യാ ബോദ്ധ്യമാകുന്നതാണ്. പ്രിൻസിപ്പൽ കൂടിയായ നിർവ്വഹണോദ്യോഗസ്ഥന്റെ മുറിയൽ മുൻപ് ഉണ്ടായിരുന്ന DVR, മോണിറ്റർ എന്നിവയോട് ക്യാമറകൾ ബന്ധിപ്പിച്ചതല്ലാതെ അദ്ദേഹം ഓഡർ നൽകിയ NVR, POE സ്വിച്ച് എന്നിവ

ഉപയോഗിച്ചിട്ടില്ല എന്നും നിർവ്വഹണോദ്യോഗസ്ഥന് പ്രത്യേക സാങ്കേതിക പരിശോധന കൂടാതെ അറിയാൻ കഴിയും. പരമാവധി 127851 രൂപ മൂല്യമുള്ള ഉപകരണങ്ങൾ/സാമിഗ്രികൾ മാത്രമാണ് സ്കൂളുകൾക്ക് യഥാർത്ഥത്തിൽ ലഭിച്ചത്. ഇത് ചെലവിന്റെ 25.65 ശതമാനം മാത്രമാണ്. 498470രൂപ ചെലവഴിക്കപ്പെട്ട പ്രോജക്ടിൽ 296410/-രൂപയുടെ ക്രമക്കേട് നിർണ്ണയിക്കപ്പെട്ടതിൽ നിന്നും നിർവ്വഹണോദ്യോഗസ്ഥന്റെ അറിവോടെ കൂടി വ്യാജ ഇൻവോയ്സ് ചമച്ച്, ഉപകരണങ്ങൾ മാറ്റി ധനാപഹരണം നടത്തി എന്നത് സ്പഷ്ടമാണ്. കൂടാതെ നഷ്ടം നിർണ്ണയിക്കുന്നതിന് കൂടുതൽ പരിശോധന ആവശ്യമായും വരുന്നു.

അപാകങ്ങൾ ചൂണ്ടിക്കാട്ടി 29.1.26, 7.2.26 തീയതികളിൽ യഥാക്രമം 21/24-25, 52/24-25 നമ്പർ ഓഡിറ്റ് എൻക്വയറികൾ നൽകിയതിന് മൂന്ന് സ്കൂളുകളിലാണ് സിസ്റ്റം സ്ഥാപിച്ചതെന്നും ഗവ. ബോയ്സ് എച്ച്.എസ്.എസിൽ മൂന്ന് ക്യാമറകൾ നിലവിലുള്ള സിസ്റ്റത്തോട് കൂട്ടിച്ചേർക്കുക മാത്രമാണ് ചെയ്തതെന്നും നിർവ്വഹണോദ്യോഗസ്ഥൻ തന്നെ സമ്മതിച്ചിട്ടുണ്ട്. ആൻടികോമിന് കത്തയച്ചു എന്നതല്ലാതെ മറ്റ് നടപടികൾ ഒന്നും നിർവ്വഹണോദ്യോഗസ്ഥൻ സ്വീകരിച്ചിട്ടുമില്ല.

ആകയാൽ നഗരസഭ ഫണ്ടിന് നഷ്ടമായ 296410/- രൂപ ജെം വഴി ഓഡർ നൽകുകയും ബിൽ തുക മാറി നൽകുകയും ചെയ്ത നിർവ്വഹണോദ്യോഗസ്ഥനായ കായംകുളം ഗവ. ബോയ്സ് എച്ച്.എസ്.എസ് പ്രിൻസിപ്പലിൽ നിന്ന് തിരികെ ഈടാക്കേണ്ടതും അദ്ദേഹം ധനാപഹരണത്തിൽ പ്രഥമ ദൃഷ്ട്യാ പങ്കാളിയായ സാഹചര്യത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിനെ (ഹയർ സെക്കന്ററി വിഭാഗം) അറിയിച്ച് യുക്തമായ വകുപ്പ് തല നടപടി സ്വീകരിക്കേണ്ടതുമാണ്.

പ്രവൃത്തി ഈ സ്ഥാപനത്തിന് തന്നെ ലഭിക്കത്തക്ക വിധം ടെണ്ടർ നടപടികളും ജെം ലെ ബിഡും ഒഴിവാക്കി പലതായി മുറിച്ച് പ്രസ്തുത സ്ഥാപനം നിർദ്ദേശിച്ചപ്രകാരം ആവശ്യകതപോലും വ്യക്തമായി കണക്കാക്കാതെ പർച്ചേസ് നടത്തുകയായിരുന്നു എന്ന് വ്യക്തമാകുന്നു. നിർവ്വഹണോദ്യോഗസ്ഥന്റെ തന്നെ നിയന്ത്രണത്തിലുള്ള കായംകുളം ഗവ.ബോയ്സ് എച്ച്.എസ്.എസിൽ മുൻപ് തന്നെ രണ്ട് സെറ്റ് സി.സി.റ്റി.വി സിസ്റ്റങ്ങൾ സ്ഥാപിക്കപ്പെട്ടിരുന്നു. ഇതിൽ 22 ക്യാമറകളും പ്രവർത്തിച്ച് വന്നിരുന്നു. അതിന് പുറമേയാണ് 3 ക്യാമറകൾ നിലവിലുള്ള DVR നോടും മോണിറ്ററിനോടും ചേർത്ത് സ്ഥാപിച്ചത്. ഈ മൂന്ന് ക്യാമറകളും പ്രിൻസിപ്പലിന്റെ

മുറിക്ക് മുൻവശം സ്റ്റെയറിലേക്കും പ്രിൻസിപ്പലിന്റെ മുറിയിലേക്കും ദർശനമായാണ് സ്ഥാപിച്ചത്. പ്രസ്തുത മുറിയുടെ വരാന്ത മുഴുവനായും ദൃശ്യമാകും വിധം മറ്റ് മൂന്ന് ക്യാമറകൾ മുൻപ് തന്നെ സ്ഥാപിക്കപ്പെട്ടിരുന്നു. ദൃശ്യങ്ങൾ കാണാനുള്ള സ്ക്രീൻ പ്രിൻസിപ്പലിന്റെ മുറിയിൽ തന്നെയാണ് സ്ഥാപിച്ചിരിക്കുന്നത്. പ്രിൻസിപ്പലിന്റെ നേരിട്ടുള്ള ശ്രദ്ധ പതിയുന്നഭാഗത്ത് ക്യാമറകൾ സ്ഥാപിക്കുകയും അകലത്തിലുള്ള ലാബുൾപ്പടെ പ്രവർത്തിക്കുന്ന കെട്ടിടത്തിലും സ്കൂൾ ഗ്രൌണ്ടിന്റെ റോഡിന് അഭിമുഖമായ ഭാഗങ്ങളിലും അത് സ്ഥാപിക്കാതിരിക്കുകയും ചെയ്തതിന്റെ കാരണം വ്യക്തമല്ല. സ്ഥാപനത്തെ മൊത്തം സി.സി.റ്റി.വി നിയന്ത്രണത്തിലാക്കാനുള്ള സാദ്ധ്യത ഉപയോഗിക്കാതെ നിലവിൽ പൂർണ്ണ നിരീക്ഷണമുള്ള നിലയിൽ തന്നെ ഇത് സ്ഥാപിച്ചത് അനാവശ്യമാണ്. നിലവിൽ രണ്ട് മീറ്ററിൽ താഴെ ചുറ്റളവിൽ പുതിയതും പഴയതുമായി ആകെ 4 ക്യാമറകൾ ഉണ്ട്. ഇത് കൂടാതെ ഇതേ വരാന്ത നിരീക്ഷിക്കാൻ മറ്റ് രണ്ട്ക്യാമറകൾ കൂടിയുണ്ട്. 360 ഡിഗ്രി സർവൈലൻസ് ഉള്ള ഒരു ക്യാമറ കൊണ്ട് നിരീക്ഷിക്കാവുന്ന സ്ഥലത്താണ് പ്രസ്തുത 4 ക്യാമറകൾ സ്ഥാപിച്ചിരിക്കുന്നത്.

പ്രോജക്ട് വിഭാവനം, നടത്തിപ്പ് എന്നിവയിലെ അപാകങ്ങൾ, വാറന്റി നഷ്ടം മുതലായവ ചുവടെ പ്രതിപാദിക്കുന്നു.

**1) <u>പ്രോജക്ട് വിഭാവനം ചെയ്തതിലെ അപാകം</u>**

സ്കൂളുകളിൽ സി.സി.റ്റി.വി സ്ഥാപിക്കുന്നതിനായി വിഭാവനം ചെയ്ത ഈ പ്രോജക്ടിൽ വിവിധ സ്കൂളുകളിൽ നിന്നുള്ള ആവശ്യകത അന്വേഷിക്കാതെ ഏതൊക്കെ സ്കൂളിൽ ഏതൊക്കെ ഉപകരണങ്ങൾ ഏത് സ്പെസിഫിക്കേഷനിലുള്ളവ സ്ഥാപിക്കണമെന്ന് ഉറപ്പാക്കാതെ 25 സി.സി.റ്റി.വി ക്യാമറകൾ എന്ന് മാത്രം രേഖപ്പെടുത്തി പ്രോജക്ട് തയ്യാറാക്കുകയായിരുന്നു.

**2) <u>പ്രോജക്ട് നടത്തിപ്പിലെ അപാകം</u>**

സി.സി.റ്റി.വി സ്ഥാപിക്കുക എന്നത് സാധന സേവന ഘടകങ്ങൾ (Goods & Sarvice) ഉൾക്കൊള്ളുന്ന ഒരു പ്രവൃത്തിയാകയാൽ വ്യക്തമായ ഒരു എസ്റ്റിമേറ്റ് തയ്യാറാക്കി ടെന്റർ ചെയ്താണ് ഇത് നടപ്പാക്കേണ്ടിയിരുന്നത്. പ്രോജക്ടിന്റെ അടങ്കൽ അഞ്ച് ലക്ഷം രൂപയാകയാൽ ഇത് ഇ-ടെന്റർ ആവശ്യമായ ഒരു പ്രവൃത്തിയും ആയിരുന്നു. എന്നാൽ പ്രൊക്യൂർമെന്റ് നടപടികൾ വഴി ഇതിനാവശ്യമായ വിവിധ ഘടകങ്ങൾ ജെം (GeM) പോർട്ടൽ വഴി

വാങ്ങുകയാണ് ചെയ്തത്. സ്ഥാപിക്കൽ സംബന്ധിച്ച് പ്രത്യേക വ്യവസ്ഥ ഉണ്ടായിരുന്നില്ല. ടെക്നിക്കൽ എക്സ്പർട്ട് അല്ലാത്ത പ്രിൻസിപ്പൽ ഇതിനാവശ്യമായ അളവിലും സ്പെസിഫിക്കേഷനിലും ഉള്ള ക്യാമറ, POE സ്വിച്ച്, സ്ക്രീൻ എന്നിവ അടക്കമുള്ള ഉപകരണങ്ങൾ, ആവശ്യമായ അളവിൽ കേബിൾ എന്നിവ എങ്ങനെ കണക്കാക്കി എന്നത് വ്യക്തമല്ല. ഏതെങ്കിലും തരത്തിൽ ഇലക്ട്രോണിക് വിഭാഗത്തെക്കൊണ്ട് എസ്റ്റിമേറ്റ് എടുപ്പിച്ചതായും ഫയൽ പരിശോധനയിൽ കാണുന്നില്ല. എല്ലാ ഘടകങ്ങളും ആന്ട്രികോം എന്ന ഒറ്റ വിതരണക്കാരിൽ നിന്നാണ് ജെം വഴി വാങ്ങിയിരിക്കുന്നത്. അവർതന്നെ ഇതിന്റെ സ്ഥാപിക്കലും നടത്തിയതായാണ് വ്യക്തമാകുന്നത്. ഇതിൽ നിന്നും ആൻട്രികോം എന്ന സ്ഥാപനം വഴി ഈ പ്രോജക്ട് നടപ്പാക്കാൻ നിർവ്വഹണോദ്യോഗസ്ഥനും പ്രസ്തുത സ്ഥാപനവുമായി മുൻധാരണയിലെത്തിയശേഷം പ്രവൃത്തി ഈ സ്ഥാപനത്തിന് തന്നെ ലഭിക്കത്തക്ക വിധം ടെന്റർ നടപടികളും ജെം ലെ ബിഡ്ഡും ഒഴിവാക്കി പലതായി മുറിച്ച് പ്രസ്തുത സ്ഥാപനം നിർദ്ദേശിച്ച പ്രകാരം ആവശ്യകത പോലും വ്യക്തമായി കണക്കാക്കാതെ പർച്ചേസ് നടത്തുകയായിരുന്നു എന്ന് വ്യക്തമാകുന്നു.

**3) <u>പർച്ചേസ് നടപടികളിലേയും സാധന വിതരണത്തിലേയും അപാകം</u>**

ജെം പോർട്ടലിലെ കംപാരിസൺ സ്റ്റേറ്റ്മെന്റ്, സ്ഥാപനം ലഭ്യമാക്കിയ ബില്ലുകൾ എന്നിവയിൽ CP Plus എന്ന നിർമ്മാതാക്കളുടെ ക്യാമറയും മറ്റ് ഉപകരണങ്ങളും വിതരണം ചെയ്യുന്നതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ജെം വഴി ഓഡർ നൽകിയപ്പോൾ ക്യാമറകളുടെ എണ്ണം കൃത്യമായി രേഖപ്പെടുത്തിയില്ല. പ്രോജക്ടിൽ 25 ക്യാമറ എന്ന് പറഞ്ഞപ്പോഴും ജെം-ൽ ആ ആവശ്യം നൽകിയില്ല. ക്യാമറകളുടെ സ്പെസിഫിക്കേഷൻ, സ്ക്രീനിന്റെ സ്പെസിഫിക്കേഷൻ എന്നിവയും വ്യക്തമാക്കിയില്ല. എല്ലാ സ്കൂളിലും സ്ഥാപിച്ചിരിക്കുന്നത് HIKVISION എന്ന നിർമ്മാതാക്കളുടെ ഉപകരണങ്ങളാണ്. സ്കൂളുകളിലായി സ്ഥാപിച്ച 22 ക്യാമറകളൊഴികെ മറ്റ് സാധനങ്ങളൊന്നും സ്റ്റോക്കിലെടുത്തിട്ടില്ല. ക്യാമറകളുടെ സീരിയൽ നമ്പർ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് സമയത്ത് പരിശോധിക്കുമ്പോൾ HIKVISIONന്റെ സി.സി.റ്റി.വി ക്യാമറ, അനുബന്ധ ഉപകരണങ്ങൾ എന്നിവ ജെം പോർട്ടലിൽ ലഭ്യമല്ല. ക്വാട്ട് ചെയ്ത് ജെം വഴി കരാറിലേർപ്പെട്ടതും ബില്ലിൽ രേഖപ്പെടുത്തിയതുമല്ലാത്ത ഉപകരണങ്ങൾ സ്ഥാപിച്ചിട്ടും നിർവ്വഹണോദ്യോഗസ്ഥൻ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ജെം

പോർട്ടലിലില്ലാത്ത സാധനങ്ങൾ വാങ്ങുന്നതിന ആൻടികോം എന്ന സ്ഥാപനവും നിർവ്വഹണോദ്യോഗസ്ഥനും തമ്മിൽ നിയമവിരുദ്ധമായ ധാരണയിലെത്തിയെന്ന് ഇതിൽ നിന്ന് വ്യക്തമാകുന്നു. ജെം പോർട്ടലിൽ നിലവിലില്ലാത്ത ഉപകരണങ്ങൾ ജെം പോർട്ടലിനെ മറയാക്കിവാങ്ങുകയും ബില്ലിൽ കൃത്രിമം നടത്തുകയും സാധനങ്ങളുടെ പകുതി പോലും സപ്ലൈ ചെയ്യുകയോ ഉപയോഗിക്കുകയോ ചെയ്യാതെ പണാപഹരണം നടത്തുകയുമായിരുന്നു എന്നും വ്യക്തമാണ്.

നാല് സ്കൂളുകളിൽ ക്യാമറകൾ സ്ഥാപിക്കാൻ പരമാവധി 4 POE സ്വിച്ചും അത്രതന്നെ റാക്ക് നെറ്റവർക്കും മതിയാകുമെന്നിരിക്കെ അഞ്ച് POE സ്വിച്ചും ആറ് റാക്കും വാങ്ങാനായി ജെം ൽ പർച്ചെസ് ഓഡർ നൽകിയതിന്റെ സാംഗത്യം വ്യക്തമല്ല. NVR ന് പകരം DVR ഉപയോഗിച്ചതിനാൽ ഒരു POE സ്വിച്ച് പോലും ഉപയോഗിക്കുകയോ സ്റ്റോക്കിലെടുക്കുകയോ ചെയ്തിട്ടില്ല. പരമാവധി ആകെ 1800 മീറ്റർ കേബിൾ ആവശ്യമുള്ളിടത്ത് 4600 മീറ്ററിനാണ് ഓർഡർ നൽകിയത്.

**<u>4) ഗ്യാരന്റി നഷ്ടം</u>**

CU Plus ക്യാമറ, ഡി.വി.ആർ/എൻ.വി.ആർ, സ്ക്രീൻ മുതലായവക്ക് രണ്ട് വർഷമാണ് വാറന്റി ജെം വഴി ഉറപ്പിക്കുകയും കരാറാക്കുകയും ചെയ്തിരിക്കുന്നത്. ഇതേ ഇനം തന്നെ ബില്ലിൽ ചേർത്തശേഷം HIKVISION ന്റെ ഉപകരണങ്ങൾ സ്ഥാപിക്കുകവഴി ഉപകരണങ്ങളുടെ ഗ്യാരന്റിയും നഷ്ടമായി.

**5) <u>ജി.എസ്.റ്റി ഉൽഭവത്തിൽ കുറവ് ചെയ്തില്ല, ബില്ലിലും പൊരുത്തക്കേടുകൾ</u>**

498470 രൂപ ചെലവഴിച്ച് ഒരേ സ്ഥാപനത്തിൽ നിന്ന് ഒരൊറ്റ ദിവസമാണ് ഈ വാങ്ങലുകൾ നടത്തിയത്. എന്നിട്ടും ബില്ലിൽ നിന്ന് രണ്ട് ശതമാനം ചരക്ക് സേവന നികുതി ഉൽഭവത്തിൽ കുറവ് ചെയ്തില്ല. ബില്ലിൽ ഇ-വേ ബില്ലിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല. ഇ- വേ ബിൽ കോപ്പിയും ഫയലിൽ ഇല്ല. സ്ഥാപനം സപ്ലേ ചെയ്യാത്ത ഇനത്തിനാണ് ബിൽ തയ്യാറാക്കിയിരിക്കുന്നത്. പ്രിൻസിപ്പൽ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ നികുതികൾ ഉൽഭവത്തിൽ കുറവ് ചെയ്യാതിരുന്നത് സംബന്ധിച്ച് മുൻവർഷങ്ങളിലും ഓഡിറ്റ്

ചൂണ്ടിക്കാട്ടിയിരുന്നെങ്കിലും അപാകം ആവർത്തിച്ചു.

**<u>സെക്രട്ടറി, ഭരണ സമിതി എന്നിവരോടുള്ള ശുപാർശ</u>**

നഗരസഭാഫണ്ടിനുണ്ടായ നഷ്ടം 296410/- രൂപ നിർവ്വഹണോദ്യോഗസ്ഥനായ പ്രിൻസിപ്പലിൽ നിന്ന് ഈടാക്കേണ്ടതാണ്. നടപടിക്രമങ്ങൾ പാലിക്കാതെയും ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കാതെയും ആൻടികോം എന്ന സ്ഥാപനത്തിന് അധിക തുക അനുവദിച്ച നിർവ്വഹണോദ്യോഗസ്ഥനുമേൽ യുക്തമായ അന്വേഷണം വകുപ്പ് തലത്തിലും മറ്റ് അന്വേഷണ ഏജൻസികൾ മുഖേനയും നടത്തുന്നതിന് നഗരസഭ കൌൺസിൽ നടപടി സ്വീകരിക്കേണ്ടതും പൊതുവിദ്യാഭ്യാസവകുപ്പിനെ വിവരം അറിയിക്കേണ്ടതുമാണ്. മുൻവർഷങ്ങളിൽ നടത്തിയ പ്രോജക്ടുകളിൽ സമാനമായ ക്രമക്കേട് നടന്നിരിക്കുവാനുള്ള സാധ്യത മുൻനിർത്തി സമഗ്രമായ അന്വേഷണം നഗരസഭയുടെ ഭാഗത്ത് നിന്ന് ഉണ്ടാകേണ്ടത് അനിവാര്യമാണ്. എഗ്രിമെന്റിലും ബില്ലിലും പറയാത്ത സാധനം സപ്ലൈ ചെയ്യുകയും ഇൻവോയിസിൽ കൃത്രിമം കാട്ടുകയും കരാർ ലംഘനം നടത്തുകയും ചെയ്ത ആൻടികോം സിസ്റ്റംസ് (ഇന്ത്യ) പ്രൈ. ലിമിറ്റഡ് എന്ന സ്ഥാപനത്തിനെതിരെ നിയമനടപടികളും പ്രസ്തുത സ്ഥാപനത്തെ ജെം പോർട്ടലിൽ നിന്ന് നീക്കം ചെയ്യുന്നതിനായി ശിപാർശ ചെയ്യുന്നതിനും സ്ഥാപനത്തെ കരിമ്പട്ടികയിപ്പെടുത്തുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കുന്നതിനും നഗരസഭ നടപടി സ്വീകരിക്കേണ്ടതാണ്.

**<u>3-2 എസ്.പി.സി കൾക്ക് ബാന്റ് സെറ്റ് - ഇൻവോയിസിൽ രേഖപ്പെടുത്തിയ സാധനങ്ങൾ സ്റ്റോക്കിലില്ല. അഭ്യസിപ്പിക്കാനാളില്ലാതെ ഉപകരണങ്ങൾ നശിക്കുന്നു</u>**

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | അടങ്കൽ (രൂപ) | ചെലവ് (രൂപ) | വൌച്ചർ, ബിൽ റഫ. നം/തീയതി |
|---|---|---|---|---|
| എസ് 166/25 | ഹൈസ്കൂളിൽ എസ്.പി.സികൾക്ക് | 299539 (റോഡിതര | 299539 | 1062036/19.12.24 214763രൂപ |

| | | | | |
|---|---|---|---|---|
| | ബാന്റ് സെറ്റ് വാങ്ങൽ | സംരക്ഷണ ഗ്രാന്റ്) | | 1062046/19.12.24<br>32626 രൂപ<br>1062040/19.12.24<br>32400 രൂപ<br>1062048/19.12.25<br>19750 രൂപ |

പ്രിൻസിപ്പൽ നിർവ്വഹണം നടത്തിയ "ഹൈസ്കൂളിൽ എസ്.പി.സികൾക്ക് ബാന്റ് സെറ്റ് വാങ്ങൽ "പ്രോജക്ട് മുഖേന വാങ്ങിയ ഉപകരണങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ ബിൽ നം/തീയതി | വാങ്ങിയ സാധനങ്ങൾ |
|---|---|
| ACS/12662/23-24; 18.12.24 | ബാന്റ് സെറ്റ് കിറ്റ് 26 എണ്ണം |
| ACS/12663/23-24; 17.12.24 | 24 ഇഞ്ച് ബ്രാസ് ഡ്രം 15 എണ്ണം |
| ACS/12661/23-24; 17.12.24 | ബ്രാസ് യൂഫോണിയം മാർച്ചിംഗ് 4 എണ്ണം |

| | |
|---|---|
| ACS/12664/23-24; 17.12.24 | ബ്രാസ് ബാന്റ് 5 എണ്ണം |

വിതരണ രജിസ്റ്റർ പ്രകാരം 13 ബാന്റ് സെറ്റ് കിറ്റ്, 2 യൂഫോണിയം, 3 ട്രംപറ്റ് എന്നിവ ഗവ.ബോയ്സ് ഹൈസ്കൂളിന് നിർവ്വഹണോദ്യോഗസ്ഥൻ കൈമാറിയിയതായും 13 ബാന്റ് സെറ്റ് കിറ്റ്, 2 യൂഫോണിയം, 2 ട്രംപറ്റ് എന്നിവ കായംകുളം ബോയ്സ് ഹയർ സെക്കന്ററി സ്കൂളിൽ സൂക്ഷിച്ചിരിക്കുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്. പ്രോജക്ട് പ്രകാരം വാങ്ങിയ 2 ബ്രാസ് യൂഫോണിയം മാർച്ചിംഗ്, 3 ട്രംപെറ്റ് എന്നിവ ഗവ.ഗേൾസ് ഹൈസ്കൂളിന് നൽകി. 10.2.2026 ൽ പ്രസ്തുത സ്കൂളുകളിൽ നേരിട്ടെത്തി പരിശോധിച്ചതിൽ ഭൂരിഭാഗം ഉപകരണങ്ങളും സ്റ്റോക്കിലില്ല. എന്നാൽ ഗവ.ഗേൾസ് ഹൈസ്കൂളിൽ നിലവിൽ 5 യൂഫോണിയം, 7 ഡ്രംപെറ്റ്, 2 വലിയ സ്റ്റീൽ ഡ്രം എന്നിവ കണ്ടെത്തുകയും ചെയ്തു. പഴയ ഉപകരണങ്ങളും സ്കൂളിൽ ഉണ്ടായിരുന്നു എന്ന് ബോദ്ധ്യമായെങ്കിലും (എച്ച്. എം ന്റെ കൂടി സാന്നിദ്ധ്യത്തിൽ പരിശോധിച്ചാണ് പഴയ ഉപകരണങ്ങൾ തിരിച്ചറിഞ്ഞത്) അവയുടെയും സ്റ്റോക്ക് വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. പഴയ ഉപകരണങ്ങൾ ഏതൊക്കെയാണെന്ന് പ്രത്യേകം ചോദിച്ചറിഞ്ഞും ഗവ.ഗേൾസ് ഹൈസ്കൂൾ എച്ച്.എം. എന്നിവരുമായി സംവേദിച്ചതിൽ നിന്നും മേൽ സൂചിപ്പിച്ച സ്റ്റോക്കിലുള്ള ഉപകരണങ്ങൾ മാത്രമാണ് 2024-25 വർഷം സപ്ലൈ ചെയ്യപ്പെട്ടത് എന്ന് വ്യക്തമായിട്ടുണ്ട്. മേൽപ്പറഞ്ഞ ഇൻവോയ്സ് പ്രകാരം വാങ്ങിയതും നിലവിൽ സ്റ്റോക്കിലുള്ളതുമായ ഉപകരണങ്ങൾ, ഉപകരണങ്ങളുടെ കുറവ് മൂലം ഉണ്ടായ നഷ്ടം എന്നിവയുടെ വിവരം ചുവടെ ചേർക്കുന്നു.ഇത്തരം 26 സെറ്റിന് ഓർഡർ നൽകിയതും സപ്ലൈ ചെയ്തതായി ഇൻവോയ്സിൽ ചേർത്തിരിക്കുന്നതും. പ്രോഡക്ടുകൾ സപ്ലൈ ചെയ്തതിന്റെ ഇ-വേ ബിൽ നമ്പർ ഇൻവോയ്സിൽ ചേർത്തിട്ടില്ല.

| ഉപകരണങ്ങൾ ( ഇനം) | ഇൻവോയിസ് പ്രകാരം എണ്ണം | നിലവിൽ സ്റ്റോക്കിലുള്ള എണ്ണം | കുറവ് (എണ്ണം) | ആകെ വില, നികുതി | യൂണിറ്റ് വില, നികുതി | കുറവ് വന്ന ഉപകരണങ്ങളുടെ വില/നഗരസഭ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | (GGHS + GBHSS) | | ഉൾപ്പടെ (രൂപ) | ഉൾപ്പടെ (രൂപ) | ഫണ്ടിന്റെ നഷ്ടം (യൂണിറ്റ് വില X കുറവ്) (രൂപ) |
| ബാന്റ് സെറ്റ് കിറ്റ് | 26 | 4 (2+2) | 22 | 214763 | 8260.11 | 181722 |
| 24” ബ്രാസ് ഡ്രം | 15 | 4 (2+2) | 11 | 32626 | 2175.1 | 23926 |
| ബ്രാസ് യൂഫോണിയം മാർച്ചിംഗ് | 4 | 4 (2+2) | 0 | 32400 | 0 | 0 |
| ബ്രാസ് ബാന്റ് ഡ്രംപെറ്റ് | 5 | 4 (3+1) | 1 | 19750 | 3950 | 3950 |
| നഷ്ടമായ ഉപകരണങ്ങളുടെ വില/നഗരസഭ ഫണ്ടിനുണ്ടായ ആകെ നഷ്ടം | | | | | | 209598 |

(ബാന്റ് സെറ്റ് കിറ്റ് എന്നത് ഡ്രം സെററ്(2ചെറിയഡ്രം), സൈഡ് ഡ്രം, ബ്യൂഗിൾ, സിംബൽ, ട്രൈയാൻഗിൾ എന്നിവ ചേർന്നതാണ് എന്ന് ഇൻവോയിസിൽ വ്യക്തമാക്കിയിട്ടുണ്ട്).

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (21/29.1.26, 62/10.2.26) ഇതിന്റെ വിതരണക്കാരായ ആൻട്രികോമിന് കത്ത് നൽകി എന്ന മറുപടിയാണ് ലഭ്യമായത്. ഉപകരണങ്ങളുടെ വിതരണം കൃത്യമായി പരിശോധിച്ച് ബോധ്യപ്പെട്ട് അവ സ്റ്റോക്കിലെടുത്ത് സുരക്ഷിതമായി സൂക്ഷിക്കാതിരുന്നത് നിമിത്തം ആകെ 209598 രൂപയുടെ നഷ്ടം സംഭവിച്ചു. ഈ തുക ഉപകരണങ്ങൾ വാങ്ങിയ നിർവ്വഹണോദ്യോഗസ്ഥനായ പ്രിൻസിപ്പലിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

**<u>വാങ്ങൽ നടപടികളിലെ പ്രശ്നങ്ങൾ</u>**

ബാന്റ് സെറ്റ് അടക്കമുള്ള ഘോഷവാദ്യ ഉപകരണങ്ങൾ ജെം പോർട്ടൽ വഴി വാങ്ങും മുൻപ് കൃത്യമായ ആവശ്യകതാനിർണ്ണയം നടത്തിയില്ല. ഗവ. ഗേൾസ് ഹൈസ്കൂളിൽ മുൻപ് തന്നെ വാങ്ങിയ യുഫോണിയം മൂന്നെണ്ണം ഉപയോഗിക്കാതെ ഇരിക്കുമ്പോഴാണ് വീണ്ടും ഇവ വാങ്ങി നൽകിയത്. ഉപകരണങ്ങളുടെ ക്വാളിറ്റിയും വിദഗ്ധരാൽ പരിശോധിപ്പിക്കപ്പെട്ടില്ല. എന്നാൽ ജെം പോർട്ടൽ വഴിയുള്ള എഗ്രിമന്റിൽ ബ്രാന്റ് ലോഗോ ഉണ്ടെന്നും സാമ്പിൾ പരിശോധിച്ചിട്ടുണ്ടെന്നും രേഖപ്പെടുത്തിയിട്ടുണ്ട്.

**<u>ഉപകരണങ്ങൾ ഉപയോഗപ്പെടുത്തുന്നില്ല</u>**

മേൽപ്പറഞ്ഞ ഉപകരണങ്ങളിൽ വലിയ ഡ്രം ഒഴികെ ഒരു ഉപകരണങ്ങളും ഉപയോഗിച്ചിട്ടില്ല. നേരിൽ പരിശോധിച്ചതിൽ ഇവ ഗവ.ഗേൾസ് ഹൈസ്കൂളിലെ ബയോളജി ലാബിലും ഗവ.ബോയിസ് ഹയർ സെക്കന്ററി സ്കൂളിലെ സ്റ്റോറിലുമായി സൂക്ഷിച്ചിരിക്കുന്നു. 10.2.26 ൽ ബന്ധപ്പെട്ട സ്കൂൾ ഹെഡ്മിസ്ട്രസ്/പ്രിൻസിപ്പലിന്റെ സാന്നിദ്ധ്യത്തിൽ നേരിട്ട് പരിശോധിച്ച് മഹസർ തയ്യാറാക്കിയിട്ടുണ്ട് . ഗവ.ബോയിസ് ഹയർ സെക്കന്ററി സ്കൂളിൽ ഉള്ള ഡ്രം, ഡ്രംപറ്റ് എന്നിവ എസ്.പി.സി പാസിംഗ് ഔട്ട് സെറിമണിക്ക് നൽകിയിരുന്നില്ല എന്നും പകരം ഗേൾസ് സ്കൂളിൽ നിന്ന് വാങ്ങി ഉപയോഗിക്കുന്നതായും പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഗവ.ബോയിസ് ഹയർ സെക്കന്ററി സ്കൂളിലെ ഒരു ഡ്രം ഒഴികെ നിലവിലുള്ള 2 ബാന്റ് സെറ്റ് കിറ്റുകൾ, 2 യുഫോണിയം, ഒരു 24” ഡ്രം, ഒരു ഡ്രംപറ്റ് എന്നിവ ഇതുവരെ ഉപയോഗിച്ചിട്ടില്ല. ഗവ.ഗേൾസ് ഹൈസ്കൂളിലെ യുഫോണിയം, ബ്യൂഗിൾ, എന്നിവയും ഇതുവരെ ഉപയോഗപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് അന്വേഷിച്ചതിൽ പ്രസ്തുത രണ്ട് സ്കൂളുകളിലും ബാന്റ് അഭ്യസിപ്പിക്കാനറിയുന്ന അദ്ധ്യാപകരും എസ്.പി.സി പരിശീലകരിൽ ബാന്റ് അറിയുന്നവരില്ലാത്തതിനാലും ഇതുവരെ ഉപകരണങ്ങൾ ഉപയോഗപ്പെടുത്തിയിട്ടില്ലായെന്ന് നിർവ്വഹണോദ്യോഗസ്ഥൻ വ്യക്തമാക്കി. അനുയോജ്യരായ പരിശീലകരില്ലെന്ന് നിർവ്വഹണോദ്യോഗസ്ഥന് തന്നെ ഉത്തമ ബോദ്ധ്യമുണ്ടായിരിക്കെ ഇത്തരത്തിൽ ഒരു പ്രോജക്ട് നടപ്പാക്കിയത് ചെയ്തത് പദ്ധതിപ്പണം ചെലവഴിക്കാൻ ഒരു മാർഗ്ഗം എന്ന നിലക്ക് മാത്രമാണ്. ഇത് കൂടാതെ ഇതേ കോമ്പൌണ്ടിൽ തന്നെയുള്ള ഗവ.ബോയ്സ് ഹൈസ്കൂളിലേക്ക് 2025-26 വർഷവും ഒരു ബ്യൂഗിൾ, ഒരു സൈഡ് ഡ്രം, രണ്ട് ചെറിയ ഡ്രം, ഒരു 24” ഡ്രം, ഒരു യുഫോണിയം മാർച്ചിംഗ്, ഒരു ഡ്രംപറ്റ് എന്നിവ നൽകിയതും പ്രസ്തുത സ്കൂളിൽ ആയവ

ഉപയോഗിക്കാതിരിക്കുന്നതും പരിശോധനയിൽ ബോദ്ധ്യമായി. അവിടെയും ഇത് അഭ്യസിപ്പിക്കാനറിയുന്ന അദ്ധ്യാപകരില്ല. ഒരു വർഷം വാങ്ങിയ ഉപകരണങ്ങൾ ഉപയോഗിക്കാതിരിക്കെ തുടർന്നുള്ള വർഷങ്ങളിൽ വീണ്ടും ഇത്തരം പ്രേജക്ടുകൾ നടപ്പാക്കുന്നതിന്റെ ഉദ്ദേശശുദ്ധി വ്യക്തമാകുന്നില്ല.

ആവശ്യകത നിർണ്ണയിക്കാതെ വാങ്ങുകയും വാങ്ങിയസാധനങ്ങൾ പൂർണ്ണമായി കൈപ്പറ്റാതെ മുഴുവൻ തുകയും നൽകുകയും അഭ്യസിപ്പിക്കുന്നതിന് അദ്ധ്യാപകരില്ലാത്തതിനാൽ ഉപകരണങ്ങൾ ഉപയോഗിക്കാൻ കഴിയാതെയുള്ള ഈ വാങ്ങലിന് തുക ചെലവഴിച്ചത് ക്രമപ്രകാരമല്ല. ഈ ഉപകരണങ്ങൾ പൂർണ്ണമായും പ്രയോജനപ്രദമാക്കാൻ കഴിയാത്ത പക്ഷം അവയുടെ വില നിശ്ചയിച്ച് നിർവ്വഹണോദ്യോഗസ്ഥനായ പ്രിൻസിപ്പലിൽ നിന്ന് പൂർണ്ണമായി തിരികെ ഈടാക്കേണ്ടതാണ്. അതുവരെ വ്യക്തമായ നഷ്ടമായി മുകളിൽ നിജപ്പെടുത്തിയ 209598 രൂപ കഴിച്ച് ശേഷിച്ച 89,941 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. നിർവ്വഹണോദ്യോഗസ്ഥനെന്ന നിലയിൽ നഗരസഭ ഫണ്ടിന് നഷ്ടം വരുത്തിയ പ്രിൻസിപ്പലിനെതിരെ ആവശ്യമായ വകുപ്പ് തല നടപടികൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പിനെ (ഹയർസെക്കണ്ടറി വിഭാഗം) വിവരം അറിയിക്കേണ്ടതും ഇക്കാര്യത്തിൽ തുടരന്വേഷണത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 യൂണിറ്റ് കോസ്റ്റിലും അധികമായി വാങ്ങൽ നടത്തി

| | |
|---|---|
| പ്രോജക്ട് നം. | S0199/2025 |
| പ്രോജക്ടിന്റെ പേര് | പുഷ്പകൃഷിയ്ക്കുള്ള വിത്തുകളും, തൈകളും വിതരണം (വനിതകൾ) |
| അടങ്കൽ | 1,52,954/-<br>( 1,14,716/- (വികസന ഫണ്ട്) 38,238/- (ഗുണ.വി.) |
| ചെലവ് | 1,14,716/- (വികസന ഫണ്ട്) |
| നിർവ്വഹണം - | കൃഷി ഓഫീസർ. |

| ബിൽ നം. | BRN 24070347001501351217/19-02-25 |
|---|---|

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പുഷ്പ കൃഷിയ്ക്കുള്ള വിത്തുകളും, തൈകളും വിതരണം എന്ന പ്രോജക്ടിനായി 2024-25 ൽ ആകെ വകയിരുത്തിയത് 1,52,954/- രൂപയാണ്. ഇതിൽ 38,238/- രൂപ ഗുണഭോക്തൃവിഹിതമാണ്. ഗുണഭോക്തൃവിഹിതം പിരിച്ചിട്ടുണ്ടെങ്കിലും ചെലവ് ചെയ്തിട്ടില്ല. വിതരണത്തിനായി ആകെ വാങ്ങിയത് 31,215 മാരി ഗോൾഡ് തൈകൾ. (മാരി ഗോൾഡ് ഓറഞ്ച് 15607 എണ്ണം/മാരി ഗോൾഡ് മഞ്ഞ 15607 എണ്ണം ആകെ 31215@4.90) കെയ്കോയിൽ നിന്നും (ഇൻവോയ്സ് നം.വി.1400എ/24-25 തീയതി.08/07/24 പ്രകാരം) ഒരു തൈയ്ക്ക് 4.90 രൂപ നിരക്കിലാണ് തൈകൾ വാങ്ങിയിട്ടുള്ളത്. എന്നാൽ 10-01-2025 ലെ പ്രിൻസിപ്പൽ കൃഷി ഓഫിസറുടെ ADFW/PAO/ALP/2036/2024-TC3 നടപടിക്രമപ്രകാരം മാരിഗോൾഡ് തൈകൾക്ക് യൂണിറ്റ് കോസ്റ്റ് പ്രകാരം നൽകാവുന്ന വില ഒരെണ്ണത്തിന് 4.00 രൂപയാണ്. ഒരു തൈയ്ക്ക് 90 പൈസ വീതം അധികം നൽകിയതിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 17-28/01/2026 ന് ലഭ്യമാക്കിയ മറുപടിയിൽ കൃഷി ഓഫീസർക്ക് കിട്ടിയ ഓർഡറിൽ തൈ ഒന്നിന് 4.90 പൈസ ആയിരുന്നുവെന്നും അതിനു ശേഷമാണ് നിരക്ക് 4.00 രൂപയായി കുറച്ചതെന്നുമാണ് പറഞ്ഞിട്ടുള്ളത്. എന്നാൽ 2024-25 ൽ അന്തിമമാക്കി പ്രസിദ്ധീകരിച്ചിട്ടുള്ള ഉത്തരവിലും (119/2023/ഡിപിസി/ഡിപിഓ/എഎൽപി/20-02-2025) 4.00 രൂപ നിരക്കായതിനാൽ കൃഷി ഓഫീസറുടെ മറുപടി അംഗീകരിക്കാവുന്നതല്ല. ഈയിനത്തിൽ അധികമായി 28,093.5/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ തുകയിൽ വികസന ഫണ്ടിൽ നിന്നും അധികമായി നൽകിയ 21,070/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഓഡിറ്റ് വർഷം ഗുണഭോക്തൃ വിഹിതം നൽകിയിട്ടില്ല. 2025-26 സാമ്പത്തിക വർഷം ഗുണഭോക്തൃ വിഹിതം പൂർണ്ണമായും നൽകിയിട്ടുണ്ടെങ്കിൽ അതിൽ നിന്നും 7023/- രൂപ തിരിച്ചു പിടിച്ച് ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് തിരികെ നൽകി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-4 ഹെൽത്ത് & വെൽനസ്സ് സെന്ററുകളിലേക്ക് ഹെൽത്ത് ഗ്രാന്റ് വിനിയോഗം പൂർണ്ണമായും ഫലപ്രദമായില്ല

നഗരസഭ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നിരവധി പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. പ്രോജക്ടുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

**1) <u>ഹെൽത്ത് & വെൽനസ്സ് സെന്ററുകളിലെ ടെലിമെഡിസിൻ സംവിധാനം പൂർണ്ണമായും പ്രവർത്തനമാരംഭിച്ചില്ല</u>**

| | |
|---|---|
| പ്രോജക്ട് നമ്പർ/ പേര് | ഹെൽത്ത് ആന്റ് വെൽനസ്സെന്ററുകളിൽ ടെലിമെഡിസിൻ **(S0531/25)** |
| അടങ്കൽ | ₹289470/-**(ഹെൽത്ത് ഗ്രാന്റ് )** |
| ചെലവ് | ₹289170/-**(ഹെൽത്ത് ഗ്രാന്റ് )** |
| ബിൽ നം & തീയതി | 1) PFMS PAYMENT CO42504764240/31.03.2025-89400/-<br>2) PFMS PAYMENT CO12541394489/22.01.2025-199770/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | **സെക്രട്ടറി,** കായംകുളം നഗരസഭ |

നഗരസഭയുടെ കീഴിൽ പ്രവർത്തനമാരംഭിച്ച മൂന്ന് ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകളിലേക്ക് ടെലിമെഡിസിൻ സംവിധാനം ഒരുക്കുന്നതിനായി നഗരസഭ സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നടപ്പിലാക്കിയ പ്രോജക്ടിലുൾപ്പെടുത്തി Antrycom System India Pvt LTD എന്ന കമ്പനിയിൽനിന്നും താഴെകൊടുത്തിരിക്കുന്ന സാധനങ്ങൾ വാങ്ങിയിട്ടുണ്ട്.

| ഉപകരണം | എണ്ണം | ഇൻവോയിസ് നം / തീയതി | തുക |
|---|---|---|---|
| Canon Multifunction Printer MF272DW- | 3 | ACS/12903/23-24dt 22.03.2025 | 89400/- |
| Laptop Acer Core15- | 3 | ACS/12708/23-24dt 02.01.2025 | 179970/- |
| Sky Star Online Vedioconferance Kit | 3 | ACS/12711/23-24 Dt 03.01.2025 | 19800/- |
| ആകെ | | | 289170/- |

ഇതിൽ പ്രിന്ററിനും വീഡിയോ കോൺഫറൻസ് കിറ്റ് എന്നിവയ്ക്കും ഒരു വർഷത്തെ വാറന്റിയാണ് കമ്പനി നല്കിയിരിക്കുന്നത്. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ ഭൌതിക പരിശോധന നടത്തിയതിൽ വാർഡ് 31 കൃഷ്ണപുരത്ത് പ്രവർത്തിക്കുന്ന വെൽനസ് സെന്ററിൽ പ്രിന്റർ, വെബ്ക്യാം കിറ്റ് എന്നിവ ഉണ്ടായിരുന്നില്ല. പ്രിന്റർ കായംകുളം മുനിസിപ്പാലിറ്റി ഓഫീസിൽ ഉള്ളതായും വെബ്ക്യാംകിറ്റ് ലഭിച്ചിട്ടില്ല എന്നുമാണ് വെൽനസ് സെന്ററിൽ നിന്നും റിപ്പോർട്ട് നൽകിയിരിക്കുന്നത്. കൂടാതെ വാങ്ങുന്ന സാധനങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്യുന്നതായും കാണുന്നില്ല. നാളിതുവരെയായിട്ടും ടെലിമെഡിസിൻ സംവിധാനം പ്രാവർത്തികമാക്കുന്നതിനുള്ള ഉപകരണങ്ങൾ സ്ഥാപിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാനും ഇൻവോയിസ് പ്രകാരം തുക നൽകിയെങ്കിലും വെബ്ക്യാംകിറ്റ് നൽകാതിരുന്നത് ലഭ്യമാക്കുന്നതിനായി ആൻട്രികോംകമ്പനിയെ രേഖാമൂലം അറിയിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ചും ഓഡിറ്റ് എൻക്വയറി നൽകിയതിന്(73/13.02.2026)മറുപടി ലഭ്യമാക്കിയില്ല.

തുക നൽകി ഒരുവർഷമായിട്ടും ഒരു വെബ്ക്യാംകിറ്റ് ലഭിച്ചിട്ടില്ലാത്തതിനാൽ ആയത് ലഭിക്കുന്നതുവരെയും ഒരുകിറ്റിന്റെ വിലയായ 6600/- രൂപ നിർവഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായിരിക്കുന്നതാണ്. കൂടാതെ

ടെലിമെഡിസിൻ സംവിധാനം നാളിതുവരെയും പ്രാവർത്തികമാക്കാത്തതിനാൽ ഇതിനായി ഒരുസെന്ററിലേക്ക് വരുന്ന ചെലവ് തുകയായ 96390/-രൂപയിൽ (289170/3=96390)നിരാകരിച്ച തുക കഴിച്ചുള്ള 89,790/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 2) വാങ്ങിയ ഉപകരണങ്ങൾ ഉപയോഗിക്കുന്നില്ല

പല പ്രോജക്ടുകളിലായി ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകളിലേക്ക് വാഷിംഗ് മെഷീൻ, എയർകണ്ടീഷണറുകൾ എന്നിവ വാങ്ങിയിട്ടുണ്ട്. വാങ്ങിയ ഉപകരണങ്ങൾ ആവശ്യകത നിർണ്ണയിക്കാതെയും അവ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ഭൌതിക സൌകര്യം ഒരുക്കാത്തതിനാലും നിഷ്ക്രിയമായി മാറുന്നതായാണ് ഭൌതിക പരിശോധനയിൽ കണ്ടത്.

| | |
|---|---|
| പ്രോജക്ട് നമ്പർ/ പേര് | യുഎച്ച്ഡബ്ല്യുസികളിലേക്ക് എയർകണ്ടീഷൻ വാങ്ങൽ**(S0532/25)** |
| അടങ്കൽ | ₹321540/-**(ഹെൽത്ത് ഗ്രാന്റ് )** |
| ചെലവ് | ₹321540/-**(ഹെൽത്ത് ഗ്രാന്റ് )** |
| ബിൽ നം & തീയതി | **1) PFMS PAYMENT Advice No.C082409847837/08.08.2024-321540/-** |

മേൽ പ്രോജക്ട് പ്രകാരം ഓരോ സെന്ററിലേക്കും രണ്ട് എ.സി വീതം വാങ്ങി നൽകിയിട്ടുണ്ട്. ഇതിൽ വാർഡ് നം. 43 ഐക്യജംഗ്ഷനിലുള്ള സെന്ററിൽ എ.സി ഫിറ്റ്ചെയ്തിരിക്കുന്ന മെഡിസിൻ സ്റ്റോറിന്റെ വെന്റിലേഷൻ അടച്ചുറപ്പില്ലാത്തതിനാൽ നിലവിൽ എ സി പ്രവർത്തിപ്പിക്കുന്നില്ല. വെന്റിലേഷൻ അടച്ചുറപ്പുള്ളതാക്കി എ സി പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.




| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | ഹെൽത്ത് ആന്റ് വെൽനസ് സെന്ററിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ**(S0519/25)** |
| അടങ്കൽ | ₹296290/-**(ഹെൽത്ത് ഗ്രാന്റ് )** |
| ചെലവ് | ₹273780/-**(ഹെൽത്ത് ഗ്രാന്റ് )** |
| ബിൽ നം & തീയതി | **1) PFMS PAYMENT Advice No.C032548576308/-Dt 15.03.2025-110900/-** |

മേൽ പ്രോജക്ടിലുൾപ്പെടുത്തി IFB വാഷിംഗ് മെഷീൻ ,റഫ്രിജറേറ്റർ എന്നിവ മേൽ ബിൽ പ്രകാരം പൈക്യജംഗ്ഷൻ സെന്ററിലേക്ക് വാങ്ങിയിട്ടുണ്ട്. വാഷിംഗ് മെഷീൻ ഇതുവരെയും കവർ പൊട്ടിക്കാത്ത അവസ്ഥയിലുമാണ് ഉണ്ടായിരുന്നത് . എത്രയും വേഗം ഇൻസ്റ്റലേഷൻ നടപടികൾ പൂർത്തിയാക്കി വാഷിംഗ് മെഷീനുകൾ ഉപയോഗയോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.






ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകളിലേക്ക് ആവശ്യമായഉപകരണങ്ങൾ ജെം പർച്ചേസ് ആണ് ചെയ്തിരിക്കുന്നതെങ്കിലും ഒരേ സ്പെസിഫിക്കേഷനിലുള്ള സാധനങ്ങൾ വ്യത്യസ്ത ഡീലർമാരിൽ നിന്നുമല്ല കംപാരിസൺ നടത്തുന്നത് എന്നതിനാൽ ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് വാങ്ങിയ എല്ലാ ഉപകരണങ്ങളും ലഭ്യമാക്കുവാൻ Antrycom System India Pvt LTD എന്ന കമ്പനിയെയാണ് നഗരസഭതെരഞ്ഞെടുത്തിരിക്കുന്നത്. തെരഞ്ഞെടുത്ത വിതരണ സ്ഥാപനവുമായി ചമച്ച കരാർ പ്രോജക്ടുകളുടെ ഭാഗമായി ഹാജരാക്കിയിട്ടില്ല.

### 3) <u>ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല</u>

| | |
|---|---|
| പ്രോജക്റ്റ് നമ്പർ/ പേര് | യുഎച്ച് ഡബ്ല്യൂസികളുടെ ആവർത്തന ചെലവുകൾ**(S0533/25)** |
| അടങ്കൽ | ₹800000/-**(ഹെൽത്ത് ഗ്രാന്റ് )** |
| ചെലവ് | ₹674590/-**(ഹെൽത്ത് ഗ്രാന്റ് )** |
| ബിൽ നം & തീയതി | 1) PFMS PAYMENT Advice No.C122437686200/27.12.2024-600000/-<br>2) PFMS PAYMENT C032514958090/06.03.2025-49590/-<br>3) PFMS PAYMENT C022525141261/11.02.2025-25000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | **സെക്രട്ടറി,** കായംകുളം നഗരസഭ |

ചേരാവള്ളി യു.പി.എച്ച്.സിയുടെയും മൂന്ന് ഹെൽത്ത് ആന്റ് വെൽനസ്സെന്ററുകളുടെയും ആവർത്തനച്ചെലവുകൾക്കായി 6 ലക്ഷം രൂപ ബിൽ ക്രമ നം (1) പ്രകാരം ചേരാവള്ളി യുപിഎച്ച്സി മെഡിക്കൽ ഓഫീസർക്ക് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെയും ഇതിന്റെ ചെലവ് രേഖകൾ മുനിസിപ്പാലിറ്റിയിൽ ലഭ്യമല്ല. ഇവ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (73/13.02.2026) നല്കിയതിന് മറുപടി ലഭ്യമായില്ല. രേഖകൾ ലഭ്യമാക്കുന്നതുവരെ 600000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## <u>3-5 അങ്കണവാടി നവീകരണം- അപാകതകൾ</u>

പ്രോജക്ട് നം.S0366/25

അങ്കണവാടി നവീകരണം വാർഡ് 38

ഫണ്ട് -മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)

അടങ്കൽ :-150000/-

ചെലവ് :118443/-

(ബിൽ നം.BRN No.24070347002001283417 തീയതി 05/02/2025- തുക 118443/-)

അങ്കണവാടി നം. 44-ന്റെ നവീകരണവുമായി ബന്ധപ്പെട്ട് ഫ്ലോർ ടൈൽ പാവിംഗ് & സീലിംഗ്, പ്ലാസ്റ്ററിംഗ്, പെയിന്റിംഗ് തുടങ്ങിയ പ്രവൃത്തികൾ നടപ്പാക്കുവാനുദ്ദേശിച്ചിട്ടുള്ളതായി പ്രിലിമിനറി എസ്റ്റിമേറ്റ് റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയൽ, ഇ-എം.ബുക്ക് എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

രണ്ടു പ്രവൃത്തികളുടെയും ഡാറ്റാ സെപ്സിഫിക്കേഷനിൽ Wall Painting With Acrylic Emulsion Paint- എന്ന ഇനം ഉൾപ്പെട്ട് വരുന്നതിനാൽ ഇ-എം.ബുക്ക് ഐറ്റം.നം. 3 Wall Painting With Acrylic Emulsion Paint-------Two Or More Coats On New Work " എന്ന് ഐറ്റം 172.70270 $M^3$ ചെയ്ത അളവിൽ നിന്നും Artistic Wall Painting With Acrylic Emulsion എന്ന ഐറ്റം 7 പ്രകാരം ചെയ്ത അളവ് 10.61 $M^3$ കുറവ് ചെയ്യേണ്ടതാണ്. എന്നാൽ ആകെയുള്ള ഭിത്തിപെയിന്റിംഗ് ചെയ്തതിൽ നിന്നും ആർട്ടിസ്റ്റിക്ക് പെയിന്റ് ചെയ്ത അളവ് കുറവ് ചെയ്തിട്ടില്ല. ഇപ്രകാരം ചെയ്യാതിരുന്നതിനാൽ 1678 രൂപയുടെ അധിക ചെലവ് വന്നിട്ടുണ്ട്. (172.70-10.61=162.09 $M^3$ ന് @ 158.06/- പ്രകാരം 25,619/- രൂപ മാത്രമാണ് അനുവദനീയം.എന്നാൽ 27,297/-രൂപ നൽകിയിട്ടുണ്ട്) മേൽവിഷയം ശ്രദ്ധയിൽപ്പെടുത്തി വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 53 തീയതി 07/02/2026) മറുപടി ലഭിച്ചിട്ടില്ല. 1678/- രൂപ കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ്പ് പ്രീമിയം ഒടുക്ക്

മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം* | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 36 | 212500 | 212500 | 0 | |

*01.04.2024 മുതൽ 31.03.2025 വരെ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

മെഡിസെപ് പ്രീമിയം - ഒടുക്ക് (01.04.2024 മുതൽ 30.06.2024 വരെ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ഇല്ല

മെഡിസെപ് പ്രീമിയം ഒടുക്ക് (കണ്ടിജന്റ് ജീവനക്കാർ)

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം* | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 28 | 168000 | 168000 | 0 | |

*01.04.2024 മുതൽ 31.03.2025 വരെ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

മെഡിസെപ് പ്രീമിയം - ഒടുക്ക് (01.04.2024 മുതൽ 30.06.2024 വരെ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള കണ്ടിജന്റ് ജീവനക്കാർ)

ഇല്ല

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

നിർവ്വഹണ ഏജൻസികൾക്ക് നിക്ഷേപ പ്രവൃത്തികൾക്കായി മുൻകൂറുകൾ/ഡെപ്പോസിറ്റുകൾ എന്നിവ നൽകുന്നുണ്ടെങ്കിലും ഈ തുകകൾ പെയ്മെന്റ് എന്ന നിലക്കാണ് വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നത്. ആകയാൽ തൻ വർഷത്തെ ചെലവ് പത്രിക പ്രകാരം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കിനായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയ തുകകളുടെ വിശദാംശങ്ങൾ (തുക നൽകിയതിന്റെയും ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെ വിവരങ്ങൾ എന്നിവ) താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൌച്ചർ നം./ ബിൽ നം. തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | (പ്രോജക്ട് നം.S0147/25) | C012549508030/ 18.2.25 | 1735986 | 1092070 | 643916 |

| | | | | | |
|---|---|---|---|---|---|
| | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | C0325347668497/ 22.3.25 | | | |
| കെ.എസ്.ഇ.ബി | (പ്രോജക്ട് നം.S0378/25) സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | C112419826064/ 20.11.24 | 95593 | 95593 | 0 |
| കേരള വാട്ടർ അതോറിറ്റി | (പ്രോജക്ട് നം.S0539/25) വാട്ടർ അതോറിറ്റിയുടെ പൊതു ടാപ്പുകൾ പുനക്രമീകരിക്കൽ | C032579349758/ 30.3.25 | 951300 | 0 | 951300 |
| അനർട്ട് | (പ്രോജക്ട് നം.S0222/25) നഗരസഭാ ഓഫീസിലെ സോളാർ പാനൽ മെയിന്റനൻസ് | C03256121097/ 28.3.25 | 792000 | 0 | 792000 |
| | ആകെ | | 35,74,879 | 1831579 | 17,43,300 |

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്കോ പി.എം.എ.വൈ ലൈഫ് ഭവന പദ്ധതി | 111/2018/ LSGD/Dtd 21.02.2019 | 5,80,00,000 | 3,61,46,668 | 38,66,666 | - | *3,22,80,002 |
| വെജിറ്റബിൾ മാർക്കറ്റ് കെട്ടിട നിർമ്മാണം (KURDFC) | ലഭ്യമല്ല | ലഭ്യമല്ല | 75,59,295 | 64,26,256 | - | 11,33,039 |

*2023-24 സാമ്പത്തിക വർഷം ജി.ഒ. പ്രോജക്ട് മുഖേന സ്രോതസ്സിൽ കുറവ് ചെയ്ത 38,66,666/- രൂപ ബാധ്യതയിൽ നിന്ന് കുറവ് വരുത്താതിരുന്നതിനാൽ പ്രസ്തുത തുകകൂടി ചേർന്ന വായ്പയാണ് വാർഷിക കണക്ക് ബി-5 ൽ മുന്നിരുപ്പ് ആയി ഉൾപ്പെടുത്തിയിട്ടുള്ളത്. മുൻവർഷത്തെ തിരിച്ചടവ് കൂടി ഉൾപ്പെടുത്തിയ വായ്പാതുകയാണ് ഖണ്ഡികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

വാർഷിക കണക്ക് പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല. എന്നാൽ തൻവർഷം യഥാർത്ഥത്തിൽ 32,201/-രൂപ വരവുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും, ഉദ്യോഗപ്പേരും | രസീത് നമ്പർ, തീയതി |
|---|---|---|---|---|
| 2019-20 | 3.4 | 14953 | അഷ്റഫ്.ഇ.എം., കോൺട്രാക്റ്റർ (രഘു, അസിസ്റ്റന്റ് എഞ്ചിനീയർ) | R-M040400-24013192, 21/10/2024 |
| 2019-20 | 3.5 | 8876 | അഷ്റഫ്.ഇ.എം., കോൺട്രാക്റ്റർ | R-M040400- |

| | | | | |
|---|---|---|---|---|
| | | | (രഘു, അസിസ്റ്റൻറ് എഞ്ചിനീയർ) | 24013190, 21/10/2024 |
| 2021-22 | 1.36 | 8372 | ദീപ രവി.എൽ., ഐ.സി.ഡി.എസ്. സൂപ്പർവൈസർ | R-M040400-24004309, 11/06/2024 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1996-1997 | | 1999-2000 5-6(ബി) | കെട്ടിടങ്ങളുടേയും സ്റ്റാളുകളുടേയും വാടക-വാർഷിക വർദ്ധനവ് നടത്തിയിട്ടില്ല. | പരാമർശിത നഷ്ടം ഈടാക്കാൻ സ്വീകരിച്ച നടപടി അറിയിക്കുവാൻ സമിതി നിർദ്ദേശം |
| 1997-1998 | | 2001-02 ഖണ്ഡിക | അമ്പലപ്പാട് റോഡ് ടാറിംഗ് -അപാകതകൾ | നഷ്ടതുക തിരിച്ചുപിടിക്കാൻ തുടർ |

| | | | | |
|---|---|---|---|---|
| | | 6-1-2(3) | | നടപടികൾ സ്വീകരിച്ചുവരുന്നു. |
| 1997-1998 | | 2001-02 ഖണ്ഡിക 6-1-2(4) | തയ്യിൽ മുസ്ലീം പള്ളി റോഡ് ടാറിംഗ് | ആർ.ആർ.നടപടി സ്വീകരിച്ചുവരുന്നു. |
| 1997-1998 | | 2001-02 ഖണ്ഡിക 6-1-2(5) | ബസ് ടെർമിനൽ നിർമ്മാണം- തുക വകമാറ്റി ചെലവഴിച്ചു. | ഡി.പി.സി അംഗീകാരം ലഭിച്ചതിന്റെ രേഖകൾ ലഭ്യമാക്കുന്നതിന് സമിതി നിർദ്ദേശിച്ച സാഹചര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| 2004-05 | ഖണ്ഡിക 2-16 | 2006-07 ഖണ്ഡിക 4-12-1 | എൻ.എസ്.ഡി.പി.ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച കമ്മ്യൂണിറ്റി ലാട്രിൻ പ്രയോജനരഹിതം. | സമിതിയുടെ നിർദ്ദേശപ്രകാരം 28-05-2025-ൽ തൽസ്ഥിതി റിപ്പോർട്ട് നൽകി. |
| 2004-05 | ഖണ്ഡിക 2-17 | 2006-07 ഖണ്ഡിക 4-12-2 | വനിത ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് നിർമ്മാണം- പദ്ധതി ധനം ഉപയോഗരഹിതമായി | 28-05-2025-ൽ തൽസ്ഥിതി റിപ്പോർട്ട് നൽകി. |

| | | | | |
|---|---|---|---|---|
| 2004-05 | ഖണ്ഡിക 2-19 | 2006-07 ഖണ്ഡിക 4-12-3 | കൊതുക് നിവാരണ പദ്ധതി -ലക്ഷ്യം കൈവരിച്ചില്ല. | 28-05-2025-ൽ തൽസ്ഥിതി റിപ്പോർട്ട് നൽകി. |
| പ്രവർത്തന ക്ഷമതാ റിപ്പോർട്ട് | | 2012-13 ഖണ്ഡിക 3-1-8 | അശാസ്ത്രീയ ഖരമാലിന്യ സംസ്കരണം | സമിതിയുടെ നിർദ്ദേശപ്രകാരം തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| പ്രവർത്തന ക്ഷമതാ റിപ്പോർട്ട് | | 2012-13 ഖണ്ഡിക 3-1-10 | നിർമ്മാണം നിലച്ച ഖരമാലിന്യ പ്ലാന്റുകൾ | സമിതിയുടെ നിർദ്ദേശപ്രകാരം തുടർ നടപടികൾ സ്വീകരിച്ചുവരുന്നു |
| പ്രവർത്തന ക്ഷമതാ റിപ്പോർട്ട് | | 2012-13 ഖണ്ഡിക 3-1-11 | മാലിന്യ സംസ്കരണ പ്ലാന്റുകൾക്ക് അനുവദിച്ച തുക നിഷ്ഫലമായി | സമിതിയുടെ നിർദ്ദേശപ്രകാരം തുടർ നടപടികൾ സ്വീകരിച്ചുവരുന്നു |
| പ്രവർത്തന ക്ഷമതാ റിപ്പോർട്ട് | | 2012-13 ഖണ്ഡിക 3-1-12 | ബയോഗ്യാസ് പ്ലാന്റ് പ്രവർത്തന രഹിതം | സമിതി നിർദ്ദേശത്തെ തുടർന്ന് നടപടികൾ സ്വീകരിച്ചുവരുന്നു. |
| പ്രവർത്തന ക്ഷമതാ റിപ്പോർട്ട് | | 2012-13 ഖണ്ഡിക 3-1-13 | ഖരമാലിന്യ സംസ്കരണത്തിന് | സമിതി നിർദ്ദേശത്തെ തുടർന്ന് നടപടികൾ സ്വീകരിച്ചുവരുന്നു |

| | | | | |
|---|---|---|---|---|
| | | | വകയിരുത്തിയ തുക ചെലവഴിച്ചില്ല. | |
| പ്രവർത്തന ക്ഷമതാ റിപ്പോർട്ട് | | 2013-14 ഖണ്ഡിക 5-2-4-2 | അപകടാവസ്ഥയിലുള്ള കെട്ടിടങ്ങൾ പൊളിച്ച് നീക്കിയില്ല | തുടർ നടപടി വിവരം ലഭ്യമല്ല. |
| പ്രവർത്തന ക്ഷമതാ റിപ്പോർട്ട് | ഖണ്ഡിക 3-1 | 2013-14 ഖണ്ഡിക 5-2-4-16 | വകയിരുത്തുന്ന തുക പൂർണ്ണമായും ചെലവഴിക്കുന്നില്ല. | തുടർ നടപടി വിവരം ലഭ്യമല്ല. |
| 2016-17 | ഖണ്ഡിക 3-4 | 2017-18 ഖണ്ഡിക 1-4-9 | രാജീവ് ദശലക്ഷം ഭവന പദ്ധതി- വായ്പാ ബാധ്യത-73.32 ലക്ഷം | 28-05-2025-ൽ തൽസ്ഥിതി റിപ്പോർട്ട് നൽകി. |
| 2016-17 | ഖണ്ഡിക 2-9 | 2017-18 ഖണ്ഡിക 1-4-10 | വാടക കുടിശ്ശിക ഇനത്തിൽ 50 ലക്ഷത്തിൽ അധികം പിരിച്ചെടുക്കുവാൻ ബാക്കി. | 28-05-2025-ൽ തൽസ്ഥിതി റിപ്പോർട്ട് നൽകി. |
| 2016-17 | ഖണ്ഡിക 2-6 | 2017-18 ഖണ്ഡിക 1-4-8 | അനധികൃത കെട്ടിടങ്ങളിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയില്ല | 28-05-2025-ൽ തൽസ്ഥിതി റിപ്പോർട്ട് നൽകി. |
| 2022-23 | 1.34 | 2023-24 | 77.5 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച കൗൺസിൽ ഹാൾ | മറുപടി നൽകിയിട്ടുണ്ട് |

| | | | | | |
|---|---|---|---|---|---|
| | | | | ഉപയോഗിക്കാതെ നശിക്കുന്നു. | |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹42,40,81,803 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹38,35,13,028 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 12,97,549/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 6,13,415/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2,15,56,864/- |

**(ബി) നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നം | നഷ്ടമായ തുക | | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 2-1 | 3,52,794/- | | ശ്രീ.സനിൽ.എസ്സ്, മുനിസിപ്പൽ സെക്രട്ടറി |
| | | | |

| | | | |
|---|---|---|---|
| 2-2 | 4,40,295/- | | ശ്രീ.സനിൽ.എസ്സ്,<br>മുനിസിപ്പൽ സെക്രട്ടറി |
| 2-3 | 5,04,460/- | | ശ്രീ.സനിൽ.എസ്,<br>മുനിസിപ്പൽ സെക്രട്ടറി |
| 3-1 (എ)(1-19(എ)) | | 3,00,260/- | ശ്രീ.സുനിൽ ചന്ദ്രൻ.എസ്,<br>പ്രിൻസിപ്പാൾ |
| 3-1(ബി)<br>1-19(ബി) | | 74,209/- | |
| 3-2<br>(1-21) | | 2,09,598/- | ശ്രീ.സുനിൽ ചന്ദ്രൻ.എസ്<br>പ്രിൻസിപ്പാൾ |
| 3-3<br>(1-56) | | 21,070/- | ശ്രീമതി.ജെ.ഉഷ<br>അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ |
| 3-4<br>(1-42(1)) | | 6,600/ | ശ്രീ.സനിൽ.എസ്,<br>സെക്രട്ടറി |
| 3-5<br>(1-69) | | 1,678/- | ശ്രീമതി.ആശാരാജ്<br>അസിസ്റ്റന്റ് എഞ്ചിനിയർ |
| ആകെ | 12,97,549/- | 6,13,415/- | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 27,89,000 | ശ്രീ.സനിൽ.എസ്,<br>മുനിസിപ്പൽ സെക്രട്ടറി |
| 1-21 | 89,941 | ശ്രീ.സുനിൽ ചന്ദ്രൻ.എസ്<br>പ്രിൻസിപ്പാൾ |
| 1-22 | 3,03,100 | ശ്രീമതി.ആശാരാജ്<br>അസിസ്റ്റന്റ് എഞ്ചിനിയർ |
| 1-28 | 10,64,175 | ഡോ.ഷാജി.എസ്<br>സൂപ്രണ്ട്,<br>താലൂക്ക് ആശുപത്രി, |
| 1-29(എ) | 37,77,010 | ശ്രീ.സനിൽ.എസ്,<br>മുനിസിപ്പൽ സെക്രട്ടറി |
| 1-29(ബി) | 18,77,105 | ശ്രീ.സനിൽ.എസ്,<br>മുനിസിപ്പൽ സെക്രട്ടറി |
| 1-32 | 6,19,440/- | ഡോ.ഷാജി.എസ്<br>സൂപ്രണ്ട്<br>താലൂക്ക് ആശുപത്രി. |
| 1-34 | 7,00,000/- | ശ്രീമതി.ആശാരാജ്<br>അസിസ്റ്റന്റ് എഞ്ചിനീയർ. |

| | | |
|---|---|---|
| 1-35 | 2,10,491/- | ഡോ.ഷാജി.എസ്<br>സൂപ്രണ്ട്,<br>താലൂക്ക് ആശുപത്രി. |
| 1-36 | 2,51,772/- | ഡോ.ഷാജി.എസ്<br>സൂപ്രണ്ട്,<br>താലൂക്ക് ആശുപത്രി. |
| 1-40 | 1,00,000/- | ശ്രീ.സനിൽ.എസ്,<br>സെക്രട്ടറി |
| 1-41 | 2,54,972/- | ഡോ.ഷാജി.എസ്<br>സൂപ്രണ്ട്,<br>താലൂക്ക് ആശുപത്രി. |
| 1-42(1) | 89,790/- | ശ്രീ.സനിൽ.എസ്,<br>സെക്രട്ടറി |
| 1-42(3) | 6,00,000/- | ശ്രീ.സനിൽ.എസ്,<br>സെക്രട്ടറി |
| 1-43 | 56,73,283/- | ഡോ.ഷാജി.എസ്<br>സൂപ്രണ്ട്,<br>താലൂക്ക് ആശുപത്രി |
| 1-47 | 9,05,495/- | ശ്രീ.സനിൽ.എസ്,<br>സെക്രട്ടറി |

| | | |
|---|---|---|
| 1-48(എ) | 1,49,925/- | ശ്രീ.സനിൽ.എസ്,<br>സെക്രട്ടറി |
| 1-48(ബി) | 1,98,000/- | ശ്രീ.സനിൽ.എസ്<br>സെക്രട്ടറി |
| 1-52(1) | 90,240/- | ഡോ.സ്നേഹ.പി.എസ്.<br>മെഡിക്കൽ ഓഫിസർ<br>ഹോമിയോ |
| 1-54 | 6,38,745/- | ആശാരാജ്<br>അസിസ്റ്റന്റ് എഞ്ചിനീയർ,<br>കായംകുളം നഗരസഭ |
| 1-59 | 11,59,380/- | ശ്രീമതി.ജെ.ഉഷ<br>അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ<br>കായംകുളം നഗരസഭ |
| 1-63 | 15,000/- | ശ്രീമതി. രജനി. ആർ,<br>പ്രോജക്റ്റ് ഓഫീസർ,<br>ദാരിദ്ര്യനിർമ്മാർജ്ജനം |
| ആകെ | 2,15,56,864/- | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | |

| | | |
|---|---|---|
| 1-27(2) | 15788 | ശ്രീ.സുനിൽ ചന്ദ്രൻ.എസ്സ്<br>പ്രിൻസിപ്പാൾ |
| 1-52(2) | 8440 | ഡോ.സ്നേഹ.പി.എസ്.<br>മെഡിക്കൽ ഓഫീസർ<br>ഹോമിയോ |
| ആകെ | 24228 | |

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

| നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സനിൽ.എസ്<br>മുനിസിപ്പൽ സെക്രട്ടറി | മുനിസിപ്പൽ സെക്രട്ടറി<br>കായംകുളം നഗരസഭ | ശ്രീനന്ദനം,<br>കല്ലുംമൂട്,<br>കൃഷ്ണപുരം, കായംകുളം |
| ശ്രീ.സുനിൽ ചന്ദ്രൻ.എസ്<br>പ്രിൻസിപ്പാൾ | പ്രിൻസിപ്പാൾ<br>ഗവ.ബോയ്സ് | റ്റി.സി.15/2036/1<br>എൻ.എസ്.പി.നഗർ<br>കേശവദാസപുരം |

| നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | ഹയർസെക്കന്ററി സ്കൂൾ<br>കായംകുളം | പട്ടം,<br>തിരുവനന്തപുരം |
| ശ്രീമതി.ജെ.ഉഷ<br>അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ | അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫിസർ<br>കൃഷി ഭവൻ, കായംകുളം | ഉഷസ്സ്<br>മുട്ടാമൂല<br>വീരണക്കാവ് പി.ഒ<br>തിരുവനന്തപുരം |
| ശ്രീമതി.ആശാരാജ്<br>അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനിയർ<br>കായംകുളം നഗരസഭ | സരോവരം ഇല്ലിക്കൽ<br>കളരിക്കൽ ജംഗ്ഷൻ<br>പുല്ലുകുളങ്ങര<br>കായംകുളം |
| ഡോ.ഷാജി.എസ്<br>സൂപ്രണ്ട്<br>താലൂക്ക് ആശുപത്രി,<br>കായംകുളം | സൂപ്രണ്ട്<br>താലൂക്ക് ആശുപത്രി,<br>കായംകുളം | ചന്ദനം<br>ഇടക്കൊച്ചി,<br>ഡോ.അംബേദ്കർ<br>റോഡ്<br>ഇടക്കൊച്ചി<br>എറണാകുളം |

| നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.സ്നേഹ.പി.എസ്.<br>മെഡിക്കൽ ഓഫിസർ<br>ഹോമിയോ | മെഡിക്കൽ ഓഫിസർ<br>ഗവ.ഹോമിയോ<br>ആശുപത്രി<br>കായംകുളം | ശ്രീചിത്രം,<br>കോമന,<br>അമ്പലപ്പുഴ പി.ഒ<br>ആലപ്പുഴ |
| രജനി ആർ.<br>പ്രോജക്ട് ഓഫീസർ | പ്രോജക്ട് ഓഫീസർ<br>കായംകുളം നഗരസഭ | അശ്വിൻ നിവാസ്<br>പുതിയവിള വടക്ക്<br>പട്ടോളി മാർക്കറ്റ്<br>പി.ഒ. |

**<u>4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1971-72 മുതൽ 1980-81 വരെ | എൽ.എഫ്.എ.5-266/83/13.02.1985 |
| 1981-82 | എൽ.എഫ്.എ.5-197/83/31.01.1985 |
| 1982-83 | എൽ.എഫ്.എ.5-686/85/12.01.1985 |
| 1983-84 | എൽ.എഫ്.എ.5-375/86/31.10.1986 |

| | |
|---|---|
| 1984-85 | എൽ.എഫ്.എ.5-402/85/31.10.1986 |
| 1985-86 | എൽ.എഫ്.എ.5-848/89/31.10.1990 |
| 1986-87 | എൽ.എഫ്.എ.5-1306/90/29.10.1990 |
| 1987-88 | എൽ.എഫ്.എ.5-എഫ്.744/91/21.11.1990 |
| 1988-89 | എൽ.എഫ്.എ.5-63/93/17.04.1993 |
| 1989-90 | എൽ.എഫ്.എ.5-63/93/17.04.1993 |
| 1990-91 | എൽ.എഫ്.എ.5-815/96/07.06.1996 |
| 1991-92 | എൽ.എഫ്.എ.5-816/95/11.06.1996 |
| 1992-93 | എൽ.എഫ്.എ.5-271/97/23.03.1998 |
| 1996-97 | എൽ.എഫ്.എ.5-769/99/14.03.00/07.09.2000 |
| 1997-98 (വരവ്)<br>1997-98(ചെലവ്) | എൽ.എഫ്.എ.4-169/09/30.06.09/01.10.09<br>എൽ.എഫ്.എ.11-896/00/08.02.01/12.06.01 |
| 1998-99(വരവ്)<br>1998-99 (ചെലവ്) | എൽ.എഫ്.എ.4-170/09/30.06.09/01.10.09<br>എൽ.എഫ്.എ.4-1275/01/17.05.02/07.06.02 |
| 1999-2000(വരവ്)<br>1999-2000 (ചെലവ്) | എൽ.എഫ്.എ.4-171/09/30.06.09/01.10.09<br>എൽ.എഫ്.എ.4-955/03/10.10.03/11.12.03 |
| 2000-01 (വരവ്)<br>2000-01 (പ്ലാൻ ഫണ്ട്)<br>2000-01 (തനത് ചെലവ്) | എൽ.എഫ്.എ.4-172/09/01.07.09/01.10.09<br>എൽ.എഫ്.എ.4-1030/03/11.12.03/09.02.04<br>എൽ.എഫ്.എ.4-പി.962/06/08.12.06/15.02.07 |

| | |
|---|---|
| 2001-02(വരവ്)<br>2001-02(ചെലവ്) | എൽ.എഫ്.എ.4/09/30.06.09/01.10.09<br>എൽ.എഫ്.എ.4-1030/03/11.12.03/09.02.04 |
| 2002-03(വരവ്)<br>2002-03(ചെലവ്) | എൽ.എഫ്.എ.4/09/30.06.09/01.10.09<br>എൽ.എഫ്.എ.4-1227/06/28.11.06/10.01.07 |
| 2003-04(വരവ്)<br>2003-04(ചെലവ്) | എൽ.എഫ്.എ.4/09/30.06.09/01.10.09<br>എൽ.എഫ്.എ.4-1227/06/28.11.06/10.01.07 |
| 2004-05 | എൽ.എഫ്.എ.4-168/09/01.07.09/01.10.09 |
| 2005-06 | എൽ.എഫ്.എ.4-332/09/13.07.09/01.10.09 |
| 2006-07 | എൽ.എഫ്.എ.4-368/09/17.08.09/06.02.2010 |
| 2007-08 To 2009-10 | എൽ.എഫ്.എ.എം1-1094/12/25.01.13 |
| 2010-11, 2011-12 | എൽ.എഫ്.എ.എം1-1306/2014/23.08.14/04.02.15 |
| 2012-13 | എൽ.എഫ്.എ.എം1-634/2015/08.05.15/05.06.15 |
| 2013-14 | കെ.എസ്.എ-എ.എൽ.പി.എം.1/1079/15/07.09.15 |
| 2014-15 | കെ.എസ്.എ-എ.എൽ.പി.എം.1/848/16/01.08.16 |
| 2015-16 | കെ.എസ്.എ-എ.എൽ.പി.ജി.എ5-169/17/14.02.17/17.02.17 |
| 2016-17 | കെ.എസ്.എ-എ.എൽ.പി.ജി.എ5-1262/17/24.10.2017 |
| 2017-18 | കെ.എസ്.എ-എ.എൽ.പി-ജി.എ5-266/24.05.2019 |
| 2018-19 | നം.കെ.എസ്.എ-എ.എൽ.പി/ജിഎ.8-15/2020/ 08.06.2020 |
| 2019-20 | നം.കെ.എസ്.എ-എ.എൽ.പി/ജിഎ8-369/2022/31.03.2022 |

| | |
|---|---|
| 2020-21 | നം.കെ.എസ്.എ-എ.എൽ.പി/ജിഎ8-370/2022/03.07.2022 |
| 2021-22 | നം.കെ.എസ്.എ-എ.എൽ.പി/ജിഎ8-414/2023/11.04.2023 |
| 2022-23 | നം.കെ.എസ്.എ-എ.എൽ.പി/ജിഎ8-76/2024/23.03.2024 |
| 2023-24 | നം.കെ.എസ്.എ-എ.എൽ.പി/ജി.എ.8-135/2025/27.03.2025 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## Annexure-1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 1 dated 29-11-2025 and submitted on 01-12-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Kayamkulam Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of

explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Kayamkulam Municipality as on 31-03-2025

**Date: 28/03/2026** **Senior Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Kayamkulam Municipality for the Year 2024-2025.

### 1.Major Observations

NIL

### 2.Other Observations

01. Discrepancies were found in the opening balances recorded in the annual financial statements.
02. A large amount is shown as a balance in the treasury account that is actually dormant.
03. Asset value inflated due to duplication of the same bank account.

04. Loan liability is not accurately recorded in the annual financial statements.

05. Expenditure of Rs. 20.03 crore on various social security/welfare pensions is not included in the annual accounts.

06. Ayyankali Urban Employment Guarantee Scheme advances given for administrative expenses, scheme expenses, etc., are not included in the annual accounts.

07. Reconciliation of all bank accounts is not done.

08. Deposits made through the projects are treated as expenditures instead of advances in the annual financial statements.

09. No supporting documents were produced to ascertain the accuracy of refundable deposits like security deposits, EMD, rent deposits, etc.

10. Finance Commission Grant opening balances do not tally with annual financial statements.

11. Library cess liability in annual financial statements and files show a discrepancy of Rs. 47,58,288.

12. Arrears in water charges were not included as a liability in the annual financial statements.

13. The figures in the annual accounts and the Sulekha expenditure report do not match.

# അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ കായംകുളം മുൻസിപ്പാലിറ്റിയുടെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്